


നബി (സ): പരിപൂർണ്ണ മാതൃക

# സത്യദൂതൻ

2012 സെപ്റ്റംബർ | ലക്കം 9

വില ₹ 20




## റസൂൽ തിരുമേനി (സ)
## അതുല്യ ജീവിതം

**ദിക്റെ ഇലാഹി:** മനുഷ്യമനസ്സിന് ഒരു ദിവ്യൗഷധം



പഴയങ്ങാടിയിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇജ്തിമയോടനുബന്ധിച്ച് നടന്ന പീസ് കോൺഫറൻസിൽ പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ശ്രീ. സി. ആർ നീലകണ്ഠൻ പ്രസംഗിക്കുന്നു



ഓഗസ്റ്റ് 21 ന് കോഴിക്കോട് സംഘടിപ്പിച്ച ഈദ് മിലൻ പരിപാടിയുടെ വേദിയിൽ ഇടതുനിന്ന് പ്രൊഫസർ മഹ്മൂദ് അഹ്മദ്, മൗലാനാ മുഹമ്മദ് ഉമർ, മുഹമ്മദ് ഇനാംഗോറി, എം. കെ. പ്രേമജം, ഫാദർ വർഗീസ് ചക്കലാത്ത്, കെ.എം. അഹ്മദ് കോയ, ഏ.എം. മുഹമ്മദ് സലിം



പാലക്കാട് മേഖല അഹ്മദിയ്യ ജമാഅത്ത് സംഘടിപ്പിച്ച ഈദ് മിലൻ പരിപാടി മുൻ വൈദ്യുതി മന്ത്രി എ.കെ. ബാലൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു. മൗലവി എച്ച് ശംസുദ്ദീൻ, മൗലവി ഗ്യാനി തൻവീർ അഹ്മദ് സാഹിബ് ഖാദിം, പാലക്കാട് മേഖല അമീർ അഹ്മദ് കരീം സാഹിബ്, ജില്ലാപഞ്ചായത്തു പ്രസിഡന്റ് കണ്ടമുത്തൻ, ബി.ജെ.പി. നഗരസഭാകൗൺസിലർ എൻ. ശിവരാജൻ എന്നിവർ സമീപം



The Sathyadoothan Monthly


لاالہ الا اللہ محمد رسول اللہ

# സത്യദൂതൻ

2012 സെപ്റ്റംബർ
ഹി.ശ.1391 – തബൂക്
1433 ശവ്വാൽ – ദുൽഖഅദ്
പുസ്തകം 84 ലക്കം 9
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**നബി (സ): പരിപൂർണ മാതൃക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
17–8–2012 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**14**
**കഷ്ടാനുഭവങ്ങൾ എന്തു കൊണ്ട്?**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)
കഷ്ടാനുഭവങ്ങൾക്ക് മഹത്തായ ഒരു ലക്ഷ്യം കൂടിയുണ്ട്. ജീവിതത്തിന്റെ ഗുണ മേന്മ വർധിപ്പിക്കാനും വികസനത്തിനുമാണ് അവ സംവിധാനം ചെയ്യപ്പെട്ടത്. കഷ്ടാനുഭവങ്ങളുടെ യുക്തിശാസ്ത്രം അനിഷേധ്യമാം വിധം വിവരിക്കുന്നു.

**18**
**സഊദി രാജകുമാരന്റെ പിന്മാറ്റം**
ആസിഫ് എം. ബാസിത്
എട്ടരപതിറ്റാണ്ടുകൾ മുമ്പ് പാശ്ചാത്യ നാഗരികതയുടെ വളർത്തുതൊട്ടിലായ ലണ്ടൻ പട്ടണത്തിൽ പണിത ആദ്യത്തെ മുസ്‌ലിം പള്ളിയുടെ ചരിത്രം



**22**
**റസൂൽ തിരുമേനി (സ) അതുല്യ ജീവിതം**
എ. ജി. സൂഫി
സകല ജീവിത സന്ദർഭങ്ങളിലും ധാർമികതയുടെ പരമ മാതൃകയായിരുന്നു റസൂൽ തിരുമേനി(സ). കാരുണ്യ സാഗരമായിരുന്ന അവിടുത്തെ അതുല്യമായ ആധ്യാത്മിക കാന്തിയായിരുന്നു ജനഹൃദയങ്ങളെ കീഴടക്കിയത്.

**27**
**മലക്കുകൾ മധ്യവർത്തികൾ**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**30**
**ദിക്റെ ഇലാഹി:**
**മനുഷ്യമനസ്സിന് ഒരു ദിവ്യൗഷധം**
ഹാഷിം അഷ്റഫ്, ആലപ്പി
മനുഷ്യമനസ്സ് ശാന്തി പ്രാപിക്കുന്നത് ദൈവസ്മരണ ഒന്നുകൊണ്ടു മാത്രമാണെന്ന ഖുർആൻ വചനത്തിന്റെ വിശദീകരണം.

**33**
**പീഢിപ്പിക്കപ്പെടുന്ന ന്യൂനപക്ഷം**
സായ് മനീഷ
മതത്തിന്റെ പേരിലുള്ള ഭീകര വാദവും തീവ്രവാദവും കൂടി പാകിസ്താനെഎല്ലാ അർഥത്തിലും നശിപ്പിച്ചിരിക്കയാണ്. അവിടെ മത ഭീകരവാദത്തിനും തീവ്രവാദത്തിനും ഏറ്റവുമധികം ഇരയായത് അഹ്മദികളാണ്. ആ പ്രവണത ഇന്ത്യയിലും ആരംഭിച്ചതായി തെഹൽക്ക ലേഖകൻ വിശദീകരിക്കുന്നു. തെഹൽക്ക ജൂൺ ലക്കത്തിൽ വന്ന ലേഖനത്തിന്റെ പ്രസക്തഭാഗങ്ങളുടെ വിവർത്തനം.

**36**
**മതവിമുക്തമായ യൂറോപ്പും യഹൂദവിമോചനവും**
ഏ.എം. മുഹമ്മദ് സലിം
ക്രിസ്തു മതത്തിന്റെ സ്വാധീനത്തിൽ നിന്ന് വിമുക്തമായ സെക്കുലർ യൂറോപ്പാണ് യഹൂദ പീഢനത്തിന് അറുതിവരുത്തിയത്. യൂറോപ്യൻ നവോത്ഥാനത്തിന് സമാന്തരമായി യഹൂദ സമുദായത്തിൽ ഉണ്ടായ'ഹസ്കലാത്ത്" എന്ന സാംസ്കാരിക ഉണർവ് യഹൂദരിൽ ആഭ്യന്തര പരിഷ്ക്കരണവും ദേശീയ മുഖ്യധാരയോട് അടുക്കാനുള്ള പ്രവണതയും സംജാതമാക്കി.

**40**
കുറിപ്പുകൾ
**ജീവൻ തേടി ചൊവ്വയിലേക്ക്**
മുസാഫിർ

**43**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

സത്യമായും നിങ്ങളിൽ നിന്ന് തന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമ കാര്യങ്ങളിൽ അത്യുൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം . സത്യവി ശ്വാസി കളോട് കൃപയും കരുണയുമുള്ള ആളാണ്.(9:128)





## നബിവചനം

നിന്നെ സൃഷ്ടിക്കാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നു വെങ്കിൽ ഈ പ്രപഞ്ചത്തെ തന്നെ നാം സൃഷ്ടി ക്കില്ലായിരുന്നു. (ഖുദ്സിയായ ഹദീസ് )

## വാഗ്ദത്ത മസീഹിന്റെ വചനം



എപ്രകാരം തക്മീലെ ഹിദായത്ത് (നേർമാർഗത്തിന്റെ പൂർത്തീകരണം) റസൂൽ തിരുമേനി(സ)യുടെ പുണ്യകരങ്ങളാൽ ഉണ്ടായോ അതേ പ്രകാരം തക്മീലെ ഇശാഅത്തും (പ്രചാരണത്തിന്റെ പൂർത്തീകരണവും) റസൂൽ തിരുമേനി (സ) മുഖേനയുണ്ടാകേണ്ടതാണ്. എന്തെന്നാൽ ഈ രണ്ട് കാര്യങ്ങളും നബി തിരുമേനി(സ)യുടെ ആഗമനോദ്ദേശ്യമത്രെ . എന്നാൽ ദൈവിക നിയമമനുസരിച്ച് അവിടത്തെ ചിരഞ്ജീവിത്വം അസാധ്യവും അസംഭവ്യവും ആയതിനാൽ അദ്ദേഹത്തിന് തക് മീലെ ഇശാ അത്തിനായി നിർണയിക്കപ്പെട്ട അവസാന കാലഘട്ടം വരെ ജീവിച്ചിരിക്കാൻ സാധ്യമല്ല. ആ രീതിയിലുള്ള സ്ഥായിയായ ജീവിതം ശിർക്ക് പ്രചരിക്കുന്നതിനുള്ള കാരണമായി ത്തീരുന്നതാണ്. അതുകൊണ്ട് അല്ലാഹു റസൂൽ തിരുമേനി (സ)യുടെ ആഗമനോദ്ദേശ്യം അവിടത്തെ സ്വഭാവത്തിലും അത്മീയതയിലും ആഗതാനായ നബി(സ)തിരുമേനിയുടെ ഒരു ഉമ്മത്തി മുഖേന പൂർത്തി യായി. ( വിളംബരം)

എഡിറ്റോറിയൽ

# മുഹമ്മദ് നബി(സ)യുടെ സ്ഥാനം

മുഹമ്മദ് നബി (സ)യോട് മറ്റേതൊരു പ്രവാചകനേക്കാളും മുസ്‌ലിംകൾക്കുള്ള അനുരക്തിയും ആദരവും സ്നേഹവും സുവിദമാണല്ലോ. വാസ്തവത്തിൽ മുഹമ്മദ് നബി (സ)യുടെ യഥാർഥ സ്ഥാനമഹിമ എന്താണെന്ന് മനസ്സിലാക്കിയതും വിശദീകരിച്ചു തന്നതും അവിടുത്തെ ആത്മീയ ശിഷ്യത്വം കൊണ്ട് അല്ലാഹു നുബൂവ്വത്തിന്റെ പദവി നൽകിയനുഗ്രഹിച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ആണ്. സ്വന്തം ഗവേഷണ ത്തിലൂടെയോ ഗ്രന്ഥപരായണത്തിലൂടെയോ അല്ല വാഗ്ദത്ത മസീഹിന് റസൂൽ(സ) തിരു മേനിയെ സംബന്ധിച്ച ജ്ഞാനം ബോദ്ധ്യപ്പെട്ടത്. പരിശുദ്ധമായ ദൈവിക വെളിപാടുകളിലൂ ടെ അല്ലാഹു തന്നെ നേരിട്ട് അത് അദ്ദേഹത്തെ അറിയിക്കുകയായിരുന്നു. ദൈവം തനിക്ക് വെളിപാടുകളിലൂടെ പഠിപ്പിച്ച അറിവാണ് താൻ പ്രേഷണം ചെയ്യുന്നതെന്ന് മറ്റൊരാളും ഈ കാലഘട്ടത്തിൽ അവകാശപ്പെട്ടിട്ടില്ല. അത്രയധികം ദിവ്യമായ ആധികാരികതയോടെയും ദൃഢതയോടെയും എന്നെന്നും ജീവിച്ചിരിക്കുന്ന സർവശക്തനായ ദൈവത്തിന്റെ പേരിൽ റസൂൽ(സ) തിരുമേനിയെ പറ്റി ഒരാൾ നടത്തുന്ന ദിവ്യ വിളംബരങ്ങൾ അവിടുത്തെ സ്നേ ഹിക്കുന്നവർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

വാഗ്ദത്ത മസീഹ് തന്റെ യജമാനനായ റസൂൽ തിരുമേനി(സ)യെ സംബന്ധിച്ച് പറയുന്നു: *'ആദം സന്തതികളായ സകലർക്കും മുഹമ്മദ് മുസ്തഫ ( സ) തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം(ശുപാർശകൻ) ഇല്ല. ആകയാൽ ഈ പ്രതാപ ശാലിയായ നബി (സ)ക്ക് നേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവീൻ അവിടത്തെക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും നിങ്ങൾ കല്പ്പിക്കരുത്. ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിന് തന്നെ. മോക്ഷം എന്നത് മരിച്ചശേ ഷം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തു കൊള്ളുവിൻ. മറിച്ച് യഥാർഥമായ മോക്ഷം ഈ ലോകത്ത് വെച്ചു തന്നെ അതിന്റെ വെളിച്ചം കാട്ടുമാറാകുന്നതാകുന്നു. ആരാ ണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദ് നബി(സ) ആ ദൈവത്തിന്റെ മുഴുവൻ സൃഷ്ടി ജാലത്തിന്റെയും ഇടയിലുള്ള ശുപാർശകനാണെന്നും ആകാശത്തിന് കീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരു നബിയും ഇല്ലെന്നും ഖുർആന് തുല്യ മായിട്ടുള്ള മറ്റൊരു ഗ്രന്ഥം ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛരിട്ടില്ലെങ്കിലും ഈ വരിഷ്ഠ പ്രവാചകൻ എക്കാലത്തും ജീവിച്ചിരിക്കു ന്ന നബിയാണെന്നും ഉറച്ച് വിശ്വസിക്കുന്നവൻ തന്നെ (കിശ്തീ നുഹ്, ഭാ 15,16)*

നിരക്ഷരനയ റസൂൽ തിരുമേനി(സ)ക്ക് ലഭിച്ചതെല്ലാം ദൈവത്തിന്റെ സ്വച്ഛമായ വെളിപാടിൽ നിന്നായിരുന്നു. **'ഖാത്തമുന്നബിയ്യീൻ'**എന്ന അവിടുത്തെ അഭിധാനത്തിന്റെ അർഥം. 'പ്രവാചക ശ്രേഷ്ഠൻ'എന്നാണ്. അതായത് മനുഷ്യ സമൂഹത്തിലെ പാപരഹിത രാണ് പ്രവാചകന്മാർ; അവർക്കിടയിലെ ഏറ്റവും ശ്രേഷ്ഠനാണ് മുഹമ്മദ് നബി(സ). ഖാത്ത മുന്നബിയ്യീനായ മുഹമ്മദ് നബി(സ)യെ അനുസരിച്ചാൽ നുബൂവ്വത്ത് എന്ന പദവി വരെ ലഭിക്കും. ഖുർആൻ പറയുന്നു.'*വല്ലവരും അല്ലാഹുവിനെയും ഈ ദൈവദൂതനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സിദ്ദീക്കുകൾ, ശഹീദുകൾ, സാലിഹുകൾ എന്നിവരുടെ കൂടെയായിരിക്കും* (4:70) ഖാത്തമുന്നബിയ്യീൻ എന്ന വിശേഷണത്തിന് അന്ത്യപ്രവാചകൻ'എന്ന് അർഥം നൽകുന്നവർ അവിടത്തെ മഹത്തായ പദവിയെ ന്യൂനീകരിക്കുകയാണ് ചെയ്യുന്നത്. വാഗ്ദത്ത മസീഹിലൂടെ റസൂൽ (സ)തിരുമേ നിയുടെ സ്ഥാനം ഗ്രഹിക്കാനുള്ള സൗഭാഗ്യം മുസ്‌ലിംകൾക്കുണ്ടാകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# റസൂൽ (സ)തിരുമേനി: അവസാനിക്കാത്ത പ്രവാചകൻ

റസൂൽകരീം (സ) തിരുമേനിയുടെ ഖത്തമുന്നുബൂവ ത്തിന്റെ രഹസ്യം നമ്മുടെ എതിരാളികൾക്ക് ഒരിക്കലും മനസിലായിട്ടില്ല. തിരുമേനി(സ)യു ടെ ഖതമുന്നുബൂവ്വ ത്തിനെക്കുറിച്ചുള്ള അവരുടെ വിശ്വാസ പ്രകാരം തിരുമേനി(സ) (നഊദുബില്ലാഹ്) അബ്തർ (സന്താനമില്ലാത്ത ആൾ) ആയി തീരുന്നു. എന്നാൽ വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നതി പ്രകാരമാണ്

***'മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ റസൂലും എല്ലാ പ്രവാചകന്മാടെയും മുദ്രയുമാകുകുന്നു. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ല വണ്ണം അറിയുന്നവനാകുന്നു.'(33: 41)***

ഇതിൽ ശാരീരികമായ പിതൃത്വത്തെയാണ് നിഷേധിച്ചിരിക്കുന്നത് അത്മീയമായ പിതൃത്വവും അദ്ദേഹത്തി ന്നുണ്ടാകുന്നില്ലെങ്കിൽ പിന്നെ നിങ്ങൾ അദ്ദേഹത്തെ അബ്തർ ആണെന്ന് വിശ്വസിക്കുമോ? ഇത്തരത്തി ലുള്ള വിശ്വാസം കുഫ്റാണ് . അദ്ദേഹത്തിന്റെ ആത്മീയ പിതൃത്വം നിലനിന്നു വരുന്നു എന്നതാണ് സത്യം. 'ലാകിൻ' എന്ന പദം ഇതാണ് വെളിപ്പെടുത്തുന്നത്. ഇതിന്റെ ഉദ്ദേശ്യം ഭാവിയിൽ റസൂൽ(സ) തിരുമേനി യുടെ സാക്ഷ്യമുദ്രയോടുകൂടിയ നുബുവ്വത്തും റിസാലത്തും മാത്രമേ വരികയുള്ളു എന്നും തിരുമേനി (സ)യെ തികച്ചും പിന്തുടരുകയും അനുസരിക്കുകയും ചെയ്യാതെ ആർക്കും തന്നെ ഇൽഹാമും വഹ്‌യും ഇതര ആത്മീയ അനുഗ്രഹങ്ങളും ലഭ്യമാകുന്നതല്ല. ഭാവിയിൽ അദ്ദേഹം മുഖേന അദ്ദേഹത്തിന്റെ മുദ്ര ലഭിച്ചിട്ടും അല്ലാതെയും ആർക്കും തന്നെ നുബൂവ്വത്ത് എന്ന അനുഗ്രഹം ലഭ്യമാകു ന്നതല്ല. ഒരാൾ കണ്ണാടിയിൽ തന്റെ രൂപം നോക്കുമ്പോൾ അയാളുടെ രൂപത്തിലും കണ്ണാടിയിലുള്ള രൂപത്തിനു മിടയിൽ എന്തെങ്കിലും അന്തരം കാണാൻ സാധിക്കു മോ? അതേ സ്ഥിതി തന്നെയാണ് ഇവിടെയും റസൂൽ തിരുമേനി(സ)യുടെ പ്രതിച്ഛായ തന്നെയാണിവിടെ. അതിൽ നിന്നും പുറത്തായതൊന്നും തന്നെയല്ല.

വിശുദ്ധ ഖുർആനിൽ വഹ്‌യ് എന്നതിന്റെ അർഥം ദൈവഭാഷണം എന്നാണെന്ന് മനസ്സിലാവുന്നു.

ദൈവികമായ അനുഗ്രഹങ്ങളും ദൈവഭാഷണവും നിലച്ചുപോയ ഒരു മതം ജീവനുള്ള മതമെന്ന് പറയാനാവില്ല. അത് ഉപേക്ഷിക്കപ്പെടേണ്ട മതമാണ്. ഇസ്‌ലാം ഒരു മൃതമതമാണെന്നും റസൂൽ തിരുമേനി (സ)നഊദുബില്ലാഹ് ഒരു മൃത പ്രവാചകനാണെന്നും സ്ഥാപിക്കാൻ ഇവർ ശ്രമിക്കുന്നു. ഞങ്ങളിത് സ്വീകരിക്കുവാൻ തയ്യാറില്ല. ഞങ്ങളെ സംബന്ധിച്ചിട ത്തോളം ഇത്തരം വിശ്വാസം കുഫ്റാണ്. റസൂൽ(സ) തിരുമേനി ഒരു ജീവൽ പ്രവാചകനും ഇസ്‌ലാം ഒരു ജീവത്തായ മതവുമാണ്. കാരണം അവിടത്തെ അനുഗ്രഹാശിസ്സുകൾ എന്നെന്നും നിലനിൽക്കുന്ന വയാണ്. അദ്ദേഹത്തിന്റെ നുബുവ്വത്ത് അനശ്വരവും അ ക്ഷയവുമാണ്. ആ മുദ്രകൊണ്ട് നുബൂവ്വത്ത് നിലനി ൽക്കുന്നു. ഇത്തരത്തിലുള്ള നുബൂവ്വത്ത് നുബുവ്വത്തി ന്റെ പ്രതിച്ഛായയാണ്. എന്നാൽ റസൂൽ (സ)തിരുമേനിയുടെ നബിത്വത്തിൽ നിന്നും വിഭിന്നമായ നുബുവ്വത്ത് വ്യാജ നുബുവ്വത്താണ്. അദ്ദേഹത്തി ലൂടെയുള്ള നുബുവ്വത്ത് അവസാനിച്ചിരിക്കുന്നുവെന്ന് പറയുന്നത് കുഫ്റത്രെ. അങ്ങനെ പറയുന്നവർ ആ പുണ്യാത്മാവിനെ ( നഊദുബില്ലാഹ്) അബ്തർ എന്നും ഇസ്‌ലാമിനെ ഒരു മൃത മതമെന്നും കരുതുന്നവരാണ്. ഇസ്‌ലാം മതം അത്തരത്തിലുള്ള ഒരു മതമാ ണെങ്കിൽ പിന്നെ അത് എങ്ങനെ മോക്ഷദായകമായ മതമായി മാറും? വളരെ അദ്ഭുതകരവും ഖേദകരവുമായ കാര്യമാണിത്. ഇവർ ഈ സമുദായത്തെ ശ്രേഷ്ഠ സമുദായം എന്ന് പറയുന്നു. എന്നാൽ ദൈവിക ഭാഷണം ലഭ്യമാകാത്ത ഒരു സമുദായം എങ്ങനെ ശ്രേഷ്ഠ സമുദായമായി മാറും? ഹദ്റത്ത് മൂസാ നബി (അ) യെ പിൻപറ്റിയ ആയിരക്കണക്കിന് നബിമാർ ഉണ്ടായി. എന്നാൽ ഈ സമുദായത്തിൽ ഒരു നബിയും വരികയില്ലെങ്കിൽ പിന്നെ ഇതെങ്ങനെ ഒരു ശ്രേഷ്ഠ സമുദായമാകും

# നബി (സ): പരിപൂർണ മാതൃക



(17 – 8 – 2012 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.)

**അ**ല്ലാഹുവിന്റെ നിർദേശങ്ങളും കല്പനകളും വിശുദ്ധഖുർആനിലുണ്ട്. അത് നാം വായിക്കുകയും കേൾക്കുകയും ചെയ്യുന്നു. എന്നാൽ പൊതുവിൽ വായിക്കുന്നതിനേയും കേൾക്കുന്നതിനേയും അപേക്ഷിച്ച് പ്രവർത്തന മാതൃക കൂടുതൽ സ്വാധീനം ചെലുത്തുന്ന രീതിയിലാണ് അല്ലാഹു മനുഷ്യന്റെ പ്രകൃതത്തെ ചിട്ടപ്പെടുത്തിയിരിക്കുന്നത്. അവനിൽ ഒരു താൽപര്യവും ആവേശവും ഉടലെടുക്കുന്നു. ആരെയെങ്കിലും സ്നേഹിക്കുന്നു എന്ന് വാദിക്കുമ്പോൾ സ്നേഹഭാജനത്തിന്റെ എല്ലാ ചലനങ്ങളും ഓരോ കർമവും പ്രത്യേകിച്ച് സ്വായത്തമാക്കുന്നതിനായി മനുഷ്യൻ ശ്രമിക്കുന്നു. പ്രവർത്തനത്തിന്റെ നിറം മറ്റൊന്നായി തീരുന്നു. എന്നാൽ സ്നേഹ പ്രകടനവും, ആ സ്നേഹത്തിന്റെ കാരണമായി പ്രേമഭാജനത്തെ തനിക്കായി മാതൃകയാക്കുന്നത് വിശ്വാസമായി ഗണിക്കാൻ തുടങ്ങുകയാണെങ്കിൽ പ്രേമഭാജനത്തിന്റെ സന്തോഷത്തോടൊപ്പം തന്റെ വിശ്വാസത്തേയും സംരക്ഷിക്കുകയും അതിൽ പുരോഗതി പ്രാപിക്കുകയും ചെയ്യണം എന്നതിനേക്കാൾ വലിയൊരാഗ്രഹം വിശ്വാസികൾക്ക് ഉണ്ടാകില്ല, ഉണ്ടാകാൻ പാടുള്ളതുമല്ല. അല്ലാഹു നമ്മെ തിരുനബി (സ)യുടെ ഉമ്മത്തിൽ ഉൾപ്പെടുത്തി എന്നത് നമ്മുടെ സൗഭാഗ്യമാണ്.

പിന്നീട് നബി (സ) തിരുമേനിയെ വിശുദ്ധ ഖുർആന്റെ രൂപത്തിൽ ഇറങ്ങിയ അല്ലാഹുവിന്റെ മുഴുവൻ കൽപ്പനകളുടേയും ഒരു പ്രവർത്തന മാതൃകയാക്കി. പരിപൂർണമായിട്ടുള്ള ഒരു പ്രവർത്തന മാതൃക. അത് തിരുമേനി (സ)യെ പരിപൂർണദാസനാക്കി മാറ്റി. റസൂൽ (സ) ന്റെ മാതൃകയെ പിൻ പറ്റുമ്പോഴാണ് ഒരു മുസ്ലിമിന്റെ, വിശ്വാസിയാണെന്ന് വാദിക്കുന്നവന്റെ വിശ്വാസം പൂർണമാകുന്നത്, അത് കൂടാതെ വിശ്വാസം അപൂർണമാകുന്നു. ഈ മാതൃകയെ അനുധാവനം ചെയ്യുന്നതിലൂടെയല്ലാതെ പരലോകത്തെ അനുഗ്രഹങ്ങളെ പ്രതീക്ഷിക്കുന്നത് വ്യർഥമാകുന്നു. ഈ മാതൃകയെ അനുധാവനം ചെയ്യാതെ നന്മയെ നന്മയെന്ന് പറയാൻ കഴിയില്ല. ഈ മാതൃകയെ അനുധാവനം ചെയ്യാതെയുള്ള അല്ലാഹുവിന്റെ ആരാധന ആരാധയല്ല. ഈ മാതൃക പിൻപറ്റാതെയുള്ള അല്ലാഹുവിന്റെ സ്മരണ അല്ലാഹുവിന്റെ സാമീപ്യം നേടിത്തരുന്ന അവസ്ഥയിലേക്ക് എത്തിക്കുകയില്ല. ഈ മാതൃകയെ പിൻപറ്റുന്നതിലൂടെയല്ലാതെ പാപങ്ങളിൽ നിന്നുള്ള മോക്ഷം സാധ്യമല്ല. ഈ മാതൃകയെ പിൻപറ്റുന്നതിലൂടെയല്ലാതെ അല്ലാഹുവിന്റെ റഹീമിയത്തിൽ നിന്ന് നിങ്ങൾ അല്ലാഹുവിനോട് അർഥിക്കുന്ന ഭാഗം നിങ്ങൾക്ക് ലഭിക്കില്ല. ഈ മാതൃകയെ അനുധാവനം ചെയ്യുന്നതിലൂടെയല്ലാതെ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരായി മാറാൻ കഴിയില്ല. ഇത് അല്ലാഹുവിന്റെ ഏറ്റവും പ്രിയപ്പെട്ട ദാസനാണ്. അദ്ദേഹത്തെ പിൻപറ്റുന്നില്ലെങ്കിൽ അല്ലാഹുവിന്റെ സ്നേഹവും ലഭിക്കില്ല. അതിനാൽ, ഞാൻ പറഞ്ഞതു പോലെ നാം മുസ്ലിമാണെന്നത് നമ്മുടെ സൗഭാഗ്യമാണ്. എന്നാൽ നാം നബി (സ) യുടെ കാലടികളെ പിൻപറ്റുന്നതിനായി ശ്രമിക്കുന്നവരാകുമ്പോൾ മാത്രമേ നബി (സ) യുടെ ഉമ്മത്തിയാണെന്നുള്ളതിൽ നിന്നും മുസ്ലിം ആണെന്നുള്ളതിൽ നിന്നുമുള്ള അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ കഴിയൂ. നാം ആ കൽപ്പനകളെ നമ്മിൽ പ്രാവർത്തികമാക്കിക്കൊണ്ട് റസൂൽ തിരുമേനി (സ) നമുക്ക് പ്രവർത്തിച്ചു കാണിച്ച രീതിയിൽ പ്രവർത്തിക്കാൻ ശ്രമിക്കുക. **അൽഇമാമു ജുന്നത്തുൻ** എന്ന് പറഞ്ഞ് കൊണ്ട് എന്റെ മാതൃകയാണ് ശൈത്വാനിൽ നിന്ന് രക്ഷപ്പെടുത്തിക്കൊണ്ട് യഥാർഥ ദാസരാക്കുന്നതെന്നും, നിങ്ങളുടെ പരിശ്രമമല്ല എന്നും ആയത്ത് നമ്മെ ഓർമപ്പെടുത്തുന്നു. എന്റെ പരിചയുടെ പുറകിൽ നിൽക്കുകയാണെങ്കിൽ ശൈത്വാനിൽ നിന്ന് രക്ഷപ്പെടുന്നതാണ്. ആരാധനയെ സംബന്ധിച്ചാണെങ്കിൽ ഞാൻ അനുഷ്ഠിക്കാത്ത ആരാധനകൾ നിർവഹിച്ചു

കൊണ്ട് നിങ്ങൾ ആരാധനയുടെ കടമകൾ നിറവേറ്റിയെന്നോ അല്ലെങ്കിൽ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാൻ കഴിയുമെന്നോ ധരിക്കരുത്. ഇല്ല ഒരിക്കലും സംഭവ്യമല്ല. ഈ കാലഘട്ടത്തിൽ റസൂൽ തിരുമേനി (സ) യുടെ യഥാർഥ പ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഔദാര്യം നമ്മിലുണ്ട്. ആ മഹാത്മാവ് നമുക്ക് തിരുമേനി (സ) യുടെ യഥാർഥ മാതൃകയും, അതിനെ മനസ്സിലാക്കാനും അത് പ്രാവർത്തികമാക്കുന്നതിനുമുള്ള മാർഗ നിർദേശങ്ങളും നൽകി. ആരാധനയ്ക്കായി പുതിയ പുതിയ ദിക്റുകളും സദസ്സുകളും സംഘടിപ്പിക്കുന്നതിനുള്ള അനാചാര സമ്പ്രദായങ്ങൾ ഉടലെടുത്തിരിക്കുന്നു. അദ്ദേഹം പറയുന്നു, നബി തിരുമേനി (സ) യുടെ മാതൃകയിൽ നിന്ന് ഇതിനുള്ള യാതൊരു തെളിവും ലഭിക്കുന്നില്ല. അതുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യം നേടിത്തരാൻ ഇതിന് കഴിയില്ല. അതിനാൽ സാമീപ്യം കരസ്ഥമാക്കുന്നതിനായി മാതൃകയെ പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്.

ഇപ്പോൾ ഞാൻ നബി തിരുമേനി (സ) യുടെ മാതൃകയുടെ ചില ഉദാഹരണങ്ങൾ സമർപ്പിക്കുന്നതാണ്. എന്നാൽ അതിനു മുമ്പായി റസൂൽ തിരുമേനി (സ) യുടെ ആരാധനയുടെ ചില മാതൃകകൾ സമർപ്പിക്കുന്നതാണ്. അത് നമുക്ക് മാർഗദർശനമാണ്. അത് നിർവഹിക്കുന്നതിലൂടെ നമുക്ക് അല്ലാഹുവിന്റെ യഥാർഥ ദാസരാകാൻ സാധിക്കുന്നതാണ്. അവന്റെ സ്നേഹം കരസ്ഥമാക്കുന്നവരായി മാറാൻ സാധിക്കുന്നതാണ്. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) നബി തിരുമേനി (സ) സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളതിൽ നിന്ന് നമ്മുടെ മുന്നിൽ സമർപ്പിക്കപ്പെട്ട റസൂൽ തിരുമേനി (സ) യുടെ സ്ഥാനത്തെക്കുറിച്ച് ആ മഹാത്മാവിന്റെ വീക്ഷണം ആദ്യം കേൾപ്പിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. സ്വയം അനീതി പ്രവർത്തിച്ച അല്ലയോ എന്റെ ദാസരെ! നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് നിരാശരാകരുത്. അല്ലാഹു എല്ലാ പാപവും പൊറുത്തുതരുന്നതാണ്. പറയുന്നു, ഈ ആയത്തിൽ **ഖുൽ യാ ഇബാദിയല്ലാഹി** അതായത് പറയുക അല്ലാഹുവിന്റെ ദാസരെ എന്നതിന് പകരമായി **ഖുൽ യാ ഇബാദീ** എന്റെ ദാസരെ എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ രീതി അവലംബിച്ചതിലുള്ള രഹസ്യം, അല്ലാഹു അനന്തമായ കാരുണ്യത്തിന്റെ സുവാർത്തയിറക്കുന്നതിനുവേണ്ടിയിട്ടാണ് ഈ ആയത്ത് ഇറക്കിയിരിക്കുന്നത്. പാപങ്ങളുടെ ആധിക്യം മൂലം നിരാശരായവർക്ക് സമാധാനം നൽകുന്നതിനാണ്. അതിനാൽ പ്രതാപവാനായ അല്ലാഹു തന്റെ കാരുണ്യത്തിന്റെ ഒരു മാതൃക പ്രകടിപ്പിക്കാൻ ഈ ആയത്തിലൂടെ ആഗ്രഹിക്കുന്നു. കൂടാതെ ഞാൻ എന്റെ കൂറുള്ള ദാസർക്ക് എത്രത്തോളം സവിശേഷ അനുഗ്രഹങ്ങൾ നൽകുന്നു എന്നതും ദാസർക്ക് കാണിക്കാൻ ആഗ്രഹിക്കുന്നു. പാപത്താൽ നിരാശരായവർക്ക് അല്ലാഹുവിന്റെ കാരുണ്യം എത്ര വിശാലമാണെന്നും അവൻ എത്തരത്തിലാണ് അനുഗ്രഹിക്കുന്നതെന്നും പറയുന്നതിനായി. പറയുന്നു, അതിനാൽ അവൻ **ഖുൽ യാ ഇബാദീ** എന്ന പദത്തിലൂടെ പ്രകടിപ്പിക്കുന്നത്, നോക്കുക എന്റെ ഈ പ്രിയ റസൂൽ, നോക്കുക ഈ തിരഞ്ഞെടുക്കപ്പെട്ട ദാസൻ പരിപൂർണ അനുസരണത്തോടു കൂടി ഏത് പദവി വരെ എത്തിയെന്നാൽ ഇപ്പോൾ എന്റേതെല്ലാം തന്നെ അവന്റേതാണ്. ആരാണോ മോക്ഷം ആഗ്രഹിക്കുന്നത് അവർ അദ്ദേഹത്തിന്റെ ദാസരാവുക. അതായത് അദ്ദേഹത്തിന്റെ അടിമയാണെന്ന തരത്തിൽ അദ്ദേഹത്തിന്റെ അനുധാവനത്തിൽ ലയിക്കുക. അപ്പോഴാണ് അവൻ മുമ്പ് എങ്ങനെയുള്ള പാപിയായിരുന്നാലും പൊറുക്കപ്പെടുക. **അബ്ദ്** എന്ന വാക്ക് അറബി ഭാഷയിൽ അടിമയ്ക്ക് വേണ്ടിയും പറയാറുണ്ട് എന്നറിയുക. അതായത്, അദ്ദേഹത്തിന്റെ കല്പനയിൽ നിന്ന് പുറത്ത് പോകരുത്. അദ്ദേഹത്തിന്റെ അനുധാവനത്തിന്റെ കോന്തലയുമായി തന്നെ ബന്ധിപ്പിക്കുക, അടിമയെപ്പോലെ. അതായത് ഒരടിമ തന്റെ ഉടമയെ അനുസരിക്കുന്നതുപ്പോലെ ഈ നബിയെ അനുസരിക്കുക. അപ്പോഴാണ് അവർക്ക് മോക്ഷം ലഭിക്കുക. ഈ പദവിയിൽ ചില നാമങ്ങൾ വെക്കാൻ പാടില്ലെന്ന് പറയുന്നവരെക്കുറിച്ച് വ്യസനമുണ്ടാകുന്നു. നബി (സ) യുമായി എത്രത്തോളം വിദ്വേഷം വെച്ച് പുലർത്തുന്നുവെന്നാൽ അവരുടെ അഭിപ്രായത്തിൽ ഗുലാം നബി, ഗുലാം റസൂൽ, ഗുലാം മുസ്തഫ, ഗുലാം അഹ്മദ്, ഗുലാം മുഹമ്മദ് എന്ന പേരുകൾ ശിർക്കിൽ ഉൾപ്പെടുന്നു. ഈ ആയത്തിൽ നിന്ന് മനസ്സിലാകുന്നത് ഇവ മോക്ഷപ്രാപ്തിക്ക് ഉതകുന്ന നാമങ്ങളാണെന്നാണ്. അതായത്, യഥാർഥസ്നേഹത്തിൽ, ഈ പേരുകളെ മുന്നിൽ വെച്ച് കൊണ്ട് തന്റെ കർമങ്ങളെ ശരിയാക്കുകയാണെങ്കിൽ, അല്ലെങ്കിൽ തങ്ങളുടെ നാമങ്ങളെ ആ ഗുണങ്ങൾ ഉള്ളവയാക്കി മാറ്റുകയാണെങ്കിൽ അതിലൂടെ മോക്ഷം ലഭിക്കുന്നു. അല്ലാതെ നാമം വെച്ചതുകൊണ്ട് മാത്രം മോക്ഷം ലഭിക്കണമെന്നില്ല. നാമം വെക്കുകയും പിന്നീട് എത്രകണ്ട് തിന്മ പ്രവർത്തിച്ചാലും മനുഷ്യന് മോക്ഷം ലഭിക്കുന്നതാണ്. അങ്ങനെ ഒരിക്കലുമില്ല. കല്പനയിൽ നിന്ന് പുറത്ത് പോകരുത് എന്ന വാക്കിൽ ചിന്തിക്കേണ്ടതാണ്. എന്തെല്ലാം കല്പനകളുണ്ടോ അത് ലംഘിക്കരുത്. ഇത് പ്രത്യേകിച്ച് വളരെയധികം അനിവാര്യമായ കാര്യമാണ്. വീണ്ടും ആ മഹാത്മാവ് പറയുന്നു, എല്ലാ തരത്തിലുള്ള സ്വാതന്ത്ര്യത്തിൽ നിന്നും തന്നിഷ്ടത്തിൽ നിന്നും പുറത്ത് വരിക എന്നത് അബ്ദിന്റെ അർഥത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അതായത് സ്വന്തം സ്വാതന്ത്ര്യം ഇല്ലാതിരിക്കുകയും സ്വന്തമായി തീരുമാനിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവരിലാണ്, തന്റെ യജമാനന്റെ പരിപൂർണ അനുസാരിയാകുന്നവരിലാണ് അബ്ദിയ്യത്ത് (ദാസത്വം) ഉണ്ടാകുന്നത്. അതിനാലാണ് മോക്ഷം ആഗ്രഹിക്കുന്നുവെങ്കിൽ ഈ ആശയം തന്റെയുള്ളിൽ സംജാതമാക്കുകയെന്ന് സത്യാന്വേഷികളെ പ്രേരിപ്പിക്കുന്നത്.

അനുധാവനത്തിന്റെ പൂർണതയ്ക്കായി ലയനവും പരിപൂർണ അനുസരണവും അനിവാര്യമാണ്. അതായത് ആനുധാവനം ചെയ്യുന്നതിന്റെ ഔന്നിത്യത്തിനായി പരിപൂർണ അനുസരണം അനിവാര്യമാകുന്നു. അനുസരണയുണ്ടാകുമ്പോഴാണ് അനുധാവനം ഉണ്ടാകുന്നത്. അബ്ദ് എന്ന ആശയത്തിൽ ഉൾപ്പെടുന്ന ഈ വാക്കുകൾ ഇപ്രകാരമാണ്. കാരണം അനുധാവനത്തിന്റെ പരിപൂർണതക്കായി അബ്ദിന്റെ ആശയത്തിൽ കാണപ്പെടുന്ന ലയനവും പരിപൂർണ അനുസരണവും അനുപേക്ഷണീയമാണ്.

**ഖുൽ യാ ഇബാദീ** എന്ന ആയത്ത് മറ്റു വാക്കുകളിൽ ഇപ്രകാരമാണ് **ഖുൽ യാ മുതബിഅ്.** അതായത് അത്യധികമായി പാപങ്ങളിൽ മുഴുകിയിരിക്കുന്ന എന്നെ പിൻപറ്റുന്നവരേ! ദൈവീക കാരുണ്യത്തിൽ നിന്നും നിരാശരാകരുത്. എന്നെ അനുസരിക്കുന്ന ബർക്കത്തുകൊണ്ട് പ്രതാപശാലിയായ അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തു തരുന്നതാണ്. ഇതിൽ അല്ലാഹുവിന്റെ ദാസർ മാത്രം ഉദ്ദേശ്യമായി എടുക്കുകയാണെങ്കിൽ അർഥം വികലമാകുന്നു. കാരണം വിശ്വാസ നിബന്ധനയില്ലാതെയും യാതൊരു അനുസരണ നിബന്ധനയില്ലാതെയും എല്ലാ ബഹുദൈവ വിശ്വാസികൾക്കും നിഷേധികൾക്കും പൊറുത്തുകൊടുക്കും എന്നത് ഒരിക്കലും ശരിയല്ല.


അതായത് അഥവാ വിശ്വാസം പരിപൂർണമല്ലെങ്കിൽ, അനുധാവനത്തിനും അനുസരണത്തിനും പൂർണതയില്ലെങ്കിൽ പൊറുക്കപ്പെടുന്നതല്ല. ബഹുദൈവാരാധകർക്കും നിഷേധികൾക്കും അല്ലാഹു വെറുതെ പൊറുത്തു കൊടുക്കില്ല. ഇത്തരത്തിലുള്ള അർഥങ്ങൾ വിശുദ്ധ ഖുർആന്റെ സ്പഷ്ടമായ അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. ചുരുക്കത്തിൽ ഇത് നബി (സ) യെ പരിപൂർണമായും അനുസരിക്കുകയും പിൻപറ്റുകയും ചെയ്യുന്നവർക്ക് സുവാർ ത്തയാകുന്നു. ഈ പരിപൂർണ അനുസരണത്തിലൂടെ കഠിനപാപം പോലും മായ്ച്ച് കളയപ്പെടുന്നു.

സൽമാതൃകയുടെ ഉദാഹരണം സമർപ്പിക്കുന്നതാണെന്ന് ഞാൻ പറയുകയുണ്ടായി. യഥാർഥത്തിൽ അല്ലാഹുവിന്റെ ദാസനും പ്രിയപ്പെട്ടവനും ആകണമെന്നുണ്ടെങ്കിൽ റസൂൽ തിരുമേനി (സ) യുടെ സൽമാതൃകയെ അനുധാവനം ചെയ്യുന്നതിനെ നിലനിർത്തേണ്ടത് അനിവാര്യമാകുന്നു. ഒരു പ്രാവശ്യം പ്രാവർത്തികമാക്കി എന്നത് മതിയാവതല്ല. തിരുനബി (സ) യുടെ മാതൃക ഏതെങ്കിലും ഒരു കാര്യത്തിൽ മാത്രമായിരുന്നില്ല. മറിച്ച് ഹദ്റത്ത് ആയിശ (റ) യുടെ വാക്കുകളിൽ **കാന ഖുൽഖുഹുൽ ഖുർആൻ** ആയിരുന്നു. മുഴുവൻ ജീവിതത്തിലും വ്യാപിച്ചിരുന്നു. തിരുമേനി (സ)യുടെ സ്വഭാവം പരിശുദ്ധ ഖുർആൻ ആയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി, പാപങ്ങളാൽ നിരാശരായവർക്ക് ഇതിലൂടെ പ്രതീക്ഷയുടെ കിരണം കാണാൻ സാധിക്കുന്നു. അത് സാധ്യമാകുന്നത് ഈ സൽമാതൃകയെ പ്രാവർത്തികമാക്കുന്നതിനുള്ള ദൃഢനിശ്ചയം ഉണ്ടാകുമ്പോഴാണ്. പിന്നീട് ദൃഢനിശ്ചയം മാത്രമല്ല അത് പ്രാവർത്തികമാക്കുകയും ചെയ്യണം. പിന്നീട് അതിൽ കൃത്യനിഷ്ഠയുമുണ്ടാകണം. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, ഇവിടെ ഓർക്കേണ്ട കാര്യം ഈ ആയത്തിന്റെ സാരം ഇതാണ്. ഈ ആയത്തിന്റെ സംക്ഷിപ്തം, അല്ലെങ്കിൽ ഈ ആയത്തിന്റെ വിഷയം, ഉദ്ദേശ്യം ഇതാണ്. ആരാണോ ഹൃദയാത്മനാ, യാ റസൂലുല്ലാഹ് നിന്റെ ദാസരാകുന്നത് അവർക്ക് അവൻ പരിപൂർണ വിശ്വാസവും, സ്നേഹവും, പ്രേമവും നൽകുന്നതാണ്. അത് അവർക്ക് ദൈവേതരങ്ങളിൽ നിന്ന് മോചനം നൽകുന്നതാണ്. അവർ പാപങ്ങളിൽ നിന്ന് മോക്ഷം കരസ്ഥമാക്കുന്നതാണ്. ഇതേ ലോകത്ത് അവർക്ക് ഒരു പരിശുദ്ധ ജീവിതം നൽകപ്പെടുന്നതാണ്. ശാരീരിക ആവേശങ്ങളുടെ ഇടുങ്ങിയതും അന്ധകാരവുമായ ഖബറുകളിൻ നിന്ന് പുറത്തെടുക്കപ്പെടുന്നതാണ്.

റമദാന്റെ ഒരുദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുക, അവന്റെതായിത്തീരുക, അവനെ ആരാധിക്കുക എന്നതുമാണ്. ഇതാണ് ദൈവേതരങ്ങളിൽ നിന്നുള്ള മോചനം. ഇത് പൂർത്തിയാക്കുന്നതിനായി റസൂൽ തിരുമേനി (സ) യുടെ സൽമാതൃകയുടെ അനുധാവനം അനിവാര്യമാണ്. അനുധാവനം ചെയ്യുന്നവർക്ക് ഇതേ ലോകത്ത് ഒരു പരിശുദ്ധ ജീവിതം നൽകപ്പെടുന്നു. ശാരീരിക ആവേശങ്ങളുടെ ഇടുങ്ങിയതും അന്ധകാരവുമായ ഖബറുകളിൽ നിന്ന് അവർ പുറത്തെടുക്കപ്പെടുന്നതാണ്. അതിലേക്ക് തന്നെയാണ് ഈ ഹദീസും വിരൽ ചൂണ്ടുന്നത്.**അനൽ ഹാശിറുല്ലദീ യുഹ്ശറുന്നാസു അലാഖദമി** അതായത് ആരുടെ കാൽപാദങ്ങളിലാണോ ജനങ്ങൾ എഴുന്നേൽപ്പിക്കപ്പെടുന്നത് ആ കാൽപാദങ്ങളിൽ മൃതരെ എഴുന്നേൽപ്പിക്കുന്നവനാണ് ഞാൻ. എന്നെ അനുധാവനം ചെയ്യുന്നവരാകുക എന്നതാണ്, എന്നെ പിൻപറ്റുന്നവരാകുക എന്നതാണ് പാദങ്ങളിൽ എഴുന്നേൽപ്പിക്കപ്പെടുക എന്നത് കൊണ്ടുദ്ദേശിക്കുന്നത്.

വിശുദ്ധ ഖുർആൻ ഈ ഉപമയാൽ നിറഞ്ഞിരിക്കുകയാണെന്നത് സ്പഷ്ടമായും മനസ്സിലാക്കുക. അതായത് ലോകം നിർജീവമായി കഴിഞ്ഞിരുന്നു. അല്ലാഹു ഈ നബി, ഖാത്തമുൽ അമ്പിയാ (സ) യെ നിയോഗിച്ചുകൊണ്ട് പുതിയ നിലയിൽ ഭൂമിയെ പുനരുജ്ജീവിപ്പിച്ചു. അല്ലാഹു പറയുന്നു കേൾക്കുക ഭൂമിയെ അത് നിർജീവമായതിനു ശേഷം അല്ലാഹു ജീവിപ്പിക്കുന്നു. പിന്നീട് അതനുസരിച്ച് നബി തിരുമേനി (സ) യുടെ സഹാബാക്കൾ (റ) നെ സംബന്ധിച്ച് പറയുന്നു **വ അയ്യദഹും ബി റൂഹിൻ മിൻഹു** അതായത് പരിശുദ്ധാത്മാവ് മുഖേന അവരെ സഹായിച്ചിരുന്നു. ഹൃദയങ്ങളെ ജീവിപ്പിക്കുന്നു, ആത്മീയ മരണത്തിൽ നിന്നും മോചിപ്പിക്കുന്നു. പരിശുദ്ധ കഴിവുകളും പരിശുദ്ധ വികാരങ്ങളും പരിശുദ്ധ ജ്ഞാനങ്ങളും നൽകപ്പെടുന്നതിനെയാണ് പരിശുദ്ധാത്മാവിന്റെ സഹായം എന്ന് പറയുന്നത്. ദൃഢജ്ഞാനവും സ്പഷ്ടമായ തെളിവുകളുമായി അല്ലാഹുവിന്റെ സാമീപ്യത്തിലേക്ക് എത്തിക്കുന്നു. ആത്മീയ മരണത്തിൽ നിന്നുള്ള മോചനം എന്താണ്? ഭൗതീക അഭിലാഷങ്ങളെ ത്യജിക്കുക, സ്വയം തന്നെ സമർപ്പിക്കുക. അതിലേക്ക് അല്ലാഹു വിശുദ്ധ ഖുർആനിൽ വീണ്ടും വീണ്ടും ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. ഇത് അല്ലാഹുവിന്റെ തൃപ്തിക്ക് മുൻഗണന നല്കുക എന്നതാണ്. സഹാബാക്കൾ ഇതെല്ലാം ചെയ്തപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങൾക്ക് ആത്മീയ ജീവിതം നൽകി. അവർക്ക് പരിശുദ്ധ കഴിവുകൾ നൽകി. അത് മുഖേന അവർ ശൈത്വാനെ

## തത്സമയ മലയാള വിവർത്തനം തുടങ്ങി



അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് തിരുമനസ്സിന്റെ മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായിൽ വരുന്ന ലൈവ് പ്രോഗ്രാമുകളുടെ തൽസമയ മലയാള വിവർത്തനം ആരംഭിച്ചിരിക്കുന്നു. **ലൈവ് സ്ട്രീമിങ്ങിലൂടെ** ഇത് ലഭിക്കുന്നതാണ്. മലയാളം ശ്രവിക്കാൻ **www.qadianstream.in** ലോഗ്ഓൺ ചെയ്യുക. നിങ്ങളുടെ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, മൊബൈൽ ഫോൺ എന്നിവയിൽ ഇന്റർനെറ്റ് കണക്ഷൻ ഉണ്ടെങ്കിൽ ഇത് ലഭിക്കുന്നതാണ്. ഈ അസുലഭ സന്ദർഭം എല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് ഹുസൂർ തിരുമനസ്സ് പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്.

എതിരിട്ടു. അവരുടെ ചിന്തകളെ ശുദ്ധീകരിച്ചു. അവർക്ക് ഖുർആന്റെ ജ്ഞാനം നൽകി. അത് അവരുടെ വിശ്വാസത്തേയും ജ്ഞാനത്തെയും ഉന്നതമായ പദവിയിലേക്ക് എത്തിച്ചു. അല്ലാഹുവിന്റെ അസ്തിത്വത്തിൽ അവർക്ക് ദർശന ജ്ഞാനം നൽകപ്പെട്ടു. സ്വയം അല്ലാഹുവിന്റെ ഖുദ്റത്തിന്റെ ദൃശ്യങ്ങൾ അവർ ദർശിച്ചു. അത് അവർക്ക് അല്ലാഹുവിന്റെ സാമീപ്യം നൽകി. ഇതെല്ലാം തന്നെ അവർക്ക് തങ്ങളുടെ യജമാനനായ മുഹമ്മദ് (സ) യെ അനുധാവനം ചെയ്തതിലൂടെയാണ് കരസ്ഥമായത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, പരിശുദ്ധാത്മാവ് മുഖേന മനുഷ്യന് ലഭിക്കുന്ന ജീവിതത്തിലൂടെയല്ലാതെ നിശ്ചയമായും മോക്ഷദായകമായ ഈ അറിവുകൾ മനുഷ്യന് ലഭിക്കുന്നതല്ല. വിശുദ്ധ ഖുർആൻ വളരെ ശക്തിയുക്തം പ്രഖ്യാപിക്കുന്നു, ആ ആത്മീയ ജീവിതം ഈ പരിശുദ്ധ റസൂൽ (സ) യുടെ അനുധാവത്തിലൂടെ മാത്രമെ ലഭിക്കൂ. അതായത് ഇവിടെ പരാമർശിച്ചു കൊണ്ടിരിക്കുന്ന വിജ്ഞാനങ്ങൾ, അതായത് ആത്മീയ മരണത്തിൽ നിന്ന് മോചനം ലഭിക്കുന്നു, പരിശുദ്ധ കഴിവുകൾ ലഭിക്കുന്നു, പരിശുദ്ധ വികാരങ്ങൾ ലഭിക്കുന്നു, പരിശുദ്ധ അറിവുകൾ ലഭിക്കുന്നു. മോക്ഷഹേതുവായ ഈ വിജ്ഞാനങ്ങൾ മനുഷ്യ ജീവിതത്തിൽ പരിശ്രമം കൊണ്ട് മാത്രം ലഭിക്കുന്നതല്ല. മറിച്ച് പരിശുദ്ധാത്മാവിലൂടെയാണ് ലഭിക്കുന്നത്. ആ ആത്മീയ ജീവിതം ഈ വിശുദ്ധ റസൂൽ (സ) യുടെ അനുധാവനത്തിലൂടെ മാത്രമെ ലഭിക്കൂ എന്നാണ് ഖുർആൻ ശക്തിയുക്തം പ്രഖ്യാപിക്കുന്നത്. ഇത് ആത്മീയ ജീവിതമാണ്. ശാരീരിക ജീവിതമല്ല. അത് റസൂൽ തിരുമേനി (സ) യുടെ മാതൃകയെ അനുസരിക്കുകയും അനുകരിക്കുകയും ചെയ്യുന്നതിലൂടെയാണ് ലഭിക്കുന്നത്. ഈ ആദരവായ റസൂൽ (സ) യുടെ അനുധാവനത്തെ ലംഘിക്കുന്ന എല്ലാവരും മൃതരാണ്. അവരിൽ ഈ ജീവിതത്തിന്റെ അതായത് ആത്മീയ ജീവിതത്തിന്റെ ആത്മാവില്ല. ആത്മീയ ജീവിതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പരിശുദ്ധാത്മാവിന്റെ സഹായത്താൽ ജീവൻ വെക്കുന്ന വിജ്ഞാനവും കർമപരവുമായ മനുഷ്യന്റെ കഴിവുകളുമാണ്. അല്ലാഹു മനുഷ്യനിൽ നിലനിർത്താൻ ആഗ്രഹിക്കുന്ന കല്പനകൾ 600 ആണെന്നാണ് വിശുദ്ധ ഖുർആനിൽ നിന്ന് തെളിയുന്നത് . ഇതിനു സമാനമായ നിലയിൽ ജിബ്രീൽ (അ) ന്റെ ചിറകുകളും 600 ആണ്. മനുഷ്യത്വത്തിന്റെ ബീജം ഏതുവരെ 600 കല്പനകളെ തലയിലേറ്റിക്കൊണ്ട് ജിബ്രീലിന്റെ ചിറകുകൾക്ക് കീഴിൽ വരുന്നില്ലയോ അവനിൽ അല്ലാഹുവിൽ ലയിച്ച് ഇല്ലാതാകുന്നതിനുള്ള കുട്ടി ജനിക്കുന്നതല്ല. അതായത് മനുഷ്യ ജന്മത്തിന്റെ ഉദാഹരണം നൽകിക്കൊണ്ട് പറയുകയാണ്. മനുഷ്യ ബീജം ഈ 600 കൽപ്പനകളെ തന്നിൽ സംജാതമാക്കുന്നില്ലയോ, പ്രാവർത്തികമാക്കുന്നില്ലയോ അതുവരെ അല്ലാഹുവിൽ ലയിച്ച് ഇല്ലാതാകുന്ന മനുഷ്യനാകാൻ സാധിക്കില്ല. മനുഷ്യ യാഥാർഥ്യം തന്റെയുള്ളിൽ 600 മുട്ടകളുടെ കഴിവുകൾ ഉൾക്കൊള്ളുന്നു. ഇത് ബുദ്ധിമുട്ടുള്ള കാര്യമല്ല. മനുഷ്യന്റെ പ്രകൃതത്തിൽ അല്ലാഹു ഈ കഴിവുകൾ വെച്ചിട്ടുണ്ട്. അവർ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ ഈ കല്പനകളെ തന്നിൽ പ്രാവർത്തികമാക്കുന്നതിനുള്ള കഴിവും പ്രാപ്തിയുമുണ്ട്. പറയുന്നു, ആരുടെ കഴിവുകളുടെ 600 മുട്ടകളാണോ ജിബ്രീലിന്റെ കഴിവുകളുടെ 600 ചിറകുകൾക്ക് കീഴിൽ വരുന്നത് അവൻ പരിപൂർണ മനുഷ്യനും, അവന്റെ ജനനം പരിപൂർണ ജനനവും, അവന്റെ ജീവിതം പരിപൂർണ ജീവിതവുമാകുന്നു. അതായത് ഇവ കരസ്ഥമാക്കുമ്പോഴാണ് യഥാർഥ ആത്മീയ ജനനം ഉണ്ടാകുന്നതും, യഥാർഥ ആത്മീയ ജീവിതം ലഭിക്കുന്നതും. അതിനാൽ ഈ 600 കല്പനകളെ സ്വായത്തമാക്കുന്നതിനായി പരിശ്രമിക്കുക. ഗഹനമായി ചിന്തിക്കുമ്പോൾ മനസ്സിലാകുന്നത് മനുഷ്യത്വത്തിന്റെ മുട്ടകളുടെ ആത്മീയ കുട്ടികൾ പരിശുദ്ധാത്മാവ് മുഖേന നബി (സ) യുടെ അനുധാവനത്തിൽ ജനിക്കുന്നു എന്നാണ്. അത് തന്റെ അളവിലും ഗുണത്തിലും രൂപത്തിലും അവസ്ഥയിലും മറ്റെല്ലാ പ്രവാചകൻമാരുടെയും കുട്ടികളെക്കാൾ പരിപൂർണമാകുന്നു. അതായത് നബി (സ) യുടെ അനുധാവനത്തിലൂടെ മനുഷ്യന് ലഭിക്കുന്ന ആത്മീയ കുട്ടികൾ, ആത്മീയ ഗുണങ്ങൾ അത് തന്റെ ഗുണത്തിലും അളവിലും തന്റെ രൂപത്തിന്റെ കാര്യത്തിലും തന്റെ അവസ്ഥയുടെ കാര്യത്തിലും എല്ലാ അവസ്ഥയിലും മറ്റു പ്രവാചകൻമാർ മുഖേന ഉണ്ടായ ആത്മീയ വിപ്ലവത്തെക്കാളും ശ്രേഷ്ടമാകുന്നു. ഇതിലേക്ക് സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു ജനങ്ങളുടെ സമുദ്ധാരണത്തിനായി സൃഷ്ടിച്ചിട്ടുള്ള എല്ലാ സമുദായങ്ങളേക്കാളും നിങ്ങൾ ഉത്തമരാകുന്നു. ശ്രേഷ്ട സമുദായമാക്കി നിശ്ചയിച്ചിരിക്കുന്നു. അധിക പ്രഭാഷണങ്ങളിലും നാം ശ്രേഷ്ട സമുദായമെന്ന് കേൾക്കുന്നു. ഈ ശ്രേഷ്ട സമുദായമാകുന്നതിനായി നമ്മോട് നിർദേശിക്കപ്പെട്ടിട്ടുള്ള എല്ലാ ആത്മീയ വിപ്ലവങ്ങളും ആത്മീയ അവസ്ഥയും തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കിയെടുക്കുന്നതിനായി പരിശ്രമിക്കേണ്ടതുണ്ട്. നബി (സ) ഇതിനെക്കുറിച്ച് പരാർശിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനിലും ഇതിന്റെ പരാമർശമുണ്ട്. ഇത്തരത്തിലാണ് പരിഷ്കരണം ഉണ്ടാവുക. ഈ അവസ്ഥയിൽ മനുഷ്യൻ എത്തുമ്പോഴാണ് മറ്റുള്ളവരുടെ സമുദ്ധാരണത്തിനായി പ്രവർത്തിക്കാൻ സാധിക്കുക. അപ്പോൾ സമുദ്ധാരണ പ്രവർത്തനങ്ങൾ ഉണ്ടാകുന്നു. റസൂലിന്റെ മാതൃകയെ നാം പിൻപറ്റാൻ ശ്രമിക്കുമ്പോഴാണ്, നമ്മുടെ ജീവിതം അതിനനുഗുണമാക്കുമ്പോഴാണ്, ആത്മ പരിശോധന എപ്പോഴും ചെയ്തു കൊണ്ടിരിക്കുമ്പോഴാണ്, നമ്മുടെ ആത്മീയ വളർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോഴാണ്, അല്ലെങ്കിൽ അതിന് ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഈ ഫലമുണ്ടാവുക. അല്ലാഹു നമുക്ക് വിശുദ്ധ ഖുർആനിൽ നൽകിയിരിക്കുന്ന കല്പനകളെ എവിടെയെല്ലാം ഏതെല്ലാം കാര്യങ്ങളിൽ ഏതെല്ലാം രീതിയിൽ ഏതുവരെ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നുണ്ട് എന്ന് നോക്കേണ്ടതാണ്. അപ്പോഴാണ് നാം നമ്മിൽ ആത്മീയ വിപ്ലവം സംജാതമാക്കുക. അപ്പോഴാണ് നമുക്ക് ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ലോകത്തിലേക്കെത്തിക്കാൻ സാധിക്കുക.

അതിനാൽ പാപിയാണെങ്കിലും അല്ലാഹുവിന്റെ ഒരു അബ്ദ് ആകാൻ സാധിക്കുന്നതാണ്. അവന്റെ എല്ലാ പാപങ്ങളും പൊറുക്കപ്പെടാവുന്നതാണ്. എന്നാൽ റസൂൽ (സ) യുടെ മാതൃകയെ പിൻപറ്റുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നതിന്റെ ഫലമായി തന്റെ സർവ കഴിവുകളുമുപയോഗിച്ച് അതിനായി ശ്രമിക്കുക.

നബി (സ) തിരുമേനിയുടെ ജീവിതത്തിന്റെ സുന്ദരമായ വശങ്ങളെ നാം കാണുന്നു. അതിനെ അനുധാവനം ചെയ്യുന്നതിനുള്ള കല്പന അല്ലാഹു നമുക്ക് നൽകിയിരിക്കുന്നു. മനുഷ്യന് എങ്ങനെ ഏതുവരെ അത് കരസ്ഥമാക്കാൻ സാധിക്കുന്നതാണ് എന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പരാമർശിക്കുകയുണ്ടായി. ഇതിലൂടെ ചരിക്കുമ്പോൾ അല്ലാഹുവിന്റെ സ്നേഹവും കരസ്ഥമാകുന്നു. അത് മുഖേന ദാസൻ തന്നെ സ്നേഹിക്കുന്ന അല്ലാഹുവിന്റെ സംരക്ഷണത്തിൽ എത്തുന്നു.

അല്ലാഹുവിനോടുള്ള സ്നേഹ ത്തിലും അവനോടുള്ള നന്ദിപ്രകടന ത്തിലും അവന്റെ ആരാധനയിലും എന്ത് മാതൃകയാണ് നബി (സ) നിലനാട്ടിയത് എന്ന് നമുക്ക് ആദ്യമായി നോക്കാം. മുഴുവൻ ദിവസവും ഭരണകാര്യങ്ങ ളിലും തന്നെ അംഗീകരിക്കുന്നവരുടെ പരിഷ്കരണത്തിലും ശിക്ഷണത്തിലും അവർക്ക് ആത്മീയ ഉന്നമനത്തിനുള്ള മാർഗങ്ങൾ കാണിക്കുന്നതിലും ആ മഹാനായ നബി (സ) വ്യാപൃതനായി രുന്നു. സാധാരണ ദിനങ്ങളിലും തിരക്കായിരുന്നു. യുദ്ധങ്ങളിലും അടിയ ന്തരാവസ്ഥകളിലും പകലിലെ തിരക്കു കളോടൊപ്പം ശാരീരിക പ്രയാസങ്ങളും മൂർദ്ധന്യതയിലെത്തുമായിരുന്നു. എന്നാൽ നമുക്ക് നബി(സ)യുടെ പകൽ സമയത്തെ ആരാധനകളിലോ രാത്രി യിലെ ആരാധനകളിലോ എന്തെങ്കിലും തടസ്സം കാണാൻ സാധിക്കുന്നില്ല. രാത്രി ആരാധനക്കായി നിൽക്കുമ്പോൾ കാലിൽ നീര് വരുമായിരുന്നു. കാരണം രാത്രി യിൽ ആരാധന അനുഷ്ഠിക്കുക എന്നത് അല്ലാഹുവിന്റെ കൽപനയായിരുന്നു. നബി(സ)യുടെ രാത്രിയിലെ ആരാധന കൾ അർദ്ധരാത്രിക്ക് ശേഷവും അർദ്ധ രാത്രിയിലും ഉള്ളതായിരുന്നു. അല്ലാഹു പറയുന്നു രാത്രി ഉണരുന്നത് നിശ്ചയ മായും ശരീരേഛയെ കാലിനടിയിൽ ചവിട്ടിയരക്കുന്നതിനായി ഏറ്റവും ശക്തവും വാക്കുകൾ ചൊവ്വാക്കുന്നതിന് കൂടുതൽ പ്രബലവുമാണ്. ഹദ്റത്ത് ആയിശ (റ) ഒരിക്കൽ പറഞ്ഞു. അല്ലാഹു വിന്റെ റസൂലേ അങ്ങയ്ക്ക് അല്ലാഹു വിന്റെ സാമീപ്യം കരസ്ഥമായിരിക്കുന്നു. അങ്ങ് സ്വന്തം ശരീരത്തെ ഇത്രയും പ്രയാസത്തിൽ അകപ്പെടുത്തുന്നത് എന്തിനാണ്? പറഞ്ഞു, അല്ലയോ ആയിശാ **അഫലാ അകൂനു അബ്ദൻ ശകൂറാ** ഞാൻ അല്ലാഹുവിന്റെ സമീപസ്ഥനാണെങ്കിൽ, അല്ലാഹു എന്നിൽ അനുഗ്രഹം ചൊരിഞ്ഞു ട്ടുണ്ടെങ്കിൽ അവന്റെ നന്ദിയുള്ള ദാസനാകുക എന്നത് എന്റെ ബാധ്യത യല്ലേ? ഔദാര്യത്തിനു മുന്നിലാണ് നന്ദിപ്രകടിപ്പിക്കുക. ചുരുക്കത്തിൽ നബി(സ) എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെയും ഔദാര്യങ്ങളേയും സ്മരിച്ച് കൊണ്ടിരിക്കുമായിരുന്നു. നമ്മെ മുസ്ലിം ആക്കി എന്നതുമാത്രമല്ല മറിച്ച് നബി(സ)യുടെ യഥാർഥ ദാസന് നബി (സ) യുടെ സലാം എത്തിക്കുന്ന തിനുള്ള തൗഫീഖ് നൽകുകയും ചെയ്തിരിക്കുന്നു എന്നത് അല്ലാഹു നമ്മോട് ചെയ്ത ഔദാര്യമാണ്. ഇത് വലിയൊരു ഔദാര്യമാണ്. ഇതിന്റെ നന്ദി പ്രകടിപ്പിക്കാൻ തന്നെ നമ്മെകൊ ണ്ടാവില്ല. ഒരഹ്മദിക്ക് ഇതിന്റെ നന്ദി പ്രകടിപ്പിക്കാൻ സാധ്യമല്ല. എത്ര ശ്രമിച്ചാലും നമുക്ക് നന്ദി പ്രകടിപ്പിക്കാൻ കഴിയില്ല. അതുകൊണ്ട് ഓരോ അഹ്മദിയും തങ്ങളുടെ കഴിവനുസരിച്ച് അല്ലാഹുവിന്റെ ആരാധനയുടെ കടമ നിറവേറ്റുന്നതിനായി ശ്രമിക്കേണ്ടതാണ്. റമദാനിൽ ഉണ്ടാക്കിയെടുത്തിട്ടുള്ള നഫലുകളുടെ ശീലം അത് താൽക്കാലിക ശീലമാക്കരുത്. നമ്മുടെ ഭൗതിക ലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ളതാകരുത്. മറിച്ച് അല്ലാഹുവിനോടുള്ള നന്ദിപ്രകട നത്തിന്റെ സിംഹഭാഗവും ഇതിലുണ്ടായി രിക്കണം. അപ്പോഴാണ് ഈ ആരാധന യുടെ പ്രഭാവം നമ്മുടെ വാക്കുകളു ടെയും കർമ്മങ്ങളുടെയും സത്യതയ് ക്കായി വെളിപ്പെടുക. നാം ശ്രേഷ്ട സമുദായമായിക്കൊണ്ട് ലോകത്തിന്റെ സമുദ്ധാരണത്തിന് ശ്രമിക്കുമ്പോൾ നമ്മുടെ വാക്കുകൾ പ്രഭാവം ചെലു ത്തുന്നത് നമ്മുടെ അവസ്ഥ ഇത്തരത്തി ലായിരിക്കുമ്പോഴാണ്.

ഫർള് നമസ്കാരങ്ങളിലെ കൃത്യനി ഷ്ഠയെ സംബന്ധിച്ച് നബി (സ) ക്ക് വളരെ ശ്രദ്ധയുണ്ടായിരുന്നു. അതികഠിന മായ രോഗാവസ്ഥയിലും, നമസ്കാരം ഇരുന്നോ കിടന്നോ വീട്ടിലോ നമസ്ക്ക രിക്കാൻ അനുവാദമുണ്ടെങ്കിലും, മറ്റുള്ളവരുടെ സഹായത്താൽ പള്ളി യിൽ ജമാഅത്തായി നമസ്കാരം അനു ഷ്ഠിക്കുന്നതിന് വേണ്ടി വരുമായിരുന്നു. എന്നാൽ ഇങ്ങനെയൊക്കെയാണെ ങ്കിലും ആരാധനയിൽ കൃത്യനി ഷ്ഠയു ണ്ടാവുകയും ആരാധനയ്ക്ക് ഇത്ര പ്രാധാന്യം നൽകുകയും ചെയ്തിട്ടും, ആരാധനയിൽ കൃത്രിമത്വവും കാപട്യ വും നബി(സ) ഇഷ്ട്ടപ്പെട്ടിരുന്നില്ല. വീട്ടിൽ കയർ തൂക്കിയിട്ടിരിക്കുന്നതായി നബി (സ) കണ്ടപ്പോൾ അതിന്റെ കാരണം അന്വേഷിച്ചു. അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് ഹദ്റത്ത് സൈനബ് (റ) ആരാധന അനുഷ്ഠിച്ച് തളരുമ്പോൾ ഈ കയറിന്റെ സഹായ ത്താൽ എഴുന്നേറ്റ് നിൽക്കു മായിരുന്നു എന്നാണ്. നബി (സ) ഇത് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം പറഞ്ഞു, എത്ര നേരം സന്തോ ഷത്തോടുകൂടി പ്രസന്നതയോടുകൂടി എളുപ്പത്തിൽ ആരാധന നിർവഹിക്കാൻ കഴിയുമോ നിർവഹിക്കുക. തളരുമ്പോൾ ഇരിക്കുക. നബി (സ) യ്ക്ക് എത്ര ത്തോളം ശക്തി നൽകിയിക്കുന്നു വെന്നാൽ കാല് വിണ്ട് കീറിയാലും എഴുന്നേറ്റ് നിൽക്കുമായിരുന്നു. എന്നാൽ മറ്റുള്ളവർക്കായി നബി (സ) സൗകര്യം നൽകി. എന്നാൽ സൗകര്യ ത്തിന്റെ അർഥം, ചിലർ ശീലമാ ക്കിയി രിക്കുന്നത് പോലെ ഇരുന്ന് നമസ്കരി ക്കുക എന്നല്ല. ചിലർ രാവിലെ സുബ്ഹി നമസ്ക്കാരത്തിനായി എഴുന്നേറ്റ് വുളു ഇല്ലാതെ കിടക്കയിൽ കിടന്നുകൊണ്ട് തന്നെ തയമ്മും ചെയ്ത് ഇരുന്ന് നമസ്ക്കരിക്കുന്നത് ശീലമാക്കിയിട്ടുണ്ട്. ഇത് തെറ്റാണ്. ഇതിൽ നിന്ന് അനുവദ നീയമല്ലാത്ത പ്രയോജനം എടുക്കരുത്. അങ്ങനെയാണെങ്കിൽ ഇത് ആരാധന യല്ല. തങ്ങളുടെ കഴിവുകളും പ്രാപ്തി കളേയും പാരമ്യതയി ലേക്കെത്തിക്കേ ണ്ടത് ആവശ്യമാണ്. ആ കഴിവു കൾക്കനുസൃതമായി ഓരോ വ്യക്തിയും സ്വയം അനുമാനിക്കുക. ഇങ്ങനെ യാകുമ്പോഴാണ് താൻ സൽമാതൃകയിൽ പിൻപറ്റാൻ ശ്രമിക്കുന്നു എന്ന് ഓരോ വ്യക്തിക്കും പറയാൻ സാധിക്കുക.

ആരാധനയുടെയും നന്ദിപ്രകടന ത്തിന്റെയും നിലവാരം നാം കണ്ടു കഴിഞ്ഞു. നമ്മുടെ മുന്നിൽ സമർപ്പിച്ച മാതൃക ഞാൻ പരാമർശിച്ചു. എന്നാൽ ഇപ്രകാരമായിരുന്നിട്ടും ഒരു സന്ദർ ഭത്തിൽ നബി (സ) ഇങ്ങനെ പറയുക യുണ്ടായി. ആരും തന്നെ സ്വന്തം കർമങ്ങളാൽ സ്വർഗത്തിൽ പ്രവേശിക്കു ന്നതല്ല. അപ്പോൾ ഹദ്റത്ത് അബൂഹു റൈറ (റ) ചോദിച്ചു. അല്ലാഹു വിന്റെ ദൂതരെ! അങ്ങും സ്വന്തം കർമ്മങ്ങളാൽ സ്വർഗത്തിൽ പ്രവേശിക്കു കയില്ലേ? അങ്ങ് മുഴുവൻ രാത്രിയിലും ആരാധന നിർവഹിക്കുന്നു. കാല് വിണ്ട് കീറുന്നു. ഇത്തരത്തിലുള്ള ഇല്ലായ്മ യുടെ അവസ്ഥയിലേ ക്കെത്തുന്നു. നബി (സ) പറഞ്ഞു, ഞാനും എന്റെ കർമ ങ്ങളുടെ ബലത്തിൽ സ്വർഗത്തിൽ പ്രവേശിക്കുന്ന തല്ല. എന്നാൽ അല്ലാഹു വിന്റെ അനുഗ്രഹവും കാരുണ്യവുമാണ് എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുക. എത്ര ഭയത്തിന്റേയും പേടിയുടേയും അവസ്ഥയാണിത്. നിസാര നന്മകളിൽ അഹങ്കരിക്കുന്നവർ എത്ര ഭയപ്പെടേണ്ട താണ്. അല്ലാഹു നമ്മെ അവന്റെ മഗ്ഫിറത്തിന്റേയും അനുഗ്രഹ ത്തിന്റേ യും പുതപ്പിൽ പുതപ്പിക്കു മാറാകട്ടെ. നമുക്ക് യഥാർഥ ആരാധന അനുഷ്ഠി ക്കുന്നതിനുള്ള തൗഫീഖ് നൽകുമാറാ കട്ടെ. എളിമയും വിനയവും നൽകുന്ന തിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

നബി (സ) പറഞ്ഞു. സ്വന്തം പ്രവർത്തനങ്ങളിൽ നന്മ സ്വായത്തമാക്കു ക. അല്ലാഹുവിന്റെ സാമീപ്യത്തിന്റെ മാർഗങ്ങൾ അന്വേഷിക്കുക. ആരും മര

ണത്തെ ആഗ്രഹിക്കരുത്. കാരണം അവൻ നന്മ ചെയ്യുന്നവനാണെങ്കിൽ നന്മയിൽ മുന്നേറുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശിയാകുന്നതുമാണ്. അഥവാ തിന്മ ചെയ്യുന്നവനാണെങ്കിൽ തൗബയ്ക്കുള്ള തൗഫീഖ് ലഭിക്കുന്നതാണ്. ഈ തൗബയ്ക്കുള്ള തൗഫീഖും അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ലഭിക്കുക. അതിനുവേണ്ടി ദുആ ചെയ്യേണ്ടതാണ്. ലോകത്ത് ഭൂരിപക്ഷവും തിന്മകളിൽ മുഴുകിയിരിക്കുന്നവരാണ്. അവരതിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. നബി (സ) ഈ പറഞ്ഞത് വിശ്വാസികൾക്ക് വേണ്ടിയിട്ടാണ്. നിസാരമായ തിന്മകളെ സംബന്ധിച്ചാണ് പറഞ്ഞത്. അവർക്ക് ആ ന്യൂനതകൾ ദൂരീകരിക്കുന്നതിനുള്ള തൗഫീഖ് ലഭിക്കുന്നതാണ്.

തൗബയിലേക്ക് ശ്രദ്ധിക്കുന്നവർക്കായിട്ടാണ് നബി (സ) ഇങ്ങനെ പറഞ്ഞത്. അതിലേക്കു ശ്രദ്ധിച്ചുകൊണ്ട് നന്മയിൽ മുന്നേറാൻ പരിശ്രമിക്കുന്നു. മരണം വിധിക്കപ്പെട്ടതാണ് എന്നാൽ അല്ലാഹുവേ, നീ തൃപ്തിപ്പെടുന്ന സമയത്ത് മരണപ്പെടുത്തണേ എന്ന് ദുആ ചെയ്യുന്നു. നബി (സ) പറഞ്ഞു. തങ്ങളുടെ കഴിവുകളേയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളേയും ശരിയായി ഉപയോഗിക്കാതിരിക്കുക എന്നത് ധിക്കാരമാണ്. ഈ കഴിവുകളെ പ്രയോജനപ്പെടുത്തുന്നതും ആരാധനയിൽ പെട്ടതാണ്, ഈ കഴിവുകളുടെ ശരിയായ ഉപയോഗവും ആരാധനയിൽ പെട്ടതാണ്. അല്ലാഹു നൽകിയിരിക്കുന്ന അവയവങ്ങളായ ചെവി, കണ്ണ്, നാവ്, കൈ, കാല് മുതലായവ കൊണ്ട് നന്മ ചെയ്യുന്നതും ആരാധനയായിത്തീരുന്നു. കാതുകളിലൂടെ നന്മയുടെ കാര്യങ്ങൾ കേൾക്കുന്നത് അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുന്നവനാക്കി മാറ്റുന്നു. എന്നാൽ ആളുകളുടെ പരദൂഷണവും ഏഷണിയും കേൾക്കുന്നത് പാപമാണ്. എന്നാൽ തിന്മയുടെ കാര്യങ്ങൾ കേൾക്കരുതെന്ന് കരുതി ആരെങ്കിലും തന്റെ ചെവി സ്ഥിരമായി അടച്ചുവെക്കുകയാണെങ്കിൽ അതും അതിന്റെ ശരിയായ ഉപയോഗമല്ല. മറിച്ച് ഒരു തരത്തിലുള്ള ധിക്കാരമായി മാറുന്നതാണ്.

ഇതാണ് നബി (സ) നമുക്ക് സ്വന്തം കർമങ്ങളാൽ പഠിപ്പിച്ചുതന്നത്. നബി (സ) യുടെ സഹനവും പാരമ്യതയിൽ എത്തിയതായിരുന്നു. മദ്യനിരോധനത്തിന് മുൻപ് ഒരു സഹാബി ലഹരിയിൽ നബി (സ) യെ എന്തൊക്കെയോ പറഞ്ഞു. നബി (സ) നിശബ്ദനായി ശ്രവിച്ചുകൊണ്ടിരുന്നു. അയാളെ ഒന്നും പറഞ്ഞില്ല. അല്ലാഹു നബി (സ)ക്ക് ഭരണവും നൽകുകയുണ്ടായി. മദീനയിൽ വന്നപ്പോൾ ഭരണം സ്ഥാപിതമായി. ആ അവസ്ഥയിലും സഹനത്തിന്റെ ഉന്നത മാതൃകകൾ നമുക്ക് ലഭിക്കുന്നു. ലോകത്ത് നാം കാണുന്നു, ആരുടെയെങ്കിലും പക്കൽ നാല് പൈസ വന്നാൽ അല്ലെങ്കിൽ ചെറിയൊരു പദവി ലഭിച്ചാൽ പിന്നീട് മൂക്കിൽ ഈച്ച ഇരിക്കാൻ സമ്മതിക്കില്ല. ഇഷ്ടത്തിന് വിരുദ്ധമായ എന്തെങ്കിലും കേട്ടാൽ കോപിക്കാൻ തുടങ്ങുന്നു. എന്നാൽ നബി (സ) യുടെ പെരുമാറ്റം എത്തരത്തിലുള്ളതായിരുന്നു? ഒരിക്കൽ ഒരു യഹൂദി വന്ന് നബി (സ) യുമായി തർക്കിക്കാൻ തുടങ്ങി.തർക്കത്തിനിടയിൽ അയാൾ വീണ്ടും വീണ്ടും മുഹമ്മദ് എന്ന് പറഞ്ഞായിരുന്നു സംസാരിച്ചിരുന്നത്. അതായത് മുഹമ്മദ് എന്ന് മാത്രമെ പറയുന്നുണ്ടായിരുന്നുള്ളൂ. നബി (സ) മദീനയുടെ ഭരണാധികാരിയായിരുന്ന സമയത്തെ സംഭവമാണിത്. മാത്രമല്ല ചുറ്റുപാടും, ദൂരെ വരെയും നബി (സ) യുടെ ഭരണം വ്യാപിച്ചിരുന്നു. സഹാബാക്കൾക്ക് യഹൂദിയുടെ ഈ സംഭാഷണ ശൈലി ഇഷ്ടപ്പെട്ടില്ല. സഹാബാക്കൾ നബി (സ) യെ യാ റസൂലുല്ലാഹ് എന്നായിരുന്നു അഭിസംബോധന ചെയ്തിരുന്നത്. അമുസ്‌ലിംകൾ നബി (സ) യുടെ സ്ഥാനപ്പേരായ അബുൽ ഖാസീം എന്ന് പറഞ്ഞാണ് വിളിച്ചിരുന്നത്.യഹൂദി വീണ്ടും വീണ്ടും മുഹമ്മദ് എന്നു പറഞ്ഞപ്പോൾ സഹാബാക്കൾ അയാളോട് ദേഷ്യപ്പെട്ടു പറഞ്ഞു. റസൂലുല്ലാഹ് എന്ന് പറയാൻ പറ്റില്ലെങ്കിൽ സ്ഥാനപ്പേരായ അബുൽ ഖാസിം എന്ന് വിളിച്ചുകൊള്ളുക. യഹൂദി പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ മാതാപിതാക്കൾ ഇട്ട പേരിലേ വിളിക്കൂ. അപ്പോൾ നബി (സ) പുഞ്ചിരിച്ചു എന്നിട്ടു പറഞ്ഞു. ഇയാൾ പറയുന്നത് ശരിയാണ്. എന്റെ മാതാപിതാക്കൾ എന്റെ പേര് മുഹമ്മദ് എന്നാണ് വെച്ചിട്ടുള്ളത്. അയാൾ അങ്ങനെ വിളിച്ചുകൊള്ളട്ടെ, ദേഷ്യപ്പെടരുത്. ചിലപ്പോൾ ആളുകൾ നബി (സ) യെ കൈ പിടിച്ച് നിർത്തുമായിരുന്നു. ചില സമയത്ത് നബി (സ) യുടെ അത്യാവശ്യകാര്യങ്ങളിൽ തടസ്സമാകുമായിരുന്നു. നബി(സ) യുടെ സമയം പാഴാകുമായിരുന്നു. എന്നാൽ വളരെ സഹനത്തോടും ക്ഷമയോടും കൂടി അവരുടെ കാര്യങ്ങൾ കേൾക്കുമായിരുന്നു. അവരുടെ ആവശ്യങ്ങൾ പരിഹരിക്കുമായിരുന്നു.

നീതിയുടെ നിലവാരം എത്രത്തോളമെന്നാൽ, ആരെങ്കിലും അപരാധം ചെയ്താൽ ധനികനാണോ ദരിദ്രനാണോ എന്ന് നോക്കില്ല. ഉന്നതകുലജാതനാണോ സാധാരണക്കാരനാണോ എന്ന് നോക്കില്ല. ഒരു സമ്പന്ന സ്ത്രീ മറ്റൊരാളുടെ ധനം കൈവശപ്പെടുത്തിയപ്പോൾ ശിക്ഷിച്ചു. അപ്പോൾ വലിയവലിയ ആൾക്കാരിൽ അസ്വസ്ഥത ഉടലെടുത്തു. പ്രത്യേകിച്ച് അടുത്ത ബന്ധുക്കളിൽ. ഇത് ഉന്നത കുടുംബത്തിലെ സ്ത്രീയാണ്. അവളെയെന്തിനാണ് ശിക്ഷിച്ചത്. നബി (സ) യുടെ സവിധത്തിലേക്ക് ഉസാമയെ ഇവളുടെ ശിക്ഷ മാപ്പാക്കണം എന്ന ശുപാർശയുമായി അയച്ചു. അത് കേട്ടപ്പോൾ നബി (സ) ദേഷ്യപ്പെട്ടു. പരിപൂർണമായും അനുകമ്പയുടെ പ്രതിരൂപമായ സഹനം കൈകൊള്ളുന്ന സൽസ്വഭാവത്തോടുകൂടി പെരുമാറുന്ന വ്യക്തിയായ നബി (സ) ക്ക് ഒരിക്കലും കോപം വരില്ലായിരുന്നു. എന്നാൽ ആ അവസരത്തിൽ കോപം വന്നു. അല്ലാഹുവിന്റെ കൽപനക്ക് വിരുദ്ധമായി ശുപാർശ ചെയ്യുന്നതിനാണോ എന്റെ അടുക്കൽ വന്നിട്ടുള്ളത്. മുൻ സമുദായങ്ങൾ നശിച്ചത് വലിയവരെ പരിഗണിക്കുകയും ചെറിയവരോട് അനീതി കാണിക്കുകയും ചെയ്തതിനാലാണ്. ഇസ്‌ലാം ഇത് അനുവദിക്കുന്നില്ല. അല്ലാഹുവാണെ സത്യം! അഥവാ എന്റെ മകൾ ഫാത്വിമയാണ് അപരാധം ചെയ്തതെങ്കിൽ ഞാൻ അവളെ ശിക്ഷിക്കാതെ വിടില്ല. ഇക്കാലഘട്ടത്തിൽ നീതി മുസ്‌ലിംകളിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നതായി നാം കാണുന്നു. ഇതാണ് ഇവരുടെ അപചയത്തിന് കാരണമായിക്കൊണ്ടിരിക്കുന്നത്. നമുക്കും ഇക്കാര്യത്തിൽ ധാരാളം സൂക്ഷിക്കേണ്ടതുണ്ട്. നമ്മുടെ ഭാരവാഹികളും നിയമാവകാശം പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിലുള്ള നിലവാരം നിലനാട്ടാൻ ശ്രമിക്കേണ്ടതാണ്. ഇത് വളരെ അപകടകാരിയാണ്. ഇത് അധഃപതനത്തിനുള്ള ഹേതുവായിത്തീരുന്നതാണ്.

ശത്രുക്കളോടുള്ള നീതിയെ സംബന്ധിച്ചും ഖുർആനിക കൽപനയുണ്ട്. അതിന്റെ എന്ത് മാതൃകയാണ് കാണിച്ചത്? അതിനുള്ള ഒരു ഉദാഹരണവും പറയാം. സഹാബാക്കളെ മക്കയിൽ ഒരു സ്ഥലത്ത് വിവരം അന്വേഷിക്കുന്നതിനായി അയച്ചു. ഇവർ ഹറമിന്റെ അതിർത്തിയിൽ എത്തിയപ്പോൾ അവിടെ കുറച്ചാളുകളെ കണ്ടു. ഇവരെ പരിചയമുണ്ടായിരിക്കാം, അല്ലെങ്കിൽ ഇവർ ചെന്ന് മക്കക്കാരെ അറിയിക്കും എന്ന സംശയം ഉണ്ടായി. അക്കാരണത്താൽ ആ സഹാബാക്കൾ അവരെ അക്രമിച്ചു. അവരിൽ ഒരാളെ വധിക്കുകയും ചെയ്തു. ഈ സഹാബാക്കൾ തിരിച്ച് മദീ

നയിൽ എത്തിയപ്പോൾ പുറകെ മക്കക്കാരുടെ ഒരു സംഘം പരാതിയുമായെത്തി. ഇത്തരത്തിൽ ഹറമിന്റെ അതിർത്തിയിൽ അവർ കൊല നടത്തി. നിങ്ങൾ മുസ്‌ലിംകളെ എത്ര കണ്ട് ഉപദ്രവിച്ചിരുന്നു? ഹറമിന്റെ അതിർത്തികളിൽ പോലും ചെയ്ത അക്രമങ്ങൾ മറന്നു പോയോ എന്ന് മറുപടിയായി ചോദിക്കാമായിരുന്നു. എന്നാൽ നബി (സ) പറഞ്ഞു. ശരി. ഒരുപക്ഷേ സഹാബാക്കളെ അവർ പ്രതിരോധിച്ചിട്ടുണ്ടാവില്ല. അതുകൊണ്ട് ഇവർ ഹറമിൽ അഭയം തേടുന്നതാണ്. അങ്ങനെ തങ്ങളുടെ ജീവൻ സുരക്ഷിതമായിത്തീരുന്നതാണ്. ഞങ്ങളുടെ ആളുകൾ അക്രമം പ്രവർത്തിച്ചിരിക്കുന്നു. നബി (സ) അവരോട് പറഞ്ഞു ശരിയാണ്. ഇതിനുപകരമായി വധശിക്ഷ നടപ്പാക്കുന്നതാണ്. അങ്ങനെ അറേബ്യയിലെ ആചാരപ്രകാരം പകരം വധശിക്ഷ നടപ്പാക്കി. ശ്രേഷ്ടനായ നീതിമാൻ എല്ലായിടത്തും നിലനാട്ടിയ നീതിയുടെ നിലവാരമായിരുന്നു ഇത്.

മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കുന്നതിന്റെ നിലവാരവും നോക്കുക. ഒരു യഹൂദി നബി (സ) യുടെ പക്കൽ പരാതി പറയുന്നു. അബൂബക്കർ (റ) എന്റെ മനസ്സ് വേദനിപ്പിച്ചു. ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു. അല്ലാഹു മുഹമ്മദ് റസൂലുല്ലാഹ് (സ) യെ ഹദ്റത്ത് മൂസയേക്കാൾ ശ്രേഷ്ഠനാക്കിയിരിക്കുന്നു എന്നദ്ദേഹം പറഞ്ഞു. ഇത് കേട്ട് എനിക്ക് വിഷമമുണ്ടായി എന്ന് യഹൂദി പറഞ്ഞു. നബി (സ) എല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനാണ് എന്നത് യാഥാർഥ്യം തന്നെയാണ്. വിശുദ്ധ ഖുർആനും ഇതിന് സാക്ഷ്യം വഹിക്കുന്നു. എന്നാൽ നബി (സ) ഹദ്റത്ത് അബൂബക്കർ (റ) യെ വിളിച്ചുകൊണ്ട് ചോദിച്ചു. അദ്ദേഹം പറഞ്ഞു. തുടക്കം കുറിച്ചത് ഈ വ്യക്തിയാണ്. മുഴുലോകത്തേക്കും ശ്രേഷ്ഠത നൽകിയ മൂസയെ സത്യം ചെയ്തു ഞാൻ പറയുന്നു എന്ന് പറയുകയുണ്ടായി. നബി (സ) പറഞ്ഞു. എന്നാലും അങ്ങനെ ചെയ്യരുത്. മറ്റുള്ളവരുടെ വികാരത്തെ മാനിക്കേണ്ടതാണ്. ഇതായിരുന്നു മറ്റുള്ളവരുടെ വികാരത്തോടുള്ള ആദരവ്.

മനുഷ്യകുലത്തിന് സേവനം ചെയ്യുന്നവരെ എങ്ങനെയാണ് നബി (സ) ആദരിച്ചിരുന്നത്? തായി ഗോത്രത്തിലെ ആളുകൾ മുസ്‌ലിംകളുമായി യുദ്ധം ചെയ്തു. അവരിൽ നിന്ന് കുറച്ചുപേർ തടവുകാരാക്കപ്പെട്ടു. അതിൽ അറേബ്യയിലെ പ്രശസ്ത ധർമശീലനായ ഹാതിം തായുടെ മകളുമുണ്ടായിരുന്നു. നബി (സ) യ്ക്ക് വിവരം ലഭിച്ചപ്പോൾ അവരെ വിളിപ്പിച്ചു. അവരുടെ ശുപാർശയിൽ നബി (സ) അവരുടെ ഗോത്രത്തിന്റെ ശിക്ഷയും ക്ഷമിച്ചുകൊടുത്തു. ഇതായിരുന്നു മനുഷ്യകുലത്തിന് ഔദാര്യവാനായ വ്യക്തിയുടെ മനുഷ്യകുലത്തിന് ഔദാര്യം ചെയ്യുന്നവരോടുള്ള പെരുമാറ്റവും അവരോടുള്ള ആദരവും.

സ്ത്രീകളുടെ അന്തസ്സും ആഭിജാത്യവും എങ്ങനെയാണ് നബി (സ) നിലനാട്ടിയത്. അറേബ്യയുടെ ആചാരപ്രകാരം സ്ത്രീകളെ മർദിക്കുമായിരുന്നു. നബി (സ) യ്ക്ക് അറിവ് ലഭിച്ചപ്പോൾ പറഞ്ഞു. സ്ത്രീകൾ അല്ലാഹുവിന്റെ ദാസികളാണ്. നിങ്ങളുടെ ദാസികളല്ല. ഒരു സഹാബി നബി (സ) യോട് ചോദിച്ചു. ഭാര്യമാരോടുള്ള ഞങ്ങളുടെ അവകാശമെന്താണ്? നബി (സ) പറഞ്ഞു. അല്ലാഹു നിങ്ങൾക്ക് ഭക്ഷിക്കുവാനായി നൽകിയിരിക്കുന്നത് അവരേയും ഭക്ഷിപ്പിക്കുക. നിങ്ങൾക്ക് ധരിക്കാൻ നൽകുന്നത് അവരേയും ധരിപ്പിക്കുക. അവരുടെ മുഖത്തടിക്കരുത്. അവരെ അസഭ്യം പറയരുത്. അവരെ വീട്ടിൽ നിന്ന് പുറത്താക്കരുത്. ഇക്കാലഘട്ടത്തിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകാറുണ്ട് എന്ന പരാതികൾ ലഭിക്കാറുണ്ട്. അങ്ങനെയുള്ളവർ ചിന്തിക്കേണ്ടതാണ്. ഒരു ഭാഗത്ത് അല്ലാഹുവിനോട് ദുആ ചെയ്യുന്നു. മറുഭാഗത്ത് അവന്റെ കല്പനക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നു.

നബി (സ) പറഞ്ഞു. നിങ്ങളിൽ നിന്ന് ഉത്തമൻ നിങ്ങളുടെ വീട്ടുകാരോട് ഏറ്റവും ഉത്തമരായവരാകുന്നു. ഞാൻ നിങ്ങളെക്കാൾ കൂടുതലായി നല്ലതുപോലെ പെരുമാറുന്നവനാകുന്നു. നേരത്തെയും പരാമർശിക്കുകയുണ്ടായി. ഭരണപരവും ശിക്ഷണപരവുമായ തിരക്കുകൾ കാരണത്താൽ നബി (സ)യുടെ സമയം അങ്ങേയറ്റം വിലപിടിച്ചതായിരുന്നു. ആരാധനയിലും വ്യാപൃതനായിരുന്നു. എന്നാൽ ഇതെല്ലാമായിരുന്നിട്ടുപോലും വീട്ടുജോലികളിലും ഉത്തരവാദിത്വങ്ങളിലും ചിലത് നിർവഹിക്കുമായിരുന്നു. ഹദ്റത്ത് ആയിശ (റ) പറയുന്നു. നബി (സ) വീട്ടിലുണ്ടാകുന്ന സമയമത്രയും വീട്ടുകാരെ സഹായിക്കുന്നതിലും സേവിക്കുന്നതിലും വ്യാപൃതനാകുമായിരുന്നു. നബി (സ) യുടെ മറ്റ് ഉത്തരവാദിത്വങ്ങൾ വീട്ടിലെ ഉത്തരവാദിത്വങ്ങൾക്ക് തടസ്സമാകുമായിരുന്നില്ല. കീറിയ വസ്ത്രം തുന്നുമായിരുന്നു. ആടിന്റെ പാൽ കറക്കുമായിരുന്നു. വൈകി വീട്ടിലെത്തിയാൽ ഭക്ഷണം അല്ലെങ്കിൽ പാല് സ്വയം എടുത്ത് കഴിക്കുമായിരുന്നു. വീട്ടുകാരെ ഉണർത്തില്ലായിരുന്നു. ഞങ്ങൾ വീട്ടുജോലികൾ ചെയ്യുകയാണെങ്കിൽ പാപമായിപ്പോകും എന്ന് ധരിക്കുന്നവർക്കുള്ള സൽമാതൃകയാണിത്. വൈകി വീട്ടിലെത്തിയാൽ ഭാര്യ എണീറ്റ് ഭക്ഷണം ചൂടാക്കിത്തരണം എന്ന് ധരിക്കുന്നവർക്കുള്ള മാതൃകയാണിത്. അങ്ങനെ ചെയ്തില്ലായെങ്കിൽ വീട്ടുകാരുടെ മേൽ തങ്ങളുടെ ഭയം ഇല്ലാതായിത്തീരുന്നതാണ്. ഏതുവരെ ഇത്തരത്തിലുള്ളവർ ഭാര്യമാരെ ബുദ്ധിമുട്ടിക്കുന്നില്ലയോ അവർക്ക് സ്വസ്ഥത ലഭിക്കില്ല. പുറത്തു ചിലരെക്കുറിച്ച് എനിക്ക് പരാതി ലഭിക്കാറുണ്ട്. ജമാഅത്തിന്റെ ജോലി ചെയ്യുന്നവരായിരിക്കും. വളരെ നല്ല പെരുമാറ്റവുമായിരിക്കും. എന്നാൽ വീടുകളിൽ ഭാര്യമാരുടെ മേൽ ചെയ്യുന്ന ദ്രോഹങ്ങൾ കേട്ടാൽ ഈ മനുഷ്യൻ പുറത്ത് എങ്ങനെയാണ് അകത്ത് എങ്ങനെയാണ് എന്നതിൽ അദ്ഭുതപ്പെട്ടുപോകുന്നു. ചില അവസരങ്ങളിൽ പുരുഷന്മാരെ അവരുടെ ബന്ധുക്കൾ ചീത്തയാക്കുന്നു. സഹോദരിമാരുണ്ട്, മാതാക്കളുണ്ട്. അഥവാ ഏതെങ്കിലും അതിഥിക്കുവേണ്ടി പുരുഷൻ ചായയുണ്ടാക്കി കൊണ്ടുവന്നാൽ പറയുന്നു, ഭാര്യയുടെ അടിമയായി. അല്ലെങ്കിൽ ഇതെന്തുപറ്റി? ഇവന്റെ ഭാര്യ എന്ത് സ്ത്രീയാണ്? ഞങ്ങളുടെ സഹോദരൻ അല്ലെങ്കിൽ മകനെകൊണ്ട് ജോലി ചെയ്യിപ്പിക്കുന്നു. പാവം സഹോദരൻ! പാവം മകൻ! വീട്ടുജോലി ചെയ്യുന്നു. ഇങ്ങനെ ആവശ്യമില്ലാതെ ആൺകുട്ടികളുടെ മനസ്സ് പതറുന്നു. ഇത്തരത്തിലുള്ളവർ ഭാര്യമാരെ ഉപദ്രവിക്കാൻ തുടങ്ങുന്നു. എന്നാൽ അവർ ഈ ജോലി ചെയ്യുന്നതുകൊണ്ട് പാവമാകുന്നില്ല. ഇത് റസൂൽ തിരുമേനി (സ) യുടെ സൽമാതൃകയാകുന്നു. അത് പ്രാവർത്തികമാക്കി അവൻ പ്രതിഫലം സമ്പാദിക്കുകയാണ്. സ്വയംതന്നെ നേരെയാക്കുകയാണ്. അല്ലാഹുവിന്റെ യഥാർഥ ദാസനാകുന്നതിന് ശ്രമിക്കുകയാണ്. ഭാര്യമാരെ ദ്രോഹിച്ചതുകാരണത്താൽ അല്ലാഹുവിന്റെ പിടുത്തത്തിൽ വരുമ്പോഴും, വിശ്വാസത്തിന്റെ ഉന്നതവാദം പുറപ്പെടുവിച്ചുകൊണ്ട് ഈ സ്വഭാവഗുണമാണോ നിങ്ങൾ സ്വായത്തമാക്കിയത്? ഇതാണോ നിങ്ങൾ പ്രകടിപ്പിച്ചത് എന്ന് ചോദിക്കപ്പെടുമ്പോഴുമാണ് ഇവർ പാവമാകുന്നത്. ഒരു ഭാഗത്ത് ഈ വാദം, മറുഭാഗത്ത് ഈ പ്രകടനം. അതിനാൽ ഇത്തരത്തിലുള്ള പുരുഷന്മാർ ചിന്തിക്കേണ്ടതാണ്.

നബി (സ) സ്വന്തം കുട്ടികൾക്കും കൂടെയുള്ള മറ്റ് കുട്ടികൾക്കുമായി

ശേഷം പേജ് 21-ൽ

# കഷ്ടാനുഭവങ്ങൾ എന്തു കൊണ്ട്?

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)

കഷ്ടാനുഭവങ്ങൾക്ക് മഹത്തായ ഒരു ലക്ഷ്യം കൂടിയുണ്ട്. ജീവിതത്തിന്റെ ഗുണ മേന്മ വർധിപ്പിക്കാനും വികസനത്തിനുമാണ് അവ സംവിധാനം ചെയ്യപ്പെട്ടത്. കഷ്ടാനുഭവങ്ങളുടെ യുക്തിശാസ്ത്രം അനിഷേധ്യമാം വിധം വിവരിക്കുന്നു.

ജീവികളുടെ പരിണാമ ചരിത്രത്തോടൊപ്പം അതിന്റെ സംവേദനാവയവങ്ങൾ (Sensory Organs) ആവിർഭവിക്കാൻ കാരണമായ ഘടകങ്ങളെക്കുറിച്ച് നാം അന്വേഷിക്കുമ്പോൾ പ്രാഥമിക ഘട്ടം മുതൽ നഷ്ടങ്ങളുടേയും നേട്ടങ്ങളുടേയും അനുഭവങ്ങൾ അവക്ക് എപ്പോഴും ഉണ്ടായിട്ടുണ്ടെന്ന നിഗമനത്തിൽ ന്യായമായും നാം എത്തിച്ചേരുന്നു. പരിണാമം എന്നത് നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും മറഞ്ഞു കിടക്കുന്ന സാക്ഷാത്ക്കാരങ്ങളുടെ സുദീർഘമായൊരു ഘോഷയാത്രയാണെന്ന് നാം തിരിച്ചറിയുന്നു. ഈ പരിണാമ യാത്രയിൽ സുഖത്തിന്റേയും വേദനയുടേയും ആശ്വാസത്തിന്റേയും കഷ്ടാനുഭവത്തിന്റേയും സാന്നിദ്ധ്യം അനുഭവിച്ചറിയാനുള്ള സംവേദനേന്ദ്രിയങ്ങളുടെ ക്രമേണയുള്ള രൂപീകരണം സംഭവിക്കുന്നു. പരിണാമ ശ്രേണിയിലെ താഴെ പടിയിലുള്ള ജീവിരൂപങ്ങളെ തൊട്ടു മുകളിലെ ഉയർന്ന ജീവിരൂപങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പരിണാമത്തിന്റെ യഥാർഥ സാരം ബോധത്തിന്റെ പരിണാമമാണെന്ന് നമുക്ക് തിരിച്ചറിയാൻ പ്രയാസമില്ല. ചുറ്റുമുള്ളത് ഗ്രഹിക്കുവാനുള്ള കഴിവുകൾ നിരന്തരം മൂർച്ച കൂട്ടിക്കൊണ്ട് താഴ്ന്ന ബോധാവസ്ഥയിൽ നിന്ന് ഉയർന്ന ബോധാവസ്ഥയിലേക്ക് തുടർച്ചയായി മുകളിലോട്ട് കയറിപ്പോവുന്ന ഗോവണിയാണ് ജീവൻ.

തുടക്കത്തിൽ നേട്ടത്തെ പറ്റിയും നഷ്ടത്തെ പറ്റിയുമുള്ള അവബോധം വളരെ അവ്യക്തവും ദുർഗ്രാഹ്യവുമാണ്. പ്രാഥമിക ജീവികളിൽ ഈ ബോധം ശരീരത്തിൽ ഏത് ഭാഗത്ത് സ്ഥിതി ചെയ്യുന്നു എന്ന് വ്യക്തമായി നിർണയിക്കാൻ സാധ്യമല്ല. പക്ഷേ, പരിസരത്തോടും അവസ്ഥകളോടുമുള്ള അതിന്റെ പ്രതികരണങ്ങളിൽ നിന്ന് ആ ജീവികൾക്ക് ശരീരം മുഴുവൻ വ്യാപിച്ചു കിടക്കുന്ന സംവേദനഗ്രാഹികളുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. ജീവിതത്തിൽ സംവേദനം സാധ്യമാക്കാൻ വേണ്ടിയാണ് ശരീരത്തിൽ മുഴുവൻ വ്യാപിച്ചു കിടക്കുന്നതും വിശദീകരിക്കാനാവാത്തതുമായ സംവേദനാവയവം സ്രഷ്ടാവ് പ്രാരംഭഘട്ടത്തിൽ തന്നെ ജീവിയുടെ ശരീരത്തിൽ സന്നിവേശിപ്പിച്ചിരിക്കുന്നത്. ഈ സംവേദന ബോധം ക്രമേണ വികസിക്കുകയും ജൈവ ശരീരത്തിൽ അതിന്റെ സ്ഥാനം സൃഷ്ടിക്കപ്പെടുകയും ചെയ്തു. ഈ സ്ഥാനം നിർണയിക്കപ്പെട്ട സംവേദനാവയവങ്ങളാണ് നമ്മുടെ പഞ്ചേന്ദ്രിയങ്ങളായി ഇപ്പോൾ അറിയപ്പെടുന്നത്. മസ്തിഷ്ക്കത്തിന്റെ സൃഷ്ടിപ്പ് വ്യത്യസ്തവും പഞ്ചേന്ദ്രിയങ്ങളോട് ബന്ധമില്ലാത്തതുമായ ഒരു സൃഷ്ടി പ്രക്രിയയായിരുന്നില്ല. ശരീരത്തിലെ സംവേദനാവയവങ്ങൾ നൽകുന്ന സന്ദേശങ്ങളുടെ ഗൂഢഭാഷ മനസ്സിലാക്കാൻ ആവശ്യമായ കേന്ദ്ര നാഡീ വ്യവസ്ഥയുടെയോ മസ്തിഷ്ക്കത്തിന്റെയോ വികാസം ഈ സംവേദനാവയവങ്ങളുടെ വികാസത്തോടൊപ്പം തന്നെ സംഭവിച്ചില്ലെങ്കിൽ അവ ഫലശൂന്യമായി തീരും. ആയതിനാൽ സംവേദന വ്യവസ്ഥക്ക് അനുയോജ്യമായ രീതിയിൽ മസ്തിഷ്ക്കവും വളർന്നു വികസിക്കുകയാണുണ്ടായത് എന്ന കാര്യം സ്പഷ്ടമാണ്. കൂടുതൽ വികസിച്ച ബോധം കൂടുതൽ നഷ്ടത്തിന്റേയും നേട്ടത്തിന്റേയും തീവ്രവികാരമുണ്ടാക്കുന്ന പ്രത്യേക നാഡീകേന്ദ്രങ്ങളിൽ അനുഭവപ്പെടുന്ന ഈ വികാരം നഷ്ടത്തെ കഷ്ടാനുഭവമായും നേട്ടത്തെ സുഖാനുഭവമായും പരിവർത്തിപ്പിച്ച് മസ്തിഷ്ക്കത്തിലൂടെ മനസ്സിലെത്തിക്കുന്നു.

കുറഞ്ഞ തോതിൽ വികസിച്ച ബോധമുള്ള ജീവികൾക്ക് ചെറിയ തോതിലുള്ള കഷ്ടാനുഭവങ്ങളേ ഉണ്ടാവൂ. അതേപോലെ തന്നെ കഷ്ടാനുഭവങ്ങളും സന്തോഷവും തിരിച്ചറിയാൻ സംവേദന സംവിധാനം ഒഴിച്ചു കൂടാനാവാത്തതാണ്. കഷ്ടാനുഭവങ്ങളുടെ നിലവാരം താഴ്ന്നതാണെങ്കിൽ അതിന്റെ വിപരീതമായ സന്തോഷം അനുഭവിക്കാനുള്ള കഴിവും ആനുപാതികമായി അതേ അളവിൽ കുറഞ്ഞിരിക്കും. പരിണാമചക്രം കറക്കാൻ സന്തോഷവും കഷ്ടാനുഭവങ്ങളും ഒരുപോലെ തുല്യ പ്രാധാന്യത്തോടെ പങ്കെടുത്തിട്ടുണ്ട്. ഒന്നിനെ കൂടാതെ മറ്റൊന്ന് പ്രവർത്തിക്കുകയാണെങ്കിൽ അത് പരിണാമത്തിന്റെ മുഴുവൻ സർഗാത്മക പദ്ധതിയേയും നിഷ്ഫലമാക്കും.

കഷ്ടാനുഭവത്തെ സ്വയം തന്നെ സ്വതന്ത്രമായ ഒരു അസ്തിത്വം നൽകി ദൈവം സൃഷ്ടിച്ചിട്ടില്ലെന്ന് വിശുദ്ധ ഖുർആനിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. സുഖാനുഭവത്തിന്റെയും സന്തോഷത്തിന്റെയും ഒഴിച്ചു കൂടാനാവാത്ത ഒരു പ്രതികൂലാവസ്ഥയായിട്ടാണ് കഷ്ടാനുഭവത്തെ സൃഷ്ടിച്ചിട്ടുള്ളത്. സന്തോഷത്തിന്റെ അഭാവമാണ് കഷ്ടാനുഭവം. അത് നിഴൽ പോലെയാണ്. വെളിച്ചം തടയപ്പെടുമ്പോൾ അതിന്റെ നിഴൽ സൃഷ്ടിക്കപ്പെടുന്നത് പോലെയാണ്. ജീവിതം എവിടെയുണ്ടോ അവിടെ മരണമുണ്ട്. ഒരു തലത്തിന്റെ രണ്ടു വിപരീത ധ്രുവങ്ങളാണവ. അതിനിടയിൽ എണ്ണമറ്റ തലങ്ങളും വിതാനങ്ങളുമുണ്ട്. നാം മരണത്തിൽ നിന്ന് എത്ര അകലെയാണോ അതേ അനുപാതത്തിൽ നാം ജീവിതാവസ്ഥയിലേക്ക് അടുക്കുന്നു. അസ്തിത്വത്തിന്റെ അതിജീവന സമരത്തെ പറ്റി നാം മനസ്സിലാക്കിയിരിക്കേണ്ട ഒരു പ്രധാന തത്ത്വമാണിത്. ഈ അതിജീവനസമരമാണ് ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തി പരിണാമത്തിന്റെ അന്തിമലക്ഷ്യം നേടാൻ ജീവികളെ സഹായിക്കുന്നത്. അർഹതയുള്ളത് അതിജീവിക്കും എന്ന തത്ത്വം പരിണാമ പദ്ധതിയിൽ സമഗ്രമായ ഒരുപങ്കാണ് വഹിക്കുന്നത്.

ഈയൊരു പ്രതിഭാസത്തെപറ്റി, വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നത് ഇപ്രകാരമാണ്.

'ആരുടെ കൈയിലാണോ പരമാധി കാരം സ്ഥിതി ചെയ്യുന്നത് അവൻ പരി ശുദ്ധനാകുന്നു. അവൻ എല്ലാ കാര്യ ങ്ങൾക്കും പൂർണമായും കഴിവുള്ളവനാ ണ്. നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിന് വേണ്ടി മര ണവും ജീവിതവും സൃഷ്ടിച്ചവനത്രെ അവൻ. അവൻ പ്രതാപവാനും സർവഥാ പൊറുക്കുന്നവനുമാകുന്നു.'

എന്തുകൊണ്ട് കഷ്ടാനുഭവങ്ങൾ ഉണ്ടാവുന്നു എന്ന പ്രശ്നത്തിന് ഉത്തരം വളരെ വിപുലമായ രീതിയിൽ ഈ വച നത്തിൽ അന്തർഭവിച്ചിട്ടുണ്ട്.

ജീവിതത്തിന്റെയും മരണത്തി ന്റെയും അതിഗഹനമായ തത്ത്വങ്ങൾ അത് രണ്ടിനുമിടയിലുള്ള എണ്ണമറ്റ വക ഭേദങ്ങൾ ജീവിതത്തെ രൂപപ്പെടുത്തുന്ന തിനും അതിന്റെ ഗുണനിലവാരം മെച്ചപ്പെ ടുത്തുന്നതിനും അവ നിർവഹിക്കുന്ന പങ്ക് ഇതെല്ലാം മേൽ പറഞ്ഞ ഖുർആൻ വചനത്തിലുണ്ട്. സൃഷ്ടിപദ്ധതിയുടെ യാഥാർഥ്യമാണ് ഇവിടെ ദൈവം വെളി പ്പെടുത്തിയിരിക്കുന്നത്. ജീവിതത്തിന് ക്രിയാത്മകമായ ഒരു മൂല്യമേയുള്ളൂ വെന്നും മരണം എന്നാൽ അതിന്റെ അഭാ വമാണെന്നും നാം അറിയുന്നു. ഒന്നിൽ നിന്ന് മറ്റേതിനെ വേർതിരിക്കാൻ വ്യക്ത മായ വിഭജനരേഖയൊന്നുമില്ല. ജീവന്റെ മരണത്തിലേക്കുള്ള പ്രയാണവും ജീവന്റെ ക്ഷയവും മന്ദഗതിയിലുള്ള ഒരു പ്രക്രിയയാണ്. നേർ വിപരീതദിശയിൽ മരണത്തിൽ നിന്ന് ജീവിതത്തിലേക്ക് സഞ്ചരിക്കുന്ന മുറക്കനുസരിച്ച് ശക്തിയും ഊർജവും ബോധവും ആർജി ക്കുന്നത് നാം കാണുന്നു. ഇത് സൃഷ്ടി യുടെ ബൃഹദ് പദ്ധതിയുടെ മഹത്തായ ആസൂത്രണമാകുന്നു. എന്നാൽ എന്തു കൊണ്ട് ദൈവം അത് ഇപ്രകാരം ആസൂത്രണം ചെയ്തു? **'നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തി ക്കുന്നതെന്നറിയാൻ'** എന്നതാണ് അതിന് ഖുർആൻ നൽകുന്ന ഉത്തരം.

മരണത്തിനും ജീവിതത്തിനും ഇടയി ലുള്ള ശാശ്വതമായ സംഘട്ടനമാണിത്. ജീവിതത്തെ അത് നിരന്തരം പരീക്ഷണ ത്തിന് വിധേയമാക്കുന്നു. ഈ സമര ത്തിൽ പങ്കെടുക്കുന്നവർ ആരാണ് ഏറ്റവും നല്ല രീതിയിൽ അതിനെ അതി ജീവിച്ച് അസ്തിത്വത്തിന്റെ ഉന്നത പദവി കൾ കരസ്ഥമാക്കുന്നതെന്നറിയാനാണി ത്. മേൽകാണിച്ച വചനത്തിൽ പരിണാ മത്തിന്റെ തത്ത്വവും രഹസ്യവും വിവരി ച്ചിരിക്കുന്നു. ജീവന്റെയും മരണത്തി ന്റെയും ഈ രണ്ട് ശക്തികളുടെയും നിര ന്തര സമരം ജീവികൾക്ക് മരണത്തിൽ നിന്ന് അകലാനും അതിലേക്ക് അടുക്കാ നുമുള്ള ഉത്സാഹം പ്രദാനം ചെയ്യുന്നു. പരിണാമത്തിന്റെ വിപുലമായ ജീവരാശി യിൽ അസ്തിത്വത്തിന്റെ ഗുണനില വാരത്തെ അത് അഭിവൃദ്ധിപ്പെടുത്തു കയോ ശോഷിപ്പിക്കുകയോ ചെയ്യും. ഇതാണ് പരിണാമത്തിന്റെ അന്തഃസ ത്തയും ചൈതന്യവും.

സൃഷ്ടി പദ്ധതിയിൽ അർഥവത്തായ യാതൊരു പങ്കും നിർവഹിക്കാനില്ലാത്ത സ്വതന്ത്രമായ അസ്തിത്വമുള്ള ഒന്നു മാത്ര മായിട്ടാണ് കഷ്ടാനുഭവം സൃഷ്ടിക്കപ്പെ ട്ടതെങ്കിൽ അത് ചോദ്യം ചെയ്യപ്പെടാവു ന്നതാണ്. കഷ്ടാനുഭവത്തിന്റെ അനുഭവ ജ്ഞാനമോ അത് അർഥമാക്കുന്നത് എന്താണെന്നതിനെ പറ്റിയുള്ള അറിവോ ഇല്ലെങ്കിൽ, ആശ്വാസത്തിന്റെയും സുഖ ത്തിന്റെയും അനുഭവവും ഉണ്ടാവില്ല. വേദനയും യാതനയും അഭിമുഖീകരി ക്കാതെ സന്തോഷത്തിനും ആഹ്ളാദ ത്തിനും അതിന്റെ അർഥം നഷ്ടപ്പെടും എന്നത് ഉറപ്പാണ്. ജീവിതത്തിന്റെ അസ്തി ത്വത്തിന് ലക്ഷ്യം ഇല്ലാതാവുമ്പോൾ തീർച്ചയായും പരിണാമത്തിന്റെ ചുവടു വെപ്പുകൾ അതിന്റെ വഴിയിൽ നിൽക്കു കയും മൃത്യുവിനെ പ്രാപിക്കുകയും ചെയ്യും.

പഞ്ചേന്ദ്രിയങ്ങളുടെ പരിണാമത്തിൽ നഷ്ടത്തിന്റെയും നേട്ടത്തിന്റെയും ബോധം ഒരു വണ്ടിയുടെ രണ്ട് ചക്രങ്ങൾ പോലെ തുല്യ പ്രധാനമായ ഒരു പങ്കാണ് വഹിച്ചത്. ഒന്ന് ഇല്ലാതായാൽ മറ്റേതിന്റെ അർഥം നഷ്ടപ്പെടും. വണ്ടിയുടെ സങ്കല്പം തന്നെ തകരും. ജീവിതത്തി ന്റെയും മരണത്തിന്റെയും ഈ സംഘ ട്ടനമാണ് കഷ്ടാനുഭവങ്ങൾ ഉണ്ടാക്കു ന്നത്. അത് തന്നെയാണ് സന്തോഷം ഉണ്ടാവുന്നതിനും കാരണമായി തീരുന്ന ത്. കഷ്ടാനുഭവമാണ് പരിണാമ വാഹ നത്തെ അനന്തമായി മുന്നോട്ടു നയി ക്കുന്ന ചാലകശക്തി.

പരിണാമത്തിന്റെ സുദീർഘ ചരിത്ര ത്തിൽ വികസനത്തിന്റെ മാറ്റങ്ങളുമായി ബന്ധപ്പെട്ട് പലവിധ രോഗങ്ങളും ആവിർഭവിച്ചിട്ടുണ്ട്. പാരിസ്ഥിതിക മാറ്റ ങ്ങൾ, നിലനിൽപിനുള്ള സമരം, ഉൽപ രിവർത്തനങ്ങൾ(Mutation), അപകട ങ്ങൾ ഇവയെല്ലാം കൂട്ടായോ ഒറ്റതി രിഞ്ഞോ പരിണാമത്തിന്റെ ഗതിയിൽ അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട്. രോഗ ങ്ങൾ, അംഗവൈകല്യങ്ങൾ, ദൗർലഭ്യത എന്നിവയെല്ലാം ജീവന്റെ ഗുണനില വാരം മെച്ചപ്പെടുത്തുന്നതിൽ പങ്കു വഹിച്ചിട്ടുണ്ട്. പല ജീവി വർഗങ്ങളും ബോധപൂർവ്വമല്ലാതെയാണ് പരിണാമത്തി ലേക്ക് കടന്നു വരുന്നതായി കാണപ്പെടു ന്നത്. പക്ഷേ, അവയുടെ പരിണാമം വ്യക്തമായ ഒരു ദിശയിലേക്കാണ്. അത് ബോധപൂർവം ആസൂത്രണം ചെയ്യപ്പെട്ടതാണ്. ഉന്നതമായ ഒരു ബോധ മണ്ഡലത്തിലേക്ക് അവ ചലിച്ചു കൊണ്ടി രിക്കുന്നതായും കാണപ്പെടുന്നു.

യാതൊരു കഷ്ടാനുഭവങ്ങളുമി ല്ലാത്ത നിയമത്താൽ ഭരിക്കപ്പെടുന്ന മറ്റൊരു പരിണാമ പദ്ധതി നാം മനസ്സിൽ സങ്കൽപിക്കുക. അവിടെ എല്ലാ ജീവി കളും ഒരുപോലെ സന്തോഷം പങ്കിടു കയും കഷ്ടാനുഭവങ്ങളില്ലാതിരിക്കു കയും ചെയ്യുന്നു. ഒരുപക്ഷേ, അപ്പോൾജീവിതത്തെ ബാധിക്കുന്ന സകല കഷ്ടാനുഭവങ്ങളേയും വിപാടനം ചെയ്യാൻ നമുക്ക് കഴിവുണ്ടായേക്കും. അവിടെ എല്ലാവരും സമതലത്തിൽ ഒരേ വിതാനത്തിൽ സമ്പൂർണമായ സമത്വാവ സ്ഥയിലുള്ളവരായിരിക്കും. പക്ഷേ എങ്ങനെ എപ്പോഴാണ് ഈ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കുക? അഹോ കഷ്ടം! പരിണാമത്തിന്റെ സുദീർഘമായ ഈ പരമ്പരയിൽ ഇത്ത രമൊരു പദ്ധതി നാം കൊണ്ടു വരാൻ ശ്രമിച്ചാൽ എണ്ണമറ്റ പ്രശ്നങ്ങളെ അഭിമു ഖീകരിക്കേണ്ടി വരും. സൃഷ്ടിപ്പിന്റെ തുട ക്കത്തിൽ തന്നെ ഇത്തരമൊരു നിയമം കൊണ്ട് വരേണ്ടതാണ്. അല്ലെങ്കിൽ സാധ്യമല്ല. പരിണാമത്തിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ സമ്പൂർണ സമത്വം കൊണ്ടു വരുകയാണെങ്കിൽ പരിഹരി ക്കാൻ കഴിയാത്ത വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കാതെ അത് നടപ്പാക്കാൻ സാധ്യ മല്ല. അത് നടപ്പാക്കാൻ ജീവൻ ഉദ്ഭവിച്ച ബിന്ദുവിലേക്ക് തന്നെ നാം മടങ്ങേണ്ടി വരും.

ജീവന്റെ പരിണാമ ചരിത്രത്തിന്റെ പിറകോട്ടേക്ക് നാം പോകുകയും പരി ണാമ ശൃംഖലയുടെ ഗോവണി ഓരോ പട വുകളും മാറ്റി പണിയുകയും വേണം. നമ്മെക്കൊണ്ട് ആവുംവിധം പരിശ്രമിച്ച് ജീവോദ്ഭവത്തിന്റെ ആദ്യത്തെ പടവിൽ നാമെത്തുന്നുവെന്നിരിക്കട്ടെ. അവിടെ നിന്ന് നമുക്ക് ഒരടി മുന്നോട്ട് പോകുവാൻ സാധ്യമല്ല. കാരണം സന്തോഷത്തിന്റെ സമതുലിതമായ വിതരണവും കഷ്ടാ നുഭവങ്ങളുടെ സമ്പൂർണമായ അഭാ വവും പരിണാമത്തിനുള്ള ഉത്തേജനം തീർത്തും ഇല്ലാതാക്കിയിരിക്കും. അവിടെ നിലനിൽപിനായുള്ള അതിജീ

വന സമരമുണ്ടാവില്ല. പ്രകൃതിയുടെ തിരഞ്ഞെടുപ്പോ അർഹതയുള്ളതിന്റെ അതിജീവനമോ ഉണ്ടാവില്ല. ജീവിതത്തിന്റെ ഏറ്റവും പ്രാകൃതാവസ്ഥയിൽ നിന്ന് പുരോഗതിയുടെ ആദ്യ ചുവടു പോലും വെക്കാൻ സാധ്യമല്ല.മനുഷ്യന് അറിയാവുന്ന മൂന്ന് ജീവികളുടെ പ്രാകൃത ഘട്ടങ്ങളുടെ ചിത്രമെടുക്കാം. ഉദാ: ന്യൂക്ലിയസ് ഉള്ള ബാക്ടീരിയ, ന്യൂക്ലിയസ് ഇല്ലാത്ത ബാക്ടീരിയ, പൈറോ ബാക്ടീരിയ (Pyro bacteria- അഗ്നിയുടെ ഊർജത്തിൽ പിറക്കുന്ന ബാക്ടീരിയ). ഈ സാങ്കൽപിക വ്യവസ്ഥയിൽ ഭക്ഷണത്തിന് വേണ്ടിയോ ജീവിക്കാൻ വേണ്ടിയോ ഉള്ള സമരമില്ല. കാരണം എല്ലാവർക്കും തുല്യമായിട്ടാണ് എല്ലാം വീതിക്കപ്പെട്ടിരിക്കുന്നത്. ആർക്കും തന്നെ കഷ്ടാനുഭവങ്ങളുമില്ല. ജീവൻ, തുടക്കത്തിലുള്ള ആ പ്രാകൃതാവസ്ഥയിൽ തന്നെ എന്നെന്നേക്കുമായി നിന്നു പോകുകയും നിശ്ചലമാവുകയും ചെയ്യും. സൃഷ്ടി പദ്ധതിയുടെ മാറ്റം വരുത്തിയ ഈ പദ്ധതി കൊണ്ടുള്ള ഫലം ഇതായിരിക്കും. മനുഷ്യന്റെ സൃഷ്ടിപ്പ് ആദ്യമായി തുടങ്ങിയതെവിടെയാണോ അവിടെ തന്നെ നിൽക്കും. വളരെ വിദൂരമായ ഒരു സ്വപ്നമായി മനുഷ്യസൃഷ്ടിപ്പ് അവശേഷിക്കുകയും ചെയ്യും. അതുകൊണ്ട് യഥാർഥ ചോദ്യമിതാണ്. കഷ്ടാനുഭവങ്ങൾ ഒഴിച്ചുകൂടാനാവാത്തതും ജീവന്റെ ഉന്നതമായ താൽപര്യങ്ങൾക്ക് വേണ്ടിയുള്ളതുമായ പുരോഗമനാത്മകമായ പരിണാമ പദ്ധതി വേണമോ, അതല്ല അനിവാര്യമായ കഷ്ടാനുഭവങ്ങളെ ഭയപ്പെട്ട് ഈ സൃഷ്ടി പദ്ധതി പൂർണമായും ഉപേക്ഷിക്കണമോ? അന്തിമ വിശകലനത്തിൽ അവശേഷിക്കുന്ന ഒരേയൊരു ചോദ്യമിതാണ്. **'ആയിത്തീരുകയോ'** അതല്ല **'ആയിത്തീരാതിരിക്കുകയോ'** ഏതാണ് വേണ്ടത്? പ്രാകൃതമായ ആദ്യ ജീവിരൂപത്തിന് ചിന്തിക്കാൻ ഒരു മസ്തിഷ്ക്കം ഉണ്ടായിരുന്നെങ്കിൽ വിരസവും നിരർഥകവുമായ അസ്തിത്വത്തിന്റെ അവസ്ഥയിൽ 'ആയിത്തീരുക' എന്നതിനേക്കാൾ ആയിത്തീരേണ്ടതില്ലായിരുന്നു, എന്നായിരിക്കും ആഗ്രഹിക്കുക.

കഷ്ടാനുഭവം എന്നത് പ്രതികാരത്തിന്റെയും ശിക്ഷയുടെയും ആശയവുമായി കൂടി ബന്ധപ്പെട്ടതാണ്. വളരെ നിയന്ത്രിതമായ അർഥത്തിൽ മൃഗലോകത്ത് പ്രതികാരത്തിന്റെ ചില മിന്നലാട്ടങ്ങൾ കാണാം. കരയിലും കടലിലും വായുവിലുമുള്ള നിരവധി ജീവികളിൽ ഇത് കാണാവുന്നതാണ്. ആനയും പോത്തും അതിന്റെ പ്രതികാരവാഞ്ഛക്ക് കുപ്രസിദ്ധി നേടിയവരാണ്. ക്രമേണ വികസിച്ചു വന്ന ജീവന്റെ ഈ സവിശേഷത അനിവാര്യമായും തിരഞ്ഞെടുപ്പിനുള്ള കഴിവുമായി ബന്ധമുള്ളതാണ്. എന്തെങ്കിലും ഒരു പ്രവൃത്തി ചെയ്യുക അല്ലെങ്കിൽ ചെയ്യാതിരിക്കുക എന്നത് സ്വാഭാവികമായ പ്രേരണ കൊണ്ടോ അല്ലെങ്കിൽ മനസ്സിന്റെ ചിന്തിച്ചുറപ്പിച്ച തീരുമാനം കൊണ്ടോ ആവാം. മൃഗങ്ങളുടെ സ്വഭാവത്തിൽ തിരഞ്ഞെടുപ്പ് .എന്ന ഘടകത്തിന്റെ പങ്ക് എന്താണ് എന്നുള്ളതിനെ പറ്റി നമുക്കിപ്പോഴും വലിയ നിശ്ചയമില്ല. പക്ഷേ, മനുഷ്യനിൽ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവന്റെ തീരുമാനമെടുക്കാനുള്ള പ്രക്രിയയിൽ വളരെ നിർണായകമായ പങ്കാണ് നിർവഹിക്കുന്നത്. ഒരു മനുഷ്യൻ പ്രകാശത്തിലേക്കോ ഇരുട്ടിലേക്കോ ജീവനിലേക്കോ മരണത്തിലേക്കോ ഏതൊന്നിലേക്കാണ് പോകേണ്ടതെന്ന് തീരുമാനിക്കുന്നത് മിക്കവാറും ബോധപൂർവമുള്ള തിരഞ്ഞെടുപ്പിന്റെ ഫലമാണ്. അതിനാൽ മനുഷ്യന്റെ ബോധപൂർവമായ പ്രവർത്തനത്തിന്റെ ഫലമായി ഉചിതമായ പ്രതിഫലമോ പിഴയോ ലഭിക്കുന്നു. മറ്റാരും തന്നെ അതിൽ കുറ്റക്കാരനല്ല, അയാൾ സ്വയം തന്നെയാണ് അതിന് ഉത്തരവാദി.

ചിലപ്പോൾ ആളുകൾ തങ്ങൾ സ്വയം ഉത്തരവാദികളാണ് എന്ന വസ്തുത അറിയാതെ കഷ്ടാനുഭവങ്ങൾ സഹിക്കാറുണ്ട്. അപ്പോൾ പ്രകൃതിയിലെ പൊതുവായ പ്രതികാരത്തിന്റെ നിയമമാണ് അരങ്ങേറുന്നത്. അതിനെയാണ് പ്രതികാരമൂർത്തി(Nemesis)* എന്ന് വിളിക്കപ്പെടുന്നത്. അവർ അറിഞ്ഞോ അറിയാതെയോ സമ്പാദിച്ചതാണ് ആ കഷ്ടാനുഭവങ്ങൾ. കാരണമെന്തന്നറിയാതെ ഈ കഷ്ടാനുഭവങ്ങൾ സഹിക്കുകയാണ്. മനുഷ്യന്റെ എല്ലാ വീഴ്ചകൾക്കും പ്രതിഫലം ശിക്ഷാരൂപത്തിൽ ഉടൻ തന്നെ ലഭിക്കണമെന്നില്ല. അതിക്രമികൾക്കെതിരെ പ്രകൃതി അഗോചരമായ രീതിയിൽ ചിലപ്പോൾ അതിന്റെ നീതി നിർവഹിക്കുന്നു.

ഏതായിരുന്നാലും എല്ലാ പ്രശ്നവും ഇങ്ങനെ മനുഷ്യൻ തെറ്റ് ചെയ്തത് കൊണ്ട് സംഭവിക്കുന്നതല്ല. ഈ പ്രശ്നം വളരെയധികം സങ്കീർണവും വിപുലവും ആശയക്കുഴപ്പുമുണ്ടാക്കുന്നതുമാണ്. സൈദ്ധാന്തികമോ, വസ്തുനിഷ്ഠാപരമോ ആയ നിശ്ചിത ശാസ്ത്രീയ ഉദാഹരണങ്ങളിലൂടെ ഇത് കൂടുതൽ വിശദീകരിക്കപ്പെടേണ്ടതുമാണ്. വിശദീകരിക്കാൻ വളരെ പ്രയാസകരമായ പ്രശ്നങ്ങളുമുണ്ട്. അതായത് ജന്മജാതവൈകല്യങ്ങളുമായി ജനിക്കുന്ന കുട്ടികളുടെ പ്രശ്നം. എന്തിനാണ് അവർ കഷ്ടപ്പാടുകൾ സഹിക്കാനായി ജനിക്കുന്നത്? അങ്ങനെ ജനിക്കുന്നത് അവരുടെ തെറ്റു കൊണ്ടാണെന്ന് പറയാൻ സാധ്യമല്ല. എന്തെങ്കിലും തെറ്റുണ്ടെങ്കിൽ തന്നെ അത് അവരുടെ രക്ഷിതാക്കൻമാരുടെ തെറ്റുകൊണ്ടായിരിക്കും. എന്നാലും ആ തെറ്റ് അവർ കരുതിക്കൂട്ടി ചെയ്തതാവില്ല. ഈ പശ്ചാത്തലത്തിൽ 'തെറ്റ്' എന്നത് അതിന്റെ വിപുലമായ അർഥത്തിൽ കാണേണ്ടതുണ്ട്. ജന്മജാത വൈകല്യങ്ങൾക്ക് കാരണമായ യാദൃച്ഛിക സംഭവങ്ങൾ വരെ ആ തെറ്റിൽ ഉൾപ്പെടുത്തണം. അത്തരം തെറ്റുകൾ ബോധപൂർവമുള്ള കുറ്റകൃത്യങ്ങളിൽ നിന്ന് വളരെ അകലെയാണ്. ചില വൈകല്യങ്ങളുടെ പ്രത്യേക കാരണങ്ങളുടെ സ്വഭാവം എന്തായിരുന്നാലും ഒരു കാര്യം സുനിശ്ചിതമാണ്. ആ വൈകല്യങ്ങളുമായി ജനിക്കുന്ന നിഷ്കളങ്ക ശിശു ഒരിക്കലും തന്നെ തന്റെ കഷ്ടാനുഭവങ്ങൾക്ക് ഉത്തരവാദിയല്ല.

ഈ പ്രശ്നത്തിന്റെ പരിഹാരം കുടികൊള്ളുന്നത് എല്ലാ കഷ്ടാനുഭവങ്ങളും ശിക്ഷയായി ഗണിക്കാൻ പാടുള്ളതല്ലഎന്ന് നാം മനസ്സിലാക്കുന്നതിലാണ്. അതുപോലെ എല്ലാ സന്തോഷവും പ്രതിഫലവുമായി കണക്കാക്കാനും പാടില്ല എന്നും നാം മനസ്സിലാക്കുന്നതിലാണ്. ചെറിയൊരു ശതമാനം വ്യക്തികൾ യാതൊരു നീതികരണവുമില്ലാതെ കഷ്ടങ്ങൾ അനുഭവിക്കുന്നതായി നാം കാണുന്നു. വളരെ അടുത്ത് നിന്ന് അത്തരം കാര്യങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചാൽ അതിൽ മനഃപൂർവമുള്ള അനീതി അടങ്ങിയിരിക്കുന്നതായി നമുക്ക് കാണാൻ സാധ്യമല്ല. സൃഷ്ടിയുടെ ബൃഹത്തായ പദ്ധതിയിൽ അത് ഒഴിച്ചുകൂടാനാകാത്ത ഒരു ഉപോൽപന്നം മാത്രമാണ്. പക്ഷേ, അത്തരം വൈകല്യങ്ങൾ മനുഷ്യസമൂഹത്തിന്റെ പൊതു പുരോഗതിയിൽ അർഥവത്തായ പങ്കാണ് നിർവഹിക്കുന്നത്.

ഒരു കാര്യം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കാര്യകാരണ ബന്ധം ഒരു വിഷയമാണെങ്കിൽ കുറ്റവും ശിക്ഷയും തികച്ചും മറ്റൊരു വിഷയമാണ്. അത് എത്രതന്നെ പരസ്പര സാമ്യമുള്ളതായി കാണപ്പെട്ടാലും അത് വേറിട്ടു തന്നെ കാണണം. ഒരു കുറ്റം ഒരു കാരണമായി വർത്തിച്ചേക്കാമെന്നും അത്തരത്തിലുള്ള ഒരു കുറ്റത്തിന്റെ ഫലമായി തുടർന്ന് ശിക്ഷയും ഉണ്ടാവുമെന്നും പറയുന്നത് ശരിയാണ്. പക്ഷേ എല്ലാ കഷ്ടാനുഭവങ്ങളും മുമ്പേ ചെയ്ത ഒരു കുറ്റത്തിന്റെ ഫലമാണെന്ന് പറയുന്നത് ശരിയല്ല. എല്ലാ

ആരോഗ്യമുള്ള ശിശുക്കളും അവരുടെ മാതാപിതാക്കൾ ചെയ്ത നല്ല പ്രവൃത്തിയുടെ ഫലമാണെന്ന് പറയുന്നത് തെറ്റാണ്. അപ്രകാരം അനാരോഗ്യമുള്ള ഒരു ശിശുവിന്റെ മാതാപിതാക്കൻമാരോ പൂർവപിതാക്കൻമാരോ അവർക്ക് തിരിച്ചറിയാൻ കഴിയാത്ത വല്ല തെറ്റും ചെയ്തവരാണെന്ന് പറയുന്നതും തെറ്റാണ്. ആരോഗ്യവും രോഗവും കഴിവും കഴിവുകേടും ഭാഗ്യവും നിർഭാഗ്യവും ജന്മജാത ആരോഗ്യവും ജന്മജാതരോഗവും അത് സ്വയമേവ ഉണ്ടാവുന്നതാണ്. പക്ഷേ, അതിബൃഹത്തായ സൃഷ്ടി പദ്ധതിയുടെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണ് അവ. അത്തരം കാര്യങ്ങൾ ഒരു കാരണം എന്ന നിലക്കുള്ള പങ്ക് വഹിക്കുന്നു. അവ വ്യക്തമായും കുറ്റവും ശിക്ഷയും നന്മയും പ്രതിഫലവും എന്നീ പ്രതിഭാസങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. നാം മുകളിൽ പ്രതിപാദിച്ചത് പോലെ കഷ്ടാനുഭവങ്ങൾ സുഖാനുഭവങ്ങൾ പോലെ തന്നെ ജീവൻ രൂപപ്പെടുവാനും അതിന്റെ പരിണാമ ഗതിക്കും അത്യന്താപേക്ഷിതമാണ്.

കഷ്ടാനുഭവങ്ങൾ നമ്മുടെ സ്വഭാവത്തെ രൂപീകരിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന മഹാനായ ഒരു ഗുരുനാഥനാണ്. അത് നമ്മുടെ സംവേദനശീലത്തെ വളർത്തുകയും സംസ്കരിച്ചെടുക്കുകയും ചെയ്യുന്നു. നിരവധി വഴികളിലൂടെ അത് നമുക്ക് വിനയം പഠിപ്പിക്കുകയും ദൈവത്തിലേക്ക് തിരിയാൻ നമ്മെ കഴിവുറ്റവരാക്കിത്തീർക്കുകയും ചെയ്യുന്നു. അത് അന്വേഷണത്തിനും കണ്ടുപിടിത്തത്തിനുമുള്ള ഔത്സുക്യമുണ്ടാക്കുന്നു. എല്ലാ കണ്ടുപിടിത്തങ്ങളുടേയും മാതാവായ ആവശ്യത്തെ അത് സൃഷ്ടിക്കുന്നു. ഒരു കാരണോപാധി എന്ന നിലക്ക് കഷ്ടാനുഭവങ്ങളെ പുരോഗമിക്കുന്ന മനുഷ്യന്റെ അനുഭവങ്ങളിൽ നിന്ന് എടുത്തു മാറ്റിയാൽ മനുഷ്യന്റെ പുരോഗതിയുടെ ചക്രം ആയിരക്കണക്കിന് തവണ പിറകോട്ട് തിരിയും. ഈ ആസൂത്രണ വ്യവസ്ഥ മാറ്റുവാൻ മനുഷ്യന് ശ്രമിക്കാവുന്നതാണ്. പക്ഷേ അവ നേടുന്നതെല്ലാം നിഷ്ഫലമായിത്തീരും. അങ്ങനെയാവുമ്പോൾ കഷ്ടാനുഭവങ്ങൾ ഉണ്ടായതിന്റെ അപരാധം സ്രഷ്ടാവിന്റെ മേൽ ചാർത്തുന്ന പ്രശ്നം ഉദ്ഭവിക്കുന്നില്ല. സൃഷ്ടിപദ്ധതിയുടെ ആസൂത്രണത്തിൽ കഷ്ടാനുഭവങ്ങൾ സൂക്ഷ്മമായി അതിന്റെ ക്രിയാത്മകമായ പങ്ക് വഹിക്കുന്നു. തീർച്ചയായും അത് പ്രച്ഛന്നമായി നിൽക്കുന്ന അനുഗ്രഹമാണ്.

വേദനയിൽ നിന്നും അസുഖകരമായ അവസ്ഥയിൽ നിന്നുമുള്ള മോചനത്തിനായി നിരന്തരമായ അന്വേഷണമാണ് എല്ലാ ഗവേഷണങ്ങളുടേയും കണ്ടുപിടിത്തങ്ങളുടേയും പൊരുൾ. സുഖാനുഭൂതികൾക്ക്വേണ്ടിയുള്ള ആഗ്രഹം എന്നതിനേക്കാൾ വേദനയിൽ നിന്നുള്ള രക്ഷ എന്ന നിലക്കാണ് എല്ലാ ശാസ്ത്രീയ ഗവേഷണങ്ങളുടെയും പിന്നിലുള്ള പ്രചോദനം. പ്രയാസങ്ങളിൽ നിന്ന് താരതമ്യേന പ്രയാസമില്ലായ്മയിലേക്കുള്ള ഈ പ്രവണതയുടെ വിസ്താരമാണ് സുഖാവസ്ഥ.

വീണ്ടും നമുക്ക് നിരപരാധികളായ കഷ്ടാനുഭവക്കാരുടെ കാര്യം തന്നെ പരിശോധിക്കാം. ജന്മജാത വൈകല്യങ്ങളുമായി ജനിക്കുന്ന നവജാത ശിശുക്കളോ അല്ലെങ്കിൽ പിന്നീട് ടൈഫോഡ് മൂലമോ, അതല്ല മറ്റു വൈകല്യങ്ങളുണ്ടാക്കുന്ന അസുഖങ്ങൾ മൂലമോ അവർക്ക് അന്ധത, ബധിരത, മൂകത, പൂർണമോ ഭാഗികമോ ആയ തളർച്ച എന്നീ രോഗങ്ങൾ ഉള്ളവരായിരിക്കാം. ജനന വേളയിൽ കേന്ദ്രനാഡീവ്യവസ്ഥക്ക് ക്ഷതം സംഭവിച്ചതിനാൽ പിന്നീട് നില വഷളായവരും മാനസികമായ തകരാറുകൾ സംഭവിച്ചവരുമാകാം. പ്രസക്തമായ ചോദ്യമിതാണ്, എന്തുകൊണ്ട് ഈ പ്രത്യേക ശിശുവിന് ഈ രോഗം ബാധിച്ചു? അതായത് A ക്കോ Bക്കോ രോഗം ബാധിച്ചു. എന്തുകൊണ്ട് C ക്കോ Dക്കോ രോഗം ബാധിച്ചില്ല. എന്തുകൊണ്ട് മറ്റുള്ളവർക്ക് ബാധിച്ചില്ല? എന്തുകൊണ്ട് E ക്കോ Fനോ സംഭവിച്ചില്ല. ഈ ചോദ്യം വീണ്ടും വീണ്ടും ആവർത്തിക്കാം. കാര്യമാത്ര പ്രസക്തമായ ഒരേയൊരു ചോദ്യമിതായിരിക്കും. എന്തുകൊണ്ട് മറ്റൊരാൾക്കില്ല? ഈ ചോദ്യത്തിനുള്ള ഉത്തരം സ്രഷ്ടാവിനു വിടുക മാത്രമെ നിർവാഹമുള്ളൂ. അതായത് എല്ലാ ശിശുക്കളും ഒന്നുകിൽ തുല്യമായി ആരോഗ്യത്തോടെ ജനിക്കണം അല്ലെങ്കിൽ അനാരോഗ്യവാന്മാരായി ജനിക്കണം. ഇത് നമ്മെ മറ്റൊരു തിക്ത യാഥാർഥ്യത്തിലേക്ക് നയിക്കുന്നു. ശിശുവിന്റെ ആരോഗ്യം എന്നത് സാപേക്ഷിക മൂല്യമുള്ള സംഗതി മാത്രമാണ്, എന്നതാണ് ആ യാഥാർഥ്യം. ഒരു പക്ഷേ ഒരേ രീതിയിൽ തൽസമമായ ആരോഗ്യവും ബുദ്ധിശക്തിയുമുള്ള, എല്ലാ അവയവങ്ങളും ഒരേ പോലെയുള്ള രണ്ട് ശിശുക്കളെ കാണുക പ്രയാസമായിരിക്കും. കഷ്ടാനുഭവങ്ങളുടെ പ്രശ്നം പരിഹരിക്കാൻ വേണ്ടി സ്രഷ്ടാവിനെതിരെ മറ്റൊരു പ്രസക്തമായ ചോദ്യം ഉയർത്തപ്പെടേണ്ടതുണ്ട്. ഒരു ശിശു പൊട്ടക്കണ്ണും വികൃതമായ മൂക്കും അതുപോലെയുള്ള മറ്റു വൈകൃതങ്ങളുമായി ജനിക്കുന്നുവെങ്കിൽ വൈകല്യങ്ങളൊന്നുമില്ലാത്ത മറ്റു മനുഷ്യരുമായി താരതമ്യം ചെയ്യുമ്പോൾ ഈ വൈകല്യങ്ങളെല്ലാം ആ മനുഷ്യശിശു ആജീവനാന്തം അനുഭവിക്കേണ്ടി വരില്ലേ എന്നതാണ് ആ ചോദ്യം.

ആരോഗ്യത്തിലും രൂപത്തിലുമുള്ള അസമത്വമാണ് പലരേയും അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ചിലർ മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ സ്വയം കണ്ടെത്തുന്ന പോരായ്മകളുടെ പേരിലും വെപ്രാളം കൊള്ളാറുണ്ട്. കേവലനീതിയുടെയും ന്യായത്തിന്റെയും പേരിൽ ആരോഗ്യവും ആകാര സൗന്ദര്യവും മനുഷ്യർക്കെല്ലാം ഒരുപോലെ നൽകി ദൈവം ഉറപ്പ് പാലിക്കേണ്ടതല്ലേ? ഹൃദയ മസ്തിഷ്ക്കങ്ങളുടെ കഴിവുകൾ ആധാരമാക്കി അത് ആളുകൾക്ക് എപ്രകാരം പ്രയോജനകരവും, നിഷ്പ്രയോജനകരവും ആയി വരുന്നുവെന്ന് വ്യക്തമാക്കിക്കൊണ്ട് താരതമ്യത്തിന്റെ മേഖല വിപുലമാക്കാവുന്നതാണ്. അത്യധികമായി വൈകല്യം ബാധിച്ച കേസുകളുടെ അഭാവത്തിൽ ചെറിയ കേസുകൾ പോലും നീതി ബോധത്തിനു മുമ്പിൽ കുറ്റമായി വരും. ഒരാൾ എവിടെയാണോ നാനാത്വവും വൈവിദ്ധ്യവും സൃഷ്ടിക്കാനാരംഭിക്കുന്നത് അവിടെ സമാനരൂപങ്ങൾ നിർമാണം അവസാനിപ്പിക്കേണ്ടി വരും. എവിടെയാണോ നാനാത്വവും വൈവിധ്യവും ഉണ്ടാവുന്നത് അവിടെ താരതമ്യേന കഷ്ടാനുഭവങ്ങളും സന്തോഷവും ആരംഭിക്കേണ്ടതുണ്ട്. വികലാംഗനായ കുട്ടിയോടുള്ള സഹതാപത്തിന്റെ പേരിൽ സൃഷ്ടി പദ്ധതിയെ എതിർക്കുന്നത് ഒരു കാര്യമാണ്. എന്നാൽ സൃഷ്ടി പദ്ധതി കൂടുതൽ നീതിയോടെയും സഹതാപത്തോടുകൂടിയും പ്രായോഗികമായ പദ്ധതിയായി മാറ്റി സ്ഥാപിക്കുകയും ചെയ്യുക എന്നത് മറ്റൊരു കാര്യമാണ്. ഒരാൾക്ക് യുഗങ്ങളോളം സമയമെടുത്ത് കൊണ്ട് ഈ സൃഷ്ടിപദ്ധതി മാറ്റിപണിയാൻ ശ്രമിക്കാവുന്നതാണ്. പക്ഷേ, ആർക്കും തന്നെ, ഇപ്പോഴും ദൈവത്തിന്റെ പദ്ധതിക്ക് പകരം അതിനെക്കാൾ നല്ലൊരു ബദൽ പദ്ധതി കൊണ്ടുവരാൻ സാധ്യമല്ല. മറ്റൊരർഥത്തിൽ പറഞ്ഞാൽ നാം ഈ ചോദ്യം വീണ്ടും ആവർത്തിക്കണം. അതായത് എന്തുകൊണ്ട് രോഗപീഡയും കഷ്ടാനുഭവങ്ങളും ഉണ്ടാവുന്നു? എന്ത് കൊണ്ട് അവ അനിവാര്യമായിത്തീരുന്നു? ഈ ചോദ്യത്തിന് ഒരു ഉത്തരം നാം നൽകിക്കഴിഞ്ഞു.

ലണ്ടൻ മസ്ജിദിന്റെ ചരിത്രം – 2

# സഊദി രാജകുമാരന്റെ പിന്മാറ്റം

ആസിഫ് എം. ബാസിത്

എട്ടരപതിറ്റാണ്ടുകൾ മുമ്പ് പാശ്ചാത്യ നാഗരികതയുടെ വളർത്തുതൊട്ടിലായ ലണ്ടൻ പട്ടണത്തിൽ പണിത ആദ്യത്തെ മുസ്‌ലിം പള്ളിയുടെ ചരിത്രം


പള്ളിയുടെ ഔപചാരിക ഉദ്ഘാടന കർമത്തിൽ നിന്ന് അവസാന നിമിഷം സൗദി രാജകുമാരൻ പിന്തിരിഞ്ഞതിന്റെ കാരണംഎന്തായിരുന്നു?പിന്നീ ടെരിക്കൽ, പിതാ വിന്റെ കൽപ്പന പ്രകാരമായിരുന്നു താൻ പിന്തിരിഞ്ഞത് എന്ന് സമ്മതിച്ചിട്ടുണ്ടെങ്കിലും, സഊദി രാജകുമാരനെ ഇതിന് പ്രേരിപ്പിച്ചതെന്ത് എന്ന് ഇനിയും വ്യക്തമല്ല. ഊഹാ പോഹങ്ങൾ ശക്തമായിരുന്നു. രാജകുമാരൻ ദീർഘയാത്ര ചെയ്ത് ലണ്ടനിൽ എത്തിച്ചേർന്നതും ഫസൽ മോസക് ഉദ്ഘാടനം ചെയ്യാൻ വേണ്ടി തന്നെയായിരുന്നു. അതുകൊണ്ട് തന്നെ അവസാന ഘട്ടത്തിലെ ഈ പിന്തിരിയൽ വാർത്താ മാധ്യമങ്ങൾക്ക് അദ്ഭുതമായിരുന്നു. പ്രാദേശികവും ദേശീയവുമായ മാധ്യമങ്ങളിൽ ഇത് വൻ വാർത്തയായി. പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട ചില തലക്കെട്ടുകൾ ഇപ്രകാരമായിരുന്നു

'ഒരു പള്ളിയും അമീറും', 'ഒരു പള്ളിയുടെ നിഗൂഢത', 'അമീർ ഫൈസലിന്റെ അവസാന നിമിഷത്തെ പിന്തിരിയൽ' 'മക്കാ നഗരത്തിന് അന്യരായവർ', 'ലണ്ടനിലെ ആദ്യത്തെ പള്ളിയും വിഭാഗീയതയും','അമീർ ഫൈസൽ:പള്ളി ഉദ്ഘാടനത്തിൽ നിന്നും വിലക്കപ്പെ ട്ടു'.'ഫൈസൽ രാജകുമാരന്റെ രഹസ്യം എന്നിങ്ങനെയാ യിരുന്നു പത്രങ്ങൾ ഈ സംഭവത്തെ വിലയിരുത്തിയ വാർത്തകളുടെ തലക്കെട്ടുകൾ. രാജകുമാരനയച്ച സന്ദേശത്തിൽ കാരണം വ്യക്തമാ ക്കിയിട്ടില്ലാത്തതു കൊണ്ട്, സ്വാഭാവിക മായും, പത്രങ്ങൾ മസ്ജിദ് ഭാരവാ ഹികളോട് വിശദീകര ണങ്ങൾ തേടി. ഹദ്റത്ത് ജി. എഫ് മാലിക്ക് (റ), ആയിരുന്നു മസ്ജിദ് പരിപാലന കമ്മിറ്റി സെക്രട്ടറി. അദ്ദേഹത്തിന്റെ അഭിപ്രായ പ്രകാരം രാജകുമാരന്റെ പിതാവ്, മുസ്‌ലിം യാഥാസ്ഥിതിക പണ്ഡിതൻമാരുടെ നിർബന്ധം മൂലം മകനെ പിന്തിരിപ്പിക്കുകയായിരുന്നു എന്നാണ്. ഇതിനു കാരണം അഹ്മദികളാണ് പള്ളി നിർമിച്ചത് എന്നത് തന്നെ. മസ്ജിദ് ഉദ്ഘാടനചടങ്ങിന്റെ മേൽനോട്ടക്കാരനായിരുന്ന ഹദ്റത്ത് എ.ആർ ദർദ് സാഹിബ് അറിയിച്ചത് ആഗസ്ത് മാസത്തിൽ തന്നെ ക്ഷണം സ്വീകരിച്ച രാജാവ് ഇബ്നു സഊദ് സസ ന്തോഷം തന്റെ മകനെ അയക്കാൻ സമ്മതിക്കുകയുണ്ടായി. എന്നാൽ ഉദ്ഘാ ടന ദിവസം, അദ്ദേഹം തന്നെ ചടങ്ങിൽ നിന്നും പിന്മാറുവാൻ മകന് കമ്പി സന്ദേശം അയക്കുകയായിരുന്നു. താനും, അമീർ ഫൈസൽ രാജകുമാരൻ പോലും ഇതിന്റെ കാരണമറിയാതെ ഇരുട്ടിലായിരുന്നു. തത്സമയം പല ഊഹാപോഹങ്ങളും പരക്കുകയുണ്ടായി. അതിലൊന്ന്, ഉദ്ഘാടനം ചെയ്യപ്പെടാൻ പോകുന്ന പള്ളി ഒരു യഥാർഥ പള്ളി അല്ല എന്നതായിരുന്നു. ദർദ് സാഹിബിന്റെ അഭിപ്രായപ്രകാരം തികഞ്ഞ അജ്ഞത യാണ് ഇതിനു പിന്നിൽ. പള്ളി ഉദ്ഘാടനം ചെയ്ത ഖാൻ ബഹാദൂർ ഷെയ്ക്ക് അബ്ദുൽ ഖാദിർ സാഹിബിന്റെ വിശ്വാസം, അഹ്മദികൾ അമുസ്‌ലിംകളാണ് എന്ന് വിശ്വസിച്ച മുസ്‌ലിം യാഥാസ്ഥിക പണ്ഡിതന്മാരും, അവരുടെ ഗൂഢ തന്ത്രങ്ങളുമായിരിക്കാം, ഈ പിൻ മാറ്റത്തിന് പിന്നിൽ എന്നാണ്. ഈജിപ്തിലെ കൈറോയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന അൽ എഹ്റാം പത്രത്തിൽ ലണ്ടനിലെ 'മോർണിംഗ് പോസ്റ്റിൽ'വന്ന വാർത്തയെ അടിസ്ഥാനമാക്കി (പ്രസ്തുത വാർത്ത യിൽ പള്ളി എല്ലാ മത വിഭാഗങ്ങ ൾക്കും തുറന്നു കൊടുക്കപ്പെടുംഎന്നുണ്ടായിരുന്നു) ഉദ്ഘാടനം ചെയ്യപ്പെടാൻ പോകുന്ന പള്ളി ഒരു 'മസ്ജിദ്' ആയി കരുതാൻ പാടില്ല എന്നായിരുന്നു. മറ്റൊരു കാരണം, രാജകുമാരന്റെ ഇംഗ്ലണ്ട് സന്ദർശനത്തിലെ മറ്റു ചില രാഷ്ട്രീയ ലക്ഷ്യങ്ങളായിരിക്കാം എന്നതാണ്. എന്നാൽ ഔദ്യോഗിക ബന്ധമുള്ള വരുടേയും, ഗവൺമെന്റ് തലത്തിൽ നിന്നും വന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും, ഇതിന് പിന്നിലെ രാഷ്ട്രീയ പ്രാധാന്യം വളരെ കുറഞ്ഞതാണ്. വിദേശ കാര്യ സെക്രട്ടറി സർ ഓസ്റ്റിൻ ചാമ്പർ ലെയ്നിന്റെ നിരന്തരമായ സന്ദേശങ്ങളുടെ ചുരുക്കം, രാജകുമാരന്റെ സന്ദർശനം അസമയത്താണ് എന്നും, ഈ അവസരത്തിലുള്ള സന്ദർശനം, അനൗദ്യോഗികരേഖകളിൽ നിന്നും അന്യമായിരിക്കും എന്നായിരുന്നു. ഇതെല്ലാമായിട്ടു കൂടി ക്ഷണം സ്വീകരിച്ച രാജാവ് പിന്നീട് തീരുമാനം മാറ്റിയത്, ഇതിനു പിന്നിൽ രാഷ്ട്രീയ ലക്ഷ്യമല്ല എന്നതിന് തെളിവാണ്. രാജകുമാരന്റെ അസാന്നിധ്യം ഇത്ര വാർത്താപ്രധാന്യം സൃഷ്ടിച്ചത് സ്വാഭാവികമാണ്. കാരണം അമുസ്‌ലിംകളായ അതിഥികൾ പോലും വളരെ പ്രാധാന്യത്തോടെയാണ് ക്ഷണം സ്വീകരിച്ചതും ചടങ്ങിന് എത്തിച്ചേർ ന്നതും. ഉദാഹരണ ത്തിന് ബർദ്വാനിലെ മഹാരാജാവ് മുഖ്യാതിഥി കളിൽപ്പെട്ട ഒരാളായിരുന്നു. അദ്ദേഹം അഭിപ്രായപ്പെട്ടത്, താനൊരു അമുസ്‌ലിം ആണെങ്കിൽ കൂടി ഈ ഒരു ചടങ്ങിന്റെ അതീവ പ്രധാന്യം, ഇതിൽ പങ്കെടുക്കേണ്ടത് അനിവാര്യ മാക്കിത്തീർത്തിരിക്കുന്നു എന്നാണ്. ചുരുക്കത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും മത സൗഹാർദത്തിന്റെ ഒരു അടിത്തറയായിരുന്നു ലണ്ടൻ മസ്ജിദിന്റെ ഉദ്ഘാടനം, നിശ്ചിത താത്പര്യക്കാരായി ചില മുസ്‌ലിം യാഥാസ്തികരൊഴിച്ച്.

### ഏതാണ് ലണ്ടനിലെ ആദ്യത്തെ പള്ളി?

ലണ്ടൻ മസ്ജിദിന് "ഫസൽ മോസ്ക്" എന്നായിരുന്നു അന്നത്തെ ഖലീഫാ തിരുമനസ്സ് നൽകിയ പേര്. 1926 ഒക്ടോബർ 3 നാണ് മസ്ജിദിൽ നിന്നും ആദ്യമായി 'ബാങ്ക്' (നമസ്കാരത്തിലേക്കുള്ള വിളി) കേൾപ്പിക്കപ്പെട്ടത്. ഈ അടുത്ത കാലം വരെ 'ഈസ്റ്റ് ലണ്ടൻ മോസ്ക്' ആണ് ലണ്ടനിലെ ആദ്യത്തെ പള്ളി എന്നായിരുന്നു മിക്കവരും കരുതിയത്. അതിനു കാരണം 'ലണ്ടൻ മോസ്ക് ഫണ്ട്'(London Mosque Fund- LMF) എന്ന പേരിൽ 1910

ൽ ഒരു ഫണ്ട് ശേഖരണം ആരംഭിച്ചിരുന്നു. പിന്നീട് ഈസ്റ്റ് ലണ്ടൻ പള്ളിക്കു വേണ്ടി ഈ ഫണ്ട് മാറ്റി വയ്ക്കുകയാണുണ്ടായത്. ചരിത്രപരമായ അന്വേഷണത്തിലൂടെ മാത്രമേ ലണ്ടനിൽ ആദ്യത്തെ പള്ളി ഏത് എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കുകയുള്ളു. കെ. എച്ച് അൻസാരി ചൂണ്ടിക്കാണിക്കുന്നത് പോലെ മസ്ജിദ് നിർമാണത്തിന് വേണ്ടി ഫണ്ട് രൂപീകരിക്കലും, യഥാർഥ ത്തിൽ മസ്ജിദ് നിർമ്മാണം പൂർത്തിയാക്കലും രണ്ടും രണ്ടാണ്. ഫസ ൽ മോസ്ക് പൂർത്തി കരണത്തിനും,16 വർഷങ്ങൾക്ക് മുമ്പ് തന്നെ ലണ്ടൻ മോസ്ക് എന്ന പേരിൽ ഫണ്ട് സ്വരൂപീകരണം ആരംഭിച്ചു എന്നതിൽ സംശയമൊന്നു മില്ല തന്നെ. എന്നാൽ പ്രസ്തുത ഫണ്ട് ലക്ഷ്യം കാണാതെ പാതിവഴിയിൽ അവസാനിക്കുകയായിരുന്നു. പ്രശസ്ത നിയമജ്ഞൻ സയ്യിദ് അമീർ അലി 1908 ൽ പള്ളി നിർമ്മാണാർത്ഥം ഇറക്കിയ വിജ്ഞാപനം ഇപ്രകാര മായിരുന്നു. 'ഒരു മുസ്‌ലിം പ്രാർത്ഥനാ കേന്ദ്രം ഉണ്ടായിരിക്കേണ്ടതിന്റെ പ്രധാന്യം മനസ്സിലാക്കാൻ വലിയ ദീർഘ വീക്ഷണമോ, രാഷ്ട്രീയ പരിജ്ഞാനമോ ആവശ്യമില്ല തന്നെ. ബ്രിട്ടീഷ് സാമ്രാജ്യത്തിനുതന്നെ ഇത് ഒരു മുതൽക്കൂട്ടായിരിക്കും. ലണ്ടനിൽ ഏതെങ്കിലും പള്ളി നിർമിക്കുന്നതിന്റെ പ്രാധാന്യമായിരുന്നു വിജ്ഞാപന ത്തിന്റെ ഉള്ളടക്കം. അല്ലാതെ ഒരു പ്രത്യേക പള്ളി നിർമിക്കാനു ദ്ദേശിച്ചിരു ന്നില്ല. 1910 ൽ അത് (ലണ്ടൻ മോസ്ക് ഫണ്ട-LMF) എന്ന് പുനർനാമകരണം ചെയ്യുകയായിരുന്നു. ലണ്ടനിലെ ആദ്യത്തെ പള്ളി ഏതാണെന്ന് അറിയാൻ LMFന്റെ ചരിത്രം പരിശോധിച്ചാൽ മതിയാകും. ആഖാ ഖാൻ വാഗ്ദാനം ചെയ്ത 5000 പൗണ്ട് ഒഴിച്ചു നിർത്തിയാൽ ഫണ്ടിലേക്ക് മുസ്‌ലിം സമൂഹത്തിൽ നിന്നും പൊതുവെ തണു ത്ത പ്രതിക ര ണമാണ് ലഭിച്ചത്. 1917 ൽ കണക്കുകൾ പ്രകാരം, മസ്ജിദിനു വേണ്ടി ലഭിച്ച ആകെ തുക 5000 പൗണ്ടായി. തുടക്ക ത്തിലെ ആവേശം കണ്ടു കൊണ്ട് ഭോപ്പാലിലെ ബീഗം 7000 പൗണ്ടും, പേർഷ്യയിലെ ഷാ ചക്രവർത്തി 1000 പൗണ്ടും നൽകുകയുണ്ടായി. പിന്നീടുണ്ടായബാൽക്കൻ യുദ്ധവും, ഒന്നാം ലോക മഹായുദ്ധവും മറ്റു രാഷ്ട്രീയ സാമ്പത്തിക കാരണങ്ങൾ മൂലവും മസ്ജിദ് ഫണ്ട് വലിയ മാറ്റമില്ലാതെ നില കൊണ്ടു. മുസ്‌ലിം സമൂഹം പൊതുവേ സയ്യിദ് അമീറലിയെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അനുകൂലിയായാണ് കണ്ടിരുന്നത്. ഇന്ത്യൻ സമൂഹത്തിന്റെ ഊർജസ്വലമായ ഒരു നേതാവായി ബ്രിട്ടീഷ്



ഫസൽ മോസ്കിന്റെ ആദ്യത്തെ ഇമാം മൗലാനാ അബ്ദുൽ റഹീം ദർദ് സാഹിബ് സന്ദർശകർക്കൊപ്പം

സാമ്രാജ്യത്വം അമീറലിയെയും കണ്ടു. അതിനാൽ LMFന് വേണ്ടി മുസ്‌ലിംകളിൽ നിന്നുള്ള ഫണ്ട് പിരിവ് പരാജയമായി കലാശിച്ചു.

ബ്രിട്ടീഷ് ഗവൺമെന്റിനോടു തന്നെ സഹായം തേടാൻ LMF നിർബന്ധിതരായി. ലോർഡ് ഹെഡ്‌ലി ഇന്ത്യാ സെക്രട്ടറിയായിരുന്ന സർ ഓസ്റ്റിൻ ചാമ്പർലെയ്നിന്ന് അയച്ച കത്തിൽ, സ്പോൺസർഷിപ്പ് ആവശ്യപ്പെടുന്നുണ്ട്. ഗവൺമെന്റ് ഈ ആവശ്യ ത്തെ പാടെ നിരസിക്കുക യായി രുന്നു. ചുരുക്കി പറഞ്ഞാൽ 1914 വ രെ ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ 5206 പൗണ്ട് അനക്കമില്ലാ തെ പണം കിടന്നു. 1913 ഏപ്രിൽ 30-ാം തിയതി ചേർന്ന ലണ്ടൻ മസ്ജിദ് ഫണ്ടിന്റെ(LMF) എകസികുട്ടീവ് കമ്മിറ്റിയിൽ മസ്ജിദ് നിർമാണത്തിൽ യാതൊരു പുരോഗതിയുമില്ലാത്തതിന്റെ പ്രശ്നം ഉയർന്നു വന്നു. 1914 ജനുവരി വരെ ഫണ്ടിൽ നിന്നും യാതൊരു പണവും മസ്ജിദ് ആവശ്യത്തിന് വേണ്ടി ഉപയോഗിച്ചിരുന്നില്ല. ഇതിനു ശേഷമാണ് ഖ്വാജാ കമാലുദ്ദീന്റെ കയ്യിൽ 120 പൗണ്ട് ഒരു വാടക കെട്ടിടത്തിനു വേണ്ടി ഏൽപ്പിക്കുന്നത്. നോട്ടിംഗ്ഹില്ലുള്ള ലിൻസേ ഹാളിന്നുവേണ്ടി ഇത് ഒരു വർഷത്തേക്കുള്ള വാടകയായിരുന്നു. ഇത് പിന്നീട് ബെഡ്ഫോർഡിലേക്കും, അതിനു ശേഷം കാംപ്ഡൻ ഹിൽ റോഡിലേക്കും മാറ്റിയിരുന്നു. ഇവിടെ വച്ച് വെള്ളിയാഴ്ച്ച ജുമുഅ മാത്രമാ യിരിന്നു നടത്തപ്പെട്ടിരുന്നത്. മറ്റുള്ള നടത്തിപ്പ് ചെലവുകൾ കഴിച്ചാൽ മസ്ജിദ് ആവ്യശ്യത്തിന് വേണ്ടി ആകെ ചെലവാക്കിയത് ഈ 120 പൗണ്ട് മാത്രമായി രുന്നു. വാടക കെട്ടിടം എന്നത് പ്രൊജക്റ്റിന്റെ ഒരു പദ്ധതിയേ ആയിരുന്നില്ല . മറിച്ച് മസ്ജിദ് ആവശ്യത്തിനു വേണ്ട ഒരു വീട് വിലക്ക് വാങ്ങുന്ന

തിനെ പോലും 1926 മെയ് 12 ന് ചേർന്ന എക്സ്ക്യൂട്ടീവ് കൗൺസിൽ തള്ളിക്കളയുകയായിരുന്നു. ഇതിനു പറഞ്ഞ കാരണം, പദ്ധതിയുടെ ലക്ഷ്യം 'മസ്ജിദ് നിർമിക്കുക' എന്നതു മാത്രമാണ് എന്നതായിരുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത്, LMFഎക്സിക്യൂട്ടീവ് കമ്മിറ്റി യുടെ അഭിപ്രായം വാടക കെട്ടിടം എന്നത് മസ്ജിദ് നിർമാണവുമായി താദാത്മ്യപ്പെടുത്താൻ പാടില്ല എന്നതാണ്. പ്രത്യേകിച്ച് എടുത്തു പറയേണ്ട ഒരു കാര്യം, ഈ വർഷം തന്നെയാണ് ലണ്ടനിലെ അഹ്മദികളുടെ 'ഫസൽ മോസ്ക്' ആരാധനക്കായി തുറക്കപ്പെട്ടത്. ഇതിൽ നിന്നെല്ലാം ആദ്യത്തെ പള്ളി ഫസൽ മോസ്ക് തന്നെ എന്ന് നമുക്ക് വ്യക്തമാകുന്നു. ഫസൽ മോസ്കിന്റെ നിർമാണം യാതൊരു തടസ്സങ്ങളും കൂടാതെ പൂർത്തിയായപ്പോൾ ഈസ്റ്റ് ലണ്ടൻ മോസ്കിന്റെ നിർമാണം പല കാരണങ്ങളാലും വൈകുകയായിരുന്നു. ഫസൽ മോസ്കിന് ശേഷം രണ്ട് ദശാബ്ദങ്ങൾക്ക് ശേഷമാണ് ഈസ്റ്റ് ലണ്ടൻ മോസ്ക് പണി പൂർത്തിയാകുന്നത്. അത് കൊണ്ട് ലണ്ടനിലെ ആദ്യത്തെ പള്ളി ഏത് എന്നതിൽ സംശയങ്ങൾക്കിടയില്ല. 1926 ൽ കാംപ്ഡൻ ഹിൽറോഡിലെ വാടക ക്കെട്ടിടത്തിലായിരുന്നപ്പോൾ വാടക 120 ൽ നിന്നും 130 ആയി വർധനവുണ്ടായി. പ്രസ്തുത ചെലവ് ഒരു പാഴ് ചെലവായിട്ടാണ് അന്നത്തെ LMF എക്സിക്യൂട്ടീവ് കമ്മിറ്റി കണ്ടെത്തിയത്. പ്രാർഥനക്കെത്തുന്ന വിശ്വാസി കളുടെ എണ്ണത്തിൽ വരുന്ന കുറവും കൗൺസിലിനെ പ്രസ്തുത വാടകക്കരാർ നിർത്തലാക്കുന്നതിന് പ്രേരിപ്പിച്ചു. ഓട്ടോമാൻ സാമ്രാജ്യത്തിന്റെ പതനത്തിന് ശേഷം, മുസ്ലിം രാജാക്കന്മാരുടെ ശ്രദ്ധ ഈ കാര്യത്തിലേക്ക് തിരിക്കാൻ എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാൻ സയ്യിദ് അമീറലിയുടെ ശ്രമവും 1928 വരെ ഒരു ഫലവും കണ്ടില്ല. 1928 ൽ ലോർഡ് ഹെഡ്ലി ബ്രിട്ടനിലേക്ക് മടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ മസ്ജിദ് ഫണ്ടിനായി ഹൈദരാബാദ് നിസാം ഏൽപ്പിച്ച 60,000 ഉം ഉണ്ടായിരുന്നു. പണത്തിന്റെ കാര്യത്തിൽ ലഭിച്ച ഏറ്റവും വലിയ സംഭാവന ഇതായിരുന്നു. പക്ഷെ ഈ പണം ലണ്ടൻ മോസ്ക്കിന്ന് വേണ്ടി മാത്രമായിരുന്നില്ല. മറിച്ച് 'ലണ്ടൻ നിസാമിയ മോസ്ക് ട്രസ്റ്റ് ഫണ്ട് ' എന്ന പേരിൽ ലണ്ടനിലെ വെസ്റ്റ് കെൻസിംഗ്ടണിൽ ഒരു സ്ഥലം വാങ്ങുന്നതിന് വേണ്ടി കൂടിയും ഈ ഫണ്ട് ഉപയോഗിച്ചു. 1937 ൽ നിസാമിയ മോസ്കിന് തറക്കല്ലിട്ടെങ്കിലും മസ്ജിദിന്റെ പണി പൂർത്തിയായില്ല.


ഫസൽ മോസ്കിന്റെ ഇപ്പോഴത്തെ ചിത്രം

1937ലും 1938 ലും ഫർകുഹാർസണിന്റെയും, ഇബ്രാഹിം കെർജിയുടെയും നേതൃത്വത്തിൽ, മസ്ജി ദിന് വേണ്ട പണം , ഗവൺമെന്റിൽ നിന്ന് ലഭിക്കാൻ മറ്റൊരു വിഫല ശ്രമവും കൂടി നടന്നു. ഇപ്രാവശ്യം മസ്ജിദിന് ഒരു മത പരിവേഷം നൽകുന്നതിന് പകരം, ഒരു സാമൂഹിക സാംസ്കാരിക പരിവേഷമാണ് നൽകിയത്. എന്നിട്ടും ഫണ്ട് ലഭ്യമാക്കുന്നതിൽ യാതൊരു ഫലവും കണ്ടില്ല. പിന്നീട് ജംഇയ്യത്തുൽ മുസ്ലീമൂനും (സജീവ രാഷ്ട്രീയത്തിലിറങ്ങിയ ആദ്യ ബ്രിട്ടീഷ് മുസ്ലീംകളുടെ സംഘടന) ഹൈദരാബാദ് നിസാമിന്റെ പ്രതിനിധി യായ സയ്യിദ് ഹാഷിമും ചേർന്ന്, LMF ന്റെ ആസ്ഥാനം ലണ്ടന്റെ കേന്ദ്രത്തിൽ നിന്നും കിഴക്കേ അറ്റത്തുള്ള നഗരത്തിലേക്കു മാറ്റുകയും ചെയ്തു. ഇതിന് ശേഷം നീണ്ട അഞ്ചു വർഷം കഴിഞ്ഞാണ് കൊമേഴ്സ്യൽ റോഡിലുള്ള സ്ഥലം വാങ്ങുവാൻ കഴിഞ്ഞത്. ഈസ്റ്റ് ലണ്ടൻ മോസ്ക് എന്ന് പേരിട്ട ഈ പള്ളിയിൽ 1941 മെയ് 23 നാണ് ആദ്യത്തെ വെള്ളിയാഴ്ച ഖുത്ബ നടക്കുന്നത്. 1941 ആഗസ്ത് 1 നാണ് ഇത് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതും. കെ.എച്ച്. അൻസാരി രേഖപ്പെടുത്തിയ പോലെ നീണ്ട 30 വർഷത്തെ പ്രവർത്തനഫലം! ഈ ചരിത്ര രേഖകളിൽ നിന്നെല്ലാം വ്യക്തമാകുന്ന വസ്തുത ലണ്ടനിലെ ആദ്യത്തെ പള്ളി ഫസൽ മോസ്ക് തന്നെ ആണ് എന്നതാണ്.

ഇസ്ലാമിനു പുറത്ത് ചരിത്ര പരമായി ഫസൽ മോസ്ക് ആണ് ആദ്യത്തെ പള്ളി എന്നത് നമുക്ക് തീർച്ചയായി. ഇനി മതപരമായി ഉയർന്നു വരുന്ന ചോദ്യം ഫസൽ മോസ്ക് ഒരു മുസ്ലിം പള്ളി തന്നെ ആണോ എന്നതാണ്? തീർച്ചയായും അഹ്മദികൾ മുസ്ലിംകളാണ് എന്നതു തന്നെ ഇതിന് കാരണം. മത പണ്ഡിതന്മാർ തങ്ങളുടേതൊഴികെ യുള്ള എല്ലാ സംഘടനകൾക്കും കുഫ്റ് ഫത്വ നൽകി അമുസ്ലീംകളാക്കുന്നത് ഒരു പതിവ് കാഴ്ചയാണ്. ഈ ഫത്വകൾക്കെല്ലാം ആരെങ്കിലും വില കൽപ്പിക്കുകയാണെങ്കിൽ ലോകത്താരും തന്നെ മുസ്ലിമായി അവശേഷിക്കുകയോ, ഒരു പള്ളിയും തന്നെ, മുസ്ലിം പള്ളിയായി കരുതുകയോ ചെയ്യുമായിരുന്നില്ല. മുസ്ലിം അമുസ്ലിം പ്രശ്നത്തിനുള്ള പരിഹാരം പ്രവാചകർ (സ) തന്നെ നൽകിയിട്ടുണ്ട്. ആര് മുസ്ലിമെന്നു സ്വയം രേഖ പ്പെടുത്തുന്നുവോ, അയാൾ മുസ്ലിമെന്നു വിളിക്കപ്പെടും എന്നതാണ് മറ്റൊരവസരത്തിൽ കലിമ ചൊല്ലുകയും, നമസ്ക്കരിക്കുകയും, നോമ്പു നോൽക്കുകയും, സക്കാത്ത് നൽകു കയും, ഹജ്ജ് നിർവഹിക്കുകയും ചെയ്യുന്നവരെല്ലാം തന്നെ മുസ്ലീമാണെന്ന് അരുൾ ചെയ്യുകയുണ്ടായി. മേൽ പറഞ്ഞ കാര്യങ്ങളെലാം അഹ്മദികൾ തികഞ്ഞ

ആത്മാർഥതയോടെ നിർവഹിക്കുന്ന വരാണ് (പാകിസ്താനിൽ നിയമപരമായി ശിക്ഷിക്കപ്പെട്ടിട്ടുകൂടി) അത് കൊണ്ട് അഹ്മദി കൾ മുസ്‌ലിംകൾ തന്നെ. ഇതോടൊപ്പം കൂട്ടി വായിക്കേണ്ട മറ്റൊരു കാര്യം ഫസൽ മോസ്ക് ഉദ്ഘാടനം ചെയ്ത ഷെയ്ക്ക് അബ്ദുൽഖാദർ അവർകൾ, ഒരു പ്രസിദ്ധ മുസ്‌ലിം പണ്ഡിതനായിരുന്നു. അദ്ദേഹം ഒരു അഹ്മദി ആയിരുന്നില്ല. ദൈവ നാമത്തൽ മസ്ജിദ് ഉദ്ഘാടനം ചെയ്ത അദ്ദേഹം, പാശ്ചാത്യ ലോകത്ത് ഇസ്‌ലാ മിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിന് ഈ മസ്ജിദിന് സാധിക്കട്ടെ എന്ന് പ്രത്യാശയും പ്രകടിപ്പിക്കുകയുണ്ടായി. ഇതേ ഷെയ്ക്ക് അബ്ദുൽഖാദർ തന്നെ പിന്നീട് LMFപ്രവർത്തക സമിതിയി ലേക്കും ക്ഷണിക്ക പ്പെടുകയു ണ്ടായിട്ടു ണ്ട്. 1936ൽ LMF പ്രവർത്തക സമിതി യോഗത്തിൽ ഇദ്ദേഹം പങ്കെടുത്തതിന് രേഖകൾ സാക്ഷിയാണ്. ഇദ്ദേഹത്തെ കൂടാതെ, മുസ്‌ലിം സമൂഹത്തിലെ അന്നത്തെ പല പ്രമുഖരും ഉദ്ഘാടന ചടങ്ങിലും മറ്റു പല സന്ദർഭങ്ങളി ലുമായി ഫസൽ മോസ്കിൽ പോകുക യും നമസ്കാരമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. പാകിസ്താൻ രാഷ്ട്ര പിതാവ്, മുഹമ്മദലി ജിന്ന , സർ ഫിറോസ് ഖാൻ നൂൺ, സർ മുഹമ്മദ് ഇഖ്ബാൽ, മൗലാനാ മുഹമ്മദലി ജൗഹർ, പ്രശസ്ത പത്ര പ്രവർത്തകൻ മുഹമ്മദ് ശാഫി, ആഖാഖാൻ, എ. കെ ഫസലുൽ ഹഖ് എന്നിവർ ഇവരിൽ ചിലരാണ്. ഉദ്ഘാടന കർമത്തിൽ നിന്നും വിട്ടു നിന്ന സൗദി രജകുമാരൻ പോലും പിന്നീടൊരവസ രത്തിൽ മസ്ജിദ് സന്ദർശിക്കുകയു ണ്ടായി. ഈ പള്ളിയിൽ വെച്ചാണ് മുഹമ്മദലി ജിന്ന, ഇന്ത്യൻ രാഷ്ട്രീയത്തി ലേക്കുള്ള തന്റെ തിരിച്ചു വരവ് പ്രഖ്യാപി ച്ചത്. ഫസൽ മോസ്കിൽ തടിച്ച് കൂടിയ വൻ ജനസമൂഹത്തെയും, വിദ്യാർഥി സമൂഹത്തേയും അഭിസംബോധന ചെയ്തു കൊണ്ടായിരുന്നു ഇത്, ഇന്ത്യയുടെ ഭരണഘടനാ പരിഷ്ക രണത്തിനു വേണ്ടി, ബ്രിട്ടീഷ് ഗവൺ മെന്റ് പുറപ്പെടുവിച്ച 'ധവള പത്ര' ത്തെ ക്കുറിച്ച് വളരെ വിശദമായി ജിന്നാ സാഹിബ് പ്രസംഗിച്ചു. ഇന്ത്യൻ രഷ്ട്രീയ ത്തിലേക്കുള്ള ജിന്നയുടെ തിരിച്ച് വരവ് പ്രഖ്യാപിച്ചത് ഇവിടെ വെച്ചായിരുന്നു. മുസ്‌ലീംകൾ അന്നത്തെ ഇന്ത്യൻ മുസ് ലിം ജനസമൂഹത്തിന്റെ നേതാവായിട്ടാണ് ജിന്നയെ കണ്ടത്. അഹ്മദികൾ മുസ്‌ലിക ളാണ് എന്നു തന്നെയായിരുന്നു ജിന്ന യുടെ തീർപ്പ്.

### ഫസൽ മോസ്ക്: ഇന്ന്

ഉദ്ഘാടന ദിവസം തൊട്ടു തന്നെ ഫസൽ മോസ്ക് സജീവമായിരുന്നു. അഞ്ച് നേര നമസ്കാരവും ജമാ അത്തായി ഇവിടെ നിർവഹിക്കപ്പെടുന്നു. 1984 ൽ അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രം ലണ്ടനിലേക്കു മാറ്റിയതിന് ശേഷം, രണ്ടു ഖലീഫമാർ ഇവിടെ കേന്ദ്രമാക്കി പ്രവർത്തിച്ചു (അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മീർസാ ത്വാഹിർ അഹ്മദ് (റഹ്), ഇപ്പോഴത്തെ ഖലീഫ ഹദ്റത്ത് മീർസാ മസ്റൂർ അഹ്മദ് (അയ്യദഹു.. ) ലണ്ടനിലെ ചരിത്ര പ്രസിദ്ധമായ കേന്ദ്രത്തിൽ നിലകൊള്ളുന്ന ലണ്ടനിലെ ആദ്യത്തെ പള്ളി ഗ്രസ്സൻഹാൾ റോഡിലെ 18 എന്ന വിലാസത്തിൽ ലണ്ടൻ നഗര വാസിക ൾക്ക് സമാധാനത്തിന്റേയും സഹവർത്തി ത്വത്തിന്റേയും സന്ദേശം നൽകി കൊണ്ട് ഫസൽ മോസ്ക് തല ഉയർത്തി നിൽക്കുന്നു. ഇന്നത്തേക്കാൾ പള്ളി നിർമാണത്തിന്ന് തടസ്സങ്ങറേയുള്ള കാലത്താണ് ഫസൽ മോസ്ക് നിർമിച്ച തെന്നാർക്കണം. ഈ അവസരത്തിൽ ഈസ്റ്റ് ലണ്ടൻ മോസ്കിന്റെ ചരിത്രം സ്മരിക്കുന്നത് കൗതുകകരമാണ്. ധനാ ഢ്യരും, പ്രമാണി കളുമായിരുന്ന ഭോപാ ൽ ബീഗം, പേർഷ്യയിലെ ഷാചക്രവർ ത്തി, ആഖാ ഖാൻ തുടങ്ങിയവരുടെ വ മ്പൻ സംഭാവനകളുണ്ടായിട്ടുപോലും മസ്ജിദ് പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. മറിച്ച് ഇന്ത്യയിലെ പാവപ്പെട്ട അഹ്മദി വനിതകളുടെ ധനത്യാഗമാണ്. അല്ലാഹുവിന്റെ അടുക്കൽ സ്വീകാ ര്യമായത്. ആ സ്വീകാര്യതക്കുള്ള ഏറ്റ വും പ്രകടമായ തെളിവാണ്, ഗ്രസ്സൻ ഹാൾ റോഡിൽ തല ഉയർത്തി നിൽക്കുന്ന ഫസൽ മോസ്ക്.

(വിവർത്തനം: വി.പി. ബശീർ, കോഴിക്കോട്)

---

**ഖുത്ബ (പേജ് 13) തുടർച്ച**

ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു. അല്ലാഹുവേ! ഞാനിവരെ സ്നേഹിക്കു ന്നു. നീയും ഇവരെ സ്നേഹിക്കുക. കുട്ടി കളെ ഒരിക്കലും ശിക്ഷിച്ചിരുന്നില്ല. എപ്പോഴും സ്നേഹവും ദുആയും കൊണ്ട് ശിക്ഷണം നൽകിയിരുന്നു. ഹദ്റത്ത് അബുഹുറൈറ (റ) നിവേദനം ചെയ്യുന്നു. എപ്പോഴെല്ലാം എന്തെങ്കിലും ആദ്യംപഴം എത്തിയാൽ പഴത്തിന്റെ ബർക്കത്തിനായി ദുആ ചെയ്യുന്നു. പിന്നീട് ആ പഴം സദസ്സിലുള്ള ഏറ്റവും ചെറിയ കുട്ടിക്ക് നൽകുമായിരുന്നു. കുട്ടികളോടൊപ്പം കളിക്കുന്നതിനെപറ്റി യുള്ള രിവായത്തുകളും ഹദീസിൽ നിന്ന് ലഭിക്കുന്നു. അധികം മാതാപിതാക്കളും സ്വന്തം കുട്ടികളെ സ്നേഹിക്കുന്നു. എന്നാൽ ചിലർ കുട്ടികളെ അകാരണ മായി ശിക്ഷിക്കുന്നു. കുറച്ചുദിവസ ങ്ങൾക്ക് മുമ്പ് ഞാനൊരു യുവാവിനെ കണ്ടു. അവൻ പറയുന്നു. ഞാനെപ്പോഴും ഭയപ്പെട്ടുകൊണ്ട് കഴിയുന്നു. ഡിപ്രഷൻ രോഗിയാണ്, മാനസിക രോഗിയായി ത്തീർന്നിരിക്കുകയാണ്. കാരണം എന്റെ പിതാവ് എന്നെ എപ്പോഴും അടിച്ചുകൊ ണ്ടിരിക്കുന്നു. അയാളോട് ആരോ ചോദിച്ചു, എന്തിനാണ് ഇങ്ങനെ അകാര ണമായി അടിക്കുന്നത്. അപ്പോൾ പറയു ന്നു. കുട്ടികളിൽ ഭയമുണ്ടാക്കാൻ ഇത് അത്യാവശ്യമാണ്. ഇതാണ് ചില മാതാ പിതാക്കളുടെ അവസ്ഥ.

അയൽവാസികളോടുള്ള സൽപെരു മാറ്റത്തിനെ സംബന്ധിച്ച് ഖുർആനിൽ കൽപനയുണ്ടെങ്കിൽ അതിന്റെ ഉന്നതമാ തൃകയും നബി (സ) നിലനാട്ടി. വീണ്ടും വീണ്ടും തന്നിൽ വിശ്വസിക്കുന്നവരെ ഉപ ദേശിച്ചുകൊണ്ടിരുന്നു. ഒരിക്കൽ നബി (സ) സന്നിഹിതനായിരുന്നു. പറഞ്ഞു. അല്ലാഹുവാണെ സത്യം, അവൻ ഒരി ക്കലും വിശ്വാസിയല്ല, അവൻ ഒരിക്കലും വിശ്വാസിയല്ല, അവൻ ഒരിക്കലും വിശ്വാ സിയല്ല. സഹാബിക്കൾ ചോദിച്ചു. അല്ലാ ഹുവിന്റെ ദൂതരെ, ആരാണ് വിശ്വാസിയ ല്ലാത്തത്? പറഞ്ഞു. ആരുടെ ഉപദ്രവ ത്തിൽ നിന്നും മോശമായ പെരുമാറ്റ ത്തിൽ നിന്നും അയൽവാസി സുരക്ഷി തനല്ലായോ അവൻ വിശ്വാസിയല്ല.

ചുരുക്കത്തിൽ ചില കാര്യങ്ങളെക്കു റിച്ചാണ് ഞാൻ പരാമർശിച്ചത്. ബന്ധുക്ക ളോടുള്ള സൽപെരുമാറ്റത്തെക്കുറിച്ചാ ണെങ്കിലും, പരസ്പര സഹകരണ ത്തിന്റെ കാര്യത്തിലാണെങ്കിലും, അല്ലെ ങ്കിൽ കണ്ടില്ലെന്ന് നടിക്കേണ്ട കാര്യത്തി ലാണെങ്കിലും, അല്ലെങ്കിൽ അന്യരുടെ സ്ഥിതികൾ ചുഴിഞ്ഞന്വേഷിക്കുന്നതിൽ നിന്ന് രക്ഷപ്പെടേണ്ട കാര്യത്തിലാണെ ങ്കിലും, സദ്ഭാവനയുടെ കാര്യത്തിലാണെ ങ്കിലും, അല്ലെങ്കിൽ ഏത് ഉന്നത ധാർമ്മിക ഗുണമാണെങ്കിലും നബി (സ) യുടെ മാതൃകയും ഉപദേശങ്ങളും നമുക്ക് എല്ലായിടത്തും ലഭിക്കുന്നു.

(വിവർത്തനം: ടി. എം. അബ്ദുൽ മുജീബ്, കാക്കനാട്)



# റസൂൽ തിരുമേനി (സ): അതുല്യ ജീവിതം

എ. ജി. സൂഫി

സകല ജീവിത സന്ദർഭങ്ങളിലും ധാർമികതയുടെ പരമ മാതൃകയായിരുന്നു റസൂൽ തിരുമേനി(സ). കാരുണ്യ സാഗരമായിരുന്ന അവിടുത്തെ അതുല്യമായ അദ്ധ്യാത്മിക കാന്തിയായിരുന്നു ജനഹൃദയങ്ങളെ കീഴടക്കിയത്.

**ഇ**സ്ലാം മതസ്ഥാപകനായ റസൂൽ (സ)തിരുമേനി ദിവംഗതനാകുമ്പോൾ അവിടുത്തെ പ്രായം 63 വയസ്സായിരുന്നു. നാൽപ്പതാമത്തെ വയസ്സിൽ പ്രവാചക നായി തെരഞ്ഞെടുക്കപ്പെട്ട അവിടുത്തെ ജീവിതം സംപൂർണമായും ദൈവിക ദൗത്യ പ്രേഷണത്തിനാണ് സമർപ്പിക്ക പ്പെട്ടത്. ദരിദ്രാവസ്ഥയിൽ ഒരനാഥ ബാലനായി ജനിച്ച റസൂൽ തിരുമേനി (സ) സർവാധികാരങ്ങളാലും വിഭൂഷിത നായ രാജാവായിട്ടായിരുന്നു ദിവം ഗതനായത്. പക്ഷേ അവിടുന്ന് യാതൊരു സമ്പത്തും അനന്തര സ്വത്തായി അവശേ ഷിപ്പിരുന്നില്ല. ജീവിതത്തിലൊരിക്കലും അവിടുന്ന് വയർ നിറയെ ആഹാരം കഴിച്ചിരുന്നില്ല. ഒരു സന്ദർഭത്തിൽ പോലും വിലകൂടിയ വസ്ത്രങ്ങൾ ധരി ച്ചിരുന്നില്ല. അവിടുത്തെ വസതി ദൈവ ത്തിന്റെ ആരാധനാലയമായിരുന്നു. ചളിക്കട്ട കൊണ്ട് നിർമിച്ച ആ ചെറ്റക്കു ടിലിലെ ചെളികൊണ്ടു മെഴുകിയ തറ യായിരുന്നു അവിടുത്തെ രാജധാനിയും സിംഹാസനവും. അവിടുത്തെ ശയ്യ വൈക്കോൽ കൊണ്ടുണ്ടാക്കിയതായി രുന്നു. തലയിണയാകട്ടെ തന്റെ തന്നെ കൈവെള്ളയും. പ്രവാചക ഗൃഹത്തിലെ അടുക്കളയിൽ നിന്നും മാസങ്ങളോളം പുക ഉയർന്നില്ല. കാരണം അവിടെ യാതൊന്നും പാചകം ചെയ്യാനുണ്ടാ കുമായിരുന്നില്ല. ആ പരിശുദ്ധ കുടുംബം അൽപ്പം കാരക്കയും ആട്ടിൻ പാലും കൊണ്ട് ജീവിച്ചു പോന്നു. അതും ഇല്ലാ ത്തപ്പോൾ മുഴുപ്പട്ടിണിയും. അവിടുത്തെ പത്നിമാർക്ക് വീട്ടു വേലക്കാരില്ലാ യിരുന്നു. ഏറ്റവും വിലകുറഞ്ഞതായിരു ന്നു അവർ ധരിച്ച വസ്ത്രങ്ങൾ. സേവ കരോ, പട്ടും പണ്ടങ്ങളോ അവർക്കില്ലാ യിരുന്നു. അവരുടെ വസ്ത്രങ്ങൾ അവരു ടെ പരിമിത വിഭവത്തിനനുസൃത മാം വിധം വളരെ ലളിതമായിരുന്നു. പ്രവാച കൻ ഒരിക്കലും സ്വർണമോ വെള്ളിയോ സൂക്ഷിച്ചിരുന്നില്ല. തനിക്ക് ലഭിച്ചതെല്ലാം പാവങ്ങൾക്ക് അദ്ദേഹം ദാനം നൽകി. അവിടുന്ന് ദിവംഗതനാകുമ്പോൾ കുറച്ച് ബാർലി ധാന്യം ഒഴികെ അദ്ദേഹത്തിന്റെ വീട്ടിൽ മറ്റൊന്നും ഉണ്ടായിരുന്നില്ല.

പ്രവാചകൻ മദ്ധ്യനിലയിൽ ഉയരമു ള്ളയാളായിരുന്നു. അവിടുത്തേത് ഉറച്ച ശരീരവും സുന്ദരമായ വദനവും ഉയർന്ന വീതിയേറിയ നെറ്റിത്തടവുമായിരുന്നു. ഒഴുകി താഴേക്ക് നീണ്ടുനിൽക്കുന്ന മുടി യും നീണ്ട മൂക്കും അതീവ കാന്തിയുള്ള കറുത്ത കണ്ണുകളും നീണ്ട കൺപുരിക ങ്ങളുമായിരുന്നു അദ്ദേഹത്തിന്റേത്. നടത്തത്തിൽ വേഗതയും സംസാര ത്തിൽ സാവകാശവുമായിരുന്നു പ്രവാച കനുണ്ടായിരുന്നത്. ഒരാളെ കണ്ടാൽ അയാളെ ആദ്യം അഭിസംബോധന ചെയ്യുന്നത് അവിടുന്നായിരിക്കും. സ്നേഹിതന്മാരേയും അപരിചിതരേയും ചെറു പുഞ്ചിരിയോടെയാണ് അദ്ദേഹം സ്വീകരിക്കുക. അന്യരെ ക്ഷമാപൂർവം കേൾക്കും. ആരെങ്കിലും സഹായത്തി നായി സമീപിച്ചാൽ ഒരിക്കലും മുഖം തിരിക്കാറില്ലായിരുന്നു. ആരെങ്കിലും ഹസ്തദാനം ചെയ്താൽ ആദ്യം കൈ പിൻവലിക്കുന്നയാൾ അവിടുന്നായി രിക്കില്ല. അവിടുത്തെ സ്വഭാവം വളരെ ലളിതവും പെരുമാറ്റം അതീവ ഹൃദ്യവുമാ യിരുന്നു. സദാസമയവും മാപ്പ് നൽകാൻ സന്നദ്ധമായിരുന്നു അദ്ദേഹം. ശിക്ഷി ക്കുന്നത് മാപ്പു കൊടുക്കുന്നതിനേക്കാൾ നല്ലതാണെന്ന് കണ്ടെങ്കിൽ മാത്രമേ അദ്ദേഹം ശിക്ഷിക്കാനൊരുങ്ങാറുള്ളൂ. പൊറുത്തുകൊടുക്കാൻ വേണ്ടിയായിരു ന്നു അദ്ദേഹം സദാസമയവും നിലകൊ ണ്ടിരുന്നത്. അവിടുത്തെ ചിന്തയും വാക്കും പ്രവർത്തിയും ദൈവത്തിനു വേണ്ടിയുള്ളതായിരുന്നു. ഇതല്ലാതെ ജീവിതത്തിൽ അദ്ദേഹത്തിന്ന് മറ്റു യാതൊരു ലക്ഷ്യവും ഇല്ലായിരുന്നു. ദൈവത്തിന്റെ തൃപ്തി മാത്രമേ അദ്ദേഹം കാംക്ഷിച്ചുള്ളൂ. ഹുദൈബിയായിൽ സമാധാനക്കരാറിൽ പ്രവാചകൻ ഒപ്പ് വെച്ചത് ദൈവപ്രീതിക്ക് വേണ്ടിയായി രുന്നു. കരാറിലെ വ്യവസ്ഥകൾ അദ്ദേഹ ത്തിന്റെ ചില അനുചരന്മാർക്ക് അസഹ നീയവും കഠിനവുമായിരുന്നിട്ടുകൂടി ദൈവത്തിനു വേണ്ടി അദ്ദേഹം അതിൽ ഉറച്ചുനിന്നു. മക്കയിലേക്ക് പതിനായി

രത്തോളം അനുചരന്മാരോടൊപ്പം വിജയശ്രീലാളിതനായി അദ്ദേഹം വന്നു. മുമ്പ് മക്ക അവിടുത്തോട് വളരെ ക്രൂരമായിട്ടായിരുന്നു പെരുമാറിയത്. അവസാനം മക്കാ പട്ടണം റസൂൽ തിരുമേനി(സ)യുടെ മുന്നിൽ കീഴടങ്ങി. മക്കക്കാർ അദ്ദേഹത്തോട് കരുണക്ക് വേണ്ടി യാചിച്ചു. കാരുണ്യ സാഗരമായിരുന്ന അവിടുന്ന് മക്കക്ക് മാപ്പ് നൽകാൻ എന്നോ സന്നദ്ധനായിരുന്നു. ദൈവത്തിന്റെ അഭീഷ്ടവും അതായിരുന്നു. മക്കക്കാർ തന്റെ അനുചരന്മാരിൽ ചിലരെ അതിഭീകരമായി ഭേദ്യം ചെയ്തത് അവിടുത്തേക്ക് നല്ലത്പോലെ അറിയാമായിരുന്നു. ആഫ്രിക്കക്കാരനായ ബിലാൽ അവരിലൊരാളായിരുന്നു. ബിലാലി(റ) നോട് ക്രൂരമായിട്ടായിരുന്നു മക്കക്കാർ പെരുമാറിയത്. ജ്ഞാനിയായ പ്രവാചകൻ ആ ബിലാലി (റ) നെയായിരുന്നു ഇസ്‌ലാമിന്റെ സമാധാനത്തിന്റെ പതാക വഹിക്കാൻ തെരഞ്ഞെടുത്തത്.

അബൂജഹലിന്റെ പുത്രനായ ഇക്‌രിമ ഇസ്‌ലാമിന്റെ കഠിന ശത്രുവായിരുന്നു. അദ്ദേഹം മക്കയിൽ നിന്നും രക്ഷപ്പെട്ട് അബിസീനിയായിലേക്ക് യാത്രചെയ്യാനുള്ള തത്രപ്പാടിലായിരുന്നു. ഇക്‌രിമയുടെ ഭാര്യയാകട്ടെ മനസ്സുകൊണ്ട് മുസ്‌ലിമായിരുന്നു. അവർ പ്രവാചകനോട് ചോദിച്ചു: 'അല്ലയോ റസൂൽ തിരുമേനി(സ) ഇക്‌രിമക്ക് അങ്ങ് മാപ്പ് കൊടുക്കില്ലേ? അതെ എന്ന് അവിടുന്ന് പ്രതിവചിച്ചു. തുടർന്ന് അവർ ചോദിച്ചു അമുസ്‌ലിമായിക്കൊണ്ട് മക്കയിൽ ജീവിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു. താങ്കൾ അതനുവദിക്കില്ലേ? അതെ, അദ്ദേഹത്തിന് അതിന് അനുവാദമുണ്ടായിരിക്കും. അനന്തരം അവർ തന്റെ ഭർത്താവിന്നടുത്തേക്ക് ഓടിപ്പോയി. പ്രവാചകൻ തന്നെ പറ്റി പറഞ്ഞതെല്ലാം തന്റെ ഭാര്യയിൽ നിന്നും ഗ്രഹിച്ച ഇക്‌രിമ അതെല്ലാം പ്രവാചകനിൽ നിന്നു തന്നെ കേൾക്കണമെന്ന് ആഗ്രഹിച്ചു. അങ്ങനെ അദ്ദേഹം പ്രവാചക സവിധം പൂകി. ഇക്‌രിമ പ്രവാചനോട് പറഞ്ഞു. എനിക്ക് പോലും താങ്കൾ മാപ്പരുളിയതായി എന്റെ ഭാര്യയിൽ നിന്നും ഞാൻ ഗ്രഹിച്ചു. അതെ ഇക്‌രിമ അവിടുന്ന് മൊഴിഞ്ഞു. തന്റെ മേൽമുണ്ട് ഇക്‌രിമക്ക് മുകളിൽ പിടിച്ചു കൊണ്ട് പ്രവാചകൻ പറഞ്ഞു: 'ഏതൊരുവൻ മുസ്‌ലിമായിക്കൊണ്ട് നമ്മുടെ അടുക്കൽ വരുന്നുവോ അയാൾ എന്നോടൊപ്പമായിരിക്കും എന്റെ വീട് അയാളുടെതായിരിക്കും. പ്രവാചക പുത്രി സൈനബിന്റെ മരണത്തിന് കാരണമായ ഹബ്ബാർ ഇറാനിലേക്ക് പലായനം ചെയ്യുകയായിരുന്നു. പക്ഷേ അയാൾ തിരിച്ചു വന്ന് റസൂൽ തിരുമേനി(സ)യോട് മാപ്പു ചോദിക്കുകയുണ്ടായി. അദ്ദേഹത്തിനും അവിടുന്ന് മാപ്പ് നൽകി. പ്രവാചകന്റെ പ്രിയങ്കരനായ അമ്മാവനെ വധിച്ചതിനു ശേഷം അംഗവിഛേദം നടത്തിയ അബൂസുഫ്‌യാന്റെ ഭാര്യ ഹിന്ദിനും വഹ്ശി എന്ന അടിമക്കും അവിടുന്ന് മാപ്പ് നൽകി. ശൈബ, ഹവാസിനിൽ വെച്ച് പ്രവാചകനുമായി യുദ്ധം ചെയ്ത വ്യക്തിയായിരുന്നു. മുഴുത്ത വിദ്വേഷവുമായി അദ്ദേഹം പടക്കളത്തിൽ പടവാളുമായി മുന്നേറുകയായിരുന്നു. അയാൾക്ക് ഒരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളു. പ്രവാചകനെ വധിക്കണം! ആ ശൈബയാണ് ഇപ്പോൾ പ്രവാചകനെ സമീപിക്കുന്നത് അയാൾ ഒരു ശബ്ദം കേട്ടു: 'ഓ ശൈബാ വരൂ, അരികെ വരൂ....... പവാചകന്റെ തിരുമൊഴികൾ കേട്ടപ്പോൾ അദ്ദേഹം അതനുസരിച്ചു. പ്രവാചകൻ അവിടുത്തെ തൃക്കരങ്ങൾ ശൈബയുടെ നെഞ്ചിൽ വെച്ചു. ശൈബ അപ്പോഴേക്കും ഒരു പുതിയ മനുഷ്യനായി മാറിയിരുന്നു. ശൈബക്ക് അപ്പോൾ ഒരേയൊരു ചിന്തയേ ഉണ്ടായിരുന്നുള്ളൂ തന്റെ ജീവൻ പ്രവാചകന്ന് സമർപ്പിക്കണമെന്ന്.

റസൂൽ തിരുമേനി(സ)യുടെ വിയോഗത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് അവിടുന്ന് തന്റെ അനുചരരോടായി പറഞ്ഞു:'ഞാൻ ആരോടെങ്കിലും എന്തെങ്കിലും തെറ്റ് ചെയ്തെങ്കിൽ അവർക്ക് എന്നോട് പ്രതികാരം ചോദിക്കാം.' പ്രവാചകന്റെ ഈ വചനം കേട്ടപ്പോൾ എല്ലാവരും കണ്ണീർപൊഴിച്ചു. ആ സന്ദർഭത്തിൽ ഒരു മനുഷ്യൻ മുന്നോട്ട് വന്നു അയാൾ പറഞ്ഞു: 'ഒരിക്കൽ പ്രവാചകൻ എന്നെ മുട്ടിയിട്ടുണ്ട്. പ്രവാചകൻ കടന്നുപോയപ്പോൾ അവിടുത്തെ കൈമുട്ട് എന്റെ ശരീരത്തിന്റെ ഒരു വശത്ത് മുട്ടിയിട്ടുണ്ട്'. എല്ലാവരും നിശ്ശബ്ദരായി. പ്രവാചകൻ തന്റെ പുറത്തെ ശരീരഭാഗത്തെ വസ്ത്രം നീക്കി. ഞാൻ താങ്കളെ എപ്രകാരം വേദനിപ്പിച്ചുവോ അപ്രകാരം താങ്കൾക്ക് എന്നെ വേദനിപ്പിക്കാം. ആ അനുചരൻ പ്രവാചകന്റെ നേരെ കുനിഞ്ഞു. വിവസ്ത്രമാക്കിയ പ്രവാചകന്റെ ആ ശരീര ഭാഗത്ത് ആ അനുചരൻ മുത്തമിടുകയായിരുന്നു. എല്ലാവരും അത്ഭുതപരതന്ത്രരായി. റസൂൽ തിരുമേനി(സ) തന്റെ അനുചരന്മാർ ക്കിടയിൽ ദീർഘകാലമുണ്ടാകില്ല എന്ന് അവർക്കറിയാമായിരുന്നു. അതിനാൽ തിരുമേനി(സ)യെ അഗാധമായി സ്നേഹിച്ചിരുന്ന ആ അനുചരൻ പ്രവാചകന്റെ പൂമേനിയിൽ മുത്തമിടാനുള്ള തന്റെ അഭിലാഷം ഇങ്ങനെ സാദ്ധ്യമാക്കുകയായിരുന്നു.

വാക്കുകളിലും ചിന്തകളിലും പെരുമാറ്റത്തിലും വസ്ത്രധാരണത്തിലും ശരീരത്തിലും, വീട്ടിലും പള്ളിയിലും തെരുവിലും അവിടുന്ന് ശുചിത്വം ഇഷ്ടപ്പെട്ടു. അദ്ദേഹം ഭക്ഷണത്തിന് മുമ്പും ശേഷവും കൈകഴുകി വൃത്തിയാക്കുമായിരുന്നു. പ്രാർഥനക്ക് മുമ്പും ശരീരാംഗങ്ങൾ ശുചിയാക്കുമായിരുന്നു. പ്രവാചകൻ എല്ലാവർക്കും സുഖകരമായ ഒരു സാന്നിദ്ധ്യമായിരുന്നു. ശത്രുവും മിത്രവും ഒരുപോലെ അദ്ദേഹത്തിന്റെ കാരുണ്യം അനുഭവിച്ചു. അനുചരന്മാർ , ബന്ധുക്കൾ, അയൽപക്കക്കാർ, അപരിചിതർ, തുടങ്ങി എല്ലാവരേയും പരിഗണിച്ച് കൊണ്ട് അവിടുന്ന് ഹൃദ്യമായി പെരുമാറി. തന്റെ അതിഥികളുടെ കാര്യങ്ങൾ അവിടുന്ന് നേരിട്ട് തന്നെ നോക്കി. പാവങ്ങളുടെ ആവശ്യങ്ങൾ വീഴ്ച്ച കൂടാതെ നിറവേറ്റിക്കൊടുത്തു. ഒരിക്കൽ പ്രാകൃതരായ ഒരു അറബി ഗോത്രത്തിന്റെ തലവൻ റസൂൽ തിരുമേനി(സ)യെ സന്ദർശിച്ചു. അവിടെ വലിയ ഒരു കൂട്ടം ആടുകൾ മേയുന്നുണ്ടായിരുന്നു. ആ ഗോത്രത്തലവൻ ആട്ടിൽ കൂട്ടത്തെ അല്ലാഹുവിന്റെ ദൂതന്റെ ഒരു സമ്മാനമെന്ന നിലക്ക് തനിക്ക് തരുമോ എന്ന് ആരായുകയുണ്ടായി. അദ്ദേഹത്തിന് അത് നൽകപ്പെട്ടു. അദ്ദേഹം തന്റെ ഗോത്രത്തിൽ ആട്ടിൻ പറ്റവുമായെത്തി അവരോട് പറഞ്ഞു: മുഹമ്മദിന് തന്റെ ദൈവത്തിൽ ദൃഢ ബോദ്ധ്യമുണ്ട്. അദ്ദേഹം ദാരിദ്ര്യത്തെക്കുറിച്ച് തീരെ ഭയപ്പെടുന്നില്ല. പ്രവാചകൻ തന്റെ വാക്കുകൾ പ്രാവർത്തികമാക്കുകയും കരാറുകൾ നിറവേറ്റുകയും ചെയ്തു. ഖൈബർ യുദ്ധത്തിന് ശേഷം ജൂത പ്രമാണിയുടെ ആടിനെ മേയ്ച്ചു കൊണ്ടിരുന്ന ഒരു ഇടയ ബാലൻ ഇസ്‌ലാം മതം സ്വീകരിക്കുകയുണ്ടായി. എനിക്ക് എന്റെ ജനതയിലേക്ക് തിരിച്ചു പോകാൻ സാദ്ധ്യമല്ല. എന്റെ യജമാനന്റെ ആട്ടിൻ പറ്റങ്ങളുമായി ഞാൻ എന്തു ചെയ്യാനാണ്? പ്രവാചകൻ പറഞ്ഞു: നീ ആട്ടിൻ പറ്റത്തെ ഖൈബറിന്റെ നേരെ തിരിച്ചുവിടുക. അവ അവരുടെ യജമാനന്റെയടുത്ത് എത്തിച്ചേരുന്നതാണ്.

അവിടുത്തെ ശത്രുക്കൾപ്പോലും ഉന്നതമായ അദ്ദേഹത്തിന്റെ ധർമനിഷ്ഠയെക്കുറിച്ച് സംസാരിക്കാറുണ്ടായിരുന്നു. ബൈസാന്റിയൻ ചക്രവർത്തിയായിരുന്ന ഹിർക്കലിന്ന് റസൂൽ തിരുമേനി(സ)യുടെ കത്ത് ലഭിച്ചപ്പോൾ നഗരത്തിൽ വല്ല അറബ് യാത്ര സംഘവും ഉണ്ടോ എന്ന് അദ്ദേഹം ആരാഞ്ഞു. മക്കൻ നേതാവാ

യിരുന്ന അബൂ സുഫിയാൻ അപ്പോൾ നഗരത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തെ ചക്രവർത്തി കൊട്ടാരത്തി ൽ വിളിപ്പിച്ചു. ചക്രവർത്തി ചില ചോദ്യങ്ങൾ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. ആ സംഭാഷണ ശകലം ഇപ്രകാരമായിരുന്നു.

**ഹിർക്കൽ ചക്രവർത്തി:** ഒരു പ്രവാചകനാണെന്ന് വാദിക്കുന്ന ഈ വ്യക്തിയെക്കുറിച്ച് താങ്കൾ അറിയു മോ? അയാൾ ഏത് കുടുംബത്തിൽ പെട്ടയാളാണ്.?

**അബൂ സുഫിയാൻ:** അദ്ദേഹം വളരെ കുലീനമായ ഒരു കുടുംബത്തിൽ പിറന്നയാളാണ്.

**ഹി: ചക്രവർത്തി:** ഏതെങ്കിലും അറബി ഇതിന് മുമ്പ് ഇത്തരം വാദം പുറപ്പെടുവിച്ചിട്ടുണ്ടോ?

**അ: സുഫിയാൻ:** ഇല്ല.

**ഹി: ചക്രവർത്തി:** അദ്ദേഹത്തിന്റെ പൂർവപിതാക്കളിൽ ആരെങ്കിലും രാജാക്കന്മാർ ഉണ്ടായിരുന്നോ?

**അ: സുഫിയാൻ:** ഇല്ല

**ഹി: ചക്രവർത്തി:** അദ്ദേഹത്തിന്റെ അനുയായികൾ സമ്പന്നരും ശക്തന്മാരുമാണോ?

**അ: സുഫിയാൻ:** അവരിൽ ഭൂരിപക്ഷവും ദരിദ്രരും എളിയവരുമാണ്.

**ഹി: ചക്രവർത്തി:** അവരുടെ എണ്ണം കൂടുകയാണോ കുറയുകയാണോ?

**അ: സുഫിയാൻ:** കൂടുകയാണ്.

**ഹി: ചക്രവർത്തി:** അദ്ദേഹം എപ്പോഴെങ്കിലും കരാർ ലംഘിച്ചിട്ടുണ്ടോ?

**അ: സുഫിയാൻ:** ഇല്ല ഇതേവരെ ഇല്ല.

**ഹി: ചക്രവർത്തി:** അദ്ദേഹം എന്താണ് പഠിപ്പിക്കുന്നത്?

**അ: സുഫിയാൻ:** 'നാം ഏകനായ ദൈവത്തെ മാത്രമേ ആരാധിക്കാൻ പാടുള്ളു. അവന് പങ്കാളികളെ ചേർക്കാൻ പാടില്ല. നാം സത്യമേ പറയാൻ പാടുള്ളു. തിന്മയും ദുരാചാരങ്ങളും ഉപേക്ഷിക്കുകയും മറ്റുള്ളവർക്ക് നന്മ ചെയ്യുകയും വേണം. കരാർ വാഗ്ദാനങ്ങളും കരാറുകളും പാലിക്കണം.'

അവസാനം ഹിർക്കൽ ചക്രവർത്തി പറഞ്ഞു:

ഞാൻ താങ്കളോട് ആദ്യം അദ്ദേഹത്തിന്റെ കുടുബത്തെ കുറിച്ച് ചോദിച്ചു. താങ്കൾ പറഞ്ഞു, അദ്ദേഹം ഉന്നത കുലജാതനായ ഒരു കുടുംബത്തിൽ നിന്നും വരുന്നയാളാണെന്ന്. പ്രവാചകന്മാർ എപ്പേഴും ഉന്നതകുലത്തിൽ നിന്നും വരുന്നവരാണ്. പിന്നീട് ഞാൻ ചോദിച്ചത്, അദ്ദേഹത്തിന് മുമ്പ് ആരെങ്കിലും ഇത്തരം വാദം പുറപ്പെടുവിച്ചിട്ടുണ്ടോ? എന്നാണ്?. താങ്കൾ പറഞ്ഞു.'ഇല്ല'

ഞാൻ ഈ ചോദ്യം ചോദിക്കാൻ കാരണം ആരെങ്കിലും അത്തരത്തിൽ വാദിച്ചിട്ടുണ്ടെങ്കിൽ ആ പാത അദ്ദേഹം പിന്തുടരുന്നതാകാം. അദ്ദേഹം എപ്പോഴെങ്കിലും കളവ് പറയുകയു ണ്ടായിട്ടുണ്ടോ? എന്ന് ഞാൻ ആരായുകയുണ്ടായി. താങ്കൾ പറഞ്ഞു: 'ഒരിക്കലുമില്ല' എന്ന്. മനുഷ്യനോട് കളവ് പറയാത്തവൻ ദൈവത്തിന്റെ പേരിൽ കളവ് പറയില്ല എന്ന് എനിക്കുറപ്പാണ്. താങ്കളോട് ചോദിച്ചു അദ്ദേഹത്തിന്റെ പൂർവപിതാക്കന്മാരിലാരിലെങ്കിലും രാജാക്കന്മാർ ഉണ്ടായിരുന്നോ എന്ന്. താങ്കൾ പറഞ്ഞു.'ഇല്ല'

ഇതിൽ നിന്നും ഞാൻ മനസ്സിലാക്കിയത് പൂർവികമായ എന്തെങ്കിലും സാമ്രാജ്യം വീണ്ടെടുക്കാനുള്ള ശ്രമമല്ല അദ്ദേഹം നടത്തുന്നതെന്നാണ്. ഞാൻ പിന്നീട് ചോദിച്ചത് അദ്ദേഹത്തിന്റെ അനുയായികൾ സമ്പന്നരും ശക്തരുമാണോ എന്നായിരുന്നു. താങ്കൾ പറഞ്ഞു അവരിൽ മിക്കപേരും പാവങ്ങളും എളിയ വരുമാണെന്ന്. പ്രവാചകന്മാരുടെ അനുയായികൾ മിക്കപ്പോഴും അങ്ങനെ തന്നെയാണ്. ഞാൻ പിന്നീട് ചോദിച്ചത് അദ്ദേഹത്തിന്റെ അനുയായികൾ കൂടുകയാണോ കുറയുകയാണോ ചെയ്യുന്നത്? താങ്കൾ പറഞ്ഞു: 'അവർ വർദ്ധിക്കുകയാണെന്ന്'. പ്രവാചകന്മാരുടെ അനുയായി കൾ എപ്പോഴും വർദ്ധിക്കുകയാണ് ചെയ്യുക. ഞാൻ ചോദിച്ചു അദ്ദേഹം എപ്പോഴെങ്കിലും കളവ് പറഞ്ഞിരുന്നുവോ? എന്ന്. തങ്കൾ പറഞ്ഞു: 'ഇല്ല' എന്ന്. ഇതാണ് സച്ചരിതരുടെ മാർഗം. അദ്ദേഹം ഒരു സത്യപ്രവാചകനാണെന്നാണ് ഇതെല്ലാം കാണിക്കുന്നത്. നമ്മുടെ ഈ കാല ഘട്ടത്തിൽ തന്നെയാണദ്ദേഹം അവതരി ക്കുന്നതെന്ന് ഞാനും പാതി പ്രതീക്ഷിച്ചിരുന്നു. പക്ഷേ അദ്ദേഹം ഒരറബിയായിരിക്കുമെന്ന് ഞാൻ നിനച്ചിരുന്നില്ല. താങ്കൾ പറഞ്ഞത് ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ സാമ്രാജ്യം ഈ രാജ്യത്തും വികസിക്കും.

പ്രവാചകൻ ദൈവത്തെമാത്രമാണ് ഭയപ്പെട്ടിരുന്നത്. അവനിൽ മാത്രമാണ് അവിടുന്ന് വിശ്വാസമർപ്പിച്ചത്. അവിടുത്തെ ദൗത്യത്തിൽ അദ്ദേഹത്തിന് പൂർണ വിശ്വാസമായിരുന്നു. അതിന്റെ സമ്പൂർണ വിജയത്തിൽ ആവേശം കൊണ്ടു. അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും ഓരോ മണിക്കൂറും ഓരോ ദിവസവും ദൈവത്തെയാണ് അവിടുന്ന് മനസ്സിൽ ധ്യാനിച്ചത്. നിന്നും നടന്നും കിടന്നും അദ്ദേഹം അവനെ ആരാധിച്ചു. ഉറങ്ങാൻ കിടക്കുന്നതിന് മുമ്പും, നടക്കുമ്പോഴും ഭക്ഷണം കഴിക്കുന്നതിന്ന് മുമ്പും പിമ്പും വീട്ടിലും പള്ളിയിലും പ്രവേശിക്കുമ്പോഴും വീട്ടിൽ നിന്നിറങ്ങുമ്പോഴും, സ്നേഹിതന്മാരെ കണ്ടു മുട്ടുമ്പോഴും, വേർപിരിയുമ്പോഴും, സദ്വാർത്തകൾ കേൾക്കുമ്പോഴും പുതു വസ്ത്രങ്ങൾ ധരിക്കുമ്പോഴും പ്രകൃതിയുടെ വിളിക്ക് ഉത്തരം നൽകാൻ പോകുമ്പോഴും അത് കഴിഞ്ഞതിന് ശേഷവും ചുരുക്കത്തിൽ ജീവിതത്തിന്റെ സമസ്ത സന്ദർഭങ്ങളിലും പ്രത്യേകമായും സ്ഥിരമായും സുദീർഘമായി അദ്ദേഹം പ്രാർഥിച്ചു. അവിടുന്ന് ദൈവത്തോട് പ്രാർഥിച്ചു. ചിലപ്പോൾ രാത്രി മുഴുവൻ അദ്ദേഹം പ്രാർഥനയിൽമുഴുകി. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ദൈവത്തോടുള്ള പ്രാർഥനയായിരുന്നു. പ്രവാചകൻ അല്ലാഹുവിനെയല്ലാതെ മറ്റൊരാളേയും ഭയപ്പെട്ടില്ല. ഹവാസിൽ യുദ്ധക്കളത്തിൽ മുസ്‌ലിം സൈന്യം ചിതറിയോടി. പ്രവാചകൻ തന്റെ ഏതാനും അനുചരന്മാരോപ്പം യുദ്ധക്കളത്തിൽ നിലയുറപ്പിച്ചു. ശത്രുക്കൾ ഇരുവശത്ത് നിന്നും അമ്പുകൾ എയ്തുകൊണ്ടിരുന്നു. അബൂബക്കറിനോട് തന്റെ കോവർകഴുതയെ മാത്രം വിടുവാൻ പ്രവാചകൻ നിർദേശിച്ചു. കുതിമുള്ളടിച്ചു കൊണ്ട് ആ മൃഗത്തെ പ്രവാചകൻ മുന്നോട്ട് നയിച്ചു. എന്നിട്ടു പറഞ്ഞു: 'ഞാൻ പ്രവാചകനാണ്. ഞാൻ കള്ളനല്ല. ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനാണ്.

ഒരിക്കൽ മദീനയിൽ മുസ്‌ലിംകൾ വമ്പിച്ച ഒരാക്രമണത്തിന്റെ ഭീതിയിലായിരുന്നു. രാത്രി മുഴുവൻ അവർ ഉറക്കൊഴിച്ചു കാത്തിരുന്നു. ഒരിക്കൽ മുന്നറിയിപ്പു നൽകുന്ന അപായ വെളിച്ചം പ്രത്യക്ഷപ്പെട്ടു. ഒരു സം ഘം ആളുകൾ ആ വെളിച്ചത്തിന്റെ കാരണം അന്വേഷിക്കാൻ അവിടെ എത്തി. പെട്ടെന്ന് തന്നെ ഒരാൾ കുതിരപ്പുറത്ത് വരുന്നതായി ക്കണ്ടു. അത് പ്രവാചകനായിരുന്നു. അവിടുന്ന് പറഞ്ഞു: 'പേടിക്കാനൊന്നുമില്ല' അപായത്തിന്റെ സൂചന ലഭിച്ചപ്പോൾ ആ ദിശയിലേക്ക് ഉടൻ തന്നെ ഒറ്റക്ക് കുതിരപ്പുറത്ത് ആദ്യം എത്തിയത് റസൂൽ തിരു മേനിയായിരുന്നു. പാവങ്ങളോട് വളരെ ഹൃദയാലുവായിരുന്നു റസൂലുള്ള. സമ്പന്നരേയും അദ്ദേഹം പരിഗണിക്കാതിരുന്നില്ല. പക്ഷേ അവരുടെ സമ്പത്തിൽ പാവങ്ങൾക്ക് അവരുടെതായ പങ്കുണ്ടെന്ന് എപ്പോഴും അവരെ ഓർമപ്പെടുത്തിക്കൊണ്ടിരുന്നു. പണക്കാർ പണക്കാരായിരിക്കുന്നത് പാവങ്ങൾ കാരണമാണെന്നും അവിടുന്ന് ഓർമ

പ്പെടുത്താറുണ്ടായിരുന്നു. അദ്ദേഹത്തിന്ന് ലഭിച്ച സ്വർണമോ വെള്ളിയോ യാതൊന്നും തന്നെ അവിടുന്ന് വീട്ടിലേക്ക് കൊണ്ടു പോകുമായിരുന്നില്ല. ആരെങ്കിലും എന്തെങ്കിലും അവിടുത്തേക്ക് നൽകുകയാണെങ്കിൽ അദ്ദേഹം ഉടൻ തന്നെ അത് പാവങ്ങൾക്ക് വിതരണം ചെയ്യുമായിരുന്നു. ഒരിക്കൽ ഒരു ഗോത്ര ജനത മദീനയിലെത്തി. അവർ വളരെ ദരിദ്രരായിരുന്നു. പട്ടിണിയുടെ കാഠിന്യത്താൽ അവരുടെ മുഖം കരുവാളിച്ചിരുന്നു. ദൈന്യതയും ദാരിദ്ര്യവും അവരുടെ മുഖങ്ങളിൽ പ്രകടമായിരുന്നു. അവിടുന്ന് ആ ജനതയെ കണ്ടപ്പോൾ അത്യധികം ദുഃഖിതനായി. അവിടുന്ന് മുസ്‌ലിം കളെയെല്ലാം പള്ളിയിൽ വിളിച്ചു കൂട്ടി. കൈയിലുള്ളതെല്ലാം കൊണ്ടു വരുവാൻ കൽപ്പിച്ചു. വസ്ത്രങ്ങൾ, ധാന്യങ്ങൾ, ഈത്തപ്പഴം മുതലായ എന്തു തന്നെയായാലും കയ്യിലുള്ളതെല്ലാം കൊണ്ടു വരുവാൻ പറഞ്ഞു. തുണിത്ത രങ്ങൾ കരുതിവച്ച ധാന്യങ്ങൾ അങ്ങനെ പല വസ്തുക്കളും കൊണ്ടു വന്നു. അതിലൊരു അനുചരൻ വലിയ ഒരു ഭാണ്ഡത്തിൽ നിറയെ സ്വർണ നാണയങ്ങൾ കൊണ്ടുവന്നു. അവിടത്തെ മുമ്പിൽ അതെല്ലാം കൂട്ടിയിട്ടു. അവിടുത്തെ മുഖം ചന്ദ്രനെപോലെ സന്തോഷം കൊണ്ട് വെട്ടിത്തിളങ്ങി. ആ കൂമ്പാരങ്ങളെല്ലാം പാവങ്ങൾക്ക് അദ്ദേഹം ഒരു തരി പോലും ശേഷിക്കാത്ത വിധം വിതരണം ചെയ്തു.

പരസ്പരം സ്നേഹിക്കാൻ അവിടുന്ന് മുസ്‌ലിംകളോട് എപ്പോഴും ഉപദേശിച്ചു കൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'ഏതൊരുവനും താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടിയും ഇഷ്ടപ്പെടണം.'

ഇതായിരുന്നു ഇക്കാര്യത്തിലുള്ള അദ്ദേഹത്തിന്റെ ഒരു നിർദ്ദേശം.

സൂക്ഷിക്കുക ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമുമായി യുദ്ധം ചെയ്യുക എന്നത് കുഫ്റാണ്. (സത്യനിഷേധം). അവനെ ചീത്തവിളിക്കൽ പാപമാണ്. മൂന്ന് ദിവസത്തിലധികം ഒരു മുസ്‌ലിം മറ്റൊരു മു സ്‌ലിമിനോട് മിണ്ടാതിരിക്കുന്നത് അനുവദനീയമല്ല. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനെ കണ്ടാൽ സലാം ചൊല്ലി ഹസ്തദാനം ചെയ്യണമെന്നും ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന് ഉപഹാരങ്ങൾ നൽകണമെന്നും ഭക്ഷണത്തിന് ക്ഷണിക്കണമെന്നും രോഗിയായാൽ സന്ദർശിക്കണമെന്നും മരിച്ചാൽ മൃതദേഹ സംസ്കരണത്തിൽ സഹകരിക്കണമെന്നും റസൂൽ തിരുമേനി(അ) ഉപദേശിക്കുകയുണ്ടയി. മാത്രമല്ല മനുഷ്യവംശത്തിന്റെ ശ്രേയസ്സിന് വേണ്ടി തന്റെ ശത്രുവിനോട് പോലും നീതിയോട് കൂടി പെരുമാറണം. തന്റെ ഏറ്റവുമടുത്ത ബന്ധുവിനെതിരായാൽ പോലും സത്യം പറയണം, സമൂഹത്തിൽ ശാന്തി പരത്തണം, പാവങ്ങളുടെ പട്ടിണി അകറ്റണം. പരസ്യമായി നിയമം ലംഘിക്കുന്നവനൊഴികെ അവിടുന്ന് ഒരിക്കലും ആരോടും കഠിനമായി പെരുമാറിയിരുന്നില്ല. പാവങ്ങളോടും ദരിദ്രരോടും അവിടുത്തെ ഹൃദയം എപ്പോഴും കരുണാർദ്രമായിരുന്നു. ഒരു ക്ഷാമകാലത്ത് ഇബാദുബ്നു ശർജിൽ എന്നയാൾ ഒരാളുടെ തോട്ടത്തിൽ നിന്നും ഒരു പഴം പറിച്ചു. തോട്ട മുടമ അയാളെ പിടികൂടി മർദിച്ചു. അവനെ വിവസ്ത്രനാക്കി. അവർ ഇരുവരും പ്രവാചകനു മുമ്പിൽ ഹാജരാക്കപ്പെട്ടു.അദ്ദേഹം തോട്ടക്കാരനോട് പറഞ്ഞു: ഈ മനുഷ്യൻ അറിവില്ലാത്തവനാണ്. താങ്കൾ അദ്ദേഹത്തിന് നല്ല പെരുമാറ്റം പഠിപ്പിക്കണം. അദ്ദേഹം വളരെ വിശന്നിട്ടുണ്ട്. താങ്കൾ അദ്ദേഹത്തിന്റെ വിശപ്പടക്കണം. അതിന് ശേഷം തോട്ടമുടമ അയാളുടെ വസ്ത്രം തിരിച്ചു നൽകുകയും നഷ്ടപരിഹാരമായി അയാൾക്ക് ഒരളവ് ധാന്യം നൽകുകയും ചെയ്തു. എന്നാൽ പണക്കാരായ കുറ്റവാളികളോട് അവിടുന്ന് ഒരിക്കലും വിട്ട്‌വീഴ്ച്ച കാട്ടിയിരുന്നില്ല. ഒരിക്കൽ ധനികരും ശക്തരുമായ ഒരു ഗോത്രത്തിലെ ഒരു സ്ത്രീ മോഷണം നടത്തി. നിയമ പ്രകാരം അവരെ ശിക്ഷിക്കാൻ അവിടുന്ന് തീരുമാനിച്ചു. ഉന്നതകുല ജാതയും സമ്പന്നയുമായ അവരെ വിട്ടയക്കണമെന്ന പലരും പ്രവാചകനോട് അഭ്യർഥിച്ചു. അവിടുന്ന് കോപാകുലനായി പ്രതികരിച്ചത് ഇപ്രകാരമായുന്നു: ഇസ്റയേലികൾ നശിപ്പിക്കപ്പെടാൻ കാരണം അവർക്കിടയിലെ പാവങ്ങൾ കുറ്റം ചെയ്താൽ അവർ ശിക്ഷിക്കപ്പെടുകയും ധനികർ കുറ്റം ചെയ്താൽ അവരെ വെറുതെ വിടുകയും ചെയ്യുന്നത് മൂലമായിരുന്നു.

നിത്യവൃത്തിക്കായി അദ്ധ്വാനിച്ച് ജീവിക്കുന്നവനെ റസൂൽ തിരുമേനി(സ) വലിയ തോതിൽ പരിഗണിച്ചിരുന്നു. ഒരാൾ തന്റെ അഭിമാനം സംരക്ഷിക്കാൻ വിറക് പുറത്ത് ചുമന്ന് കൊണ്ട് അങ്ങാടിയിൽ കൊണ്ട് പോയി വിറ്റ് ഉപജീവനം നടത്തുന്നതാണ് യാചനയേക്കാൾ ഉത്തമം. പ്രവാചകൻ ഒരിക്കലും താൻ മറ്റുള്ളവനേക്കാൾ ഉന്നതനാണെന്ന് സ്വയം ഭാവിച്ചിരുന്നില്ല. യുദ്ധ സമയത്തു സമാധാന കാലത്തും അവിടുന്ന് ഒരു സാധാരണക്കാരനെ പോലെയോ അവരിലൊരാളെ പോലെയോ പ്രവർത്തിച്ചു. അദ്ദേഹത്തിന് ഇരിക്കാൻ പ്രത്യേക ഇരിപ്പിടം ഒരുക്കിയിരുന്നില്ല. അവരിലൊരാളെ പോലെയായിരുന്നു അവിടുന്ന് അവർക്കിടയിൽ ഇരുന്നിരുന്നത്. തന്റെ അനുയായികൾക്കിടയിൽ റസൂൽ തിരുമേനി(സ) ഇരിക്കുമ്പോൾ ഒരിക്കലും ഒരു അപരിചിതന് അദ്ദേഹത്തെ തിരിച്ചറിയാൻ സാധിക്കുമായിരുന്നില്ല. അവർക്കിടയിലെ നേതാവിനെ തിരിച്ചറിയാൻ കഴിയാത്തവിധം അവർക്കിടയിൽ സാധാരണക്കാരനായി അവിടുന്ന് പെരുമാറി. ഒരിക്കൽ ഒരു യാത്രയിൽ അവിടുത്തെ അനുചരന്മാർക്കിടയിൽ ഓരോ പ്രവർത്തികൾ വീതിക്കപ്പെട്ടു. പ്രവാചകന് ലഭിച്ച ജോലി പാചകത്തിന് വേണ്ടി വിറക് ശേഖരിക്കുക എന്നതായിരുന്നു. അനുചരമാർ അദ്ദേഹത്തെകൊണ്ട് ആ പ്രവർത്തി ചെയ്യാൻ അനുവദിച്ചില്ല. അവർ പറഞ്ഞു ആ പ്രവർത്തിയെല്ലാം ഞങ്ങൾ ചെയ്യാം അങ്ങ് വിശ്രമിക്കൂ. അവിടുന്ന് പ്രതിവചിച്ചു: ഞാൻ ഒരിക്കലും ഒരു പ്രത്യേക പരിഗണന ഇഷ്ടപ്പെടുന്നില്ല. തന്നോടൊപ്പമുള്ളവരെക്കാൾ വലിയവനാണെന്ന് കരുതുന്നയാളെ ദൈവം ഇഷ്ടപ്പെട്ടില്ല. ബദർയുദ്ധ വേളയിൽ മുസ്‌ലിംകളുടെ യുദ്ധസാമഗ്രികൾ തുലോം പരിമിതമായിരുന്നു. മൂന്നുപേർ ഊഴം വെച്ചായിരുന്നു ഒട്ടകപ്പുറത്ത് സഞ്ചരിച്ചിരുന്നത്. തങ്ങളുടെ എല്ലാമായ റസൂൽ തിരുമേനി (സ) ഒട്ടകപ്പുറത്ത് സവാരി ചെയ്യണമെന്നും ഞങ്ങൾ നടക്കാമെന്നും അനുചരന്മാർ നിർബന്ധിച്ചു. പ്രവാചകൻ പറഞ്ഞു: 'നിങ്ങൾക്ക് എന്നെക്കാൾ വേഗത്തിൽ നടക്കാൻ സാദ്ധ്യമല്ല. അല്ലാഹുവിന്റെ പക്കൽനിന്നും നിങ്ങളേക്കാൾ പ്രതിഫലം കിട്ടാൻ കൊതിക്കുന്നയാളാണ് ഞാൻ'

അവിടുന്ന് വീട്ടു ജോലികളിൽ ഭാര്യമാരെ സഹായിക്കുമായിരുന്നു. ആയിശ (റ) പറയുന്നു: ഗൃഹ ജോലികളിൽ അവിടുന്ന് പങ്കെടുക്കുമായിരുന്നു. കീറിയ വസ്ത്രങ്ങൾ അദ്ദേഹം തന്നെ സ്വന്തം കൈ കൊണ്ട് തുന്നുകയും നിലം അടിച്ചുവാരി വൃത്തിയാക്കുകയും ചെയ്യുമായിരുന്നു. ആടിന്റെ പാൽ കറക്കുകയും അങ്ങാടിയിൽ നിന്നും സാധനങ്ങൾ വാങ്ങി വരികയും ചെരുപ്പ് തുന്നുകയും, തൊട്ടി നന്നാക്കുകയും ഒട്ടകത്തെ പരിപാലിക്കുകയും അതിന് തീറ്റകുഴക്കുകയും ചെയ്യുമായിരുന്നു. മദീനയിലെ ഏതൊരു അടിമ സ്ത്രീക്കും അദ്ദേഹത്തെ സഹായത്തിന്നായി വിളിക്കാമായിരുന്നു. ഏറ്റവും താഴെക്കിടയിലുള്ളവർ വിളിച്ചാലും ഏപ്പോഴും

അയാളെ സഹായിക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു. റസൂൽ തിരുമേനി (സ)യെ ചെറുപ്പം മുതൽക്കേ അറിയുമായിരുന്ന ഹിന്ദ് ഇബ്നുഹാല പറയുന്നു: അവിടുന്ന് വളരെ മൃദുല ചിത്തനായിരുന്നു. ഒരിക്കലും കഠിനമായി പെരുമാറിയിരുന്നില്ല. അവിടന്ന് ആരേയും അപമാനി ച്ചില്ല. ചെറിയ ഉപകാരത്തിന് പോലും വളരെയേറെ നന്ദി പ്രകടിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിലുള്ള തെന്തോ അതിൽ നിന്നും അദ്ദേഹം ഭക്ഷിക്കുമായിരുന്നു. ഒന്നിനേക്കുറിച്ചും കുറ്റം പറയില്ല. സത്യത്തിനെതിരെ നിന്നെങ്കിൽ മാത്രമേ ആരോടും അവിടുന്ന് ദേഷ്യപ്പെട്ടിരുന്നുള്ളു. തന്റെ വ്യക്തി പരമായ കാര്യത്തിന് ഒരിക്കലും ആരോടും ദ്വേഷ്യപ്പെട്ടിരുന്നില്ല. അവിടുന്ന് ഒരിക്കലും ആരോടും പ്രതികാരം ചെയ്തിരുന്നില്ല.

ആയിശ (റ) പറയുന്നു: 'പ്രവാചകൻ ആരെക്കുറിച്ചും ദോഷം പറയുമായിരുന്നില്ല. അവിടുന്ന് തിന്മക്കെതിരെ ഒരിക്കലും തിന്മ ചെയ്തിരുന്നില്ല. അവിടന്ന് എപ്പോഴും മാപ്പും വിട്ടുവീഴ്ച്ചയും നൽകി. ഏതെങ്കിലും തിരെഞ്ഞെടുക്കേണ്ട സന്ദർഭം വന്നാൽ അത് തിന്മയല്ലെങ്കിൽ അവിടന്ന് ഏറ്റവും എളുപ്പമുള്ളത് തെരഞ്ഞെടുക്കുമായിരുന്നു. അത് പാപമാണെങ്കിൽ മറ്റാരെക്കാളും അതുമായി ദൂരത്തിൽ വർത്തിക്കുന്നത് അവിടുന്നായിരിക്കും. വ്യക്തി പരമായ കാര്യത്തിന് അദ്ദേഹം ആരോടും പ്രതികാര വാഞ്ച കാണിച്ചിരുന്നില്ല. ആരെങ്കിലും നിയമം ലംഘിച്ചാൽ ദൈവത്തിന്റെ നിയമ ത്തിനനുസരിച്ച് അദ്ദേഹം വിധികൽപ്പി ക്കുമായിരുന്നു. ഒരു മുസ്ലിമിനേയും അദ്ദേഹം ശപിച്ചിട്ടില്ല. അവിടന്ന് ഒരിക്കലും ത ന്നെ ഒരു അടിമ പുരു ഷനേയോ സ്ത്രീയേയോ അദ്ദേഹത്തിന്റെ സേവകനേയോ സേവികയേയോ എന്തിനധികം ഒരു മൃഗത്തെ പോലും അടിച്ചിട്ടില്ല. അനുചിതമായ അഭ്യർഥനയൊഴികെ ആരുടെ അഭ്യർഥനയും അദ്ദേഹം നിരാകരിച്ചിട്ടില്ല. വീട്ടിൽ എപ്പോഴും പുഞ്ചിരിക്കുന്ന മുഖവുമായി ട്ടായിരിക്കും അദ്ദേഹം പ്രവേശിച്ചിരുന്നത്. അനുചരരുടെ കൂടെ ഇരിക്കുമ്പോൾ അവർക്ക് നേരെ ഒരിക്കലും കാൽ നീട്ടി വെക്കു മായിരുന്നില്ല. വളരെ സാവകാശത്തിലായിരുന്നു അവിടുന്ന് സംസാരിച്ചിരുന്നത്. ആർക്കെങ്കിലും അത് ഓർമയിൽ സൂക്ഷിച്ചുവെക്കണമെങ്കിൽ അവർക്ക് അപ്രകാരം ചെയ്യാമായിരുന്നു.

അലി (റ) റസൂൽ തിരുമേനിയെക്കുറിച്ച് പറയുന്നു: 'അവിടുന്ന് സദാ സുസ്മേരവദനനും മൃദുല ചിത്തനുമായിരുന്നു. കരുണാർദ്രനായിരുന്ന അവിടുന്ന് സങ്കുചിതമനസ്ക്കനോ കഠിന ഹൃദയ നോ ആയിരുന്നില്ല. ഒരിക്കലും അട്ടഹസിച്ചിരുന്നില്ല. കഠിന പദംപോലും ഉച്ചരിച്ചിരുന്നില്ല. ആരുടെ പ്രവർത്തികളിലും കുറ്റ മൊന്നും കണ്ടിരുന്നില്ല. ആരെക്കൊണ്ടും കഠിനമായി ജോലി ചെയ്യിച്ചിരുന്നില്ല. അദ്ദേഹത്തിന് ഇഷ്ട പ്പെടാത്ത കാര്യമാണെങ്കിൽ സൗമ്യ പൂർവം തന്റെ വിപ്രതിപത്തി പ്രകടിപ്പിക്കുമായിരുന്നു. അവിടുത്തെ നല്ലത് പോലെ അറിയുന്നവർക്ക് അദ്ദേഹത്തിന്റെ നിശ്ശബ്ദത എന്താണെന്ന റിയുമായരുന്നു. അവിടുന്ന് മൂന്ന് കാര്യങ്ങൾ സ്വയം ഇഷ്ടപ്പെട്ടിരുന്നില്ല. അനാവശ്യമായ വാദസമർത്ഥനം, വൃഥാ വർത്തമാനം, അദ്ദേഹത്തെ സംബന്ധിക്കാത്ത കാര്യങ്ങളിലുള്ള താൽപര്യം. മറ്റുള്ളവരുടെ കാര്യത്തിൽ അവിടുന്ന് മൂന്ന് കാര്യങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. അന്യരെക്കുറിച്ച് ഒരിക്കലും കുറ്റം പറഞ്ഞിരുന്നില്ല. അന്യരുടെ സ്വകാര്യ തയിലേക്ക് ചുഴിഞ്ഞുനോക്കിയിരുന്നില്ല. ഉപകാര പ്രദമായ കാര്യങ്ങൾ അവിടുന്ന് സംസാരിക്കുമായിരുന്നു. അനുചരന്മാരോട് അദ്ദേഹം സംസാരിക്കു മ്പോൾ അവർ നിശ്ശബ്ദത പാലിച്ചിരുന്നു. ഒരു പക്ഷി വന്ന് നിന്നാലെന്നപോലെ അവരുടെ ശിരസ്സുകളെല്ലാം കുനിഞ്ഞിരുന്നു. അദ്ദേഹം നിശ്ശബ്ദനായാൽ മാത്രമേ അവർ സംസാരിച്ചിരുന്നുള്ളൂ. ആരെങ്കിലും അദ്ദേഹത്തോട് സംസാരിക്കുമ്പോൾ അയാൾ സംസാരിച്ചു തീരുന്നത് വരെ അത് ശ്രദ്ധാപൂർവം കേൾക്കുമായിരുന്നു. ആളുകൾഎന്തെങ്കിലും കേട്ട് ചിരിക്കുകയാണെങ്കിൽ അദേഹം അവരുടെ കൂടെ പുഞ്ചിരിക്കുമായിരുന്നു. പുറത്ത് നിന്ന് ആരെങ്കിലും കഠിനമായി സംസാരിക്കുകയാണെങ്കിൽ അവിടുന്ന് ക്ഷമയോടെ അത് കേൾക്കുമായിരുന്നു. തന്നെ സ്തുതിച്ചു പറയുന്നത് ഒരിക്കലും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ ആരെങ്കിലും എന്തെങ്കിലും ഉപകാരം ചെയ്തതിന്റെ പേരിൽ അദ്ദേഹത്തിന് നന്ദി പറഞ്ഞെങ്കിൽ അത് ഹാർദ്ദമായി സ്വീകരിക്കുമായിരുന്നു. ആരെങ്കിലും സംസാരിക്കുമ്പോൾ അദ്ദേഹം ഒരിക്കലും ഇടക്ക് കയറി ഇടപെടാറില്ലായിരുന്നു. അദ്ദേഹം അസാമാന്യമാം വിധം വിശാല ഹൃദയനായിരുന്നു. ഏറ്റവും സത്യസന്ധനുമായിരുന്നു. അങ്ങേയറ്റം കരുണയുള്ളവനും ഏറ്റവും നല്ല സ്നേഹിതനുമായിരുന്നു.

പ്രവാചകന് ധാരാളം കുട്ടികളുണ്ടായിരുന്നു, ഫാത്തിമയൊകെയുള്ള വരെല്ലാം ചെറുപ്രായത്തിൽ തന്നെ മരിച്ചു പോയി. അവിടുത്തെ മൂത്തമകൾ സൈനബ് ഹിജറ എട്ടാം വർഷത്തിൽ മരിച്ചു. അവർ അബുൽ ആസ് ബിൻ റാബിയെ വിവാഹം കഴിച്ചു. മരിക്കുമ്പോൾ അവർക്ക് ഒരു ആൺകുട്ടിയും ഒരു പെൺ കുട്ടിയുമുണ്ടായിരുന്നു. പ്രവാചകൻ അതിരറ്റ് ആ പേരക്കുട്ടികളെ സ്നേഹിച്ചു. ഫാത്തിമ (റ)യുടെ മരണത്തിന് ശേഷം അലി(റ)യാണ് അവരെ വിവാഹം കഴിച്ചത്. റുക്കിയ്യ, ഉമ്മുകുൽസൂം എന്നീ രണ്ട് പെൺ കുട്ടികളെ ഉഥ്മാൻ (റ) ആയിരുന്നു വിവാഹം കഴിച്ചത്. ഒരാൾ മരണപെട്ടതിന് ശേഷമാണ് മറ്റൊരാളെ വിവാഹം കഴിച്ചത്. ഫാത്തിമ അലിയെ ഹിജ്റ രണ്ടാം വർഷത്തിലാണ് വിവാഹം കഴിച്ചത്. റസൂൽ തിരുമേനി(സ)യു ടെ വഫാത്തിന് ശേഷം ആറ് മാസം കഴിഞ്ഞതിന് ശേഷമാണ് ഫാത്തിമ ദിവംഗതയാവുന്നത്. ഹസ്സൻ, ഹുസൈൻ എന്നീ രണ്ട് പുത്രന്മാരും സൈനബ്, ഉമ്മുകുൽസൂം എന്നീ രണ്ട് പുത്രിമാരുമായിരുന്നു അവർക്കുണ്ടായിരുന്നത്.

പ്രവാചകൻ തന്റെ കുടുംബാംഗങ്ങളോട് വളരെ ആദരവായ്പോടെയാണ് പെരുമാറിയിരുന്നത്. അവിടുന്ന് ഒരിക്കലും തന്റെ ആദ്യ പത്നി ഖദീജയെ മറന്നിരുന്നില്ല. അവരായിരുന്നു പ്രവാചകനെ സ്വീകരിച്ച ആദ്യവ്യക്തിയും. അവിടുന്ന് സ്നേഹമുള്ള പിതാവും സ്നേഹമുള്ള ഭർത്താവുമായിരുന്നു. എല്ലാറ്റിന്നുമുപരിയായി അദ്ദേഹം അല്ലാഹുവിന്റെ സേവകനുമായിരുന്നു. എല്ലാ സ്നേഹവും അവനു വേണ്ടിയായിരുന്നു. അവന്റെ പ്രീതി കാംക്ഷിച്ചു കൊണ്ടുമായിരുന്നു. അവിടുത്തെ കുടുംബാംഗങ്ങളെല്ലാം അവിടുത്തോടൊപ്പം ആ പാത ആത്മാർഥമായി പിന്തുടർന്നു. ഈ ലോകത്തിന്റെ സുഖാഢംബരങ്ങളെല്ലാം അവർ ത്യജിച്ചു. പ്രവാചകന്റെ ജീവിതത്തിലെ എല്ലാ പ്രയാസങ്ങളിലും അവർ പങ്കു കൊണ്ടു. അവിടുന്ന് ഈ ലോകത്തോട് വിടപറയുമ്പോൾ അറേബ്യ മുഴുവൻ പ്രവാചകന് കീഴിലായിരുന്നു. അവിടുത്തെ കുടുംബത്തിന് വേണ്ടി സ്വർണമോ, സ്വത്തോ പണമോ ഒന്നും തന്നെ ബാക്കി വെച്ചിരുന്നില്ല.

ലോകത്തിന് അദ്ദേഹം നൽകിയത് മനുഷ്യ ജീവിതത്തെ ക്രമീകരിക്കുന്ന ദൈവത്തിൽ നിന്നുമുള്ള അതിമഹത്തായ രണ്ട് സമ്മാനങ്ങളാണ്. വിശുദ്ധ

തൗസീഹെ മറാം - 5
(ഉദ്ദേശ്യപ്രകടനം)

# മലക്കുകൾ മധ്യവർത്തികൾ

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**വി**ശുദ്ധഖുർആൻ നിശ്ചയിച്ചിട്ടുള്ള ഇത്തരം മധ്യവർത്തികളെ വിശ്വസിക്കുന്നതു കൊണ്ട് എന്തു സൃഷ്ടിപൂജയാണ് ഉണ്ടാകുന്നതെന്നും അല്ലാഹുവിന്റെ മഹിമാവിലാസത്തിന് എന്തു കോട്ടമാണ് സംഭവിക്കാനുള്ളതെന്നും അല്പം കണ്ണു തുറന്നു നോക്കേണ്ടതാണ്. പ്രകൃതിനിയമത്തിന്റെ ഓരോ ഏടിലും എഴുതപ്പെട്ടതായി കാണാൻ കഴിയുന്ന ദൈവജ്ഞാനത്തിന്റെ രഹസ്യങ്ങളുടേയും അതിസൂക്ഷ്മമായ യുക്തിജ്ഞാനങ്ങളുടേയും കാര്യങ്ങളാണിത്. ഈ വ്യവസ്ഥിതി അംഗികരിക്കാതെ അല്ലാഹുവിന്റെ പരിപൂർണമായ ശക്തിപ്രഭാവം സ്ഥാപിതമാകുകയില്ല. അവന്റെ ദൈവത്വം നടക്കുകയുമില്ല. ഓരോ കണവും മാലാഖയായിക്കൊണ്ട് അവന്റെ അനുസരണത്തിൽ വർത്തിക്കാത്തിടത്തോളം ഈ എല്ലാവ്യവസായശാലകളും അവന്റെ ഇഷ്ടമനുസരിച്ച് എങ്ങനെ നടക്കാനാണ്? ആരെങ്കിലും നമുക്കൊന്നു മനസ്സിലാക്കിത്തരട്ടെ. ആത്മീയമായ മലക്കുകളുടെ ആത്മീയമായ വ്യവസ്ഥിതിയാൽ അല്ലാഹുവിന്റെ പ്രതാപപരമായ മഹിമാവിലാസത്തിന് എന്തെങ്കിലും കോട്ടം തട്ടുമെന്നാണെങ്കിൽ, എന്തു കാരണത്താലാണ് ഈ മലക്കുകളുടെതന്നെ ഭൗതികമായ വ്യവസ്ഥിതി വിശ്വസിക്കുന്നതുകൊണ്ട്-അതാണെങ്കിൽ ആത്മീയമായ വ്യവസ്ഥിതി പോലെതന്നെ നിറമുൾക്കൊള്ളുന്നതും രൂപമുള്ളതുമാണ്- അല്ലാഹുവിന്റെ പരിപൂർണമായ ശക്തിപ്രഭാവത്തിന് കോട്ടം തട്ടാതിരിക്കുന്നത്? സത്യം പറഞ്ഞാൽ ആര്യസമാജക്കാർ തുടങ്ങിയ നമ്മുടെ എതിരാളികൾ അന്ധതയുടെ കടുപ്പംകൊണ്ട് അത്തരം അടിസ്ഥാന രഹിതമായ ആക്ഷേപങ്ങൾ ഉന്നയിക്കുകയാണ്. ഇതിന്റെ യഥാർഥ അടിത്തറ നിരവധി അന്യാരാധനാപരമായ മാർജിനുകളോടുകൂടി അവരുടെ വീടുകളിലുണ്ട്. അന്യായമായ കാരണങ്ങളാൽ, തങ്ങളുടെ ഉൾക്കാഴ്ചയില്ലായ്മ കൊണ്ട് മനോഹരമായൊരു സത്യത്തെ നിഷ്പ്രയോജനമായ രൂപത്തിൽ മനസ്സിലാക്കിയിരിക്കുകയാണ്.

*കാണുന്നു അവർ ന്യൂനത, കാര്യം ശ്രേഷ്ഠമാണെങ്കിലും പൊട്ടിപ്പോകുമാറാകട്ടെ തിന്മ ആഗ്രഹിക്കുന്നവൻ തൻ കണ്ണുകൾ*

ഒന്നുകൂടി ഓർമിക്കേണ്ടതായിട്ടുണ്ട്. ഇസ്ലാമിക ശരീഅത്ത് അനുസരിച്ച് പ്രത്യേകക്കാരായ മലക്കുകളുടെ പദവി പ്രത്യേകക്കാരായ മനുഷ്യരെക്കാൾ കൂടുതലല്ല. എന്നല്ല, പ്രത്യേകക്കാരായ മനുഷ്യർ പ്രത്യേകക്കാരായ മലക്കുകളെക്കാൾ ശ്രേഷ്ഠരാണ്. ഭൗതികമായ വ്യവസ്ഥിതിയിൽ അല്ലെങ്കിൽ ആത്മീയമായ വ്യവസ്ഥിതിയിൽ അവരെ മധ്യവർത്തികളായി നിശ്ചയിച്ചിട്ടുള്ളതുകൊണ്ട് അത് അവരുടെ ശ്രേഷ്ഠതയാകുന്നില്ല. വിശുദ്ധ ഖുർആൻ പറയുന്നതനുസരിച്ച് നോക്കുമ്പോൾ അവരെ സേവകരെന്ന നിലയിൽ ആ ജോലിയിൽ ഏർപ്പെടുത്തിയിരിക്കുകയാണ്. അല്ലാഹു പറയുന്നു: **വ സഖ്ഖറ ലക്കുമുശ്ശംസ വൽഖമർ** (14:34) സൂര്യനേയും ചന്ദ്രനേയും നിങ്ങളുടെ സേവനത്തിനായി ഏർപ്പെടുത്തിയിട്ടുള്ളവനാണ് അല്ലാഹു. ഉദാഹരണത്തിന് ഒരു ശിപായി രാജാവിന്റെ കത്ത് അദ്ദേഹത്തിന്റെ സംസ്ഥാന ഗവർണർക്കു എത്തിച്ചു കൊടുക്കുന്നു. അപ്പോൾ രാജാവിനും ഗവർണർക്കുമിടയിൽ നില്ക്കുന്ന ശിപായി ഗവർണർ ജനറലിനെക്കാൾ ഉയർന്നവനാണെന്ന് വരുമോ? നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുവിൻ! ഭൗതികവ്യവസ്ഥി

---

ഖുർആനും അദ്ദേഹത്തിന്റെ തന്നെ വചനങ്ങളും. അവിടുന്ന് മനുഷ്യന് സത്യസന്തത വിശ്വസ്തത, ആത്മനിരാസം, കരുണ, നീതി, സ്നേഹസമ്പന്നമായ അയൽ പക്കം, ശാന്തി, ദൈവവിശ്വാസം, കഠിനാദ്ധ്വാനം മുതലായ മൂല്യങ്ങൾ ലോകത്തിന് പഠിപ്പിച്ചു. മനുഷ്യനെ അത്യുന്നതമായ സ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തി. അവിടുന്ന് പറഞ്ഞു: 'ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്.

അറബികൾ വന്യ സ്വഭാവികളും യുദ്ധപ്രിയരുമായിരുന്നു. അവർ അമിതമായി മദ്യപാനം ചെയ്തു. കൊള്ളയടിച്ചു, ആളുകളെ അന്യായ മായി മർദിച്ചു. എല്ലാ വിധ നിന്ദ്യമായ വഴികളിലൂടെയും സഞ്ചരിച്ചു. ആ അറബികളെ അദ്ദേഹം ദൈവഭക്തരുടെയും സാത്വികരുടെയും രക്തസാക്ഷികളുടെയും ജനതയാക്കി മാറ്റി. വിധവകളെ സഹായിക്കുന്നവരും അനാഥകളെ സംരക്ഷിക്കുന്നവരും വ്രതമെടുക്കുന്നവരുമാക്കിമാറ്റി. മക്കാ ഖുറൈശികൾക്കിടയിൽ അവിടുന്ന് ആദ്യത്തെ ദൈവവിളിയുയർത്തിപ്പോൾ അവർ അദ്ദേഹത്തിനെതിരെ ചീറിയടുത്തു. അദ്ദേഹത്തെ കൊല്ലാൻ ഗൂഢാലോചന നടത്തി. വിദൂരമായ മദീനയിലേക്ക് ആട്ടിയോടിച്ചു. പക്ഷേ അല്ലാഹു അദ്ദേഹത്തിന്ന് മേൽ അത്യുന്നതമായ അനുഗ്രഹങ്ങൾ ചൊരിയുകയായിരുന്നു. ദിവംഗതനാകുന്നതിന് മുമ്പ് അവൻ റസൂൽ തിരുമേനി(സ)യെ തന്നെ മർദ്ദിച്ചവരും ബഹിഷ്ക്കരി ച്ചവരുമെല്ലാമടങ്ങുന്ന അറേബ്യയുടെ രാജാവാക്കി . മനുഷ്യവംശത്തിന്റെ തന്നെ വിമോചകനും മാതൃകാ പുരുഷനുമാക്കി. അല്ലാഹു അദ്ദേഹത്തെ അത്യുന്നത സ്ഥാനത്തേക്കുയർത്തി. കോടാനുകോടി സലാമും സ്വലാത്തും അല്ലാഹു റസൂൽ തിരുമേനി (സ)യിൽ വർഷിക്കുമാറാകട്ടെ. ആമീൻ

വിവർത്തനം: ഏ.എം

തിയിലും ആത്മീയവ്യവസ്ഥിതിയിലും സർവശക്തനായ അല്ലാഹുവിന്റെ തീരുമാനങ്ങളെ ഭൂമിയിലെത്തിക്കുകയും അത് നടപ്പിൽവരുത്തുവാൻ മുഴുകുക യും ചെയ്യുന്ന ആ മധ്യവർത്തി കളുടെ ഉദാഹരണം അതുതന്നെയാണ്. ആകാശ ങ്ങളിലും ഭൂമിയിലും സൃഷ്ടിക്ക പ്പെട്ടിട്ടുള്ള എല്ലാ വസ്തുക്കളും മനുഷ്യന്റെ ഗുണത്തിനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് പ്രതാപ വാനായ അല്ലാഹുവിന്റെ ഗ്രന്ഥ ത്തിൽ നിരവധി സ്ഥലങ്ങളിൽ വ്യക്തമാ യും പറഞ്ഞിട്ടുണ്ട്. മനുഷ്യൻ അവന്റെ പദവിയിൽ ഏറ്റവും ഉന്നതനും ഉയർന്ന വനും എല്ലാവരുടേയും സേവനുമാണ്. അവന്റെ സേവനത്തിനായിട്ടാണ് എല്ലാ വസ്തുക്കളേയും ഏർപ്പെടുത്തിയിട്ടു ള്ളത്. അല്ലാഹു പറയുന്നു:

**വ സഖ്ഖര ലകുമുശ്ശംസ വൽഖമറ ദാഇബയ്നി വ സഖ്ഖര ലകുമുല്ലയ്ല വന്നഹാർ വ ആതാക്കുമ്മിൻകുല്ലി മാ സഅൽതുമൂഹു വഇൻ തഅ്ദ്ദൂ നിഅ്മത്തുല്ലാഹി ലാ തുഹ്സ്വൂഹാ** (14:34, 35) **ഹുവല്ലദീ ഖലഖ ലകുമ്മാഫിൽഅർദി ജമീആ**(2:30)

നിങ്ങൾക്കുവേണ്ടി സൂര്യനേയും ചന്ദ്രനേയും സേവനത്തിനായി ഏർപ്പെടു ത്തിത്തന്നിരിക്കുന്നു. അവ എപ്പോഴും ചുറ്റിക്കറങ്ങുന്നു. അതായത് അവ അവയുടെ അവസ്ഥകളേയും പ്രത്യേക തകളേയും പരിഗണിച്ച് ഒരു അവസ്ഥ യിൽ നിലകൊള്ളുന്നില്ല. ഉദാഹരണ ത്തിന് വസന്തകാലങ്ങളിലുള്ള സൂര്യന്റെ പ്രത്യേകത ഹേമന്ത മാസങ്ങളിൽ ഒരിക്കലും ഉണ്ടാകുകയില്ല. ഈ നിലയിൽ സൂര്യനും ചന്ദ്രനും എപ്പോഴും ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. അതിന്റെ തിരിച്ചിൽകൊണ്ട് ചിലപ്പോൾ വസന്ത കാലം വരുന്നു;. ചിലപ്പോൾ ഹേമന്ത കാലം. ചിലപ്പോൾ പ്രത്യേകതരം പ്രത്യേകതകൾ അവയിൽനിന്ന് പ്രകടമാ കുന്നു. ചിലപ്പോൾ അതിനു വിരുദ്ധമായ പ്രത്യേകതകളും പ്രകടമാകുന്നു. തുടർന്നു പറഞ്ഞു, രാവിനേയും പകലിനേയും നിങ്ങൾക്കു ഏർപ്പെടുത്തിത്തന്നിരിക്കു ന്നു. എല്ലാ ഓരോ വസ്തുക്കളിൽനിന്നും നിങ്ങളുടെ പ്രകൃതി അവനോടു ആവശ്യപ്പെട്ട സകല സാധന സാമഗ്രി കളും നിങ്ങൾക്കു നല്കിയിരിക്കുന്നു. അതായത് നിങ്ങൾക്കു ആവശ്യമുണ്ടാ യിരുന്ന എല്ലാവസ്തുക്കളും നല്കി. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണിത്തിട്ടപ്പെടുത്താൻ നോക്കിയാൽ ഒരിക്കലും അതു സാധിക്കുകയില്ല. ഭൂമിയിലുള്ളതെല്ലാം നിങ്ങളുടെ ഗുണത്തിനായി സൃഷ്ടിച്ചിട്ടുള്ള അതേ അല്ലാഹുവാണ് അവൻ. മറ്റൊരു വചനത്തിൽ പറയുന്നു: **ലഖദ് ഖലഖ്നൽഇൻസാന ഫീ അഹ്സനി തഖ്‌വീം** (95:5) നാം മനുഷ്യനെ പരമമായ പദവിയുടെ സമതുലിതാവസ്ഥയിൽ സൃഷ്ടിച്ചിരിക്കുന്നു. ഈ സവിശേ ഷതയുള്ള സമതുലിതാ വസ്ഥയിൽ അവൻ എല്ലാ സൃഷ്ടികളെ ക്കാളും ഉന്നതനും ശ്രേഷ്ഠനുമാണ്. മറ്റൊരു സ്ഥലത്തു പറയുന്നു: **ഇന്നാ അർദ്നൽ അമാനത്ത അലസ്സമാവാത്തി വൽഅർദി വൽജിബാലി ഫ അബയ്നാ അയ്യഹ് മിൽനഹാ വ അശ്ഫഖ്ന മിൻഹാ വഹമലഹൽ ഇൻസാൻ ഇന്നഹൂ കാന ദ്വലൂമൻ ജഹൂലാ** (33:73). നാം നമ്മുടെ അമാനത്തിനെ- ഇതു കൊണ്ടുള്ള ഉദ്ദേശ്യം പ്രേമാതിരേകവും ദൈവസ്നേഹ വും നല്ലവണ്ണം അനുഭവിച്ച റിഞ്ഞുള്ള സമ്പൂർണ അനുസരണമാണ്- ആകാശ ത്തിലെ എല്ലാ മലക്കുകളുടേയും ഭൂമിയിലെ സർവസൃഷ്ടികളുടേയും പർവതങ്ങളുടേയും മുമ്പിൽ സമർപിച്ചു. അതു ബാഹ്യമായി നോക്കുമ്പോൾ കരുത്തുറ്റ വസ്തുക്കളായിരുന്നു. എന്നാൽ, ആ എല്ലാ വസ്തുക്കളും ആ അമാനത്ത് ഏറ്റെടുക്കാൻ വിസമ്മതിച്ചു. അതിന്റെ മഹത്വം കണ്ട് ഭയപ്പെട്ടു. എന്നാൽ, മനുഷ്യൻ അതേറ്റെടുത്തു. കാരണം മനുഷ്യനിൽ രണ്ടു ഗുണമു ണ്ടായിരുന്നു. ഒന്ന് അവന് അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ ആത്മാവിനോട് അക്രമം ചെയ്യാൻ കഴിയുമായിരുന്നു. രണ്ട് അല്ലാഹുവിനോടുള്ള സ്നേഹ ത്താൽ അവന് അന്യദൈവങ്ങളെ തികച്ചും വിസ്മരിക്കുന്ന പദവിവരെ എത്താൻ കഴിയുമായിരുന്നു. മറ്റൊരിട ത്തു പറയുന്നു: **വ ഇദ്ഖാല റബ്ബുക്ക ലിൽമലാഇക്കത്തി ഇന്നീ ഖാലിഖുൻ ബശറൻമ്മിൻത്വീനി ഫഇദാ സവ്വയ്തു ഹൂ വ നഫഖ്തു ഫീഹി മിൻറൂഹീ ഫഖഊ ലഹൂ സാജിദീൻ ഫസജദൽ മലാഇക്കത്തു കുല്ലുഹും അജ്മഊൻ ഇല്ലാ ഇബ്ലീസ് (38:72-75)**. നിന്റെ അല്ലാഹു (അവന്റെ പൂർണ പ്രതീകമാണു നീ) മലക്കുകളോടു പറഞ്ഞ നേരം ഓർക്കുവിൻ! ഞാൻ മണ്ണിൽനിന്ന് ഒരു മനുഷ്യനെ സൃഷ്ടിക്കുകയാണ്. അങ്ങനെ ഞാൻ അവനെ സമ്പൂർണ സമതുലിതാവസ്ഥയിൽ സൃഷ്ടി ക്കുകയും എന്റെ ആത്മാവിൽനിന്ന് അവനിൽ ഊതുകയും ചെയ്താൽ നിങ്ങൾ അവന് സാഷ്ടാംഗം ചെയ്തു വീഴുവിൻ. അതായത് സമ്പൂർണ വിനയത്തോടെ അവന്റെ സന്നിധിയിൽ വ്യാപൃതരാകുകയും നിങ്ങൾ അവന് സാഷ്ടാംഗം ചെയ്തു കൊണ്ടിരിക്കു ന്നുവെന്ന് തോന്നുമാറ് സേവനത്തിൽ ദത്തചിത്തരാകുകയും ചെയ്യുവിൻ. അപ്പോൾ ശയ്ത്വാനൊഴികെ മലക്കു കളെല്ലാം സാഷ്ടാംഗംചെയ്തുവീണു. അവൻ നിർഭാഗ്യനായി. സാഷ്ടാംഗം ചെയ്യാനുള്ള ഈ കല്പന ഹദ്റത്ത് ആദം സൃഷ്ടിക്കപ്പെട്ട നേരത്തുള്ളതല്ല. ഏതെ ങ്കിലും മനുഷ്യൻ തന്റെ യഥാർഥ മനുഷ്യ ത്വത്തിന്റെ പാരമ്യതയിലെത്തുകയും മാനുഷികമായ സമതുലിതാവസ്ഥ അവനു ലഭിക്കുകയും അല്ലാഹുവിന്റെ ആത്മാവ് അവനിൽ കുടിയിരിക്കുകയും ചെയ്യുമ്പോൾ, ആപരിപൂർണനായ മനുഷ്യന്റെ മുമ്പിൽ സാഷ്ടാംഗം ചെയ്തു വീഴുക എന്ന് മലക്കുകൾക്കു പ്രത്യേകം നല്കപ്പെടുന്ന കല്പന യാണിത്. അതായത് ദൈവിക പ്രകാശത്തോടുകൂടി അവനിൽ ഇറങ്ങുകയും അവനിൽ ആശംസകൾ നേരുകയും ചെയ്യുവിൻ. അല്ലാഹു തന്റെ വരിഷ്ഠരായ ദാസരോടു എന്നെന്നും അനുവർത്തിച്ചുവരുന്ന പണ്ടേയുള്ള നിയമസംഹിതയിലേക്കുള്ള സൂചനയാണിത്. ആരെങ്കിലും ഏതെ ങ്കിലും കാലഘട്ടത്തിൽ ആത്മീയമായ സമതുലിതാവസ്ഥ കരസ്ഥമാക്കുകയും അല്ലാഹുവിന്റെ ആത്മാവ് അവന്റെ ഉള്ളിൽ കുടിയിരിക്കുകയും ചെയ്യു മ്പോൾ അതായത് തന്റെ സ്വന്തം ആത്മാവ് വെടിഞ്ഞ് **ബഖാബില്ലാ**യുടെ (അല്ലാഹു വുമായുള്ള അനശ്വര ബന്ധത്തിന്റെ) പദവി കരസ്ഥമാക്കുമ്പോൾ പ്രത്യേക രീതിയിൽ മലക്കുകൾ അവനിൽ ഇറങ്ങാൻ തുടങ്ങുന്നു. ദൈവവഴിയിൽ പ്രയാണം തുടങ്ങുന്ന ഘട്ടത്തിലും മലക്കുകൾ അവന്റെ സഹായത്തിലും സേവനത്തിലും മുഴുകുന്നുണ്ട്. പക്ഷേ, ഇവിടെപ്പറഞ്ഞ മലക്കുകളുടെ ഇറക്കം സാഷ്ടാംഗം ചെയ്യുവിൻ എന്ന കല്പന ഉൾക്കൊള്ളുന്ന പരിപൂർണവും സമ്പൂർ ണവുമാണ്. അല്ലാഹു സാഷ് ടാംഗം എന്ന പദംകൊണ്ട് മലക്കുകൾ സമ്പൂർണ മനുഷ്യരെക്കാൾ ശ്രേഷ്ഠരല്ലെന്ന കാര്യവും വെളിവാക്കിത്ത ന്നിരിക്കുന്നു. പ്രത്യുത അവർ രാജസേവകരെപ്പോലെ സമ്പൂർണ മനുഷ്യന്റെ മുമ്പിൽ ആദരവിന്റെ സാഷ്ടാംഗ പ്രണാമം ചെയ്തു കൊണ്ടിരിക്കുന്നു.

ഇപ്രകാരംതന്നെ **ശംസ്** എന്ന അധ്യായത്തിലും അല്ലാഹു അതിസൂ ക്ഷ്മമായ സൂചനകളോടും ആലങ്കാരിക പ്രയോഗങ്ങളോടുംകൂടി സമ്പൂർണ മനുഷ്യന്റെ പദവിയെ ആകാശഭൂമി

യിലുള്ള എല്ലാ നിവാസികളെക്കാളും ഉന്നതവും ഉത്തമവുമായി വിവരിച്ചിട്ടുണ്ട്. പറയുന്നു:

**വശ്ശംസി വ ളുഹാഹാ-വൽഖമരി ഇദാ തലാഹാ-വന്നഹാരി ഇദാ ജല്ലാഹാ-വല്ലയ്‌ലി ഇദാ യഗ്ശാഹാ -വസ്സമാഇ വമാ ബനാഹാ- വൽഅർളി വമാ ത്വഹാഹാ-വ നഫ്സിൻ വ്വമാ സവ്വാഹാ-ഫ അൽഹമഹാ ഫുജൂറഹാ വ തഖ്‌വാഹാ-ഖദ് അഫ്‌ലഹ മൻ സക്കാഹാ-വഖദ് ഖാബ മൻ ദസ്സാഹാ -കദ്ദബത് ഥമൂദു ബിത്വഗ്‌വാഹാ -ഇദിൻബഅഥ അശ്ഖാഹാ-ഫഖാല ലഹും റസൂലു ല്ലാഹി നാഖത്തല്ലാഹി വ സുഖ്‌യാഹാ- ഫകദ്ദബൂഹു ഫ അഖറൂഹാ-ഫദംദമ അലയ്ഹിം റബ്ബുഹും ബിദൻബിഹിം ഫസവ്വാഹാ -വലാ യഖാഫു ഉഖ്ബാഹാ.**

സൂര്യനെകൊണ്ടും അതിന്റെ വെയിലിനെക്കൊണ്ടും സത്യം. ചന്ദ്രനെ ക്കൊണ്ടും സത്യം; അത് സൂര്യനെ പിന്തുടരുമ്പോൾ. പകലിനെക്കൊണ്ടും സത്യം; അത് അതിന്റെ പ്രകാശത്തെ വെളിപ്പെടുത്തുമ്പോൾ. രാവിനെ ക്കൊണ്ടും സത്യം; അത് അന്ധകാര മയമാകുമ്പോൾ. ആകാശത്തെക്കൊണ്ടും അതിന്റെ നിർമാണത്തെക്കൊണ്ടും സത്യം. ഭൂമിയെക്കൊണ്ടും അതിനെ പരത്തിയിരിക്കുന്ന വിധത്തെക്കൊണ്ടും സത്യം. മനുഷ്യാത്മാവിനെക്കൊണ്ടും സത്യം; ആരാണോ അതിനെ സമ്പൂർണ മായ സമതുലിതാവസ്ഥയുടേയും സ്ഥൈര്യസ്ഥിതിയുടേയും സമ്പൂർണ മായ സമുച്ചയത്തിന്റെ വിവിധ ദയവ് കാണിക്കുകയും നിറവുകളൊന്നും ഒഴിവാക്കാതെ ആദ്യം പറഞ്ഞ സത്യ ത്തിനു വിധേയമായിട്ടുള്ള എല്ലാ കഴിവുകളും അതിൽ സമന്വയിപ്പി ക്കുകയും ചെയ്തത്. അങ്ങനെ സമ്പൂർണ മനുഷ്യാത്മാവ് സൂര്യന്റേയും അതിന്റെ വെയിലിന്റേയും പരിപൂർണത ഉൾക്കൊള്ളുന്നു. ചന്ദ്രന്റെ പ്രത്യേകത കളും അവനിൽ കാണാം. അതായത് മറ്റുള്ളവരിൽനിന്ന് അതിനു അനുഗ്രഹം സമ്പാദിക്കാം. ഒരു പ്രകാശത്തിൽനിന്ന് ഫലമെടുക്കുക എന്ന നിലയിൽ തന്റെ ഉള്ളിലും പ്രകാശം ആവാഹിച്ചെടു ക്കാൻകഴിയുന്നതാണ്. അതിൽ നിത്യപ്ര കാശത്തിന്റ പ്രത്യേകതകളുണ്ട്. അധ്വാനി കളും തൊഴിലാളി കളുമായിട്ടു ള്ളവർ പകൽവെളിച്ചത്തിൽ തങ്ങളുടെ ജോ ലികൾ മുഴുവനും ചെയ്യുന്നതു പോലെ സത്യാമ്പേഷിയും ദൈവമാർഗ ത്തിലുള്ള പ്രയാണത്തിന്റെ വഴികളെ സ്വായത്ത മാക്കുന്ന സമ്പൂർണ മനുഷ്യന്റെ മാതൃകയിലൂടെ നടന്ന് സുഗമമായും പവിത്രമായും തന്റെ ദീനീപരമായ കാര്യങ്ങളെ പൂർണതയിലെത്തിക്കുന്നു. അതുകൊണ്ട് അവന് പകലെന്നപോലെ തന്റെ നിഷ്കളങ്കത പൂർണമായും വെളിവാക്കാൻ കഴിയുന്നു. പകലിന്റെ എല്ലാ പ്രത്യേകതകളും ഉൾക്കൊള്ളു കയും ചെയ്യുന്നു. അന്ധകാരനിബി ഢമായ രാത്രിയോടും സമ്പൂർണ മനുഷ്യന് ഒരു സാദൃശ്യമുണ്ട്. ഭൗതികത യോടുള്ള വിച്ഛേദത്തിന്റേയും പൂർണ മായ ആത്മാർപണത്തിന്റേയും പരമമായ പദവി അവന് അല്ലാഹുവിൽ നിന്ന് സിദ്ധിച്ചിട്ടും ദൈവികമായ ഉദ്ദേശ്യ ത്തോടും യുക്തിദീക്ഷ യോടും കൂടി തന്റെ ആത്മാവിന്റെ അന്ധകാരപരമായ ആഗ്രഹങ്ങളിലേക്കും ഇടക്കിടെ അവൻ ശ്രദ്ധിച്ചുപോകുന്നു. അതായത് മനുഷ്യ നിൽ നിക്ഷേപിച്ചു വെച്ചിട്ടുള്ള ആത്മാ വിന്റെ അവകാശങ്ങൾ- അതാണെങ്കിൽ ബാഹ്യമായിനോക്കുമ്പോൾ ആത്മീയ തേജസ്സിന് കടക വിരുദ്ധവും ഉപദ്ര വകരവുമായിട്ട് തോന്നാം-നിറവേറ്റുന്നു. ഏതുപോലെയെന്നാൽ, ഭക്ഷണം കഴിക്കുക, പാനം ചെയ്യുക, ഉറങ്ങുക, ഭാര്യയോടുള്ള കടമ നിറവേറ്റുക, അല്ലെങ്കിൽ കുട്ടികളെ സ്നേഹിക്കുക തുടങ്ങി എല്ലാ കടമകളും നിറവേറ്റുന്നു. അല്പ നേരത്തേക്ക് ഈ ഇരുട്ടിനെ ഇഷ്ടപ്പെടുന്നു. യഥാർഥമായ നിലയിൽ ആ ഇരുട്ടിലേക്കു ചായ്‌വുള്ളതുകൊണ്ടല്ല ഇത്. മറിച്ച് സർവജ്ഞനും യുക്തിജ്ഞ നുമായ അല്ലാഹു അതിലേക്കു അവന്റെ ശ്രദ്ധ നല്കിയതു കൊണ്ടാണ്. ആത്മീയമായ ബുദ്ധിമുട്ടിൽനിന്നും പ്രയാസത്തിൽനിന്നും അല്പം വിശ്രമിച്ച് വീണ്ടും ആ കഠിനാധ്വാനത്തിന്റ ഭാരം വഹിക്കുന്നതിന് തയ്യാറാകാൻ വേണ്ടിയാ ണിത്. ആരുടേയോ ഒരു പദ്യ ശകലമുണ്ട്:

സുപരിചിതനായ വേടന്റേത് പരു ന്തിൻ കണ്ണുകളാണ്.

ഇപ്പോൾ അടച്ചുവച്ചിരിക്കുന്നു വെങ്കിലും അതു തുറക്കാനുള്ളതു തന്നെയാണ്.

വിവ: മൗലവി മുഹമ്മദ് ഇസ്മായിൽ)

# റസീദ് ബുക്കുകൾ മാറുന്നു

**ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഇൻചാർജ് ഇന്ത്യാ ഡെസ്ക് അയച്ചുതന്ന മാർഗ്ഗനിർദ്ദേ ശങ്ങൾ ചുവടെ ചേർക്കുന്നു.**

ഇനിമുതൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യ, അഞ്ചുമൻ തഹ്‌രീഖ് ജദീദ്, അഞ്ചുമൻ വഖ്ഫ് ജദീദ് എന്നിവക്കായി ചന്ദകൾ പിരിക്കുന്നതിന് വിവിധനിറങ്ങളിലുള്ള വ്യത്യസ്ത റസീദ് ബുക്കുകളായിരിക്കും ഉപയോ ഗിക്കുക. സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ റസീദ് ബുക്ക് വെളുത്ത നിറത്തിലുള്ളതും, അഞ്ചുമൻ തഹ്‌രീക് ജദീദിന്റെ റസീദ് ബുക്ക് പച്ച നിറ ത്തിലുള്ളതും, അഞ്ചുമൻ വഖ്ഫെ ജദീദിന്റെ റസീദ് ബുക്ക് ഇളംനീല നിറത്തിലുള്ളതും (ആകാശനിറം) ആയിരിക്കും. ഈ മൂന്നുതരം റസീദ് ബുക്കുകളുടെയും മുകളിൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യ എന്നുതന്നെയായിരിക്കും എഴുതിയിട്ടുണ്ടാകുക. എന്നാൽ അഞ്ചുമൻ തഹ്‌രീക് ജദീദിന്റെ റസീദിനു താഴെ തഹ്‌രീഖ് ജദീദ് എന്നും അഞ്ചുമൻ വഖ്ഫെ ജദീദിന്റെ റസീദിനു താഴെ വഖ്ഫ് ജദീദ് എന്നും അച്ചടിച്ചിട്ടുണ്ടാ കും. മറ്റെല്ലാ ചന്ദകളും സദ്ർ അഞ്ചുമൻ അഹ്മദിയ്യയുടെ റസീദിലായി രിക്കും പിരിക്കുക. അതുകൊണ്ട് ആ രസീദിനു താഴെ ഒന്നും അച്ചടിച്ചിട്ടു ണ്ടായിരിക്കില്ല. നിലവിലുള്ള റസീദ് ബുക്ക് 2012 സെപ്റ്റംബർ 30 വരെ മാത്രമേ ഉപയോഗയോഗ്യമായിരിക്കുകയുള്ളു. അതിന് ശേഷം നിലവിലുള്ള റസീദ് ബുക്ക് അസാധുവായിത്തീരുന്നതാണ്. 2012 ഒക്ടോബർ ഒന്ന് മുതൽ പുതിയ റസീദ് ബുക്കിൽ മാത്രമേ ചന്ദ പിരിക്കാവൂ.

2. ജമാഅത്തുകളിൽ പുതിയ റസീദ് ബുക്കുകളിൽ തഹ്‌രീക് ജദീദിന്റെ ചന്ദ പിരിക്കേണ്ടത് തഹ്‌രീക് ജദീദ് സെക്രട്ടറിയും, വഖ്ഫെ ജദീദിന്റെ ചന്ദ പിരിക്കേണ്ടത് വഖ്ഫെ ജദീദ് സെക്രട്ടറിയും ആയിരിക്കും. എന്നാൽ തഹ്‌രീക് ജദീദിന്റെയും വഖ്ഫെ ജദീദിന്റെയും സെക്രട്ടറിമാർ നിയമിതമായിട്ടില്ലാത്ത ചെറിയ ജമാഅത്തുകളിൽ തൽക്കാലം സെക്രട്ടറി മാർ തന്നെയായിരിക്കും തഹ്‌രീക് ജദീദ്/ വഖ്ഫെ ജദീദ് ചന്ദകളും പിരിക്കുക.

നാസിർ അഅ്‌ല ഖാദിയാൻ

# ദിക്റെ ഇലാഹി:
## മനുഷ്യമനസ്സിന് ഒരു ദിവ്യൗഷധം

ഹാഷിം അഷറഫ്, ആലപ്പി

മനുഷ്യമനസ്സ് ശാന്തി പ്രാപിക്കുന്നത് ദൈവസ്മരണ ഒന്നുകൊണ്ടു മാത്രമാണെന്ന ഖുർആൻ വചനത്തിന്റെ വിശദീകരണം.

**ദൈ**വസ്മരണ അഥവാ ദിക്റെ ഇലാഹിയിലൂടെയാണ് മനുഷ്യൻ ആത്മശാന്തി കരസ്ഥമാക്കുന്നത്. സമകാലീന സമൂഹം ലൗകികതയുടെ രാഗതരംഗങ്ങളിൽപെട്ട് പ്രക്ഷുബ്ധമാവുമ്പോൾ സത്യവിശ്വാസികൾ ശാന്തിയിലും സമാധാനത്തിലും സ്ഥിത പ്രജ്ഞരായി നിൽക്കാൻ സാധിക്കുന്നത് ദൈവസ്മരണ കൊണ്ടാണ്.. ഇത് തന്നെയാണ് അവൻ തിന്മയെ വെറുക്കാനും ഹേതുവായി തീരുന്നത്.

സ്മരണ എന്നത് എല്ലാ മനുഷ്യരിലുമുള്ള ഒരു സ്വഭാവ രീതിയാണ്. മനുഷ്യൻ ഈ സിദ്ധി ഉപയോഗിച്ച് കഴിഞ്ഞ് കടന്ന് പോയ സംഭവങ്ങളെയും വ്യക്തികളെയും സ്മരിക്കാറുണ്ട്. അവയിൽ ചിലത് മനുഷ്യന് ദുഖം സൃഷ്ടിക്കുകയും, മറ്റ് ചിലത് തൽക്കാലത്തെ സന്തോഷം നൽകുകയും അതുമല്ലെങ്കിൽ ദ്വേഷ്യം, വെറുപ്പ്, സഹതാപം മുതലായ വികാരങ്ങൾ ജനിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അവയിൽ നിന്നെല്ലാം വ്യതിരിക്തമായ ഒരു വികാരമാണ് അവൻ ദൈവസ്മരണയിൽ ഏർപ്പെടുമ്പോൾ ലഭിക്കുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു. ***അതായത് അവരത്രെ വിശ്വസിക്കുകയും അല്ലാഹുവിന്റെ സ് മരണമൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ അറിയുക, അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ (13:29)***

പ്രസ്തുത ആയത്ത് സത്യവിശ്വാസിയോട് പറയുന്നത്, തന്റെ മനസ്സിന് സംതൃപ്തി ലഭിക്കുന്നതും നിർവൃതി കരസ്ഥമാക്കുന്നതും ദൈവസ്മരണ എന്ന ഔഷധത്തിലൂടെയാണ്. ഇതിൽ നിന്ന് ഗ്രഹിക്കേണ്ട കാര്യം സത്യവിശ്വാസി തന്റെ ആത്മാവിനെയും ശരീരത്തെയും ദൈവത്തിനായി സമർപ്പിക്കുന്നത് അവനോടുള്ള അനുരക്തിമൂലമാണ്. അങ്ങനെ തന്റെ അനുരക്തി അവന്റെ ഹൃദയത്തിൽ തിങ്ങി നിറഞ്ഞതിന് ശേഷം അല്ലാഹുവിന്റെ സ്മരണയിലായിരിക്കും അവന്റെ എല്ലാകർമങ്ങളും പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നത്. തന്മൂലം ദാസന്റെ സ്നേഹനിബിഢമായ പ്രവർത്തികൾ ദൈവത്തിലേക്കും ദൈവം ദാസനിലേക്കും ആകർഷിക്കപ്പെടുന്നു. അങ്ങനെ ലോകത്ത് വെച്ച് തന്നെ സൃഷ്ടി തന്റെ സ്രഷ്ടാവിന്റെ സാമീപ്യം കരസ്ഥമാക്കുന്നു. ഈ ദൈവ സാമീപ്യമാണ് ഒരു വിശ്വാസിക്ക് മനസ്സമാധാനവും മനസ്സംതൃപ്തിയും പ്രദാനം ചെയ്യുന്നത്.

ഇനി സ്വീകാര്യമായ ദിക്റുകൾ ഏതൊക്കെയാണെന്ന് പരിശോധിക്കാം. ഇത് സംബന്ധമായി അഹ്മദിയ്യാ ഖലീഫ തിരുമനസ്സ് രണ്ടാമൻ ഇപ്രകാരം പറയുന്നു: *'വിശുദ്ധഖുർആൻ വളരെ ശക്തമായ നിലയിൽ ചെയ്യണമെന്നു കൽപിച്ചിരിക്കുന്ന യഥാർഥ മായ ദിക്റെ ഇലാഹി വേറെ തന്നെയാണ്. അത് നാല് വിധത്തിലാണ്. അവയെ ഉപേക്ഷിക്കുക എന്നത് വലിയ പുണ്യം നഷ്ടപ്പെടുത്തലായിരിക്കും. അതിനാൽ അവയെ ഒരിക്കലും കയ്യൊഴിക്കാൻ പാടില്ല. അതിൽ ഒന്നാമത്തേത് നമസ്ക്കാരമാണ്. രണ്ടാമത്തേത് ഖുർആൻ പാരായണമാണ്. മൂന്നാമത്തേത് അല്ലാഹുവിന്റെ ഗുണമാഹാത്മ്യങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് നാവു കൊണ്ട് അതിനെ ആവർത്തിച്ചാവർത്തിച്ചുരുവിടുകയാണ്. നാലാമത്തേത് അല്ലാഹുവിന്റെ ഗുണമഹാത്മ്യങ്ങളെ ഒറ്റക്കും രഹസ്യമായും ഉരുവിടുന്നത് പോലെ തന്നെ അവ ജനമദ്ധ്യത്തിലും തുറന്ന് പ്രഖ്യാപിക്കലാണ്. ഈ നാലുതരം ദിക്റുകളും വിശുദ്ധ ഖുർആനിൽ നിന്നു തന്നെ മനസ്സിലാക്കാവുന്നതാണ്. അത് മനുഷ്യന്റെ ആത്മീയ പുരോഗതിക്ക് വളരെ അത്യാവശ്യവും ഒഴിച്ചു കൂടാനാവാത്തതുമാണ്.'* (ദിക്റെ ഇലാഹി പേ-36)

ഇതിൽ നിന്നെല്ലാം സ്പഷ്ടമാവുന്ന ഒരു കാര്യം ദൈവസ്നേഹം എന്തെന്നും അതിന്റെ മഹത്വം എന്തെന്നും തിരിച്ചറിയുന്നവൻ ഒരു സത്യവിശ്വാസിയായിരിക്കും എന്നതിനുപരിയായി മുസ്‌ലിമായിരിക്കുമെന്നാണ്. ഈ കാര്യം പ്രസ്തുത ആയത്തിൽനിന്നും ഉദ്ധരണിയിൽ നിന്നും വ്യക്തമാവുന്ന കാര്യമാണ്. വിശ്വാസം കരഗതമല്ലെങ്കിൽ അല്ലാഹ്, അല്ലാഹ്... എന്ന് പറയുന്നതിലും രാമാ, രാമാ എന്ന് പറയുന്നതും വ്യക്തിയിൽ കാര്യമായ വ്യത്യാസമൊന്നും സൃഷ്ടിക്കുകയില്ല. അത് വഴി യഥാർഥ നേട്ടവും അവന് ലഭിക്കാതെ പോകുന്നതാണ്. ഇവിടെ ഒരു വിശ്വാസിയാണ് ദിക്റെ ഇലാഹിയുടെ പ്രധാന്യം മനസ്സിലാക്കി പ്രവർത്തിക്കുന്നത്. തന്മൂലം വിജയത്തിന്റെ പടവുകൾ ഓരോന്നോരോന്നായി അവർ കയറുകയും ചെയ്യുന്നു. എന്നാൽ ഇതിന് വിപരീതമായി മനുഷ്യൻ സ്വാർഥലാഭത്തിനായി ഈ സവിശേഷ ആരാധനാക്രമത്തെ വിനിയോഗിക്കു ന്നതായാൽ അതിൽ നിന്നും നാശമായിരിക്കും പ്രതിഫലമായി ലഭിക്കുക. ഇതിലേക്ക് വിരൽ ചൂണ്ടി റസൂൽ തിരുമേനി (സ) ഇപ്രകാരം പറയുന്നു:

"മതത്തിൽ നിർമിച്ചുവിടുന്ന എല്ലാ പുത്തൻ ആചാരങ്ങളും വഴികേടാണ്. എല്ലാ വഴികേടും നരകത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു.'' ഈ ഹദീസിനെ വിവരിച്ച് കൊണ്ട് ഖലീഫത്തുൽ മസീഹ് സാനി(റ) ഇപ്രകാരം അരുൾ ചെയ്തു: അക്കാരണത്താൽ തന്നെയാണ് ഇവർ നിർമിച്ചിരി ക്കുന്ന പുത്തൻ ആരാധനാ സമ്പ്രദായങ്ങൾ

അല്ലാഹുവിന്റെ സാമീപ്യം ഉണ്ടാകുന്നതിന് പകരം അവനിൽ നിന്ന് അകറ്റിക്കളയുന്നത്. ഈ ദിക്റുകൾ കണ്ടുപിടിച്ചതിന്ന് ശേഷമാണ് മുസ്‌ലിംകൾ അല്ലാഹുവിൽ നിന്ന് വളരെ അകന്നു പോവാൻ തുടങ്ങിയതും. എന്തു കൊണ്ടെന്നാൽ ഇതെല്ലം ബിദ്അത്താണ്. അല്ലാഹുവും മുഹമ്മദ് നബി(സ)യും മനസ്സിലാക്കിത്തന്ന വിഷയങ്ങൾക്കെതിരായി വല്ലതും പറയപ്പെടുമ്പോഴും ചെയ്യപ്പെടുമ്പോഴും അതു കൊണ്ട് ആത്മീയത ബലഹീനമായി തീരുകയാണ്. ചെയ്യുക. അക്കാരണത്താൽ അത് തന്നെയാണ് മുസ്‌ലിംകളിൽ ഇന്ന് പൊതുവേ ആത്മീയത നശിച്ചു പോയിരിക്കുന്നത്. (ദിക്റെ ഇലാഹി- പേ-21)

മേൽ പറയപ്പെട്ടതിൽ നിന്നും നാം ഗ്രഹിക്കേണ്ട കാര്യമെന്തന്നാൽ തെറ്റായ മാർഗം സ്വീകരിച്ചാൽ വിജയത്തിന് പകരം നാശവും അപകടകരമായ അവസ്ഥയുമായിരിക്കും ഉണ്ടാവുക. അത്കൊണ്ട് ദൈവവും ദൈവദൂതനും മനസ്സിലാക്കി തന്നിരിക്കുന്ന മാർഗങ്ങൾ സ്വീകരിച്ച് പ്രവർത്തിക്കണം. ഇതിലൂടെ മാത്രമേ വിജയപ്രാപ്തി കരസ്ഥമാക്കുകയുള്ളൂ. ഇനി ആ മാർഗങ്ങൾ, ആ അവസ്ഥകൾ എന്തെല്ലാമാണെന്ന് ഒന്ന് പരിശോധിക്കാം. ഇത് സംബന്ധമായി ഖലീഫത്തുൽ മസീഹ് സാനി (റ) ഖുർആൻ ആയത്തുകളുടെ അടിസ്ഥാനത്തിൽ ഇപ്രകാരം വിവരിക്കുന്നു:

“ദിക്റെ ഇലാഹി ചെയ്യുന്നവരിൽ ബോധ ക്ഷയമുണ്ടാകുന്നതായിട്ടോ, അവർ അന്തം വിട്ട് നിലത്ത് വീഴുന്നതായിട്ടോ തലയിട്ടടിക്കുന്നതായിട്ടോ ഉള്ള ഒരു പ്രസ്താവനയും വിശുദ്ധ ഖുർആനിൽ കാണുകയില്ല. മറിച്ച് അവരിൽ ഉണ്ടാകുന്ന പ്രതികരണങ്ങളെക്കുറിച്ച് ആ പവിത്ര ഗ്രന്ഥം പറയുന്നത് ഇപ്രകാരമാണ്.

**‘അല്ലാഹുവിനെ ദിക്ർ ചെയ്യപ്പെടുമ്പോൾ സത്യ വിശ്വാസിയുടെ ഹൃദയം ഭയപ്പെടുന്നതാണ്.’** (3:8) **‘തങ്ങളുടെ റബ്ബിനെ ഭയപ്പെടുന്നവർ, അല്ലാഹുവിന്റെ ദിക്റിന്റെ വേളയിൽ അവർക്ക് രോമാഞ്ചമുണ്ടാകുകയും അവരുടെ ദേഹം തളരുകയും ഹൃദയം ഭയപ്പെടുകയും ചെയ്യുന്നു..’(24: 39)**

റഹ്മാനായ അല്ലാഹുവിന്റെ ആയത്തുകൾ അവർക്ക് ഓതി കേൾപ്പിക്കപ്പെടുമ്പോൾ അവർ സുജൂദിൽ വീഴുകയും കരയുകയും ചെയ്യുന്നു. അഥവാ അവർ ആരാധനയിൽ മുഴുകുന്നു. (ദിക്റെ ഇലാഹി പേ. 30, 31)

ഈ ആയത്തുകളുടെ വെളിച്ചത്തിൽ ദിക്റെ ഇലാഹി ചെയ്യുന്നവരുടെ അഞ്ച് അവസ്ഥകൾ വ്യക്തമാക്കുന്നു. ഒന്നാമതായി തങ്ങളുടെ നാഥനായ ദൈവം വളരെ ഉന്നതനും പ്രതാപവാനുമാണെന്ന് അവർ മനസ്സിലാക്കുന്നത് കൊണ്ട് അവർ ദിക്ർ ചെയ്യുമ്പോൾ അവരുടെ ഹൃദയം ഭയപ്പെടുന്നു. അവരിൽ ഭീതി ഉളവാകുന്നു. രണ്ടാമതായി ഭയത്താൽ അവരിൽ രോമാഞ്ചം ഉണ്ടാകുന്നു, അവരുടെ ദേഹം തളർന്നു പോകുകയും ഹൃദയം മൃദുലമായി ത്തീരുകയും ചെയ്യുന്നു. പിന്നീട് അവർ സുജൂദിൽ അഥവാ ആരാധനയിൽ മുഴുകുന്നു. അവസാനമായി അവർ കരയുന്നു. ഈ അവസ്ഥകളിലൂടെ സഞ്ചരിച്ച് ഒരു സത്യവിശ്വാസി ദൈവസ്മരണയുടെ യാഥാർഥ്യം ഗ്രഹിക്കുമ്പോൾ അവൻ അനുഭവിക്കുന്ന മനസംതൃപ്തി മറ്റ് ഭൗതിക സുഖങ്ങളെക്കാളും സന്തോഷങ്ങളെക്കാളും വിലമതിക്കുന്നതാണെന്ന് അവൻ തിരിച്ചറിയുന്നു. ഇതാണ് അവനിൽ സായൂജ്യ ലഭ്യതക്ക് ഹേതുവായി തീരുന്നത്. എത്ര ത്യാഗങ്ങൾ സഹിക്കേണ്ടി വന്നാലും അവൻ ഈ ജീവാമൃതം ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല. അത് പോലെത്തന്നെ ദിക്റെ ഇലാഹിയുടെ മഹത്വം മനസ്സിലാക്കുന്ന സത്യവിശ്വാസി ഖുർആൻ പാരായണം ചെയ്യുമ്പോഴും നമസ്കാരത്തിൽലയിക്കുമ്പോഴും അല്ലാഹുവിന്റെ നാമങ്ങൾ ഏറ്റു പറയുമ്പോഴും അവ ജനങ്ങൾക്ക് മുമ്പിൽ വിളംബരപ്പെടുത്തുമ്പോഴും ഭൗതിക ശക്തികളെ ഭയപ്പെടുകയോ, അവർക്ക് മുമ്പിൽ യാതൊരു സങ്കോചവും പ്രകടിപ്പിക്കുകയോ ചെയ്യുന്നില്ല. ഈയൊരു സവിശേഷ ഗുണം നമുക്ക് പ്രവാചകന്മാരിലും സഹാബാക്കളിലും ദർശിക്കാൻ സാധിക്കുന്നതാണ്. ഈ ദൈവിക അനുരക്തിക്ക് പകരമായി അവർ സർവതും ത്യാഗം ചെയ്യുന്നു. ജീവനും ധനത്തിനും, അന്തസ്സിനും നിസ്സാര വില കൽപ്പിച്ചു കൊണ്ട് എല്ലാവിധ ത്യാഗത്തിനും തയ്യാറായി കൊണ്ടും ദൈവസന്നിധിയിൽ തങ്ങളുടെ ശിരസ്സുകൾ അടിയറവ് വെക്കുന്നു. ഇതല്ലാതെ മറ്റൊന്നിന്നും നിലനിൽപ്പില്ലെന്ന് മനസ്സിലാക്കുന്ന സത്യവിശ്വാസികൾ, ദീനിനെ മുന്തിച്ച് കൊണ്ട് ദുനിയാവിനെ പിന്തള്ളുന്നു.

മറ്റൊരുകാര്യം ദൈവഭക്തി (തഖ്‌വ) ഇല്ലെങ്കിൽ ഈ പ്രവർത്തനങ്ങളെല്ലാം തന്നെ നിഷ്പ്രയോജനവും നിഷ്ഫലവുമാണ്. ഹദ്റത്ത് മസീഹ് മഊദ് (അ) ഇപ്രകാരം അരുൾ ചെയ്യുന്നു: അല്ലാഹു എന്നെ അഭിസം ബോധന ചെയ്തു കൊണ്ട് പറഞ്ഞു:‘*തഖ്‌വ (ഭയഭക്തി) എന്ന ചെടി ഹൃദയത്തിലാണ് നടേണ്ടത്. തഖ്‌വ പരിപോഷിപ്പിക്കപ്പെടുന്ന വെള്ളം കൊണ്ട് തന്നെയാണ് മുഴുവൻ തോട്ടവും ജലസേചനം ചെയ്യപ്പെടുന്നത്. തഖ്‌വയാകുന്ന തായ്‌വേര് ഇല്ലെങ്കിൽ സർവവും നിഷ്ഫലമാണ്. അത് നിലനിൽക്കുകയാണെങ്കിൽ എല്ലാം നിലനിൽക്കുന്നതാണ്.’( അൽ വസിയത്ത്)*

ഇനി കാര്യലാഭത്തിന് മാത്രം ദൈവ സ്മരണയെ അവലംബിക്കുകയും അതിനു ശേഷം ഉപേക്ഷിക്ക പ്പെടുകയും ചെയ്യുന്ന രീതിയിൽ നിന്നും ഒരിക്കലും ശാശ്വതമായ സമാധാനം കരഗതമാവുകയില്ല എന്ന കാര്യം ഓർക്കേണ്ടതാണ്. ഏതു പോലെ കാലാവ സ്ഥാമാറ്റം കൊണ്ട് ഇലകൾ കൊഴിഞ്ഞു പോകുന്നുവോ അത് പോലെ സമാധാനവും കൊഴിഞ്ഞു പോകുന്നതാണ്. ശ്വാശത സമാധാനം പ്രാപിക്കണമെങ്കിൽ സ്ഥിര ചിത്തനായി കൊണ്ട് ദൈവസ്മരണ ശീലമാക്കുകയാണ് വേണ്ടത്. ചാഞ്ചല്യമില്ലാത്ത മനസ്സുമായി ഈ ആരാധനാക്ര മത്തെ സമീപിക്കുകയാണ് ഈ ആരാധനയോടുള്ള നമ്മുടെ കടമ. എന്നാൽ മാത്രമേ ശരിയായ ഫലം ലഭിക്കുകയുള്ളൂ. ഈയൊരു കാര്യം വ്യക്തമാക്കിക്കൊണ്ട് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഇപ്രകാരം പറഞ്ഞു: ‘നിർവൃതി എന്ന് പറയുന്നത് അത് ഏതൊന്നിലാണോ വ്യക്തമായ നിലയിൽ സ്ഥിരതയുള്ളത്, ശാന്തിയുള്ളത് അല്ലെങ്കിൽ ഏതെങ്കിലും വസ്തു വന്ന് കൊണ്ട് ഒരിടത്തുറക്കുകയോ ഭവനം നിർമിക്കുകയോ സ്ഥാനം നിർണയിച്ചിരിക്കുകയോ ചെയ്യുന്നതിനാണ് പറയുക.’ (മഷ്അലെ റാഹ് വാല്യം 3 പേ. 255)

ഖുർആനിലെ ‘***അല്ലാ ബി ദിക്റില്ലാഹി തത്മയിന്നുൽ ഖുലൂബ്***’ (അല്ലാഹുവിന്റെ സ്മരണ (ദിക്റ്)കൊണ്ടു മാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ)എന്ന ആയത്തിൽ ഏത് ദിക്റിന്റെ സൂചനയാണ് നൽകുന്നത്? ആ ദിക്ർ സ്ഥിരതയുടെ ദിക്റാണ്. അത് ജീവിതത്തിന്റെ ഭാഗമായി മാറി. ദൈവം ഹൃദയത്തിൽ പ്രവേശിച്ചു കൊണ്ട് തങ്ങുകയും അവിടെ താമസം ആരംഭിക്കുകയും ചെയ്യുന്ന ദിക്റിനെ കുറിച്ചാണ് അല്ലാഹു പറയുന്നത്. ഇത് സമാധാനം പ്രദാനം ചെയ്യുകയും മുഴുജീവിതവും നിർവൃതിയാൽ നിറയുന്നതുമാണ്. അവിടെ നിന്നാണ് ദീനെ ഹഖ് പ്രാരംഭംകുറിക്കുന്നത്. മഷ്അലെ റാഹ് വാല്യം 3, പേ 256)

ഈ ഉദ്ധരണി നമ്മോട് പറയുന്നത് നാം ദീനിന്റെ യാഥാർഥ്യവും കടമകളും

മനസ്സിലാക്കി പ്രവർത്തിക്കുന്നത് ദിക്റിൽ സ്ഥിരത കൈവരിക്കുമ്പോൾ മാത്രമാണ്. സ്ഥിരതയുള്ള ദിക്റാണ് മനുഷ്യ മനസ്സിന് ശാശ്വതമായ നിർവൃതി പ്രദാനം ചെയ്യുന്നത്. ദൈവത്തിന്റെ നിറം സ്വീകരിച്ചു കൊണ്ട് ദൈവസ്നേഹത്തിന് പാത്രമാകുന്നവർക്കാണ് സമാധാനം ലഭിക്കുന്നത്. എന്നാൽ ഗ്രഹിക്കേണ്ട കാര്യം ദൈവത്തോട് പ്രേമം തോന്നുന്ന തോടൊപ്പം തന്നെ ദൈവസ്മരണയിൽ ആനന്ദം കൈവരിക്കുകയും ചെയ്യണം. നാം ഇരിക്കുമ്പോഴും നടക്കുമ്പോഴും കിടക്കുമ്പോഴും ഏഴുന്നേൽക്കുമ്പോഴും ബുദ്ധിമുട്ടുമ്പോഴും ശാന്തത അനുഭ വിക്കുമ്പോഴും ജീവിതത്തിലെ എല്ലാ സന്ദർഭങ്ങളിലും ദൈവത്തെ സ്മരിക്കു ന്ന ശീലമുണ്ടാക്കിയാൽ ആത്മ നിർവൃ തിയുടെ ജീവിതത്തിലേക്ക് പ്രവേശിക്കു ന്നവരായി നമ്മൾ മാറുന്നതാണ്. ഇത്ത ന്നെയാണ് ഇസ്ലാമിന്റെ അദ്ധ്യാപനവും. വിശുദ്ധ ഖുർആൻ പറയുന്നു: '***നിന്റെ നാഥനെ വിനയത്തോടും ഭയത്തോടും ഉച്ചത്തിലുള്ള വാക്കുകൾ കൂടാതെയും, പ്രഭാതത്തിലും പ്രദോഷത്തിലും നിന്റെ മനസ്സിൽ നീ സ്മരിക്കുക. നീ അശ്രദ്ധരിൽ പെട്ടവരാകരുത്.***' (7: 206) അതായത് ഈ ആരാധനാ ക്രമം അവലംബിക്കുക എന്നത് ദൈവകൽ പ്പനയാണ് ഒരു വിശ്വാസിയുടെ ആത്മീയ പുരോഗതിക്കും ആത്മീയ ഉന്നമന ത്തിനും ഹേതുവായി മാറുന്ന ആരാധന കളുടെ കാതലാണ് ദിക്റെ ഇലാഹി. ഇസ്ലാമിന്റെ എല്ലാ ആരാധനാ രൂപങ്ങളും നാം പരിശോധിക്കുകയാണെ ങ്കിൽ എല്ലാം തന്നെ ദിക്റെ ഇലാഹി തന്നെയാണെന്ന് നമുക്ക് മനസ്സിലാക്കാ വുന്നതാണ്. നമസ്ക്കാരത്തിലും ഖുർ ആൻ പരായണത്തിലും ഹജ്ജിലും നോമ്പിലും ദുആയിലും എല്ലാം തന്നെ ദിക്റെ ഇലാഹി നിറഞ്ഞു നിൽക്കുന്ന തായി നമുക്ക് കാണാൻ സധിക്കും. മറ്റൊരു പ്രധാനകാര്യം ദിക്റിലൂടെ ദൈവത്തിന്റെ തൃപ്തി കരസ്ഥമാക്കാവു ന്നതാണ്. അല്ലാഹു ഖുർആനിലെ അൽ അൻകബൂത്ത് എന്ന അദ്ധ്യായത്തിലെ 46-ാമത്തെ വചനത്തിൽ അല്ലാഹുവിനെ ദിക്ർ ചെയ്യുന്നത് വലിയ കാര്യമാണെ ന്നാണ് പറഞ്ഞിരിക്കുന്നത്. വീണ്ടും ഖുർആൻ പറയുന്നു: '***അല്ലാഹുവിൽ നിന്നുള്ള പ്രീതിയാണ് എല്ലാത്തിലും മഹത്തരമായിട്ടുള്ളത്.***' (9:72) വലിയ കാര്യത്തിന് വലിയ പ്രതിഫലമെന്ന പ്രകൃതി നിയമത്തിന്റെ അടിസ്ഥാന ത്തിൽ വലിയ കാര്യമായ ദിക്ർ ചെയ്യുമ്പോൾ വലിയ പ്രതിഫലമായ അല്ലാഹുവിന്റെ തൃപ്തി കരസ്ഥ മാക്കുന്നു. മറ്റൊരു കാര്യം ദിക്റിലൂടെ മനക്കരുത്തും വിജയവും കരഗതമാവു ന്നു എന്നതാണ്. അല്ലാഹു പറയുന്നു: ***വിശ്വസിച്ചവരെ നിങ്ങൾ ഒരു സൈ ന്യത്തെ കണ്ടുമുട്ടിയാൽ ഉറച്ചു നിൽക്കുകയും അല്ലാഹുവിനെ അധിക മായി സ്മരിക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിന് വേണ്ടി (8:46)***

ഈ ആയത്ത് പറയുന്നത് സർവ ശക്തനായ ദൈവം നിങ്ങളുടെ കുടെ യുണ്ട് എന്ന് തിരിച്ചറിയാനും, അത് കാരണം മുന്നോട്ട് ഗമിക്കാനുമുള്ള മനോധൈര്യം പ്രാപിക്കാനും അതു വഴി ഉന്നതവിജയം കരസ്ഥമാക്കാനും വേണ്ടി ദൈവത്തെ സ്മരിക്കുക. ധാരാളമായി അവനെ സ്മരിക്കുക. ഇങ്ങനെ ദിക്ർ ചെയ്യുമ്പോഴാണ് മനക്കരുത്തും വിജയ വും ലഭ്യമാകുന്നത്. ദൈവസ്മരണയുടെ സുപ്രധാനമായ ഒരു ശ്രേഷ്ഠത എന്നത് ഈ ആരാധനാ കർമത്തിലെ ആത്മീയ ജ്ഞാനങ്ങൾ ഗ്രഹിക്കാൻ സാധിക്കുന്നു എന്നുള്ളതാണ്. ഖുർആൻ തുടർന്ന് പറയുന്നു, '***ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചു കൊണ്ടി രിക്കുകയും ആകാശഗോളങ്ങളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാൻമാർ) ഞങ്ങളുടെ നാഥാ! ഇതെല്ലാം നീ വ്യർഥമായിട്ടല്ല സൃഷ്ടി ച്ചത്, നീ പരിശുദ്ധനാണ്, അതിനാൽ നരക ശിക്ഷയിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ (എന്ന് അവർ പ്രാർഥി ക്കും)(3:191-192)*** '*അതായത് അല്ലാഹു വിന്റെ പ്രവർത്തനങ്ങളിൽ ചിന്തിക്കുന്ന വരുമായിരിക്കും ആ ബുദ്ധിമാന്മാർ എന്നും പ്രസ്തുത ആയത്തുകൾ തുടർന്നു പ്രസ്താവിക്കു കയും ചെയ്യുന്നു. (ദിക്റെ ഇലാഹി-108)*

അതായത് സ്വയം ആശ്ചര്യപ്പെട്ടു പോകുന്ന വിധത്തിലുള്ള ചില ആത്മീയ ജ്ഞാനങ്ങൾ ദിക്ർ ചെയ്യുന്നവരിൽ വെളിപ്പെട്ടു വരുന്നതാണ്. ഇനി അല്ലാഹു നിങ്ങളെ സ്മരിക്കണമെങ്കിൽ, അവന്റെ അനുഗ്രഹങ്ങൾക്ക് പാത്രമാവണമെങ്കിൽ അല്ലാഹുവിനെ സ്മരിക്കേണ്ടത് നിർബ ന്ധമാണ്.

***'ഫദ്കറൂനീ അദ്കുറുക്കും'(നിങ്ങൾ എന്നെ ദിക്ർ ചെയ്യുക, ഞാൻ നിങ്ങ ളെയും സ്മരിക്കുന്നതാണ്.) (2: 153)***

ഈ ലേഖനത്തിലൂടെ ദിക്റിന്റെ മുഴുവൻ യാഥാർഥ്യങ്ങളും വിവരിക്കുക അസാധ്യമാണ്. എന്നാൽ ഇതിലൂടെ ഖുർആന്റെ ഒരു ഉദ്ദേശം പൂർത്തിയാവു ന്നതാണ്. അതായത് ഖുർആൻ പറയുന്നു: ***'ഫദക്കിർ ഇന്നമാ അൻത മുദക്കിർ'*** ഈ ആയത്തിൽ 'ദിക്ർ'എന്ന പദം ഉപദേശിക്കുക എന്ന അർഥത്തിൽ അല്ലാഹു ഉപയോഗിച്ചിരിക്കുകയാണ്. അതായത് ഉപദേശിക്കുക, ഉപദേശം പ്രയോജനകരമാണ്. ഈ പ്രയോജന കരമായ ഉപദേശം നാം സ്വീകരിക്കുകയാ ണെങ്കിൽ നമ്മുടെ ജീവിതം അല്ലാഹു വിന്റെ തൃപ്തിയുടെ തണലിൽ നിർവൃ തിയും, സമാധാനവും നിറഞ്ഞ ജീവിത മായി മാറുന്നതാണ്. അല്ലാഹു നമുക്ക തിനുള്ള സൗഭാഗ്യം നൽകുമാറാക ട്ടെ.(ആമീൻ)

വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക; (അവന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരി ക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും (അവന്റെ) ദൂതങ്കലേക്കും (തീരുമാനത്തിനായി) ഏല്പിക്കുക. നിങ്ങൾ അല്ലാഹു വിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന വരാണെങ്കിൽ അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവുംനല്ല ഗുണപര്യവസായിയും.

(വിശുദ്ധ ഖുർആൻ 4:60)

# പീഢിപ്പിക്കപ്പെടുന്ന ന്യൂനപക്ഷം

സായ് മനീഷ

മതത്തിന്റെ പേരിലുള്ള ഭീകര വാദവും തീവ്രവാദവും കൂടി പാകിസ്താനെ എല്ലാ അർഥത്തിലും നശിപ്പിച്ചിരിക്കയാണ്. അവിടെ മത ഭീകരവാദത്തിനും തീവ്രവാദത്തിനും ഏറ്റവുമധികം ഇരയായത് അഹ്മദികളാണ്. ആ പ്രവണത ഇന്ത്യയിലും ആരംഭിച്ചതായി തെഹൽക്ക ലേഖകൻ വിശദീകരിക്കുന്നു. തെഹൽക്ക ജൂൺ ലക്കത്തിൽ വന്ന ലേഖനത്തിന്റെ പ്രസക്തഭാഗങ്ങളുടെ വിവർത്തനം.

**ഈ** ദിവസങ്ങളിൽ പാകിസ്താനിൽ നിന്നും ദിവംഗതനായ അബ്ദുസ്സലാമിനെ കുറിച്ച് തികച്ചും ആശ്ചര്യജനകവും വിരോധാഭാസം ജനിപ്പിക്കുന്നതുമായ ഒരു വാർത്ത കേൾക്കാനിടയായി. വിഖ്യാത ഭൗതിക ശാസ്ത്രജ്ഞനും പാകിസ്താനിലെ ആദ്യ നോബൽ സമ്മാന ജേതാവുമായ സലാം തന്റെ ജന്മനാട്ടിൽ തമസ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുമാത്രമല്ല പലപ്പോഴും അവഹേളിക്കപ്പെടുകയും ചെയ്യുന്നു, അദ്ദേഹം ഇസ്ലാമിലെ അഹ്മദിയ്യാ/ഖാദിയാനി വിഭാഗത്തിൽ പെട്ട വ്യക്തിയാണ് എന്ന കാരണത്താൽ!!. പ്രമുഖ സുന്നിവിഭാഗങ്ങളും തീവ്ര വഹാബി വിഭാഗങ്ങളും കരുത്തുകാട്ടുന്ന പാകിസ്താനിൽ അഹ്മദികൾ പീഢനങ്ങൾക്ക് ഇരയായിക്കൊണ്ടേയിരിക്കുകയാണ്.

എന്നാൽ ആ വിദ്വേഷാഗ്നി ഇപ്പോൾ ഇന്ത്യയിലേക്കും പടരുകയാണോ? അഹ്മദിയ്യത്തിന്റെ ജന്മഗേഹമാണ് ഇന്ത്യ. 19-ാം നൂറ്റാണ്ടിൽ പഞ്ചാബിലെ ഖാദിയാനിൽ ജനിച്ച മിർസാ ഗുലാം അഹ്മദ് എന്ന മതപ്രബോധകന്റെ അനുയായികളാണിവർ. എന്നാൽ ഈ വിഭാഗത്തിനെതിരെ നിലനിൽക്കുന്ന നിശബ്ദമായ സാമൂഹ്യ ഭ്രഷ്ട് അവരെ മറ്റ് മുസ്ലിംകളിൽനിന്നും ഒറ്റപ്പെടുത്തുന്നു.

പഴയ ഹൈദരാബാദ് നഗരത്തിലെ താമസക്കാരനായ 82 വയസ്സുള്ള ജഹാൻഗീർ അലിയേക്കാൾ ഇക്കാര്യത്തിൽ അനുഭവജ്ഞനായി അധികം ആളുകൾ ഉണ്ടാവില്ല. 398 വർഷം പഴക്കമുള്ള ഖുത്വുബ് ഷാഹി മസ്ജിദ് ഉൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ താമസസ്ഥലത്താണ് ഞങ്ങൾ നിൽക്കുന്നത്. കുടുംബ ശ്മശാനവും താമസസ്ഥലവും ഒരു ചെറിയ പോൾട്രി കച്ചവടവും എല്ലാം ഇതിൽ ഉൾപ്പെടുന്നു. *നിങ്ങൾ ചുറ്റുമൊന്ന് കണ്ണോടിക്കൂ, എന്താണ് കാണുന്നത്?* അദ്ദേഹം ആവശ്യപ്പെട്ടു. മരങ്ങൾ, ഒരു റെയിൽവെ ട്രാക്ക്, വീണ്ടും ധാരാളം മരങ്ങൾ അത്രമാത്രം. ഇടതിങ്ങിപ്പാർക്കുന്ന ഫലക്നുമയിൽനിന്നും സമീപ്രദേശങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായി അപൂർവമായ വിശാലത അനുഭവപ്പെട്ടു. ഈ ഒരു കാര്യത്തിലേക്ക് തന്നെയാണ് അലിയും വിരൽ ചൂണ്ടുന്നത്. തന്റെയും തന്റെ കുടുംബത്തിന്റെയും ഒറ്റപ്പെട്ട ജീവിതത്തിലേക്ക്. അദ്ദേഹവും അദ്ദേഹത്തിന്റെ രണ്ട് മക്കളും അവരുടെ രണ്ട് പേരക്കുട്ടികളും സമൂഹത്തിലെ മുഖ്യധാരയിൽനിന്ന് അകറ്റിനിർത്തപ്പെടുന്നു എന്നുമാത്രമല്ല തുടർച്ചയായി പലവിധ ഭീഷണികൾക്കിരയായിക്കൊണ്ടിരിക്കുകയുമാണ്.

അലിയും കുടുംബവും വളരെ പരിപാവനമായി സംരക്ഷിച്ചുവരുന്ന പള്ളിയുടെ ഉടമസ്ഥാവകാശം നേടിയെടുക്കാൻ ഇപ്പോൾ ഒരുകൂട്ടം മതഭ്രാന്തൻമാർ ആന്ധ്രാപ്രദേശ് വഖഫ് ബോർഡിന്റെ പിൻതുണയോടെ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

*എന്റെ പിതാമഹൻ 1890 ൽ ഇവിടെ വരുന്ന സമയത്ത് ഈ പള്ളിയുടെ അവസ്ഥ വളരെ ശോചനീയമായിരുന്നു.* അലി പറയുന്നു. *പിന്നെ അദ്ദേഹം അതിന്റെ മേൽനോട്ടക്കാരനായി. തന്റെ പണം അതിന്റെ നവീകരണത്തിനായി ചിലവഴിച്ചു. ഇക്കാലത്തിനിടക്ക് ഒരാൾ പോലും നമസ്കാരത്തിനായി ഇവിടെ വന്നിട്ടില്ല. ഇപ്പോഴും ഞങ്ങളല്ലാതെ മറ്റാരും തന്നെ പ്രാർഥനക്കായി ഇവിടെ വരാറില്ല. എന്നിട്ടും അവർക്ക് ഞങ്ങളെ ഇവിടെ നിന്ന് പുറത്താക്കണം.* അദ്ദേഹം പറഞ്ഞു.ഫിബ്രവരി 18ന് വഖഫ് ബോർഡ് ഒരു ഉത്തരവ് പുറപ്പെടുവിച്ചു, *പള്ളിയും ശ്മശാനവും ഖാദിയാനികളുടെ കൈയിൽനിന്ന് പിടിച്ചെടുക്കണം. സുന്നി, ഷിയാ പള്ളികളൊന്നും തന്നെ അമുസ്ലിംകളുടെ നിയന്ത്രണത്തിലാവാൻ പാടില്ല, ആയതിനാൽ പ്രസ്തുത വസ്തുവകകൾ വഖഫ് ബോർഡിന്റെ നേരിട്ടുള്ള നടത്തിപ്പിനായി ഏറ്റെടുക്കേണ്ടതാണ്.* ഫലത്തിൽ അലിയെയും കുടംബത്തെയും വഖഫ് ബോർഡ് അമുസ്ലിംകളായി പ്രഖ്യാപിച്ചു!.തന്റെ അനാരോഗ്യാവസ്ഥയിലും അലി പ്രതീക്ഷ കൈവിടുന്നില്ല. *ഇതിനെയെല്ലാം ഞാൻ നിയമപരമായി തന്നെ നേരിടും* എന്ന് പറയുന്നു, *എന്റെ പിതാവിന്റെ കല്ലറയാണിത്. അതുപോലെ എന്റെയും എന്റെ മക്കളുടെയും അവരുടെ മക്കളുടെയുമെല്ലാം കല്ലറകൾ ഇവിടെതന്നെയായിരിക്കണം.*അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യം പ്രശംസനീയമാണെ

ങ്കിലും അലിയുടെ ഈ അനുഭവം സമാനതകളില്ലാത്ത ഒന്നല്ല. മറ്റ് മുസ്‌ലിം രാജ്യങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അതിക്രമങ്ങളുടെ ചുവടുപിടിച്ച് വർദ്ധിച്ച് വരുന്ന അസഹിഷ്ണുതയുടെ ഫലം ഇന്ത്യയിലെ അഹ്മദികളിലും പ്രതിഫലിച്ചു തുടങ്ങിയിരിക്കുന്നു.

ആശങ്കയുണർത്തുന്ന പ്രത്യേക കാര്യം ഏതെങ്കിലും ചില മതമൗലിക സംഘടനകൾ മാത്രമല്ല പ്രബലവും പ്രമുഖവുമായ മുസ്‌ലിം സംഘടനകളും അഹ്മദികൾക്കെതിരായുള്ള ഈ അതിക്രമങ്ങളിൽ പങ്കാളികളാവുന്നു എന്നതാണ്.

ഇക്കഴിഞ്ഞ മെയ് മാസത്തിൽ ഡൽഹിയിലെ രാംലീല മൈതാനത്ത് വെച്ച് നടന്ന ഒരു പൊതുയോഗത്തിൽ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് അഹ്മദികൾക്കെതിരായ സമ്പൂർണ സാമൂഹ്യ ബഹിഷ്കരണത്തിന് ആഹ്വാനം ചെയ്യുകയുണ്ടായി. അബ്ദുൾ ഖാസിം നൊമാനിയുടെ നേതൃത്വത്തിലുള്ള ദേവ്ബന്ദി നേതാക്കൾ അഹ്മദികളുടെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ കയ്യടക്കുന്നതിന് തീരുമാനമെടുത്ത ആന്ധ്രാപ്രദേശ് വഖഫ് ബോർഡിനെ അഭിനന്ദിക്കുകയും മറ്റ് സംസ്ഥാനങ്ങളിലെ വഖഫ് ബോർഡുകളോട് ഇതേരീതിയിൽ പ്രവർത്തിക്കാൻ നിർബന്ധിക്കുകയും ചെയ്യുകയുണ്ടായി.

മുസ്‌ലിം രാഷ്ട്രീയ പാർട്ടികളും- മജ്‌ലിസെ ഇത്തിഹാദുൽ മുസ്‌ലിമീൻ പോലെയുള്ളവ-ഇത്തരം വിദ്വേഷസന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിൽ പിന്നിലല്ല. ഹൈദരാബാദിലെ സൈദാബാദിൽ കഴിഞ്ഞ മാർച്ചിൽ ഒരു അഹ്ദിയ്യാ പള്ളി ആക്രമിക്കപ്പെട്ടു. സ്ത്രീകളും കുട്ടികളും പ്രായമായവരും പ്രാർഥിച്ചുകൊണ്ടിരിക്കവേ ആയിരുന്നു ആക്രമണം. പള്ളിക്ക് കല്ലെറിയുകയും *ഖാദിയാനികൾ വഴിക്കുവന്നില്ലെങ്കിൽ* പെട്രോൾ ബോംബുപയോഗിച്ച് ആക്രമിക്കുമെന്ന് ഭീഷണിമുഴക്കുകയും ചെയ്തു.

ഓൾഡ് ഡൽഹിയിലുള്ള ജുമുആ മസ്ജിദ് പരിസരങ്ങളിൽ *അഹ്മദികളെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കുക* എന്ന് ആഹ്വാനം ചെയ്യുന്ന ബോർഡുകൾ ഇന്ന് ഒരു അസാധാരണ കാഴ്ചയല്ല.

2011 സെപ്തംബർ 24 ന് ഡൽഹിയിലെ constitution club ൽ അഹ്മദികൾ ഖുർആൻ എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. പാർലമെന്റ് മന്ദിരത്തിൽനിന്ന് നടന്നെത്താവുന്നത്ര ദൂരത്തായിരുന്നു ഈ പ്രദർശന സ്ഥലം. എന്നാൽ ഇസ്‌ലാമിക മതഭ്രാന്തന്മാർ പ്രദർശനം അലങ്കോലപ്പെടുത്തുകയും നിർബന്ധപൂർവം നിർത്തിവെപ്പിക്കുകയും ചെയ്തു. ഡൽഹി പോലീസിനാകട്ടെ യാതൊരുവിധ സുരക്ഷയും ഉറപ്പുവരുത്താൻ കഴിഞ്ഞതുമില്ല. കേരളത്തിൽ കണ്ണൂർ, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലും അഹ്മദികളുടെ പുസ്തക പ്രദർനങ്ങൾ ആളുകൾ സംഘം ചേർന്ന് തടസ്സപ്പെടുത്തിയിരുന്നു.

അഹ്മദിയ്യാ വിഭാഗം, ആരാണിവർ? ഇവർ മറ്റുമുസ്‌ലിംകൾനിന്ന് വ്യത്യസ്തരാണെങ്കിൽ എങ്ങനെ?

പ്രധാനമായും രണ്ടുകാര്യങ്ങളിലാണ് അവർ സുന്നികളിൽ നിന്ന് വ്യത്യസ്തരാകുന്നത്. ഒന്ന്, അവർ മിർസാ ഗുലാം അഹ്മദിനെ – അദ്ദേഹം 1889 മാർച്ച് 23ന് ഖാദിയാനിൽ ഈ പ്രസ്ഥാനത്തിന് അടിത്തറപാകി- പ്രവാചകന്റെ യഥാർഥ അദ്ധ്യാപനങ്ങളെ ഈ ലോകത്ത് പ്രചരിപ്പിക്കുകയും അങ്ങനെ ഭ്രാന്തമായ ദുർവ്യഖ്യാനങ്ങളിൽനിന്ന് ഇസ്‌ലാമിനെ രക്ഷിക്കുകയും ചെയ്ത മഹാനായ മസീഹായി അംഗീകരിക്കുന്നു. സുന്നികൾ പറയുന്നു, *അതിനർഥം അഹ്മദികൾ മുഹമ്മദിനെ അന്ത്യപ്രവാചകനായി അംഗീകരിക്കുന്നില്ല. അദ്ദേഹത്തെ പ്രവാചൻമാരുടെ മുദ്രയായി കണക്കാക്കുന്നില്ല. അതേസമയം മിർസാ ഗുലാം അഹ്മദിന് മഹ്ദി* (അല്ലാഹുവിനാൽ നയിക്കപ്പെട്ട ഇസ്‌ലാമിന്റെ പുനരുദ്ധാരകൻ) *എന്ന പദവി ചാർത്തിക്കൊടുക്കുകയും ചെയ്യുന്നു.* അഹ്മദിയ്യാ പണ്ഡിതരെ ഉദ്ധരിക്കുകയാണെങ്കിൽ പ്രവാചകൻ മുഹമ്മദ് പ്രവചനം ചെയ്ത പ്രകാരം വാഗ്ദത്ത മസീഹ് ദമാസ്കസ് നഗരത്തിന് നേർ കിഴക്ക് വെള്ളമിനാരത്തിലാണ് അവതരിക്കുക. ഖാദിയാനിൽ മിർസാ ഗുലാം അഹ്മദിന്റെ ജനനത്തോടെ ഈ പ്രവചനം പൂർത്തിയായതായി അവർ വിശ്വസിക്കുന്നു. ഖാദിയാൻ എന്ന പ്രദേശം ദമാസ്കസിന് നേർ കിഴക്കാണെന്ന് മാത്രമല്ല, 31 ഡിഗ്രി വടക്ക് സിറിയൻ തലസ്ഥാനം (33 ഡിഗ്രി വടക്ക്) സ്ഥിതി ചെയ്യുന്ന മിക്കവാറും അതേ അക്ഷാംശത്തിലുമാണ് ഈ ദേശം സ്ഥിതി ചെയ്യുന്നത്.

രണ്ടാമത്തെ വ്യത്യാസം ജിഹാദ് അല്ലെങ്കിൽ വിശുദ്ധയുദ്ധത്തിന് അഹ്മദികൾ നൽകുന്ന വിശദീകരണത്തിലാണുള്ളത്. ജിഹാദിന് വളരെ പാവനമായ നിർവചനമുണ്ടെന്നാണ് അവർ പറയുന്നത്. ഒരുവന്റെ സ്വേച്ഛകൾക്കെതിരായുള്ള യുദ്ധമാണത്. സ്വയം പരിഷ്കരണത്തിന്റെ പാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുക എന്നതാണ് ഓരോ അഹ്മദിയും ലക്ഷ്യം വെക്കുന്നത്. സ്വഭാവസംസ്കരണത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് എല്ലാതരത്തിലുമുള്ള അക്രമത്തെയും കയ്യൊഴിയുന്നു. വാസ്തവം പറയുകയാണെങ്കിൽ മറ്റ് ഇസ്‌ലാമിക, അനഹ്മദി വിഭാഗങ്ങളും ജിഹാദിന് ഈ രീതിയിലുള്ള നിർവചനമാണ് നൽകുന്നതെങ്കിലും അഹ്മദികൾ അതിന്റെ പ്രയോക്താക്കളായിക്കൊണ്ട് വഹാബികളുടെ തീവ്രനിലപാടുകളിൽനിന്ന് വേറിട്ടു നിൽക്കുന്നു.

അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷന്റെ ലണ്ടനിലെ വിദേശകാര്യ വക്താവ് ഫരീദ് അഹ്മദ് പറയുന്നു,

*ഞങ്ങളുടെ ജിഹാദ് ടെലിവിഷനിലൂടെയും പത്രങ്ങളിലൂടെയും ചിത്രീകരിക്കപ്പെടുന്ന ജിഹാദി പ്രവർത്തനങ്ങളിൽനിന്ന് തികച്ചും വിഭിന്നമാണ്. അഹ്മദികൾ ജിഹാദിലൂടെ ഖ്യാതിയോ അധികാരമോ, പ്രതാപമോ അല്ല കാംക്ഷിക്കുന്നത്. ഇസ്‌ലാമിലെ മഹത്തരമായ ജിഹാദ് സ്വേച്ഛകളെ കീഴ്പ്പെടുത്തുക എന്നുള്ളതാണ്. അതിന് വാളോ, ബോംബോ വെടിയുണ്ടകളോ ആവശ്യമില്ല. മറിച്ച് പരിശുദ്ധമായ ഒരു ഹൃദയമാണ് വേണ്ടത്*

അഹ്മദികളും മറ്റ് ഭൂരിപക്ഷ മുസ്‌ലിം വിഭാഗങ്ങളുമായി വേറെയും വ്യത്യാസങ്ങളുണ്ടെങ്കിലും അവയെല്ലാം തന്നെ പ്രധാനമായും ദൈവശാസ്ത്രത്തിനു പുറമെയുള്ള വിഷയങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. യേശു കുരിശുമരണം വരിച്ചിട്ടില്ല എന്നും മറിച്ച് ഇന്ത്യയിലേക്ക് രക്ഷപ്പെട്ട് തന്റെ ശിഷ്ടകാലം ഒരു യോഗിയെപ്പോലെ കാശ്മീരിൽ ജീവിക്കുകയുമായിരുന്നു എന്നുമാണ് മിർസ ഗുലാം അഹ്മദ് വെളിപ്പെടുത്തിയിരിക്കുന്നത്.

അതെല്ലാം മുൻകഴിഞ്ഞ കാര്യങ്ങൾ. എന്നാൽ ഈ വിഭാഗത്തിനെതിരെ ഇപ്പോൾ വീശിയടിച്ചുകൊണ്ടിരിക്കുന്ന അതിക്രമങ്ങൾക്ക് മൂന്നോ നാലോ വർഷത്തെ പഴക്കമേയുള്ളൂ. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വക്താവായ ഖാദിയാനിലുള്ള തൻവീർ അഹ്മദിന്റെ നിരീക്ഷണത്തിൽ 2008 ലെ അഹ്മദിയ്യാ ഖിലാഫത്തിലന്റെ ശതവാർഷിക ആഘോഷങ്ങളാണ് അതിന് നിമിത്തമായത്. ഒരു വർഷം നീണ്ടുനിന്ന, ഇന്ത്യയൊട്ടാകെ നടന്ന ആഘോഷങ്ങളിൽ ധാരാളം ആളുകൾ പങ്കെടുത്തിരുന്നു. തൻവീർ പറയുന്നു, *അസഹിഷ്ണരായ ചില മുല്ലാക്കളെ ഇത് അരിശം കൊള്ളിച്ചു. അവർ ഞങ്ങളെ കഴിയുന്ന രീതിയിലെല്ലാം ഉപദ്രവിക്കാൻ തീരുമാനിച്ചു.*

അതുമായി ബന്ധപ്പെട്ടാണോ എന്നറിയില്ല, പാകിസ്താന്റെ ചരിത്രത്തിലെ തന്നെ അഹ്മദികൾക്കെതിരായ അതിഭയാനകമായ ഭീകരാക്രമണം 2008 മെയ് മാസത്തിൽ സംഭവിച്ചു.(2010 ലാണ് ആക്രമണ

മുണ്ടായത്) ചാവേറുകളുടെയും AK47 തോക്കുപയാഗിച്ചുള്ള തീവ്രവാദികളുടെയും നിഷ്ഠൂരമായ ആക്രമണത്തിൽ ലാഹോറിലെ രണ്ട് പള്ളികളിലായി 98 ആളുകൾ കൊല്ലപ്പെട്ടു. 1974 മുതൽ അമുസ്‌ലിംകളായി പ്രഖ്യാപിക്കപ്പെട്ട പാകിസ്ഥാനിലെ അഹ്മദികൾക്ക് തങ്ങളുടെ ജീവനും, വിശ്വാസത്തിനും പള്ളികൾക്കും നേരെ എപ്പോഴും ഭീഷണി നിലനിന്നിരുന്നു. ലഷ്കർ-ഇ-ജംങ്വി, ജെയ്ശെ മുഹമ്മദ് തുടങ്ങിയ പ്രബല തീവ്ര സുന്നി വിഭാഗങ്ങളാണ് അതിൽ മുന്നിട്ടുനിന്നത്.

പാകിസ്താനിൽനിന്ന് ഈ വിദ്വേഷത്തിന്റെ ജ്വാല മറ്റ് ഭാഗങ്ങളിലേക്ക് പടർന്ന് പിടിച്ചുകൊണ്ടിരിക്കുകയാണ്. ഇന്തോനേഷ്യയിലും മലേഷ്യയിലും അഹ്മദികൾക്കെതിരായുള്ള വികാരം വർദ്ധിച്ചുവരികയാണ്. ഫെബ്രുവരി 2011 ൽ ഇന്തോനേഷ്യയിലെ ജാവയിൽ 1500 ഓളം വരുന്ന ജനക്കൂട്ടം മൂന്ന് അഹ്മദികളെ കൊല്ലുകയുണ്ടായി. അക്രമികളാരും തന്നെ നീതിപീഠത്തിനുമുന്നിലേക്കെത്തിയില്ല. മദ്ധ്യേഷ്യയിലേയും ആഫ്രിക്കയിലേയും മുസ്‌ലിം രാജ്യങ്ങളിൽ അഹ്മദികൾ അടിച്ചമർത്തലിനും വിവേചനത്തിനും ഇരകളായിക്കൊണ്ടിരിക്കുന്നു.

ഇന്ത്യയിലും അഹ്മദികൾക്കെതിരെ അക്രമത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്നതിനുള്ള പ്രചോദനം നൽകുന്നതിന്റെ ലക്ഷണങ്ങൾ സുന്നി മസ്ജിദുകളിൽനിന്ന് വായിച്ചെടുക്കാം. *ഖാദിയാനികളെ നശിപ്പിക്കുക* എന്ന വാചകമെഴുതിയ പ്രത്യേക സംഭാവന പെട്ടികൾ അവിടെ സ്ഥാപിച്ചിരിക്കുന്നു. എന്നാൽ പാകിസ്താനിൽനിന്നും മറ്റു മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിൽനിന്നും വ്യത്യസ്തമായി ഇന്ത്യയിൽ നിയമവ്യവസ്ഥ അഹ്മദികളുടെ പിൻതുണക്കെത്തുന്നു.1970 ലെ കേരള ഹൈക്കോടതിയുടെ വിധിയിൽ അഹ്മദികൾ മുസ്‌ലിംകളാണെന്നും ഇതരമുസ്‌ലിം വിഭാഗങ്ങൾക്ക് അഹ്മദികൾ തങ്ങളുടെ ഇസ്‌ലാമിക വ്യക്തിത്വം കൈയ്യൊഴിയണമെന്ന് നിർബന്ധിക്കാൻ പാടില്ലെന്നും വ്യക്തമാക്കുന്നുണ്ട്. വിധിന്യായത്തിൽ വിശദീകരിക്കുന്നു, അഹ്മദികളും മുസ്‌ലിംകളാണ്, കാരണം അവരും മറ്റു മുസ്‌ലിംകളെപോലെ ഇസ്‌ലാമിന്റെ രണ്ട് അടിസ്ഥാന തത്വങ്ങളിൽ ഉറച്ചുനിൽക്കുന്നവരാണ് : ഒന്ന് സർവാധിപനായ അല്ലാഹുവിന്റെ ഏകത്വത്തിൽ, രണ്ട് പ്രവാചകൻ മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും ദാസനുമാണ് എന്ന വിശ്വാസത്തിൽ.

എങ്കിൽതന്നെയും ഇന്ത്യയിൽ അഹ്മദികൾ മറ്റുപലതരത്തിലുള്ള വിവേചനങ്ങൾക്കും വിധേയരാവുന്നുണ്ട്. ഇന്ത്യയിലെ വിവിധ ഇസ്‌ലാമിക വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യേണ്ട All India Muslim Personal Law Board ൽനിന്ന് ഈ വിഭാഗത്തെ അകറ്റിനിർത്തിയിരിക്കുകയാണ്. ന്യൂനപക്ഷങ്ങളിൽ ന്യൂനപക്ഷമായ അഹ്മദികൾ ഒരു വോട്ടുബാങ്കുപോലുമല്ല. ഇക്കാരണത്താൽതന്നെ രാഷ്ട്രീയക്കാരും മറ്റും തികച്ചും നിസ്സംഗമായ നിലപാടാണ് സ്വീകരിച്ചുവരുന്നത്. ഇത് അഹ്മദികളിൽ ഒരുതരം മാനസികാസ്വാസ്ഥ്യം സൃഷ്ടിക്കുന്നു.

ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് അഹ്മദികൾക്കെതിരായ സാമൂഹ്യ ഭ്രഷ്ട് പ്രഖ്യാപിച്ചതിനുശേഷം പല അഹ്മദികളെയും അനഹ്മദി മുസ്‌ലിംകളായിട്ടുള്ള വീട്ടുടമസ്ഥരും തൊഴിൽ ദായകരും നിർബന്ധപൂർവം അവിടെനിന്ന് പറഞ്ഞയച്ചതായി ആരോപണമുണ്ട്. ഹൈദരാബാദിലും ന്യൂഡൽഹിയിലും കേരളത്തിലെ ചെറിയ പട്ടണങ്ങളിലും ചെറുകിട കച്ചവടം നടത്തുന്ന അഹ്മദികൾ തങ്ങൾക്ക് ഉപഭോക്താക്കളെ നഷ്ടപ്പെടുന്നതായി പരാതിപ്പെടുന്നു.

അഹ്മദികളുടെ സാമ്പത്തിക സ്ഥിതിയെ ഉന്നംവെക്കുന്നതിനുപിറകിലും ചില യുക്തിയുണ്ട്. ഓരോ അഹ്മദിയും അവന്റെ സാമ്പത്തിക സ്ഥിതി എന്തുതന്നെയാവട്ടെ അവന്റെ വരുമാനത്തിന്റെ 16–ൽ ഒരു ഭാഗം ദൈവമാർഗത്തിൽ ചെലവഴിക്കുന്നു. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കായി ഈ തുക ഖാദിയാനിലേക്കാണ് അയക്കുന്നത്. അതിനുപറമെ ഒരു അഹ്മദി തന്റെ വരുമാനത്തിന്റെ 10ൽ ഒരു ഭാഗം നൽകുകയാണെങ്കിൽ അയാൾ *മൂസി* ആയിതീരുകയും മരണാനന്തരം *സ്വർഗീയ ശ്മശാനത്തിൽ* അടക്കം ചെയ്യപ്പെടുകയും ചെയ്യുന്നതാണ്. ഈ ശ്മശാനങ്ങൾ ഖാദിയാനിലും പാകിസ്താനിലെ റബ്‌വയിലുമാണ് സ്ഥിതിചെയ്യുന്നത്. മിർസാ ഗുലാം അഹ്മദ് ആണ് ഇത് വിഭാവനം ചെയ്തത്. തങ്ങളുടെ ധനത്യാഗത്തിലൂടെ മൂസിയാകുന്ന ഓരോ വ്യക്തിയുടെയും ഭൗതികശരീരം ഇവിടെ അടക്കം ചെയ്യപ്പെടുന്നു. ഇവിടെ അടക്കം ചെയ്യപ്പെടുക എന്നത് സ്വർഗത്തിലേക്കുള്ള ടിക്കറ്റാണ്.

അന്റോണിയോ ഗ്വാൾട്ടിയേറി തന്റെ The Ahmadis: Community, Gender, Politics in Muslim Society എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു; *ഒരു അഹ്മദിയാവണമെങ്കിൽ സാമ്പത്തിക ത്യാഗം വരിക്കണമെന്നത് ഉറപ്പായ കാര്യമാണ്. ഒരു വരുമാനവും ഇല്ലാത്തവർക്ക് തീർച്ചയായും അതിൽ ഇളവുണ്ട്. എന്നിരുന്നാലും എത്ര ദരിദ്രനായ വ്യക്തിയും അയാളുടെ വരുമാനത്തിന് ആനുപാതികമായി ജമാഅത്തിന് നൽകേണ്ടത് നിർബന്ധമാണ്.* രാജ്യാന്തരതലത്തിൽ, സുന്നികളിൽനിന്നും ഷിയാക്കളിൽനിന്നും വ്യത്യസ്തമായി ഭരണാധികാരമോ രാഷ്ട്രീയ പിൻതുണയോ അഹ്മദികൾക്കില്ല. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ ഭരണകൂടങ്ങളിൽനിന്നൊഴുകി വരുന്ന ചാരിറ്റി ഫണ്ടുകളുടെ പിൻബലവും അവർക്കില്ല. പ്രസ്ഥാനത്തിനകത്തുനിന്നുള്ള ധനസമാഹരണത്തെ മാത്രമാണവർ ആശ്രയിക്കുന്നത്. തികച്ചും ജനാധിപത്യ വ്യവസ്ഥിതിയിലുള്ള നടത്തിപ്പിലൂടെയാണ് ഇത് സാധ്യമാകുന്നത്. ഈ ധനസമാഹരണ മാർഗം അടഞ്ഞുപോയാൽ അത് പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കും. സയ്ദ് തൻവീർ പറയുന്നു; *അഹ്മദിയ്യത്തിന്റെ നട്ടെല്ല് തകർക്കുകയാണ് അവരുടെ ലക്ഷ്യം. അതാകട്ടെ അംഗങ്ങളുടെ ധനത്യാഗത്തിലാണ് നിലനിൽക്കുന്നത്. അവർ വിശ്വസിക്കുന്നത്, അഹ്മദികളെ സാമ്പത്തികമായി തകർത്തുകളഞ്ഞാൽ അവരുടെ വിശ്വാസവും അതോടൊപ്പം ഇന്ത്യയിൽനിന്ന് അപ്രത്യക്ഷമാകുമെന്നാണ്.*

സാമുദായിക ഭ്രഷ്ടിനോടൊപ്പം അഹ്മദികൾക്കെതിരെ സാമ്പത്തിക ഉപരോധവും അരങ്ങേറുന്നതിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ട്. അഹ്മദി വധൂവരന്മാരുടെ നിക്കാഹ് കർമം നിർവഹിക്കാൻ ഖാസിമാർ തയ്യാറാകുന്നില്ല. *സുന്നികളോട് അവരുടെ കുടുംബങ്ങളിലുള്ള അഹ്മദി കുടുംബാംഗങ്ങളുമായി യാതൊരുവിധ സാമൂഹിക സാമ്പത്തിക ഇടപാടുംകളും നടത്തരുതെന്നാണ് ഉപദേശം.

ഹൈദരാബാദിലെ ജലാകൂച്ചാ പ്രദേശത്ത് ഏകദേശം 50,000 ന് മുകളിൽ മുസ്‌ലിംകളുണ്ട്. അവർക്കിടയിൽ കഷ്ടിച്ച് 15 കുടുംബങ്ങളിലായി 100 ഓളം പേർ മാത്രമാണ് അഹ്മദികളായുള്ളത്. തെഹൽക്ക ടീം ഈ കുടുംബങ്ങളെ സന്ദർശിച്ചപ്പോൾ അവർ ഭയപ്പാടിലായിരുന്നു. ചിലയാളുകൾ ഈ റിപ്പോർട്ടറോട് പൊതുസ്ഥലത്തുവെച്ച് പ്രതികരിക്കാൻ തന്നെ വിസമ്മതിച്ചു. തയ്യൽക്കാരനായ 36 വയസ്സുള്ള മുഹമ്മദ് ഇബ്രാഹിം ഇവരുടെ മതഭ്രാന്തിന്റെ ചൂടറിഞ്ഞയാളാണ്. 100 ഓളം വരുന്ന ആളുകൾ അയാളുടെ ഏക വരുമാനമാർഗമായ ജലാകൂച്ചയിലുള്ള തയ്യൽകട നശിപ്പിച്ചു. *എപ്പോൾ, എന്തു സംഭവിക്കുമെന്ന് എനിക്ക് പറയാൻ കഴിയാത്ത അവസ്ഥയാണ്* അയാൾ നിശ്വസിക്കുന്നു. *എന്റെ കട ആക്രമിക്കുന്ന*

*സമയത്ത് ഖാദിയാനികൾ തുലയട്ടെ എന്ന മുദ്രാവാക്യമാണ് അവർ മുഴക്കിക്കൊണ്ടിരുന്നത്. എന്റെ കുടുംബത്തിന് ഭയാനകമായ നിമിഷങ്ങളായിരുന്നു അത് സമ്മാനിച്ചത്.* മുഹമ്മദ് ഇബ്രാഹിം പറഞ്ഞു.

അധികം അകലെയല്ലാതെ തിരക്കുപിടിച്ച അഫ്സൽ ഗഞ്ച് കവലയിലാണ് മസ്ജിദെ അഹ്മദിയ്യാ സ്ഥിതിചെയ്യുന്നത്. കാലാവസ്ഥയിൽനിന്നുള്ള സംരക്ഷണത്തിനായി പള്ളിയുടെ മുൻപിൽ ഒരു വലിയ പ്ലാസ്റ്റിക് ഷീറ്റ് തൂക്കിയിട്ടിട്ടുണ്ട്. അത് അഴുക്കുപിടിച്ചതായിരുന്നു. ഒരു വർഷം മുൻപുവരെ പള്ളിക്കൊരു ചുറ്റുമതിലുണ്ടായിരുന്നു. എന്നാൽ പെട്ടെന്നൊരു ദിവസം അത് ദുരൂഹമായരീതിയിൽ തകർന്നുവീണു. മതിൽ വീണ്ടും നിർമിക്കാനുള്ള ശ്രമം പ്രദേശത്തെ വിദ്വേഷികൾ ഭീഷണിപ്പെടുത്തി തടയുകയുംചെയ്തു.

ലോകത്തെ ഒട്ടുമിക്ക പള്ളികളുടെയും കവാടങ്ങൾ മിക്കവാറും തുറന്നാണിരിക്കുന്നത്. എന്നാൽ ഇവിടുത്തെ മസ്ജിദെ അഹ്മദിയ്യയുടെ വാതിലുകൾ എപ്പോഴും അടഞ്ഞാണ് കിടക്കുന്നത്. അതിന്റെ പ്രവേശനകവാടത്തിൽ ഒരു പോലീസ് കോൺസ്റ്റബിളിന്റെ സാന്നിധ്യമുണ്ട്. അയാൾ ഒരു അനഹ്മദി മുസ്‌ലിമാണ്. ഈ പള്ളിയുടെ ശോചനീയാവസ്ഥയുടെ കാരണമെന്തെന്നാരാഞ്ഞപ്പോൾ ഒട്ടും അനുകമ്പയില്ലാതെ മറുപടി വന്നു, *ഇതാണവർ അർഹിക്കുന്നത്. അവർ നിർബന്ധപൂർവം മുസ്‌ലിം പള്ളികൾ കയ്യടക്കുകയും പിന്നീട് അവർക്കുള്ള ശരിയായ ഇടം കാണിച്ചുകൊടുക്കുമ്പോൾ വിലപിക്കുകയും ചെയ്യുന്നു.* തെഹൽക ടീം പള്ളിയുടെ ഫോട്ടോ എടുക്കാൻ തുടങ്ങിയപ്പോഴേക്കും പോലീസുകാർ പ്രകോപിതരായി. *നിങ്ങൾ ഇവിടെനിന്ന് ഉടനെ പോയില്ലെങ്കിൽ നിങ്ങളുടെ കാര്യവും ബുദ്ധിമുട്ടിലാവും* അതിലൊരാൾ മുന്നറിയിപ്പുനൽകി.

മസ്ജിദെ അഹ്മദിയ്യക്ക് അകത്ത് പ്രത്യേകിച്ച് പ്രവർത്തനങ്ങളൊന്നും ഉണ്ടായിരുന്നില്ല. കഷ്ടിച്ച് 48 ചതുരശ്ര അടി മാത്രമുള്ള ചെറിയ മുറിക്കുള്ളിൽ പള്ളിയുടെ ചുമതലക്കാരനായ മൗലവി സാദി മാത്രമാണുണ്ടായിരുന്നത്. ഒരു അപകടം ഏതുനേരവും പടിവാതിൽക്കലുണ്ടെന്ന് അദ്ദേഹത്തിനറിയാം. *ഞങ്ങൾക്കെതിരെ വർദ്ധിച്ചുവരുന്ന ആക്രമണത്തെ ആളിക്കത്തിക്കുന്നത് രാഷ്ട്രീയക്കാരാണ്* അദ്ദേഹം പറയുന്നു. 2009 ലെ അസംബ്ലി തിരഞ്ഞെടുപ്പിൽ അസദുദ്ദീൻ ഒവൈസിയുടെ നേതൃത്വത്തിലുള്ള MIM ന് മുസ്‌ലിംകൾക്കിടയിലുള്ള സ്വാധീനം വൻതോതിൽ നഷ്ടപ്പെടുകയുണ്ടായി. CPM ആയിരുന്നു വലിയ നേട്ടമുണ്ടാക്കിയത്. അഹ്ദികൾ മതത്തിന് വലിയ ഭീഷണിയാണെന്ന് മുസ്‌ലിംകൾക്കിടയിൽ പ്രചാരണം നടത്തിക്കൊണ്ട് ഒവൈസിനന്റെ വിധി മാറ്റിയെഴുതിക്കാനുള്ള പരിശ്രമത്തിലാണ്. *അയാൾ മുസ്‌ലിം സഹോദരന്മാരെ ഞങ്ങൾക്കെതിരെ ഒന്നിപ്പിക്കുന്നതിന് മതത്തെ ഉപയോഗിക്കുകയാണ്.*

പ്രതീക്ഷിച്ചതുപോലെ MIM പ്രസിഡന്റും ഹൈദരാബാദ് എം പിയുമായ ഒവൈസിയുടെ കാഴ്ചപ്പാട് മറ്റൊന്നാണ്. *അഹ്മദിയ്യാ മതത്തിന്റെ സ്ഥാപകനെപറ്റി അദ്ദേഹത്തിന്റെ മനോവിലാസങ്ങളും വിശ്വാസങ്ങളും പരിഹാസ്യമാണെന്നാണ് ഒവൈസി പറയുന്നത്. ഞാൻ തെഹൽക്ക എന്ന പേരിൽ എന്റേതായ ഒരു മാഗസിൻ അച്ചടിക്കുകയാണെങ്കിൽ നിങ്ങൾക്കെന്തുതോന്നും? അത് പകർപ്പവകാശ നിയമങ്ങളുടെ ലംഘനമാവില്ലേ? അവർക്ക് വേണമെങ്കിൽ ഒരു പുതിയ മതം തുടങ്ങാം. എന്നാൽ അവർ ഇസ്‌ലാമിന്റെ അടിസ്ഥാനതത്വങ്ങളിൽ മാറ്റം വരുത്താനാണ് ശ്രമമെങ്കിൽ ഒരുതരത്തിലും അത് വകവെച്ചുകൊടുക്കാൻ കഴിയില്ല.*

ഒവൈസി തന്റെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നു. എന്നാൽ ഭരണഘടന അഹ്മദികൾക്ക് തുല്ല്യ അവകാശമാണ് നൽകുന്നത് എന്നതാണ് വസ്തുത. ചുരുങ്ങിയത് ഹൈദരാബാദിലെങ്കിലും അഹ്മദികൾക്കെതിരായ വിദ്വേഷ പ്രചരണം അരങ്ങേറുന്നത് രാഷ്ട്രീയ നേതൃത്വത്തിന്റെയും നിയമ പരിരക്ഷണ ഏജൻസികളുടേയും ഭരണ നിർവഹണ സംവിധാനവുമായി യോജിച്ചുള്ള നീക്കത്തിലൂടെയാണെന്നതോന്നലാണുളവാക്കുന്നത്. ഓൾഡ് സിറ്റിയിലെ ഒരു അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ പരുക്കൻ സമീപനത്തെകുറിച്ച് അഹ്മദികൾ പറയുകയുണ്ടായി. ഒരു മുസ്‌ലിമായ അദ്ദേഹം അഹ്മദികൾ മതപരമായ പരിപാടികൾ പള്ളിക്ക് പുറത്ത് വെച്ച് നടത്തുന്നതിനെതിരെ താക്കീത് നൽകുകയും മറിച്ചാണെങ്കിൽ ജനക്കൂട്ടത്തിന്റെ രോഷാഗ്നി നേരിടേണ്ടിവരുമെന്ന് മുന്നറിയിപ്പ് നൽകുകയുമാണ് ചെയ്തത്.

ഇന്ത്യയിലും ചിലരെങ്കിലും പാകിസ്താനിലെ മതമൗലികവാദികളുടെ മാനസികാവസ്ഥയിലേക്ക് താദാത്മ്യം പ്രാപിച്ചിരിക്കുന്നു എന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. മൗലവി സാദി പറയുന്നു. ഒരു അഹ്മദി ഒരിക്കലും തന്നെ, താനാണ് ആദ്യം ആക്രമിക്കപ്പെട്ടത് എങ്കിൽപ്പോലും, അക്രമത്തിന്റെ പാത സ്വീകരിക്കുകയില്ല. ഞങ്ങളുടെ ഏറ്റവും വലിയ കരുത്ത് അതാണ്. എന്നാൽ അതിനെ ഒരു ദൗർബല്യമായാണ് പലരും കരുതുന്നത്.

ഭരണ നയങ്ങളിൽ മാറ്റം വരുത്തി അവ അഹ്മദികൾക്കെതിരാക്കി തീർക്കുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങളും നടക്കുന്നുണ്ട്. ജമ്മു-കശ്മീരിലെ ഗ്രാന്റ് മുഫ്തി മുഹമ്മദ് ബശീറുദ്ദീൻ ഇക്കഴിഞ്ഞ മെയ് മാസത്തിൽ സംസ്ഥാന അസംബ്ലിയോട് അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചുകൊണ്ട് നിയമം പാസാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. *ജമ്മുകശ്മീരിൽ ഖാദിയാനിസത്തിന്റെ സ്വാധീനത്തിൽ കാര്യമായ വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇസ്‌ലാമിക ശരീഅത്ത് കൗൺസിൽ ആഗോളതലത്തിൽ ഖാദിയാനികൾ അമുസ്‌ലിംകൾ ആണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനാൽ ഖാദിയാനികളെ അമുസ്‌ലിംകൾ എന്ന പദവിയിലേക്ക് മാറ്റുക വഴി കശ്മീരിലെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കപ്പെടും.* ഗ്രാന്റ് മുഫ്തി പറയുന്നു.

ഇവിടെ പോലീസും സംസ്ഥാന ഭരണസംവിധാവും എല്ലാം പൂർണമായി ഇത്തരം സമ്മർദങ്ങൾക്ക് വഴിപ്പെട്ടു എന്നല്ല പറഞ്ഞുവരുന്നത്. മെയ് മാസത്തിൽ തമിഴ്‌നാട്ടിലെ തിരുപ്പൂരിൽ വെച്ച് നടന്ന അഹ്മദികളുടെ ഒരു പൊതുസമ്മേളനത്തിനു നേരെ ഇസ്‌ലാമിക തീവ്രവാദികളുടെ ആക്രമണമുണ്ടായി. പോസ്റ്ററുകൾ വലിച്ചുകീറുകയും നിന്ദ്യമായ മുദ്രാവാക്യങ്ങൾ മുഴക്കുകയും പരിപാടി അലങ്കോലപ്പെടുത്തുകയും ചെയ്തു. പോലീസ് സമയോചിതമായി ഇടപെടുകയും അവിടെനിന്ന് അഹ്മദി കുടുംബങ്ങളെ 30 കിലോമീറ്റർ അകലെ കോയമ്പത്തൂരിലേക്ക് സുരക്ഷിതമായി എത്തിക്കുകയും ചെയ്തു.

ചില മതപണ്ഡിതന്മാർ അഹ്മദികൾക്കെതിരായ ശത്രുത പ്രകടിപ്പിക്കുന്നത് കോളനിവത്കരണത്തിനെതിരായുള്ള സമരം എന്നനിലക്കാണ്. അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ അന്താരാഷ്ട്ര ആസ്ഥാനം ലണ്ടനിലാണെന്നതുതന്നെ ബ്രിട്ടീഷ് ബന്ധത്തിന് തെളിവാണെന്ന് അവർ വാദിക്കുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് മുസ്‌ലിം സമുദായത്തിന് ക്ഷതമേൽപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപകൽപ്പന ചെയ്യപ്പെട്ടതാണ് അഹ്മദിയ്യത്ത് എന്ന് അവർ ആരോപിക്കുന്നു.

ഇതൊരു അതിരുകടന്ന വാദമായിരിക്കാമെങ്കിലും 1857 ലെ കലാപത്തിനു ശേഷം ഇന്ത്യയിലെ മുസ്‌ലിം സമുദായത്തെ വിഭജിക്കുന്നതിനും ജിഹാദിനെ ഒരു സായുധസമരമെന്നനിലയിൽ നിരാകരിക്കുകയും ചെയ്യുന്നതിന് മിർസ

ജൂതജനതയും ആധുനിക കാലവും - 6

# മതവിമുക്തമായ യൂറോപ്പും യഹൂദവിമോചനവും

എ. എം മുഹമ്മദ് സലീം

ക്രിസ്തു മതത്തിന്റെ സ്വാധീനത്തിൽ നിന്ന് വിമുക്തമായ സെക്കുലർ യുറോ പ്പാണ് യഹൂദ പീഢനത്തിന് അറുതിവരു ത്തിയത്. യൂറോപ്യൻ നവോത്ഥാനത്തിന് സമാന്തരമായി യഹൂദ സമുദായത്തിൽ ഉണ്ടായ'ഹസ്കലാത്ത്' എന്ന സാംസ്ക രിക ഉണർവ് യഹൂദരിൽ ആഭ്യന്തര പരിഷ്ക്കരണവും ദേശീയ മുഖ്യധാര യോട് അടുക്കാനുള്ള പ്രവണതയും സംജാതമാക്കി.

**പു**രാതന റോമാ സാമ്രാജ്യത്തിന്റെ തകർച്ച യുറോപ്പിൽ ഒരു രാഷ്ട്രീയ ശൂന്യത സൃഷ്ടിച്ചിരുന്നു. ആ ശൂന്യത നികത്തിക്കൊണ്ടാണ് യൂറോപ്പിൽ ക്രിസ്തുമതം ഒരു രാഷ്ട്രീയ ശക്തിയായി ഉയർന്നു വന്നത്. കോൺസ്റ്റന്റയിൻ ചക്രവർത്തി (എ.ഡി. 306-337)യുടെ ക്രിസ്തുമത സ്വീകരണത്തോടെയാണ് റോമാ സാമ്രാജ്യവും ക്രിസ്തുമത വുമായുള്ള ബാന്ധവം ആരംഭിക്കുന്നത്. തന്റെ തലസ്ഥാനം റോമിന്റെ കിഴക്ക് ഭാഗത്തുള്ള തുർക്കിയിലെ ബൈസാന്റിയം എന്ന പുരാതന ഗ്രീക്ക് നഗരിയിലേക്ക് അദ്ദേഹം മാറ്റി. തന്റെ പേരിന്റെ സ്മരണ നിലനിർത്താൻ കോൺസ്റ്റാന്റിനോപ്പിൾ എന്ന പേരു നൽകി. (കോൺസ്റ്റന്റയിന്റെ നഗരം എന്നർഥം- ഇന്നത്തെ ഇസ്താംബൂൾ) കോൺസ്റ്റാന്റിനോപ്പിൾ ആസ്ഥാനമായി കിഴക്കൻ റോമാ സാമ്രാജ്യവും അഥവാ ബൈസാന്റിയം സാമ്രാജ്യം എന്നും റോം ആസ്ഥാനമായി പടിഞ്ഞാറൻ റോമാസാമ്രാജ്യവും അങ്ങനെ നിലവിൽ വന്നു. റോമ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതം ക്രിസ്തുമതമായി കോൺസ്റ്റന്റയിൻ ചക്രവർത്തി പ്രഖ്യാപിച്ചു.

പടിഞ്ഞാറൻ റോം ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിലായിരുന്നില്ല. മൈത്രാന്മാരെയായിരുന്നു ചക്രവർത്തിക്ക് പകരം അവിടെ ഭരണം നടത്താൻ നിയമിച്ചത്. അവർക്ക് മജിസ്ട്രേറ്റിന്റെ അധികാരവും നൽകി. റോമ സാമ്രാജ്യത്തിലെ വൻ തോതിലുള്ള ക്രൈസ്തവ സമാജങ്ങളെ പാത്രിയാക്കീസുകൾ എന്നായിരുന്നു വിളിച്ചിരുന്നത്. അതിന്റെ മേധാവികളായിരുന്നു മൈത്രോ പോലീത്ത അഥവാ മൈത്രാൻ. റോം, അലക്സാൺ ഡ്രിയ അന്തിയോക്ക്യാ മുതലായ അക്കാലത്തെ പാത്രിയാക്കീസുകളായിരുന്നു. എല്ലാ പാത്രിയാക്കേറ്റുകളും തുല്യാധികാരങ്ങളുള്ള സ്വതന്ത്ര സ്ഥാപനങ്ങളായിരുന്നു. പിന്നീട് ക്രമേണ രാഷ്ട്രീയാധികാരവും സാമ്പത്തിക ശേഷിയും കൈവരിച്ച് റോമൻ പാത്രിയാക്ക് റോമൻ ചക്രവർത്തിയുടെ സഹായത്തോടെ പോപ്പിന്റെ പദവിലേക്കുയരുകയായിരുന്നു. ഈ കാലഘട്ടത്തിൽ റോമാ സാമ്രാജ്യത്തിന്റെ വടക്കേ അതിർത്തിക്കപ്പുറം അക്രമണ സ്വഭാവമുള്ള ഒരു ജനത വസിച്ചിരുന്നു. അപരിഷ്കൃതരായ ഇവർ ബാർബേറിയന്മാർ എന്നായിരുന്നു വിളിക്കപ്പെട്ടിരുന്നത്. ജർമാനിക്ക് വംശ

---

ഗുലാം അഹ്മദിന് ബ്രിട്ടീഷ് ഭരണകൂടത്തിന്റെ പ്രോത്സാഹനം ലഭിച്ചിരുന്നു എന്ന വിശ്വാസം അനഹ്മദി മുസ്ലിംകൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ നിന്നുള്ള ചില പരാമർശങ്ങളെടുത്ത് ഈ ആക്ഷേപത്തിന് തെളിവായി അവർ ഉയർത്തികാണിക്കുന്നു.

പടിഞ്ഞാറൻ രാജ്യങ്ങളുമായും മറ്റു സംസ്കാരങ്ങളുമായും തുറന്നമനസ്സോടെ സംവദിക്കാനുള്ള ഹൃദയവിശാലത കാരണം അവർ പീഢനങ്ങൾക്കിരയാവുന്നതായി അഹ്മദികൾ പറയുന്നു.

അഹ്മദികൾക്കെതിരായ പുതിയ ആരോപണം അവർ സിയോണിസ്റ്റ് ഏജന്റാണ് എന്നതാണ്. ധാരാളം അഹ്മദിയ്യാ മിഷണറിമാർ ഖാദിയാനിൽനിന്ന് പാലസ്തീനിലെ അറബികൾക്കിടയിൽ വിശ്വാസപ്രചരണം നടത്തിയതിന്റെ ഫലമായി അവിടെ അഹ്മദിയ്യത്തിന് വലിയ സ്വീകാര്യത ലഭിച്ചു. ചില ഇസ്ലാമികവാദികളുടെ അഭിപ്രായത്തിൽ ഇന്ത്യയിൽനിന്ന് ഇസ്രായേൽ വഴി പാലസ്തീനിലേക്ക് അഹ്മദിയ്യാവിശ്വാസത്തിന്റെ തന്ത്രപരമായ കയറ്റുമതിയാണിത്. അവർ ഇതിനെ വലിയ ഭീഷണിയും ഇസ്രായേലിന്റെ രാഷ്ട്രീയതന്ത്രവുമായാണ് കാണുന്നത്.

എന്നാൽ ഇതെല്ലാം പഴയ ഹൈദരാബാദിലെ ജനനിബിഢമായ തെരുവികളിൽനിന്നും ഖാദിയാനിലെ പൊടിപിടിച്ച ഇടവഴിയിൽനിന്നും ഇന്ത്യയിലെ പല ചെറുപട്ടണങ്ങളിൽനിന്നും ഏറെ അകലെയുള്ള കാര്യമാണ്. ഇവിടെയാണ് ഇന്ത്യയിലെ അഹ്മദികൾ, സാധാരണക്കാരായ ജനങ്ങൾ, അവരുടെ തികച്ചും സാധാരണമായ പ്രതീക്ഷകളും സ്വപ്നങ്ങളും, ഭയപ്പാടുകളുമായി ജീവിക്കുന്നത്. ഇവിടെയാണ് അവർ നിശബ്ദമായി, ചിലപ്പോൾ അല്ലാതെയും അധിക്ഷേപങ്ങൾ സഹിച്ചുകൊണ്ടിരിക്കുന്നത്. സ്വയം പ്രതിരോധത്തിനായാണ് ഇവർ വിധിക്കപ്പെടുന്നതെങ്കിൽ അതൊരു ദുരന്തമായിത്തീർന്നേക്കും.

വിവർത്തനം: അഹ്മദ് ഷാഫി. എച്ച്.

ജരായ ബാർബേറിയന്മാർ റോമിനേയും ഇറ്റലിയേയും ഇടക്കിടെ ആക്രമിച്ചു കൊണ്ടിരുന്നു. പിന്നീട് ഇസ്ലാമിന്റെ അപ്രധിരോധ്യമായ ശക്തിക്ക് മുമ്പിൽ വിറങ്ങലിച്ചു നിന്ന കിഴക്കൻ റോമാ സാമ്രാജ്യത്തിന് പടിഞ്ഞാറൻ റോമിനെ ശ്രദ്ധിക്കാനായില്ല. ഈ സാഹചര്യങ്ങളെല്ലാം ഉപയോഗപ്പെടുത്തിയാണ് റോമിലെ ക്രിസ്തുസഭ വമ്പിച്ച ഒരു രാഷ്ട്രീയ ശക്തിയായി യൂറോപ്പിൽ ഉദയം കൊണ്ടത്. തന്ത്രശാലിയും ബുദ്ധിമാനുമായിരുന്ന ഗ്രിഗറി ഒന്നാമൻ (590-604) മാർപാപ്പ ബാർബേറിയൻ വർഗക്കാരായ ലെംബാർഡുകളെ (Lombards) സന്ധി സംഭാഷണങ്ങളിലൂടെ അനുനയിപ്പിച്ച് സമാധാനം സ്ഥാപിച്ചതോടെ മാർപ്പാപ്പയുടെ നേതൃത്വം ഇറ്റലിയിലെ രാഷ്ട്രീയ മണ്ഡലം അംഗീകരിക്കുകയും പേപ്പൽ ഭരണത്തിന് അടിസ്ഥാനമിടുകയും ചെയ്തു.

എട്ടാം നൂറ്റാണ്ടിൽ പോപ്പ് ലിയോ മൂന്നാമന്റെ കാലത്ത് പോപ്പിന്റെ ശത്രുക്കളായ ലെംബാർഡ് രാജാക്കന്മാർ അദ്ദേഹത്തെ റോമിൽ നിന്ന് പുറത്താക്കു



ചാർലമെയിൻ

കയുണ്ടായി. ലിയോ മൂന്നാമൻ വിശുദ്ധ പത്രോസിന്റെ പേരിൽ നടത്തിയ അഭ്യർഥന മാനിച്ച് യൂറോപ്യൻ ചരിത്രത്തിലെ വിഖ്യാതനായ ഫ്രാങ്കിഷ് സാമ്രാട്ട് ചാർലമെയിൻ (766-814) ഇറ്റലിയിൽ ഇടപെട്ടു. ഇറ്റലിയിലെ അരാജകത്വം അവസാനിപ്പിച്ചു പോപ്പിനെ തിരികെ റോമൻ സിംഹാസനത്തിൽ പുനപ്രതിഷ്ഠിച്ചു. യൂറോപ്പിലെ മുഴുവൻ രാജ്യങ്ങളെയും ഏകീകരിച്ചു. യൂറോപ്പിനെയാകെ ഉൾക്കൊള്ളുന്ന ഒരു സാമ്രാജ്യമാക്കി മാറ്റാൻ കഴിഞ്ഞ ശക്തനായ ഭരണാധികാരിയായിരുന്നു ചാർലമെയിൻ. മാർപാപ്പയുടെ സിംഹാസനം വീണ്ടെടുത്തതിന് പ്രത്യുപകാരമായി അതുല്യ വ്യക്തിപ്രഭാവ മുണ്ടായിരുന്ന ചാർലമെയിൻ എ. ഡി. 800-മാണ്ടിൽ ഇറ്റലിയിലെ ഒരു പള്ളിയിൽ മുട്ടുകുത്തി പ്രാർഥിച്ചുകൊണ്ടിരിക്കവേ പോപ്പ് ലിയോ അദ്ദേഹത്തിന്റെ ശിരസ്സിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ കീരിടമണിയിച്ചു അനുഗ്രഹിക്കുകയും വിശുദ്ധ റോമാ സാമ്രാജ്യത്തിന്റെ സാമ്രാട്ടായി അദ്ദേഹത്തെ പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ ചരിത്രത്തിന്റെ വിസ്മൃതിയിലേക്ക് മറഞ്ഞു പോയിരുന്ന യൂറോപ്പിലെ പുരാതന റോമാ സാമ്രാജ്യത്തെ വിശുദ്ധ റോമാ സാമ്രാജ്യത്തിലൂടെ പുനസ്ഥാപിക്കാൻ ക്രിസ്തു സഭക്ക് കഴിഞ്ഞു. ഭരണനിപുണനും ശക്തനും സഹൃദയനുമായിരുന്ന ചാർലമെയിൻ യഹൂദികളോട് വളരെ ഉദാരമായിട്ടാണ് പെരുമാറിയിരുന്നത് എന്നത് പ്രത്യേകം സ്മരണീയമാണ്. യൂറോപ്പിൽ ആട്ടിയകറ്റിയ യഹൂദികളെ അദ്ദേഹം തന്റെ സാമ്രാജ്യത്തിലേക്ക് ക്ഷണിച്ചു വരുത്തി കുടിയിരുത്തുകയുണ്ടായി. തന്റെ വ്യക്തിപരമായ സ്വഭാവവിശേഷത്തിന്റെ ഭാഗമായി ഏല്ലാവരോടും ഔദാര്യത്തോടെ പെരുമാറിയ ചാർലമെയിൻ യഹൂദികളോടും വളരെ മാന്യതയാണ് പെരുമാറിയത്. യഹൂദ വിരോധം ക്രിസ്ത്യാനികളുടെ ജനിതക ഘടനയിൽ മുദ്രിതമായ ഒരു സാമുഹ്യ പ്രതിഭാസമായിരുന്നു. ചാർലമെയിനു ശേഷം യഹൂദ പീഢനം നിർബാധം തുടർന്നു. വിശുദ്ധ റോമാ സാമ്രാജ്യം എന്ന പദവി ക്രിസ്തു സഭയുടെ ദാനം എന്ന നിലക്ക് മതപരമായ ഒരു പരിവേഷത്തിലാണ് നിലവിൽവന്നത്. ഫ്രാൻസ് ആസ്ഥാനമായ ചാർലമെയിനിന്റെ വിശാലമായ വിശുദ്ധ റോമാ സാമ്രാജ്യം പിന്നീട് ഛിന്നഭിന്നമായെങ്കിലും ക്രിസ്തു സഭയിൽ നിന്നും ലഭിച്ച ദാനം എന്നനിലക്ക് പിന്നീടുണ്ടായ രാജ്യങ്ങളെല്ലാം ക്രിസ്തുസഭക്ക് വിധേയമായിട്ടായിരുന്നു ഭരണം നടത്തിയത്. കത്തോലിക്കാ സഭക്കെതിരെ കലാപം അഴിച്ചുവിട്ട മാർട്ടിൻ ലൂതറുടെ സിദ്ധാന്തങ്ങൾ കത്തോലിക്കരുടേതിനേക്കാൾ പിന്തിരിപ്പനും യാഥാസ്ഥിതികവുമായിരുന്നു. യഹൂദരോടുള്ള ലൂഥറൻ മനോഭാവം ഒട്ടും അയവുള്ളതായിരുന്നില്ല. ചാർലമെയിനു ശേഷം ആയിരത്തിലധികം വർഷം രാഷ്ട്രീയ രംഗത്ത് ക്രിസ്തുമതത്തിന്റെ സ്വാധീനം തുടർന്നു. 800-ാമാണ്ടിൽ ചാർലമെയി നിലൂടെ ക്രിസ്തു സഭതുടക്കം കുറിച്ച വിശുദ്ധ റോമാ സാമ്രാജ്യം ഫ്രാൻസിലെ നെപ്പോളിയൻ ബോണോപ്പാട്ടിലൂടെയാണ് 1806 ൽ അവസാനിച്ചത്. മതാധിഷ്ഠിതമായ യറോപ്പിന്റെ ഈ പശ്ചാത്തലത്തിലാണ് യഹൂദന്മാരുടെ പീഢനങ്ങൾക്ക് വേദിയായത്. മദ്ധ്യകാലഘട്ടത്തിൽ പൗരത്വവും ഭരണകൂടവും തമ്മിലുള്ള ബന്ധം നിർണയിച്ചത് ക്രിസ്തുമതത്തിന്റെയടിസ്ഥാനത്തിലായിരുന്നു.

**നവോത്ഥാനം**

വിശുദ്ധ റോമാ സാമ്രാജ്യം നിലവിൽ വന്നതിന് ശേഷം യൂറോപ്പിലെ രാജ്യങ്ങളുടെ അധികാരത്തെ സംബന്ധിച്ച തർക്കം ഉയർന്നുവന്നു. ക്രിസ്തു സഭയുടെ പൗരോഹിത്യം ഒരു ഭാഗത്തും രാജാധിപത്യം മറുഭാഗത്തുനിന്നും അധികാരത്തിന് വേണ്ടി വടംവലി നടത്തി. ആത്മാവ് ശരീരത്തേക്കാൾ ശ്രേഷ്ഠമായതിനാൽ പൗരോഹിത്യമാണ് രാജത്വത്തേക്കാൾ ശ്രേഷ്ഠതരമെന്ന വാദം ക്രിസ്തു സഭ ഉയർത്തി. മദ്ധ്യകാലഘട്ടത്തിലുടനീളം ക്രിസ്തു സഭരാജധികാരത്തേക്കാൾ മേൽകൈ നേടി. യൂറോപ്യൻ രാജ്യങ്ങളിൽ സഭയുടെ അധികാര പരിധിയിൽ പലവിധത്തിലുള്ള നിയമങ്ങളും ഉൾപ്പെട്ടിരുന്നു. പരമാധികാരി പലപ്പോഴും സഭതന്നെയായിരുന്നു. ജനങ്ങളുടെ മനോഭാവവും സഭക്ക് വിധേയപ്പെട്ടു കൊണ്ടുള്ളതായിരുന്നു. അങ്ങനെ മനുഷ്യ സ്വാതന്ത്ര്യത്തേയും ബുദ്ധിപരമായ പ്രവർത്തനത്തേയും കെട്ടിവരിഞ്ഞു അടക്കി ഭരിച്ച സഭ സാധാരണ മനുഷ്യരുടെയും പ്രത്യേകിച്ച് യഹൂദികളുടെയും സ്വാതന്ത്ര്യത്തിന്റെ ഏറ്റവും വലിയ അന്തകരായി മാറി.

ക്രിസ്തു മത മേധാവിത്വം കൊണ്ട് പൊറുതിമുട്ടിയ യൂറോപ്പിലെ സാധാരണക്കാർ തത്ത്വ ജ്ഞാനികളുടെയും സാംസ്ക്കാരിക നേതാക്കന്മാരുടെയും നേതൃത്വത്തിൽ മനുഷ്യത്ത്വത്തി ന്റെയും ധൈഷണിക പ്രബുദ്ധതയുടെയും പ്രചോദനത്താൽ നടത്തിയ സാമൂഹികമായ ഉത്ഥാനമായിരുന്നു നവോത്ഥാനം ക്രിസ്തുമതത്തിനെതിരെ സെക്കുലറിസത്തിന്റെയും വിജയമായിരുന്നു അത്. ശാസ്ത്രീയ ചിന്ത, ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ, പുതിയ രാജ്യങ്ങൾ കണ്ടെത്താനുള്ള സമുദ്ര പര്യവേഷണങ്ങൾ, പുതിയ ചിന്താധാരകളുടെ ആവിഷ്ക്കാരങ്ങൾ, പ്രൊട്ടസ്റ്റന്റിസത്തിൽ കലാശിച്ച മതനവീകരണ പ്രസ്ഥാനം (Reforamation Movement) കത്തോലിക്കാ സഭയിൽ തന്നെയുണ്ടായ പ്രതിനവീകരണം (Counter Reformation) എന്നിവയെല്ലാം നവോത്ഥാനത്തിന് ആക്കം കൂട്ടി.. അവസാനം അമേരിക്കൻ വിപ്ലവം ഫ്രഞ്ച് വിപ്ലവം മുതലായ മഹാവിപ്ലവങ്ങളിൽ നവോത്ഥാനം. എത്തിച്ചേർന്നു. ക്രിസ്തുമതത്തിന്റെയടിസ്ഥാ

നത്തിൽ കെട്ടിപ്പടുത്ത യൂറോപ്യൻ സാമൂഹിക സംവിധാനം ആകെ തകിടം മറിഞ്ഞു. ക്രിസ്തുമതത്തിന് പകരം യൂറോപ്പിലെ വിവിധ ജനവർഗങ്ങൾ തങ്ങളുടെ ദേശീയതയുടെ അടിസ്ഥാന ത്തിൽ പുനസംഘടിക്കാൻ ആരംഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ദേശരാഷ്ട്രങ്ങൾ ആവിർഭവിക്കുകയും ചെയ്തു. മതത്തിന് പകരം ദേശീയത സമൂഹത്തിന്റെ നൈതികതയും രാഷ്ട്ര ത്തിന്റെ ധാർമികതയുമായി മാറി. രാഷ്ട്രീയ ഘടന ദേശീയരാഷ്ട്രങ്ങൾക്ക് വഴിമാറി. സഭയും സമൂഹവും എന്നതിന് പകരം മതപരമായ പരിഗണകളില്ലാത്ത പൗരനും രാഷ്ട്രവും എന്ന രീതിയിൽ അത് തിരുത്തിയെഴുതപ്പെട്ടു. മതാധിഷ്ഠിതമായിരുന്ന യൂറോപ്പ് ക്രിസ്തുമ തത്തെ തൂത്തെറിഞ്ഞുകൊണ്ട് സെക്കുല റിസത്തിലേക്കും ദേശീയതയിലേക്കും കുതിച്ചു. വ്യക്തിയും സമൂഹവും തമ്മിലുള്ള സാമുഹിക കരാറിന്റെയടി സ്ഥാനത്തിലാണ് പൗരത്വം നിർണയിക്കപ്പെടുന്നത് എന്ന രാഷ്ട്രീയ ദർശനം യൂറോപ്യൻ സമൂഹത്തിൽ വേരോടി. ജീൻ ജാക്വിസ് റൂസ്സോയുടെ സാമൂഹ്യക്കരാർ (Social Contract) എന്ന ഗ്രന്ഥം യറോപ്പിന്റെ വേദപുസ്ത കമായി മാറി. ഈ മതപരയ പൊളിച്ചെഴു ത്തിന്റെയും തകിടം മറിച്ചിലിന്റെയു മെല്ലാം ഏറ്റവും വലിയ ഗുണഭോക്താക്കൾ യഹൂദികളായിരുന്നു ക്രിസ്തു മതത്തിന്റെ സ്വാധീനം യൂറോപ്പിലെ സാമൂഹിക ഭൂമികയിൽ നിന്നും മാഞ്ഞു പോകുന്നത് ഏറ്റവും ആശ്വാസകരമായി ഭവിച്ചത് യഹുദികൾക്കായിരുന്നു. നവോത്ഥാന കാലത്തും അതിന് ശേഷവുമുണ്ടായ മതേതര സാമൂഹ്യ ദർശനങ്ങൾക്കെല്ലാം യഹൂദ പണ്ഡിത ന്മാർ അനൽപ്പമായ സംഭാവനകളാണ് നൽകിയത്. ന വേത്ഥാനത്തിനിടെ വളർന്നുവന്ന സെക്കുലറിസ്റ്റ് ചിന്തകളു ടെ വളർച്ച യഹൂദരുടെ അതിജീവനത്തി ന്റെ പ്രശ്നം കുടിയായിരുന്നു.

## ഹസ്ക്കലാത്ത്

നവോത്ഥാനത്തിന് സമാന്തരമായി യൂറോപ്പിലെ യഹുദ സമുദായത്തിലും ഉണർവിന്റെയും ഉയിർത്തെഴുന്നേൽപ്പി ന്റെയും ചലനങ്ങളുണ്ടായി . ഇതിനെ യാണ് '***ഹസ്ക്കലാത്ത്***' എന്ന് പറയുന്നത്. 'ജ്ഞാനപരമായ പ്രബുദ്ധത'എന്നാണ് ഈ ഹിബ്രു പദത്തിന്റെ അർഥം യൂറോപ്പിൽ ഗട്ടോ എന്നറിയപ്പെടുന്ന അത്യന്തം വൃത്തിഹീനവും യാഥാസ്ഥി തികവുമായ കോളനികളിലായിരുന്നു യഹുദർ ഒറ്റപ്പെട്ടു താമസിച്ചിരുന്നത്. മറ്റേതൊരു സമുദായ ത്തെക്കാളും



മോസസ്സ്മെന്റൽ സോഹൻ



സ്പിനോസ

പൗരോഹിത്യവും തൽമുദിസ്റ്റ് മൗലിക വാദവും യാഥാസ്ഥിതികത്വവും യഹൂദ സമുദായത്തെ അടക്കി വാണിരുന്ന മദ്ധ്യകാലത്ത് ഹിബ്രുവും ബൈബിളു മല്ലാതെ യൂറോപ്പിലെ യഹുദികൾ മറ്റൊന്നും പഠിക്കാൻ കൂട്ടാക്കിയില്ല. യുറോപ്പിലെ ഒരു രാജ്യത്തും അവർ മുഖ്യ ധാരയിലേക്ക് വന്നില്ല. ഉൾവലിഞ്ഞ് അന്തർമുഖരും വംശാഭിമാനികളുമായി ക്കഴിഞ്ഞിരുന്ന യഹുദികൾ പിന്നോക്കാവസ്ഥയിലായിരുന്നു. പിന്നീട് യൂറോപ്യൻ നവോത്ഥാനത്തിന്റെ കിരണങ്ങൾ മെല്ലെ യഹൂദികളിലേക്ക് അരിച്ചിറങ്ങി. അതായിരുന്നു ഹസ്ക്ക ലാത്ത്. ജർമനിയിലായിരുന്നു ഹസ്ക്ക ലാത്ത് ആദ്യം പുഷ്ക്കലമായത്. യഹുദികൾക്ക് മതപരമായ യാഥാസ്ഥി തികത്വത്തിൽ നിന്നും നവോത്ഥാനം മുഖേന സംജാതമായ പുതിയ സാമൂഹി കാവസ്ഥയെ സ്വാംശീകരിക്കാനും ഹസ്കലാത്ത് സഹായകമായി. ഇതാണ് പിന്നീട് യഹുദികളുടെ രാഷ്ട്രീയ വിമോചനത്തി (Emancipation)ലേക്ക് നയിച്ചത്. വിശ്വസാഹിത്യത്തിൽ മഹത്തായ സംഭാവനകളർപ്പിച്ച തത്ത്വശാ സ്ത്രജ്ഞനും യഹൂദ യാഥാസ്ഥിതി കത്വത്തിനെതിരെ ആഞ്ഞടിച്ച വിഗ്രഹ ഭഞ്കനുമായ ഡച്ച് തത്ത്വജ്ഞാനി ബറൂച് സ്പിനോസ (Barukh Spinoza 1632–1677) യഹൂദ നവോത്ഥാനത്തിന്റെ പ്രാതസ്മര ണീയനാണ്. യൂറോപ്പിൽ സെക്കുലറിസ്റ്റ് ആശയങ്ങൾക്ക് പ്രചാരം നൽകാൻ സ്പിനോസയുടെ യുക്തിവാദ ത്തിലും മനുഷ്യത്വത്തിലുമധിഷ്ഠിതമായ ചിന്തകൾക്ക് വലിയ പങ്കുണ്ട്. യഹൂദമത ത്തിന് ആധുനികതയുടെ വെളിച്ചം പകരാൻ ഇത് സഹായകരമായി. യഹൂദ സമുദായത്തെയു റോപ്പിലെ പൊതു സമൂഹവുമായി കുട്ടിയിണക്കാൻ പ്രയത്നിച്ച മറ്റെരു യഹൂദ പരിഷ്ക്കർ ത്താവായിരുന്നു ജർമൻ കാരനായിരുന്ന മോസസ്സ് മെന്റൽ സോഹൻ (Moses Mental Sohen). സ്പിനോസയിൽ നിന്നും വിഭിന്നമായി ജുതമതത്തിൽ അഭിമാനം കൊണ്ട ഇദ്ദേഹം തികച്ചും മതപരമായ പരിധിയിൽ നിന്നുകൊണ്ടു തന്നെ യഹുദരിൽ ആധുനികതയുടെ ചൈതന്യം പകരാൻ കഴിവതും ശ്രമിച്ചു. ആധുനിക ജൂതൻ (Modern Jew) എന്നറിയപ്പെടുന്ന മെൻഡൽ സോഹൻ മതേതരമായ സെക്കുലർ ആശയങ്ങളിൽ ആകൃഷ്ടനായിരുന്നു. പൊതു സമൂഹവു മായുള്ള യഹൂദികളുടെ കൂടിക്കലരൽ ജുതമതത്തിന്റെ നിഷേധമല്ല എന്ന് യഹൂദ സമുദായത്തെ അദ്ദേഹം പഠിപ്പിച്ചു. ഹിബ്രുവിന് പകരം യിദ്ദിഷ് ഭാഷ പഠിപ്പിക്കുകയും ആധുനിക വിഷയങ്ങളും ശാസ്ത്രവും പഠിക്കാൻ യഹുദരെ ആഹ്വാനം ചെയ്യുകയും ചെയ്തു. ജർമനിയിലെ വിശ്വപ്രസിദ്ധ ഫിലോസഫർ ഇമ്മാനുവൽ കാന്റ് മെന്റൽ സോഹന്റെ സുഹൃത്തായി രുന്നു. സോഹന്റെ സുഹൃത്തുക്കളും ചിന്താലോകത്തെ സെക്കുലർ നേതാക്ക ളുമായ ക്രിസ്ത്യാനികൾ യഹൂദ പീഢനങ്ങളും മതാധിപത്യവും അവസാ നിപ്പിക്കാൻ ആഹ്വാനം ചെയ്തവരായി രുന്നു. യുറോപ്യൻ നവോത്ഥാനത്തിന് സമാന്തരമായി ഉടലെടുത്ത ജൂതന്മാരുടെ ഹസ്ക്കലാത്ത് ഖുർആൻ വിവരിച്ച ജനങ്ങളുമായുള്ള കരാറിന്റെ അടിസ്ഥാന ത്തിലുള്ള യഹുദ വിമോചനത്തിന് നാന്ദികുറിച്ചു.( തുടരും)

***Reference:***

1.Jews God and History- Max -I. Dimont, 2. Religious Encyclopeadia under the title of 'Jewish thought and Philosophy', 3 Story of Civilisation - Will Durant, 4 History of Political Theories -William Archibald Dunning. vol 1, 5 പേപ്പസി: ചരിത്ര പരമായ പഠനം, ജോസഫ് പുലിക്കന്നേൽ,7 വിശുദ്ധ ബൈബിൾ, 8 വിശുദ്ധ ഖുർആൻ

9 ലോക ചരിത്രം: പ്രൊഫ: ശ്രീധരൻ, കെ.പി ദേവദാസ്.

# ജീവൻ തേടി ചൊവ്വയിലേക്ക്

**മുസാഫിർ**

അമേരിക്കയുടെ ബഹിരാകാശ ഏജൻസിയായ നാസ 2011 നവ: 26 ന് വിക്ഷേപിച്ച Mars Science Laboratory എന്ന് ഔദ്യോഗിക നാമമുള്ള ക്യൂരിയോസിറ്റി ആഗസ്റ്റ് 7-ാം തീയതി ഇന്ത്യൻ സമയം 11.02 ന് ചൊവ്വയിലിറങ്ങുകയുണ്ടായി. ഇതിന് മുമ്പ് നിരവധി ചൊവ്വാ ദൗത്യങ്ങൾ നാസ നടത്തിയിട്ടുണ്ടെങ്കിലും 250 കോടി ഡോളർ(13,750 കോടി രൂപ) ചിലവ് വരുന്ന ഈ ചൊവ്വാ ദൗത്യം അതീവ സങ്കീർണവും നൂതനവുമായ ലാന്റിങ്ങ് സംവിധാനമായതിനാലാണ് ക്യൂരിയോസിറ്റി ദൗത്യം അഭിമാനകരമായ നേട്ടമായി ശാസ്ത്രലോകം കണക്കാക്കുന്നത്. മനുഷ്യൻ ചന്ദ്രനിലിറങ്ങിയതിന് ശേഷമുള്ള ബഹിരാകാശ ശാസ്ത്രരംഗത്തെ വൻ ശാസ്ത്ര മുന്നേറ്റമായി ഇത് വിലയിരുത്തപ്പെടുന്നു. നാസ വിക്ഷേപിച്ച ക്യൂരിയോസിറ്റി 254 ദിവസം കൊണ്ട് 57 കോടി കിലോമീറ്റർ സഞ്ചരിച്ചാണ് ഭൂമിയിൽ നിന്നും ചൊവ്വയിലെത്തിയത്. ഭൂമിയിൽ നിന്നും ചൊവ്വയിലേക്കുള്ള ശരാശരി ദൂരം 7.8 കോടി കി. മീറ്ററാണ്. (കുറഞ്ഞത് 3.6 കോടി കി. മീറ്ററും കൂടിയത് 25 കോടി കി. മീറ്ററും). ചുറ്റിക്കറങ്ങിയുള്ള പാതയായത് കൊണ്ടാണ് ഇത്രയധികം ദൂരം താണ്ടി ക്യൂരിയോസിറ്റി ചൊവ്വയിലെത്തിയത്. മുൻകാല ചൊവ്വാ ദൗത്യപേടകങ്ങളായ മാർസ് ഒഡീസി, സ്പിരിറ്റ് ഓപ്പർച്യൂണിറ്റി എന്നിവയെ അപേക്ഷിച്ച് ക്യൂരിയോസിറ്റിക്ക് വലിപ്പവും ഭാരവും (899 കി. ഗ്രാം) കൂടും. മുൻ പേടകങ്ങൾ എയർ ബാഗുകളുപയോഗിച്ചാണ് ചൊവ്വയിലിറങ്ങിയതെങ്കിൽ ആകാശ ക്രെയിൻ സംവിധാനമാണ് ക്യൂരിയോസിറ്റിക്ക്വേണ്ടി ഉപയോഗിച്ചത്. വിക്ഷേപണ വാഹനത്തിൽ നിന്നും വേർപെട്ട് അതി വേഗത്തിൽ ചൊവ്വയിറങ്ങുന്ന പേടകം ക്രമാനുഗതമായി വേഗം കുറച്ചു കൊണ്ട് നൈലോൺ ചരടുപയോഗിച്ചുകൊണ്ടാണ് ചൊവ്വോപരിതലത്തിലിറങ്ങിയത്.

ചൊവ്വയിൽ ജീവൻ ഉണ്ടോ എന്ന അന്വേഷണമാണ് ക്യൂരിയോസിറ്റിയുടെ മുഖ്യ ദൗത്യം. ചൊവ്വയിലെ മധ്യ മേഖലയിലെ 154 കി. മീറ്റർ വിസ്തീർണമുള്ള ഗേൽ (Gale) എന്ന് പേരിട്ട ക്രേറ്ററി (Crater) ലാണ് ക്യൂരിയോസിറ്റി ഇറങ്ങിയത്. ക്രേറ്റർ എന്നാൽ കോടാനുകോടി വർഷം മുമ്പ് ഏതോ ആസ്ട്രോയ്ട് ചൊവ്വാ ഗ്രഹത്തിൽ വന്നിടിച്ചപ്പോഴുണ്ടായ വൻ ഗർത്തമാണ്. ഈ വൻ കുഴിയിൽ പണ്ട് കാലത്ത് ദ്രവജലം ഒഴുകിയതിന്റെയും ജീവന്റെ സ്ഫുരണങ്ങൾ അരങ്ങേറിയതിന്റെയും അടയാളങ്ങൾ കണ്ടുകിട്ടുമെന്ന പ്രതീക്ഷയിലാണ് ക്യൂരിയോസിറ്റിയെ ഈ കുഴിയിലിറക്കാൻ കാരണം. ജീവന് ആവശ്യമായ ഘടകങ്ങൾ അവിടെ നിലനിൽക്കുന്നുണ്ടോ, എന്നതാണ് ക്യൂരിയോസിറ്റിയുടെ അന്വേഷണ വിഷയം. ജീവൻ ജലത്തെ ആശ്രയിച്ചുള്ളതിനാൽ ദ്രവജലത്തിന്റെ സാന്നിദ്ധ്യം ആരായലാണ് ജീവൻ അന്വേഷണത്തിന്റെ കാതലായ ഭാഗം. പുരാതന കാലത്ത് അത്തരം അവസ്ഥ നിലനിന്നിരുന്നുവോ എന്നും ക്യൂരിയോസിറ്റി അന്വേഷിക്കും. ഏതായാലും ഭൂമിക്ക് പുറമെയുള്ള ബഹിരാകാശം സ്റ്റെറിലൈസ് ചെയ്യപ്പെട്ട ശസ്ത്ര ക്രിയോപകരണംപോലെ ജീവാണു രഹിതമല്ല എന്ന് ശാസ്ത്രത്തിന് ഇപ്പോൾ ബോദ്ധ്യമായിട്ടുണ്ട്. ഉത്ക്കടമായ ജിജ്ഞാസയോടെ ഭൗമേതര ജീവികളുടെ സാദ്ധ്യത തിരയുകയാണ് ക്യൂരിയോസിറ്റി എന്ന് പേരുള്ള ഈ ദൗത്യത്തിന്റെ മുഖ്യ ഉദ്ദേശം. പ്രപഞ്ചത്തിലെവിടെയെങ്കിലും ജീവന്റെ സാദ്ധ്യതകളുണ്ടോ എന്നന്വേഷിക്കുന്ന എക്സോ ബയോളജി (Exobiology) യുടെ സാദ്ധ്യതകളാണ് ക്യൂരിയോസിറ്റി ആരായുന്നത്. ഗോളാന്തരീയ മാനങ്ങളുള്ള എക്സോബയോളജിയെ സംബന്ധിച്ച് ഖുർആൻ നൽകുന്ന സൂചനകൾ ഇവിടെ പ്രസക്തമാണ്.

### എക്സോബയോളജിയും ജലസാന്നിദ്ധ്യവും: ഖുർആന്റെ പ്രതിപാദനങ്ങൾ

പ്രപഞ്ചത്തിലെവിടെയെങ്കിലും ജീവനുണ്ടോ എന്ന് അന്വേഷിക്കുന്ന ശാസ്ത്ര ശാഖയാണ്. എക്സോ ബയോളജി (Exobiology) അഥവാ അസ്ട്രോബയോളജി(Astrobiology). ജീവന്റെ ഉദ്ഭവം, വികാസം, വിതരണം എന്നിവ പ്രപഞ്ചത്തിന്റെ മഹാ പരിപ്രേക്ഷ്യത്തിൽ പഠിക്കുന്ന വിജ്ഞാന ശാഖയാണിത്. ജലവും ജീവനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. ജീവന്റെ ഉദ്ഭവമുണ്ടായതും അതിനെ വളർത്തുന്നതും ജലമണ്ഡലമാണ്. ഖുർആൻ പറയുന്നു. ***'ചരിക്കുന്ന എല്ലാ ജീവികളേയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു.'(24:46)*** ഒഴുകുന്ന ജലത്തിന്റെ അഥവാ ദ്രവജലത്തിന്റെ സാന്നിദ്ധ്യമാണ് ഭുമിയെ ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയും ജീവിതോത്സവങ്ങളുടെ രംഗഭൂമിയുമാക്കി മാറ്റിയത്. ഖുർആനിൽ അല്ലാഹു ഇക്കാര്യം ഇങ്ങനെ പ്രതിപാദിക്കുന്നു.***'ഭൂമിയെ അവൻ ജീവജാലങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചിരി ക്കുന്നു.' (55:11)*** അന്യഗ്രഹ ങ്ങളിൽ ജീവൻ തിരയുന്ന എക്സോ ബയോളജിയും പ്രാഥമികമായി അന്വേഷിക്കുന്നത് ജലത്തിന്റെ സാന്നിദ്ധ്യമാണ്. അത്കൊണ്ടാണ് പ്രപഞ്ച ജീവശാസ്ത്രത്തിൽ ദ്രവജല മുള്ള ഭൂമി ഒരു പ്രധാന ഇടമായി തീരുന്നത്.

ഖുർആനിലെ മറ്റൊരു ചിന്തനീയമായ പ്രതിപാദനം ഇങ്ങിനെയാണ് ***'ആകാശങ്ങളും ഭൂമിയും ഒട്ടിപിടിച്ച തായിരുന്നു. പിന്നെ നാം അതിനെ വേർപെടുത്തുകയും ജീവനുള്ള എല്ലാ വസ്തുക്കളെയും നാം വെള്ളത്തിൽ നിന്ന് സൃഷ്ടിക്കുകയും ചെയ്തു'. (21:30).*** പ്രപഞ്ചം ആദിയിൽ ഒന്നായിരുന്നുവെന്നും പിന്നീട് മഹാ വിസ്ഫോടനത്തോടെ ഗോള വ്യവസ്ഥകൾ ഉടലെടുത്തുവെന്നും അങ്ങനെയാണ് ജീവന് അതിഥ്യമരുളിയ ഭുമി നിലവിൽ

വന്നതെന്നും ഈ വചനം ചൂണ്ടി കാട്ടുന്നു. മാത്രമല്ല ജലം ഉദ്പാദി പ്പിക്കാനാവശ്യമായ ഭൗതിക ഘടകങ്ങൾ ആദിയിൽ ഒന്നായി നിന്നിരുന്ന ബ്രഹ്മാണ്ഡ പിണ്ഡത്തിൽ തന്നെയു ണ്ടായിരുന്നുവെന്നും ഈ ഖുർആൻ വചനം സൂചിപ്പിക്കുന്നു. ദ്രവജലമോ അല്ലെങ്കിൽ ജലത്തിന്റെ രൂപികര ണത്തിനാവശ്യമായ ഘടകങ്ങളോ മറ്റുഗോളങ്ങളിൽ ഉണ്ടാവാനുള്ള സാദ്ധ്യതയിലേക്കും ഈ വചനം വിരൽ ചൂണ്ടുന്നു.

നമ്മുടെ സൗരയൂഥത്തിൽ ആകെ എട്ട് ഗ്രഹങ്ങളുള്ളതിൽ നാലെണ്ണം ഭൗമഗ്രഹങ്ങൾ ((Terrestial Planets) എന്നാണ് അറിയപ്പെടുന്നത് ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയാണ് ആ ഗ്രഹങ്ങൾ. അതായത് ഭൂമിയുടെ ഘടനയുമായി ഏകദേശം സാമ്യതയുള്ള ഗ്രഹങ്ങളെയാണ് ഭൗമഗ്രഹങ്ങൾ എന്ന് പറയുന്നത്. വിശുദ്ധ ഖുർആനിലെ ശ്രദ്ധേയമായ ഒരു വചനം ഇങ്ങനെ യാണ്. ***'അല്ലാഹു ഏഴ് ആകാശ ങ്ങളെയും അതിന്ന് തുല്യം ഭൂമിയെയും സൃഷ്ടിച്ചവനത്രെ. അല്ലാഹു അവർക്കി ടയിൽ കൽപ്പന കളിറക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിലും പൂർണകഴിവുള്ള വനാണെന്നും അല്ലാഹു സകല വസ്തുക്കളെയും അറിവിനാൽ വലയം ചെയ്തിരിക്കുന്നുവെന്നും നിങ്ങളറിയു ന്നതിന്ന് വേണ്ടി' (65:13)***

ഈ വചനത്തിൽ ഭൂമിയെപ്പോലെ യുള്ള മറ്റു ഗ്രഹങ്ങൾ പ്രപഞ്ചത്തി ലുണ്ടെന്ന് ഖുർആൻ അസന്ദിഗ്ധമായി പറയുന്നു. ഇപ്പോഴത്തെ പല ഗ്രഹങ്ങളും ഒരു കാലത്ത് ഭൂമിയെപ്പോലെ ആയിരി ക്കാനും മതി. നമ്മുടെ സൗരയൂഥത്തിലെ നാലു ഗ്രഹങ്ങളെ തന്നെ ഭൂമിയോടുള്ള സാദൃശ്യം കാരണം ഭൗമഗ്രഹങ്ങൾ എന്നാണ് ശാസ്ത്രം വിളിക്കുന്നത് എന്ന് പറഞ്ഞുവല്ലോ. പ്രപഞ്ചത്തിലെ വിടെയെ ങ്കിലും ജീവന് ആതിഥ്യമരുളിയ ഭൂമിയെ പോലെയുള്ള ജല മണ്ഡലമുള്ള ഗ്രഹങ്ങൾ ഉണ്ടാവാനുള്ള സാദ്ധ്യത യിലേക്കാണ് ഈ വചനങ്ങളെല്ലാം വിരൽ ചൂണ്ടുന്നത്.

അന്യഗ്രഹങ്ങളിൽ ജീവികളുണ്ടെന്ന് തെളിയിക്കുന്ന ഖുർആനിലെ മറ്റൊരു വചനം ഇപ്രകാരമാണ്.***'സകല ഉത്കൃഷ്ട നാമങ്ങളും അവന്നുള്ളതത്രെ. ആകാശ മണ്ഡലങ്ങളിലും ഭൂമിയിലുമുള്ളവർ അവനെ പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ സർവ വല്ലഭനും സർവജ്ഞ നുമത്രെ'(59:25)*** . ഈ ഖുർആൻ വചനം വ്യാഖ്യാനിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: *'ആകാശഗോളങ്ങളിലും പാർപ്പുകാരു ണ്ടെന്നും അവർ ദൈവത്തിന്റെ മാർഗ ദർശനത്തിൽ വർത്തിക്കുന്നവരാണെ ന്നും ഈ വചനം സൂചിപ്പിക്കുന്നുണ്ട്. ( ഇസ്ലാംമത തത്ത്വജ്ഞാനം)* വിശുദ്ധ ഖുർആനിലെ മറ്റൊരു വചനം ഇങ്ങനെയാണ്.***'ആകാശങ്ങളുടെയും ഭൂമിയുടെയും അതു രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടെയും(ദാബ്ബ) സൃഷ്ടിപ്പ് അവന്റെ അടയാളത്തിൽപ്പെ ട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചു കൂട്ടുവാൻ അവൻ കഴിവുറ്റവനത്രെ.'(42:30)*** ഈ വചനത്തെ വിശദീകരിച്ചുകൊണ്ട് അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാ ഹിർ അഹ്മദ് എഴുതുന്നു:

*'ദാബ്ബ' എന്നത് ഭൂമിയുടെ ഉപരിതല ത്തിൽ ഇഴയുകയും നടക്കുകയും ചെയ്യുന്ന എല്ലാ ജീവികൾക്കുമുള്ള പേരാ ണ്. നീന്തുകയും പറക്കുകയും ചെയ്യുന്ന ജീവികൾ അതിൽപ്പെടുന്നില്ല. ഏതെ ങ്കിലും തരത്തിലുള്ള ആത്മീയ ജീവിക ളേയും ആ പദം കൊണ്ട് വിശേഷിപ്പിക്കാ റില്ല. അറബിയിൽ ഒരു അരൂപിയായ പ്രേ തത്തെ ഒരിക്കലും 'ദാബ്ബത്ത്' എന്ന് പറ യാറില്ല. ആ അർഥത്തിൽ മലക്കുകളും ദാബ്ബത്ത് എന്ന പദത്തിന്റെ പരിധിയിൽ വരുന്നില്ല. ഈ വചനത്തിന്റെ രണ്ടാം ഭാഗത്ത് ഭൗമേതര ജീവികളുടെ സാധ്യത പറയുക മാത്രമല്ല, അവ നിലനിൽക്കുന്നു വെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കു കയും ചെയ്യുന്നു. ആധുനിക ശാസ്ത്രീയ ഗവേഷകന്മാർക്ക് പോലും ഇന്നുവരെ ഉറ പ്പിച്ചു പറയാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു അവകാശവാദമാണിത്. ഇക്കാര്യം മാത്ര മല്ല ആ വചനം വ്യക്തമാക്കുന്നത്.*

*ഈ വചനത്തിന്റെ അവസാന ഭാഗത്ത് 'അല്ലാഹു ഉദ്ദേശിക്കുമ്പോൾ ആകാശത്തും ഭൂമിയിലുമുള്ള ജീവികളെ ഒരുമിച്ചു കൂട്ടുമെന്ന' നാം വായിക്കുന്നു. അതായത് 'ജംഇഹിം'എന്ന അറബിപദം ഭൂമിയിലോ മറ്റെവിടെയെങ്കിലോ ഉള്ള ജീവികളെ ഒരുമിച്ചു ചേർക്കുന്നതിനെപ്പറ്റി യുള്ള വ്യക്തമായ പരാമർശമാണ്. ഈ രണ്ടുകൂട്ടരുടേയും സംഗമം നടക്കുന്ന സന്ദർഭം എപ്പോഴാണെന്നോ അത് ഇവിടെ ഭൂമിയിൽ വെച്ചോ അല്ലെങ്കിൽ മറ്റെവിടെ വെച്ചെങ്കിലുമാണെന്നോ വ്യക്തമാക്കിയി ട്ടില്ല. ദൈവം ഇച്ഛിക്കുമ്പോഴാണ് ഇത് സംഭവിക്കുക എന്ന കാര്യം ഇവിടെ ഉറ പ്പിച്ചു പറഞ്ഞിരിക്കുന്നു. ശാരീരിക കൂടി ച്ചേരലിനോ ആശയവിനിമയത്തിലൂടെ യുള്ള സമ്പർക്കത്തിനോ 'ജമാ' എന്ന പദം ഉപയോഗിക്കുമെന്ന കാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. (വെളിപാട്, യുക്തി,ജ്ഞാനം,സത്യം പേജ് 511, 512)*

### ചൊവ്വയിലെ ജീവികൾ

ഭൗമഗ്രഹങ്ങളിൽ ചൊവ്വ ഗ്രഹത്തെ യാണ് ഗോള ശാസ്ത്രം ഏറ്റവുമധികം നിരീക്ഷണത്തിന് വിധേയമാക്കിയത്. ചൊവ്വയെ ആദ്യമായി ദൂരദർശിനി യിലൂടെ നോക്കികണ്ടത് മഹാനായ ശാസ്ത്ര പ്രതിഭ ഗലീലിയോ ഗലീലി യാണ്. ഇറ്റാലിയൻ ബഹിരാകാശ നിരീക്ഷകനായിരുന്ന ഷിയാ പാരല്ലി 1872 മുതലുള്ള നിരീക്ഷണ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ചൊവ്വയിൽ നൂറോളം നീർച്ചാലുകൾ പോലെയുള്ള ചില അടയാളങ്ങൾ കണ്ടെത്തുകയുണ്ടായി. ഇറ്റാലിയൻ ഭാഷയിൽ ഇതിന് കനാലെ ((Canali) എന്ന് അദ്ദേഹം പേരിട്ടു. ചാലുകൾ(Channels) എന്ന് മാത്രമെ അതിന് അർഥമുള്ളൂ. പക്ഷേ പിന്നീടെങ്ങനെയോ കൃത്രിമമായി നിർമിക്കപ്പെട്ട നീർച്ചാലുകൾ എന്നർഥം വരുന്ന കനാൽ (Canal) എന്ന ഇംഗ്ലീഷ് പദം ശാസ്ത്ര ലേഖനങ്ങളിൽ വരെ ഉപയോഗിക്കാൻ. തുടങ്ങി. ചൊവ്വയിൽ വികസിത സാങ്കേതികജ്ഞാനമുള്ള മനുഷ്യനെപോലെയുള്ള ജീവികളു ണ്ടെന്ന വ്യാപകമായ വിശ്വാസം ഉണ്ടാ വാൻ ഈ കനാൽ പ്രയോഗം കാരണ മായി. മാത്രമല്ല ചൊവ്വയിലെ ദിനരാത്ര ങ്ങൾ ഏകദേശം ഭൂമിയുടെയത്രതന്നെ ദൈർഘ്യമുള്ളതാണ്. അപ്രകാരം ഭൂമിയേപോലെ ചൊവ്വയുടെ അച്ചു തണ്ടിന് ചരിവും ഉള്ളതിനാൽ ഭൂമിയിലു ള്ളത് പോലെ ഋതു ഭേദങ്ങളും ചൊവ്വ യിലു മുണ്ടാകുന്നു. ഇത്തരത്തിലുള്ള ഭൗമ സാദൃശ്യങ്ങൾ ചൊവ്വയിൽ ജീവികളുണ്ടാവാം എന്ന ധാരണക്ക് ആക്കംകൂട്ടി

പെഴ്സിവൽ ലൊവെൽ എന്ന വിഖ്യാതനായ അമേരിക്കൻ ജ്യോതി ശാസ്ത്രജ്ഞൻ 1906ൽ Mars and Canals ന്ന പുസ്തകം പ്രസിദ്ധികരിച്ച തോടെയാണ് ചൊവ്വയിൽ ബുദ്ധി ജീവികളുണ്ടെന്ന ഊഹാപോഹങ്ങൾ പ്രചരിച്ചത്. ചൊവ്വയിൽ കനാലുകളും തടാകങ്ങളുമുണ്ടെന്നും ജലസംഭര ണികളിൽ നിന്ന് വെള്ളം കൊണ്ടു പോകാനും അതു പോലെ ധ്രുവങ്ങളിൽ മഞ്ഞുരുകുമ്പോൾ ജല സേചനത്തിന്നു ള്ള ജലവിതരണ ശൃഖലകളാണ് കനാലുകളെന്നും അദ്ദേഹം വാദിച്ചു. ചൊവ്വയിൽ കനാലുകളും ബുദ്ധി ജീവികളും നാഗരികതകയും ഉണ്ടെന്ന് ഇതോടെ പ്രചരിച്ചു. ഈ ആശയത്തിൽ

നിന്നും ആവേശം ഉൾക്കൊണ്ട് വിശ്വപ്രശസ്ത ചരിത്രകാരനും ശാസ്ത്ര നോവലിസ്റ്റുമായ എഛ്. ജി വെൽസ് ചൊവ്വയിൽ നിന്നുമുള്ള ഭൗമേതര ജീവികൾ വന്ന് ഭൂമി കൈയ്യടക്കുന്നത് പ്രമേയമാക്കി The War of Worlds എന്ന ശാസ്ത്ര നോവൽ രചിക്കുകയുണ്ടായി. ചൊവ്വ ജീവികളെ പ്രമേയമാക്കി നിരവധി സിനിമകളും നോവലുകളും ഈ കാലഘട്ടത്തിൽ ഉണ്ടായി. അങ്ങനെയാണ് ചൊവ്വയിൽ ജീവികളുണ്ടെന്ന് ശക്തമായ വിശ്വാസം വ്യാപകമായത്. പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ ഈ ധാരണ ശാസ്ത്ര ലോകത്ത് പോലും രൂഢമൂലമായിരുന്നു.

1965 ൽ ആദ്യമായി നാസ വിക്ഷേപിച്ച മാരിനർ പ്രോബ് എന്ന അന്വേഷണ ദൗത്യ വാഹനം ചൊവ്വയെ വലം വെച്ച് നൽകിയ വിവരങ്ങളാണ് ചൊവ്വയെ പറ്റിയുള്ള അഭ്യൂഹങ്ങൾക്ക് അന്ത്യം കുറിച്ചത്. അവിടെ ഇപ്പോൾ ജീവികളോ ജലമോ കടലോ കനാലോ യാതൊന്നുമില്ലെന്ന് ശാസ്ത്രത്തിന് ഇപ്പോൾ പൂർണ ബോദ്ധ്യമായി. വെള്ളം ദ്രവരൂപത്തിൽ നിൽക്കാനാവാശ്യമായ അന്തരീക്ഷ മർദമോ താപമോ ജീവനെ സംരക്ഷിച്ചു നിർത്തുന്ന ഭൂമിയിലുള്ളത് പോലെയുള്ള കാന്തിക മണ്ഡലമോ ഇപ്പോൾ ചൊവ്വയിലില്ലെന്ന്അതോടെ വ്യക്തമായി.

**ചൊവ്വയിലെ വെള്ളം: ശക്തമായ തെളിവുകൾ**

ചൊവ്വയിൽ ഇപ്പോൾ ഭൂമിയേക്കാൾ വളരെ കുറഞ്ഞ അന്തരീക്ഷ മർദവും താപവുമാണുള്ളത്. ഈ അവസ്ഥയിൽ ചൊവ്വയുടെ ഉപരിതലത്തിൽ ദ്രവജലം നിൽക്കാൻ സാദ്ധ്യമല്ല. എങ്കിലും പുരാതന കാലത്ത് ദ്രവജലം ഒഴുകിയതിന്റെ അനിഷേധ്യമായ തെളിവുകൾ വൈക്കിംങ്ങ്, മാർസ്, ഒഡീസി, മാർസ്, ഗ്ലോബൽ സ ർവ്വേയർ, മാർസ് എക്സ്പ്രസ്സ്, മാർസ് റിക്കനൈസൻസ് മുതലായ എല്ലാ ചൊവ്വാ ദൗത്യങ്ങളിലെ ക്യാമറകളും നൽകിയ ചിത്രങ്ങൾ വ്യക്തമായി നൽകിയിട്ടുണ്ട്. ഭൂമിയിൽ സമുദ്രങ്ങൾ വറ്റിവരണ്ടാലുണ്ടാകുന്ന അവസ്ഥയെ അനുസ്മരിപ്പിക്കുന്ന ഉപരിതലം ചൊവ്വയിൽ കണ്ടെത്തുകയുണ്ടായി. ചൊവ്വയുടെ ഉപരിതത്തിനടിയിൽ സമൃദ്ധമായ ദ്രവജലം ഇപ്പോഴും ഉള്ളതായി പ്രത്യക്ഷമായും പരോക്ഷമായും നിരവധി തെളിവുകൾ ലഭ്യമാണ്. ജലമൊഴുകിയതിന്റെ ശക്തമായ അടയാളങ്ങൾ, വറ്റിവരണ്ട വലിയ തടാകങ്ങൾ, 25 കി.മി വരെ വീതിയുള്ള നദീപാതകൾ, നദീതടങ്ങൾ, നദികൾ സൃഷ്ടിച്ച ഡൽറ്റ നിക്ഷേപങ്ങൾ, ഹിമാനികൾ ഒഴുകിനടന്ന് സമനിരപ്പായ ഉപരിതലങ്ങൾ, ശക്തമായ വെള്ളത്തിന്റെ ഒഴുക്കിൽ വിസരണം സംഭവിച്ച കല്ലുകളുടെ വിന്യാസം മുതലായ ജല സൃഷ്ടങ്ങളായ പ്രതലഘടന ചൊവ്വയുടെ ഉപരിതലത്തിൽ ദൃശ്യമാണ്. പഴയ ഇറ്റാലിയൻ ശാസ്തജ്ഞൻ പറഞ്ഞത് പോലെ വെള്ളമൊഴുകി ഉണ്ടായ നീർചാലുകൾ തന്നെയായിരുന്നു അത്. അപ്രകാരം ചൊവ്വയിലെ ധ്രുവ തൊപ്പി കാർബണ് ഡയോക്സൈഡും ഖരരൂപത്തിൽ ജലം ഉറച്ചുണ്ടായതാണെന്നും സ്ഥിരീകരിച്ചിട്ടുണ്ട്. ചൊവ്വയിലെ തണുപ്പ് കാലത്ത് തടിച്ച് വലുതാകുന്ന ഈ ധൃവ തൊപ്പി വേനൽ കാലത്ത് നേർക്കുകയും ചെയ്യുന്നത് നീരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സ്ട്രാറ്റോസ്കോപ്പിക് പരിശോധനകൾ, മണ്ണൊലിച്ചുണ്ടായ ഉപരിതല പ്രകൃതി എന്നീ പ്രത്യേകതയും വിലയിരുത്തുകയുണ്ടായി. മാത്രമല്ല ജലജന്യമായ കളിമണ്ണിന്റെ വൻ നിക്ഷേപങ്ങൾ, ക്രിസ്റ്റലെയ്ൻ ഹെമറ്റൈറ്റ് പോളോസിലിക്കേറ്റ് മുതലായ ധാതുക്കളും ചൊവ്വോപരിതലത്തിൽ കാണപ്പെട്ടു. ചൊവ്വയുടെ ആദിമ ചരിത്രം ജലസമൃദ്ധമായിരുന്നുവെന്ന് നാസയും ശാസ്ത്ര ലോകവും ഇപ്പോൾ ഉറച്ച് വിശ്വസിക്കുന്നു.

**ചൊവ്വയിലെ വെള്ളത്തിന് എന്ത് സംഭവിച്ചു?**

350 കോടി വർഷങ്ങൾക്ക് മുമ്പ് ചൊവ്വ ജലസമൃദ്ധമായിരുന്നുവെന്ന് ശാസ്ത്രം പറയുന്നു. ഒരു കാലത്ത് ജലസാന്ദ്രമായിരുന്ന ചൊവ്വാഗ്രഹത്തിലെ ജലത്തിന് എന്താണ് സംഭവിച്ചത്? ഈ നിഗൂഢ സമസ്യയുടെ ചുരുളഴിയിക്കാൻ ശാസ്ത്രത്തിന്നായിട്ടില്ല. ഒരു ഗ്രഹം ഒന്നാകെ ജലശൂന്യമായിപ്പോവുക എന്ന ഭയാനകമായ ദുരന്തത്തെ പറ്റി ഭൂവാസികളായ നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇത്തരം ദുരന്തം ജലത്തെ അധാരമാക്കി ജീവിതോൽസവങ്ങൾ അരങ്ങേറുന്ന നമ്മുടെ ഭൂമിയേയും ബാധിക്കില്ലെന്ന് ആരു കണ്ടു? ഇവിടെ വിശുദ്ധ ഖുആർ നിലെ ഒരു വചനം വളരെ ശ്രദ്ധേയമാണ്. അല്ലാഹു ചോദിക്കുന്നു: ***'പറയുക, നിങ്ങൾ ചിന്തിചിട്ടുണ്ടോ ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം ആരാണ് നിങ്ങൾക്ക് കൊണ്ട് വന്ന് തരിക?*** (*68*:31) ജലം ഖരം, ദ്രാവകം, വാതകം എന്നീ മൂന്നവസ്ഥകളിൽ കാണപ്പെടുന്നു. ഖുർആൻ വിശേഷിപ്പിച്ചത് പോലെ ഒഴുകുന്ന ദ്രവജലമാണ് ജീവന്റെ ആധാരം. ഇത് വരെ അറിയപ്പെട്ട മറ്റുഗ്രഹങ്ങളിലൊന്നിലും തന്നെ ജലം ഭൂമിയിലുള്ളത് പോലെ ദ്രവരൂപത്തിൽ സമൃദ്ധമായി കാണപ്പെടുന്നില്ല. ഭൂമിയിൽ ഈ മൂന്നവസ്ഥകളിലും ജലം നിലനിൽക്കുന്നു. ധൃവങ്ങളിലും പർവത ശൃംഖങ്ങളിലും ഖരരൂപത്തിൽ ഐസായും ജലാശയങ്ങളിൽ ദ്രവ രൂപത്തിൽ വെള്ളമായും മേഘങ്ങളിൽ വാതക രൂപത്തിൽ ജലബാഷ്പമായും മൂന്ന വസ്ഥകളിലും ജലം നിൽക്കുന്നു. ഈ മൂന്നവസ്ഥകളിൽ പരസ്പരം ജലത്തിന്റെ വിനിമയമാണ് ഭൂമിയെ ജീവസ്സുറ്റതാക്കി മാറ്റുന്നത്. അതായത് സൂര്യനിൽ നിന്നും ഒരു നിശ്ചിത അകലത്തിൽ അച്ചുതണ്ടിൽ അൽപ്പം ചരിഞ്ഞു സൂര്യനെ സ്വയം ഭ്രമണത്തോടെ ഭൂമിയെ വലം വക്കുന്നത് കൊണ്ടും അതിസങ്കീർണമായ മറ്റനേകം ഗോളാന്തരീയവും ഭൗമഘടനാപരവുമായ സംവിധാനങ്ങളുടെ ആനുകൂല്യം കൊണ്ടുമാണ് ഭൂമി ജല സമൃദ്ധമായ ഒരു ജൈവഗ്രഹമായി നിലനിൽക്കുന്നത്. ഖുർആൻ പറയുന്നു: ***നാം ആകാശത്തെ വിവിധ ശക്തികൾ കൊണ്ട് സൃഷ്ടിച്ചിരിക്കുന്നു.(51:48)*** ഭൂമിയുടെ ഭ്രമണ പഥം സൂര്യനിൽ നിന്നും അൽപ്പം അകലെയായിരുന്നെങ്കിൽ ഭൂജലം ഉറഞ്ഞു ഐസാകുമായിരുന്നു. അൽപ്പം അടുത്തു പോയെങ്കിൽ ചൂടായി ജലബാഷ്പമായി വെള്ളം മുഴുവൻ ഭൂമിയിൽ നിന്നും നിഷ്ക്രമിച്ചേനെ. ദൈവം സ്ഥാപിച്ച ആകാശീയമായ ഈ ബ്രഹ്മാണ്ഡ സംവിധാനത്തെ പറ്റി ഖുർആൻ പറയുന്നു. ***'ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം (Balance) സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു' (55: 8)*** വെള്ളം വറ്റി വന്ധ്യയായി തീർന്ന ചൊവ്വാ ഗ്രഹം ഇന്ന് നമ്മുടെ മുമ്പിൽ നിൽക്കുന്നു. ജല സമൃദ്ധമായിരുന്ന ചെവ്വാഗ്രഹത്തിന്റെ ഭ്രമണ പഥത്തിൽ ഒരു പക്ഷേ വല്ല ഉൽക്കകളോ മറ്റു ഖഗോള വസ്തുക്കളോ വന്നിടിച്ച് അതിന്റെ ഭ്രമണ പഥം തെറ്റി, ആ ഗോളത്തിന്റെ സംന്തുലന വ്യവസ്ഥ താറുമാറായി ഉപരിതല ജലം വറ്റിപോയതായിരിക്കാമെന്ന് ചിലർ വിശ്വസിക്കുന്നു. ഖുർആന്റെ ഒരു വചനം നോക്കൂ: ***'തീർച്ചയായും ആകാശങ്ങളേയും (ആകാശ വസ്തുക്കളേയും) ഭൂമിയേയും (ഭ്രമണ പഥത്തിൽ നിന്നും) നീങ്ങി പോകാതിരിക്കാൻ അല്ലാഹു പിടിച്ചു***

***നിർത്തുന്നു. ഇനി അവ രണ്ടും നീങ്ങി പോകുന്നതായാൽ അവനു പുറമെ ആരും തന്നെ അവയെ പിടിച്ചു നിർത്തുന്നില്ല്. നിശ്ചയമായും അവൻ സഹന ശീലനും സർവ്വഥാ പൊറുക്കുന്ന വനുമാകുന്നു.' (35:42)*** ഈ ഗോളാന്തര സന്തുലന വ്യവസ്ഥക്ക് വിസ്ഥാപനവും വ്യതിയാനവും വന്നാൽ നമ്മുടെ വശ്യമനോഹരമായ ഈ ഭൂമിയും ചൊവ്വാ ഗ്രഹം പോലെ ഒരു മൃത ഗോളമായി തീരാനുള്ള സാദ്ധ്യതയെ പറ്റി നാമെപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഗോളങ്ങളുടെയും ഖഗോള വസ്തുക്കളുടെയും വ്യതിചനങ്ങളും കൂട്ടിയടികളും സംഭവിക്കാൻ സാദ്ധ്യതയുള്ള ഗോളാന്തര ദുരന്തങ്ങളാണ്. 1994 ൽ നമ്മുടെ സൗരയൂഥത്തിലെ വ്യാഴത്തിൽ 'ഷൂമാക്കർ ലെവി'എന്ന ഉൽക്ക വന്നിടിച്ചിറങ്ങിയത് ഭൂമിയിൽ നിന്ന് നാം ദർശിച്ചതാണ്. സൗരയൂഥം മുഴുവൻ അതിന്റെ അലയൊലികൾ നേരിയ തോതിൽ അനുഭവപ്പെട്ടു. അത്തരമൊരു ദുരന്തം ഭൂമിയിൽ സംഭവിച്ചാൽ പിന്നെ ഭൂമി ഒരു ജൈവഗ്രഹമായി അവശേഷിക്കില്ല. അങ്ങനെയൊന്ന് സംഭവിക്കാതിരിക്കാൻ അല്ലാഹു സുരക്ഷിതമായ ഒരു മേലാപ്പ് ഭൂമിക്ക് നൽകിയിട്ടുണ്ടെന്ന് ഖുർആൻ പറയുന്നു. ***'നാം ആകാശത്തെ സുരക്ഷിതമായ ഒരു മേൽപ്പുരയാക്കിയിരിക്കുന്നു.' (21:33)*** നമ്മുടെ സൗരയൂഥത്തിൽ അല്ലാഹു അദ്ഭുതകരമായ പല സുരക്ഷാ മാർഗങ്ങളും സ്ഥാപിച്ചിട്ടുണ്ട് അതിന്റെ വിശദീകരണത്തിലേക്ക് ഇപ്പോൾ പോവുന്നില്ല.

ഏതായാലും നമ്മുടെ ഭൂമി കാലാകാലവും ഇങ്ങനെ തന്നെ തുടരണമെന്നില്ല എന്ന് ഭൂമിയും പ്രപഞ്ചവും സൃഷ്ടിച്ച അല്ലാഹു നമ്മോടു പറഞ്ഞ കാര്യവും നാം സ്മരിക്കുക.***'ഈ ഭൂമി മറ്റൊരു ഭൂമിയായി മാറ്റപ്പെടുന്ന നാളിൽ (അപ്രകാരം) ആകാശവും മാറ്റപ്പെടുന്ന നാളിൽ' (14: 49)*** സാന്ദർഭികമായി ഒരു കാര്യം ഇവിടെ ഓർക്കുകയാണ് ഭരതീയ പുരാണ പ്രകാരം വ്യാഴത്തെ'കുജൻ' എന്നാണ് വിളിക്കുന്നത്. നിരവധി ഹിന്ദു കന്യകകളെ കണ്ണീര് കുടിപ്പിച്ച ഗ്രഹമാണ് കുജൻ അഥവാ വ്യാഴം. ജാതകത്തിലെ ചൊവ്വാ ദോഷം ദാമ്പത്യത്തിന് ഹാനികരമാണെന്ന് വിശ്വസിക്കുന്നു ഹിന്ദുക്കൾ ഉദ്ദിഷ്ട മംഗല്യത്തിന്ന് വ്യാഴം വിഘാതം നിൽക്കുന്നു. ഹിന്ദുവിശ്വാസ പ്രകാരം പാപ ഗ്രഹമായ ചൊവ്വ ഭൂമിയുടെ പുത്രനാണെന്നാണ് സങ്കൽപ്പം. അതായത് 'കു' (ഭൂമി) ൽ നിന്നും ജനിച്ചവൻ എന്ന അർത്ഥത്തിലാണ് വ്യാഴത്തി ന്'കുജൻ'എന്ന പേരു വന്നത്. ഭാരതീയ പുരാണപ്രകാരം ജാതന്ന് സംഭവിച്ച ദുരന്തം ജനകന്ന്(ഭൂമി) ഉണ്ടാവാതി രിക്കട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം ചൊവ്വയുടെ ദുരന്തത്തെ മുൻ നിർത്തി ദൈവാനുഗ്രഹത്തെക്കുറിച്ചും ദൈവത്തിന്റെ ബ്രഹ്മാണ്ഡ സംവിധാനത്തെക്കുറിച്ചും ചിന്തിക്കാനും അവന്ന് നന്ദി പ്രകാശിപ്പിക്കാനും നമ്മെ പ്രേരിപ്പിക്കുന്നു. അല്ലാഹു ഗോളാന്തര ദുരന്തങ്ങളിൽ നിന്നും ഭൂമിയേയും നമ്മെയും രക്ഷിക്കട്ടെ

## സംസ്ഥാന ഇജ്തിമ സമാപിച്ചു



മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സദർ ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് ഇജ്തിമ ഉദ്ഘാടനം

പഴയങ്ങാടി: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ യുവജന സംഘടനയായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടേയും ബാലസംഘടനയായ അത്ഫാലുൽ അഹ്മദിയ്യായുടേയും 19-ാമത് സംസ്ഥാന ഇജ്തിമ ആഗസ്റ്റ് 31, സെപ്റ്റംബർ 1, 2 തീയതികളിൽ പഴയങ്ങാടിയിൽ വെച്ച് നടന്നു.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സദർ ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് ഇജ്തിമ ഉദ്ഘാടനം ചെയ്തു. നൻമയിൽ മുന്നേറുക എന്നതാണ് സത്യ വിശ്വാസികൾ ലക്ഷ്യമാക്കേണ്ടതെന്നും ക്ഷമയോടെയും സഹനത്തോടേയും മുന്നേറാനുള്ള പാഠം ഇജ്തിമകൾ നമുക്ക് പകർന്നുതരുന്നതായും ഉദ്ഘാടന പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു. ലോകത്തിന്റെ പരിഷ്കരണം ഇന്ന് അഹ്മദികളുടെ കൈകളിലാണ്. ഖിലാഫത്തിന്റെ തണലിൽ മാത്രമേ ഐക്യം സാധ്യമാകൂ അതിനാൽ കാലത്തിന്റെ ഖലീഫയുമായി ഓരോരുത്തരും സുദൃഢബന്ധം ഉണ്ടാക്കിയെടുക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അനുയായികൾക്ക് ആത്മവിശ്വാസവും പ്രോത്സാഹനവും പകർന്നുനല്കിയ നേതാവായിരുന്നു മുഹമ്മദ് നബി (സ) തിരുമേനി എന്ന് എറണാകുളം മേഖല അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. ഒരു വ്യക്തിയെ ഉത്തരവാദിത്വബോധമുള്ള പൗരനാക്കി മാറ്റുക എന്നതാണ് ഖുദ്ദാമുൽ അഹ്മദിയ്യാ ലക്ഷ്യമിടുന്നതെന്ന് പഴയങ്ങാടി അമീർ സി. സലിം സാഹിബ് പറഞ്ഞു. കണ്ണൂർ മേഖല അമീർ യു. മൻസൂർ സാഹിബ് അധ്യക്ഷത വഹിച്ചു. ഹാഫിസ് ബാസിത് അലി സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു.

സമ്മേളനത്തോടനുബന്ധിച്ച് നടന്ന പീസ് കോൺഫറൻസിൽ പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ശ്രീ. സി. ആർ നീലകണ്ഠൻ, എൻഡോസൾഫാൻ ആക്ടിവിസ്റ്റ് ശ്രീമതി ലീലാകുമാരി അമ്മ, സത്യദൂതൻ എഡിറ്റർ ഏ.എം മുഹമ്മദ് സലീം സാഹിബ്, പ്രൊഫസർ മഹ്മൂദ് അഹ്മദ് സാഹിബ് എന്നിവർ സംസാരിച്ചു.

കലാകായിക മത്സരങ്ങളും ഇജ്തിമയോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു.

-ബി. എ. മുഹമ്മദ് നജീബ്,
എറണാകുളം

2012 June

Vol: 84 Issue.6
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14

The Sathyadoothan Monthly

